Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.3 / ISSUE 52 / PAGES 32
12
ജൂൺ 2024
ബുധനാഴ്ച
1199 ഇടവം 29

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## കുടിയേറ്റക്കാരുടെ എണ്ണം കുറയുന്നത്

# ജോ ബൈഡന് തിരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കുമോ?

യുഎസ്-മെക്സിക്കോ അതിർത്തിയിൽ അനധികൃതമായി പിടിക്കപ്പെടുന്ന കുടിയേറ്റക്കാരുടെ എണ്ണം കുറഞ്ഞുവെന്നാണ് യുഎസിന്റെ പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്. വാർത്താ ഏജൻസിയായ റോയിട്ടേഴ്സാണ് ഇക്കാര്യം വൈറ്റ് ഹൗസിനെ ഉദ്ധരിച്ച് റിപ്പോർട്ട് ചെയ്തത്. ബൈഡൻ നടപ്പിലാക്കിയ പുതിയ അഡ്മിനിസ്ട്രേഷൻ നയമാണ് അനധികൃത കുടിയേറ്റങ്ങളെ തടഞ്ഞതെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. റിപ്പോർട്ടിന്റെ കൂടുതൽ വിശദാംശങ്ങൾ നോക്കാം: യുഎസ് ബോർഡറിൽ നിന്ന് പട്രോളിംഗിനിടെ പിടികൂടിയത് 3,100 പേരെയാണ്. മുൻ ദിവസങ്ങളെ അപേക്ഷിച്ച് ഏകദേശം 20 ശതമാനം കുറവാണിത്. ഇതൊരു നിർണ്ണായക പ്രവണതയാണെന്ന് പറയാൻ ഇനിയും സമയമുണ്ടെന്ന് ഉദ്യോഗസ്ഥൻ പറയുന്നു. അതേസമയം നവംബർ 5 തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ മാസങ്ങൾക്ക് മുമ്പ്

ശേഷം പേജ് 8 ൽ



# നിർമിതബുദ്ധി: ജി–7 ഉച്ചകോടിയിൽ മാർപാപ്പ പ്രസംഗിക്കും



വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പ ജി-7 ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഇറ്റലിയിൽ നടക്കുന്ന ഉച്ചകോടിയിൽ യുഎസ് പ്രസിഡൻറ് ജോ ബൈഡൻ, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോൺ തുടങ്ങിയ ലോക നേതാക്കൾ മാർപാപ്പയുടെ ശ്രോതാക്കളായിരിക്കും.ഇതാദ്യമായാണ് ഒരു മാർപാപ്പ ജി-7 ഉച്ചകോടിയിൽ പ്രസംഗിക്കുന്നത്. നിർമിതബുദ്ധിയെക്കുറിച്ചായിരിക്കും മാർപാപ്പയുടെ പ്രസംഗമെന്നു റിപ്പോർട്ടുകളിൽ പറയുന്നു. മനുഷ്യൻറെ ദുരിതങ്ങൾ അകറ്റുന്ന സാങ്കേതികവിദ്യകളെ മാർപാപ്പ എന്നും സ്വാഗതം ചെയ്തിട്ടുള്ളതാണ്. എന്നാൽ വ്യാജ പ്രചാരണത്തിനും തെരഞ്ഞെടുപ്പുകളിൽ ഇടപെടാനും നിർമിതബുദ്ധിയെ ഉപയോഗിക്കാനുള്ള സാധ്യതയെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു നല്കിയിട്ടുണ്ട്. 'മാർപ്പാപ്പ ഒരു എഞ്ചിനീയർ അല്ല, എന്നാൽ എഐയുടെ സാമൂഹിക വശങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് അദ്ദേഹത്തിന് ഉത്കണ്ഠയുണ്ട്, എഐ വിഷയങ്ങളിൽ വത്തിക്കാനുമായി മുമ്പ് പ്രവർ

ശേഷം പേജ് 8 ൽ

**മോദി പഴയ മോദിയല്ല! കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണോ?** പേജ് 04

**കണ്ണീർച്ചിരിക്കാലം!** (സി. രാധാകൃഷ്ണൻ എഴുതുന്നു) പേജ് 05

**കേരളത്തിനു കുന്നോളം പ്രതീക്ഷ; രണ്ട് സഹമന്ത്രിമാരിൽ** പേജ് 15

**ഇനി കാണാം രാഷ്ട്രീയത്തിലെ അന്തർധാരകളുടെ നാണംകെട്ട പൊറാട്ട് നാടകങ്ങൾ** പേജ് 22

**അമിതാഭ് ബച്ചന്റെ ഗതിയാകുമോ സുരേഷ് ഗോപിക്കും..?** പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# വെടിനിർത്തൽ പദ്ധതിയിൽ മാറ്റം വരുത്താൻ ഹമാസ് ശ്രമിക്കുന്നതായി യുഎസ്; നിഷേധിച്ച് ഹമാസ്




വാഷിംഗ്ടൺ: ഗാസയിൽ ഇസ്രയേലുമായുള്ള വെടിനിർത്തലിന് യുഎസിന്റെ പിന്തുണയോടെയുള്ള നിർദ്ദേശത്തിൽ ഹമാസ് നിരവധി മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ ബുധനാഴ്ച പറഞ്ഞു. എന്നാൽ പാലസ്തീനിയൻ ഇസ്ലാമിസ്റ്റ് ഗ്രൂപ്പ് പുതിയ ആശയങ്ങൾ മുന്നോട്ട് വെച്ചുവെന്ന വാർത്ത ഹമാസിന്റെ മുതിർന്ന ഉദ്യോഗസ്ഥൻ ഒസാമ ഹംദാൻ നിഷേധിച്ചു.

പാൻഅറബ് അൽഅറബി ടിവിയോട് സംസാരിക്കവെ, നിർദ്ദേശങ്ങൾ നിരസിക്കുന്നത് ഇസ്രായേൽ ആണെന്ന ഹമാസിന്റെ നിലപാട് അദ്ദേഹം ആവർത്തിച്ചു, യുഎസ് ഭരണകൂടം അതിന്റെ അടുത്ത സഖ്യകക്ഷിയുമായി ചേർന്ന് പോകുന്നതായി ആരോപിച്ചു. വൈറ്റ് ഹൗസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻ പറഞ്ഞത്, ഹമാസ് നിർദ്ദേശിച്ച മാറ്റങ്ങളിൽ പലതും ചെറുതും പ്രതീക്ഷിക്കാത്തതുമാണ്. എന്നാൽ മറ്റുള്ളവ തിങ്കളാഴ്ച യു.എൻ സെക്യൂരിറ്റി കൗൺസിൽ പ്രമേയത്തിൽ പറഞ്ഞതിൽ നിന്ന് കൂടുതൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

'ഈ പ്രക്രിയ ഒരു നിഗമനത്തിലെത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. വിലപേശലിന്റെ സമയം അവസാനിച്ചു എന്നാണ് ഞങ്ങളുടെ കാഴ്ചപ്പാട്,' സള്ളിവൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു. വെടിനിർത്തൽ പദ്ധതിയിൽ യുഎസിൽ നിന്ന് രേഖാമൂലമുള്ള ഉറപ്പ് നൽകാനും ഹമാസ് ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്ന് രണ്ട് ഈജിപ്ഷ്യൻ സുരക്ഷാ വൃത്തങ്ങൾ റോയിട്ടേഴ്സിനോട് പറഞ്ഞു.

ബുധനാഴ്ച വൈകി, ഹമാസ് ഒരു പ്രസ്താവന പുറപ്പെടുവിച്ചു, ചർച്ചകളിലെ 'പോസിറ്റീവ്' ഊന്നിപ്പറയുകയും ഗാസയിൽ സ്ഥിരമായ വെടിനിർത്തലിലേക്ക് നയിക്കുന്ന കരാർ അംഗീകരിക്കാനും പാലസ്തീൻ തടവുകാരെ പൂർണ്ണമായി പിൻവലിക്കാനും ഇസ്രയേലിനോട് സമ്മർദ്ദം ചെലുത്താനും യുഎസിനെ പ്രേരിപ്പിക്കുകയും ചെയ്തു. മെയ് 31 ന് ബൈഡൻ വിവരിച്ച വെടിനിർത്തൽ നിർദ്ദേശം ഇസ്രായേൽ അംഗീകരിച്ചതായി യുഎസ് ഉദ്യോഗസ്ഥർ പറഞ്ഞപ്പോൾ, 'ഒരു ഇസ്രായേലി ഉദ്യോഗസ്ഥനും ഈ സ്വീകാര്യത സ്ഥിരീകരിക്കുന്നത് ഞങ്ങൾ കേട്ടിട്ടില്ല' എന്ന് പലസ്തീൻ ഗ്രൂപ്പ് തുറന്നടിച്ചു.

ഇസ്രായേലിൽ തടവിലാക്കപ്പെട്ട പാലസ്തീനികൾക്ക് പകരമായി ഗാസയിലെ ഇസ്രായേൽ ബന്ദികളെ ഘട്ടംഘട്ടമായി വിട്ടയക്കാനും യുദ്ധം അവസാനിപ്പിക്കാനും ബൈഡന്റെ നിർദ്ദേശം വിഭാവനം ചെയ്യുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
M.G. Radhakrishnan
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements & Advertorials.




# പ്രധാന വായ്പാ പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ യുഎസ് ഫെഡറൽ റിസർവ്

വാഷിംഗ്ടൺ: പ്രധാന വായ്പാ പലിശ നിരക്കുകൾ മാറ്റാതെ യുഎസ് ഫെഡറൽ റിസർവ്. ഈ വർഷം ഒരിക്കൽ മാത്രമാവും നിരക്ക് കുറയ്ക്കുകയെന്ന് പ്രതീക്ഷിക്കുന്നതായി ഫെഡ് പറഞ്ഞു. 5.25 മുതൽ 5.50 ശതമാനം വരെയുള്ള നിലവിലെ പലിശ നിരക്ക് നിലനിർത്താൻ ഫെഡറൽ റിസർവ് ഏകകണ്ഠമായി വോട്ട് ചെയ്തു. പണപ്പെരുപ്പം ദീർഘകാല ലക്ഷ്യമായ രണ്ട് ശതമാനത്തിലേക്ക് 'മിതമായ' പുരോഗതി കൈവരിച്ചതായും ഫെഡ് വ്യക്തമാക്കി. വളർച്ചാ കാഴ്ചപ്പാട് മാറ്റമില്ലാതെ നിലനിർത്തിക്കൊണ്ട് 2024 ലെ പണപ്പെരുപ്പ പ്രവചനം ഉയർത്തുകയും ചെയ്തു ഫെഡറൽ റിസർവ്.

മെയ് മാസത്തിൽ, മൂന്നാം നയ ക്രമീകരണ യോഗത്തിൽ നിരക്ക് നിർണയ സമിതി ഏകകണ്ഠമായി പോളിസി നിരക്ക് 23 വർഷത്തെ ഉയർന്ന തലത്തിൽ നിലനിർത്താൻ വോട്ട് ചെയ്തിരുന്നു.

"കമ്മറ്റിയുടെ രണ്ട് ശതമാനം പണപ്പെരുപ്പ ലക്ഷ്യത്തിലേക്ക് കൂടുതൽ പുരോഗതിയുടെ അഭാവമുണ്ട്. പണപ്പെരുപ്പം രണ്ട് ശതമാനത്തിലേക്ക് സുസ്ഥിരമായി നീങ്ങുന്നുണ്ടെന്ന് കൂടുതൽ ആത്മവിശ്വാസം നേടുന്നത് വരെ ലക്ഷ്യ പരിധി കുറയ്ക്കുന്നത് ഉചിതമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല,' ഫെഡറൽ റിസർവ് വ്യക്തമാക്കി.

ഭക്ഷണ, ഊർജ്ജ ചെലവുകൾ ഒഴികെയുള്ള ഉപഭോക്തൃ വിലകൾ ഏപ്രിൽ മുതൽ മെയ് വരെ 0.2% വർദ്ധിച്ചു. എന്നിരുന്നാലും മുൻ മാസത്തെ 0.3% ൽ നിന്ന് കുറവാണിത്. ഒക്ടോബറിനു ശേഷമുള്ള ഏറ്റവും ചെറിയ വർധനവാണിത്.

## American Diary — 60 Years Ago

### *Nelson Mandela sentenced to life in prison in 1964*



Nelson Mandela sentenced to life in prison in 1964 for acts of sabotage against apartheid government, later released in 1990.

Nelson Mandela, a Black nationalist from South Africa, was sentenced to life imprisonment alongside seven others, including Walter Sisulu, for acts of sabotage against the apartheid government. All were eventually freed, with Mandela was released in 1990.

June 12, 1964

# വിദേശ തിരഞ്ഞെടുപ്പ് ഇടപെടലിനെക്കുറിച്ച് വോട്ടർമാർക്ക് മുന്നറിയിപ്പ് നൽകാൻ തയ്യാറെന്ന് യുഎസ് ചാര ഏജൻസികൾ




വാഷിംഗ്ടൺ: 2024 ലെ തിരഞ്ഞെടുപ്പിനെ 'ഡീപ്ഫേക്കുകൾ' അല്ലെങ്കിൽ മറ്റ് തെറ്റായ വിവരങ്ങൾ വഴി സ്വാധീനിക്കാനുള്ള വിദേശ എതിരാളികളുടെ ശ്രമങ്ങൾ യുഎസ് രഹസ്യാന്വേഷണ ഏജൻസികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ആവശ്യമെങ്കിൽ പൊതുജനങ്ങളെ അറിയിക്കാൻ തയ്യാറാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

വിദേശ അഭിനേതാക്കളുടെ തിരഞ്ഞെടുപ്പ് ഇടപെടലിനെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കാനുള്ള തീരുമാനം ഇന്റലിജൻസ് മേധാവി അവ്രിൽ ഹെയ്നസ്, നാഷണൽ ഇന്റലിജൻസ് ഡയറക്ടർ ഓഫീസ് അല്ലെങ്കിൽ ഒഡിഎൻഐ എന്നിവരുൾപ്പെടെയുള്ള രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസികളുടെ നേതാക്കളുടേതായിരിക്കും.

ഡിജിറ്റൽ ഫോറൻസിക് വിദഗ്ധരുടെയും ഇന്റലിജൻസ് അനലിസ്റ്റുകളുടെയും അവലോകനത്തിന് ശേഷമായിരിക്കും പൊതു മുന്നറിയിപ്പ് നൽകാനുള്ള തീരുമാനമെന്ന് ഒഡിഎൻഐ അധികൃതർ പറഞ്ഞു. തെറ്റായ വിവരങ്ങൾ 'തിരഞ്ഞെടുപ്പ് ഫലത്തെ ബാധിക്കും' അത്ര ഗൗരവമുള്ളതാണോ എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കും ഇത് എന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു.

പുതിയ സാങ്കേതികവിദ്യയും അമേരിക്കൻ സമൂഹത്തിലെ ആഴത്തിലുള്ള വിഭജനവും ഉയർത്തുന്ന തെറ്റായ വിവരങ്ങളോട് പ്രതികരിക്കാൻ ഫെഡറൽ ഏജൻസികൾ വേണ്ടത്ര തയ്യാറായിട്ടില്ലെന്ന നിയമനിർമ്മാതാക്കളുടെ വർദ്ധിച്ചുവരുന്ന ആശങ്കകൾക്കിടയിൽ ഇന്റലിജൻസ് ഉദ്യോഗസ്ഥർ വ്യാഴാഴ്ച മാധ്യമപ്രവർത്തകരോട് വിശദീകരിച്ചു.

എന്നാൽ വിദേശ ശത്രുക്കളുടെ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി സൃഷ്ടിച്ച പുതിയ ഓഫീസ് രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസികളിൽ നിന്നുള്ള വിദഗ്ധരെ ശേഖരിക്കുകയും തിരഞ്ഞെടുപ്പിന് തയ്യാറെടുക്കുന്നതിനുള്ള പതിവ് പരിശീലനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടെന്ന് ഒരു മാധ്യമ സമ്മേളനത്തിൽ ഒഡിഎൻഐ ഉദ്യോഗസ്ഥർ പറഞ്ഞു.

## റീ...പോളിംഗ്



# ഷിക്കാഗോയിൽ ജോയ് ആലുക്കാസിന്റെ പുതിയ ഷോറൂം പുതുമകളോടെ

ഷിക്കാഗോ: അമേരിക്കയിലെ അറ്റ്ലാന്റയിലും, ഡാളസിലും ഷോറൂം ഉദ്ഘാടനത്തിന് ശേഷം 165-ാമത്തെ പുതിയ ഷോറൂം ജൂൺ 9-ാം തീയതി ഞായറാഴ്ച ഷിക്കാഗോയിൽ ഉദ്ഘാടനം ചെയ്തു. ഷിക്കാഗോയിലെ ഇന്ത്യ ടൗൺ എന്നറിയപ്പെടുന്ന ഡെവോൺ അവന്യൂവിലാണ് പുതിയ ഷോറൂം തുറന്നിരിക്കുന്നത് (2642 W. Devon Ave).

ജോയ് ആലുക്കാസ് ജുവല്ലറി ഗ്രൂപ്പിന്റെ ചെയർമാൻ ജോയ് ആലുക്കാസിന്റെ സാന്നിധ്യത്തിൽ അമേരിക്കൻ സ്റ്റേറ്റ് സെനറ്റർ രാജാ കൃഷ്ണമൂർത്തി നാടമുറിച്ച് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ മലയാളികളെ പ്രതിനിധീകരിച്ച് ഗ്ലാഡ്സൺ വർഗീസ് (പ്രസിഡന്റ്, എഎഐഐ), സതീശൻ നായർ, ബിജു കിഴക്കേക്കുറ്റ്, ജെതിഡെർബേദി(എൻ.




ആർ.ഐ)തുടങ്ങിയവരുംജോയ്ആലുക്കാസ് അമേരിക്കൻ ഓപ്പറേഷൻസ് ഡയറക്ടർ ഫ്രാൻസി വർഗീസ്, ഷിക്കാഗോ സ്റ്റോർ മാനേജർ ആന്റണി തുടങ്ങി നിരവധി പ്രതിനിധികളും പങ്കെടുത്തു.

നൂതനങ്ങളായ എണ്ണമറ്റ ഡിസൈനുകളോടെയാണ് പുതിയ ഷോറൂം തുടങ്ങിയിരിക്കുന്നത്.

# എസ്.ബി.അസംപ്ഷൻ അലുമ്നി സമ്മർ ഫാമിലി മീറ്റ് ജൂൺ 23ന്







ഷിക്കാഗോആസ്ഥാനമായിപ്രവർത്തിക്കുന്ന ചങ്ങനാശേരി എസ്ബിഅസംപ്ഷൻകോളേജ് പൂർവവിദ്യാർഥി സംഘടനയുടെ 2024 ലെ സമ്മർ ഫാമിലി മീറ്റും വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരദാനവും 2024 ജൂൺ 23 ഞായറാഴ്ച ഡിസ്പ്ലെയിൻസ് കോർട്ട്ലാൻഡ് സ്ക്വയറി (8909 David Pl, Desplaines IL 60016)ൽ നടക്കും. വൈകുന്നേരം അഞ്ച് മണിക്ക് ആരംഭിക്കുന്ന നടക്കുന്ന വിപുലമായ പൂർവവിദ്യാർത്ഥി സമ്മേളനത്തോടുകൂടി പരിപാടികൾ ആരംഭിക്കും.

സംഘടനയുടെ രക്ഷാധികാരിയും എസ്.ബി കോളേജ് പ്രിൻസിപ്പലും ആയിരുന്ന റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ സമ്മർ ഫാമിലി മീറ്റ് ഉദ്ഘാടനം ചെയ്യും. ഷിക്കാഗോ മാർത്തോമ്മാ പള്ളി വികാരി റവ.എബി എം. തോമസ് തരകൻ, അസോസിയേഷൻ ഉപരക്ഷാധികാരിയും ഷിക്കാഗോ രൂപത പ്രൊക്യുറേറ്ററും പൂർവ്വവിദ്യാർഥിയുമായ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവർ മുഖ്യാതിഥികളായിരിക്കും. പുരസ്കാര ദാനത്തോടനുബന്ധിച്ചു കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

ഹൈസ്കൂൾ തലത്തിൽ പഠനപാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തിയിട്ടുള്ള സംഘടനാംഗങ്ങളുടെ മക്കൾക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. സമ്മേളനത്തിൽ നൽകുന്ന പുരസ്കാരങ്ങൾ.ജി.പി.എ,എ.സി.ടിഅഥവാഎസ്.എടി, പഠനപാഠ്യേതര മേഖലകളിലെ മികവുകൾ എന്നീ ത്രിതല മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു വിദ്യാർഥികൾക്ക് അസോസിയേഷന്റ ഷിക്കാഗോ ചാപ്റ്റർ നൽകുന്ന റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ പുരസ്കാരവും മാത്യു വാച്ചാപറമ്പിൽ സ്മാരക പുരസ്കാരവും ഒപ്പം ക്യാഷ് അവാർഡ്, പ്രശംസാപത്രം, ഫലകം എന്നിവയും നൽകപ്പെടും.

അസോസിയേഷൻ ദേശീയ തലത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനവും സമ്മേളനത്തിൽ നിർവ്വഹിക്കും. എസ്.ബി. ആൻഡ് അസംപ്ഷൻ അലുമ്നി അസോസിയേഷന്റെ ശ്രദ്ധേയമായ ഹൈസ്കൂൾ അക്കാഡമിക് എക്സലൻസ് അവാർഡ്ദാന ചടങ്ങിന് വേണ്ട എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി അസോസിയേഷൻ പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിൽ അറിയിച്ചു. ഷിക്കാഗോയിലും സമീപത്തുമുള്ള എല്ലാ എസ്.ബി. അസംപ്ഷൻ പൂർവ്വവിദ്യാർഥികളും സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് പരിപാടികൾ വിജയകരമാക്കണമെന്ന് എക്സിക്യൂട്ടിവ് ഭാരവാഹികൾ അഭ്യർഥിച്ചു.

*തോമസ് ഡിക്രൂസ്*

# കെ.എച്ച്.എൻ.എ സിൽവർ ജൂബിലി കൺവൻഷനു തയ്യാറെടുക്കുന്നു: ഡോ. നിഷ പിള്ള



ഷിക്കാഗോ: കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ 2025 ൽ നടക്കുന്ന ഹിന്ദു മഹാസംഗമം സംഘടനയുടെ രജത ജൂബിലി ആഘോഷം കൂടിയായിരിക്കും. വിപുലമായ പരിപാടികളോടു കൂടി നടത്തപ്പെടുന്ന ഈ രജതജൂബിലി ആഘോഷത്തിനു തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞതായി പ്രസിഡന്റ് ഡോ. നിഷാ പിള്ള പറഞ്ഞു.

കെ.എച്ച്.എൻ.എ. മിഡ്വെസ്റ്റ് റീജിയൻ ഷിക്കാഗോ സംഘടിപ്പിച്ച മീറ്റ് & ഗ്രീറ്റ് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. സംഘടനയുടെ വിവിധ കർമ്മപദ്ധതികൾ നടന്നുവരുന്നതായും യുവതലമുറ കൂടുതൽ ഉൾപ്പെടുത്തി വിവിധ പ്രോഗ്രാമുകൾ നടത്തിവരുന്നതായും പ്രസിഡന്റ് പ്രത്യേകം എടുത്തുപറഞ്ഞു.

കൂടാതെ സദസ്സിന്റെ വിവിധ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സംഘടനയുടെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കർമ്മപരിപാടികൾക്കും നിങ്ങൾ ഒരോരുത്തരുടേയും കൂട്ടായ സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു.

ട്രസ്റ്റി മെമ്പർ അരവിന്ദ് പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ജുഡീഷ്യൽ അംഗം സതീശൻ നായർ ഏവരേയും സ്വാഗതം ചെയ്തു. ജുഡീഷ്യൽ കമ്മിറ്റി ചെയർമാനും മുൻ പ്രസിഡന്റുമായ അനിൽകിഷോർ പിള്ള, വൈസ് പ്രസിഡന്റ് സുരേഷ് നായർ, ട്രസ്റ്റി മെമ്പർ പ്രസന്നൻ പിള്ള, കമ്മിറ്റി മെമ്പർ വിജി എസ്. നായർ, യൂത്ത് ചെയർ നിതിൻ നായർ തുടങ്ങിയവർ സംസാരിച്ചു.

കൂടാതെ രാധാകൃഷ്ണൻ നായർ, എം.ആർ.സി പിള്ള, സുരേഷ് ബാലചന്ദ്രൻ, രവികുട്ടപ്പൻ, ചന്ദ്രൻപിള്ള, രാജമ്മ ഗോപാലകൃഷ്ണൻ, ലക്ഷ്മി സുരേഷ് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു. വി. ഗോപാലകൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

*സതീശൻ നായർ*

# സാൻ അന്റോണിയോ സെന്റ് ആന്റണി ക്നാനായ ചർച്ചിൽ തിരുന്നാൾ







സാൻഅന്റോണിയോ:സെൻആന്റണി ക്നനായ കത്തോലിക്ക ഇടവക ദേവാലയത്തിന്റെ പ്രധാന തിരുനാൾ ജൂൺ മാസം 14,15,16 തീയതികളിൽ നടത്തപ്പെടുന്നു. ജൂൺ 6 മുതൽ 9 ദിവസത്തെ നൊവേനയും 12, 13 തീയതികളിൽ ക്രിസ്റ്റീൻ ധ്യാന സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുനാൾ ഒരു ധ്യാനവും നടത്തപ്പെടുന്നു. പതിനാലാം തീയതി വെള്ളിയാഴ്ച തിരുനാളിനു കൊടിയേറും. പതിനഞ്ചാം തീയതി ശനിയാഴ്ച ഷിക്കാഗോ രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർജോയ്ആലപ്പാട്ട്മെത്രാൻബലിയർപ്പിക്കുകയും അന്നേദിവസം ഇടവക ദിനം ആഘോഷിക്കുകയും ചെയ്യും.

പതിനാറാം തീയതിആഘോഷമായ തിരുനാൾകുർബാനയ്ക്ക്ന്യൂയോർക്ക് റോക്ലാൻഡ് സെന്റ് മേരിസ് പള്ളി വികാരി ബിപി തറയിൽ അച്ഛൻ നേതൃത്വം നൽകും.

*ജോസ് കാടാപുറം*

# ജി7 ൽ പങ്കെടുക്കാൻ ബൈഡൻ ഇറ്റലിയിലേക്ക്; റഷ്യക്ക് മേൽ കൂടുതൽ ഉപരോധങ്ങൾ വന്നേക്കും

വാഷിംഗ്ടൺ: ഗ്രൂപ്പ് ഓഫ് സെവൻ (ജി7) നേതാക്കളുമായുള്ള കൂടിക്കാഴ്ചകൾക്കായി യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ബുധനാഴ്ച ഇറ്റലിയിലേക്ക് യാത്രതിരിച്ചു. ഉക്രെയ്നെതിരായ യുദ്ധത്തിൽ നിന്ന് പിന്തിരിയാൻ റഷ്യയ്ക്കു മേൽ സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് ജി7 ചേരുന്നത്. റഷ്യയെ പിന്തുണയ്ക്കുന്ന ചൈനക്ക് മേലും സമ്മർദ്ദം ശക്തമാക്കാൻ ജി7 രാജ്യങ്ങൾ പദ്ധതിയിടുന്നു.

ലോകത്തിലെ ഏറ്റവും വികസിത ജനാധിപത്യ രാജ്യങ്ങളുടെ തലവന്മാർ ജൂൺ 13 മുതൽ 15 വരെ ഇറ്റലിയിലെ അപുലിയയിലുള്ള ഫസാനോ നഗരത്തിലാണ് കൂടിക്കാഴ്ച നടത്തുക. ഇന്ത്യയെ പ്രതിനിധീകരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും സമ്മേളനത്തിൽ പങ്കെടുക്കും.

പ്രസിഡന്റ്വ്ളാഡിമിർപുടിന്റെസൈന്യത്തെ ഉക്രെയ്നിലെ യുദ്ധത്തിൽ സഹായിക്കുന്ന സ്ഥാപനങ്ങളെയും ശൃംഖലകളെയും ലക്ഷ്യമിടുന്ന പുതിയ ഉപരോധങ്ങളുംകയറ്റുമതിനിയന്ത്രണങ്ങളുംനേതാക്കൾ പ്രഖ്യാപിക്കുമെന്ന് വൈറ്റ് ഹൗസ് വക്താവ് ജോൺ കിർബി പറഞ്ഞു.

ചൈനയിലെ തേഡ് പാർട്ടി വിൽപ്പനക്കാരെ ലക്ഷ്യമിട്ട് റഷ്യയിലേക്കുള്ള അർദ്ധചാലക ചിപ്പുകളും മറ്റ് സാധനങ്ങളും വിൽക്കുന്നതിനുള്ള ഉപരോധം വിപുലീകരിക്കാൻ വാഷിംഗ്ടൺ പദ്ധതിയിടുന്നുണ്ട്. മോസ്കോയിലേക്ക് സാധനങ്ങൾ കയറ്റി അയക്കുന്ന ചില ഹോങ്കോംഗ് സ്ഥാപനങ്ങളെയും ഇത് ബാധിക്കും.

# മോദി പഴയ മോദിയല്ല! കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണോ?

2024ലെ ലോക്സഭ തിരഞ്ഞെടുപ്പ് ഫലം ബി.ജെ.പിയുടെ നെറുകംതലയിൽ ഏറ്റ മുട്ടൻ അടിയായിരുന്നു. മോദിയുടെ 400ലധികം സീറ്റെന്ന അവകാശവാദത്തെയും 2019ലെ ഭൂരിപക്ഷത്തെയും തകർത്തെറിഞ്ഞ ഫലം. ഇത്തവണ കേവല ഭൂരിപക്ഷത്തിന് 32 സീറ്റുകളുടെ കുറവു വന്ന ബി.ജെ.പി സഖ്യകക്ഷികളെ കൂട്ടുപിടിച്ചാണ് സർക്കാർ രൂപീകരിച്ചിരിക്കുന്നത്.

പുതുതായി അധികാരമേറ്റ മോദി 3.0 സർക്കാർ സഖ്യ സർക്കാരാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ അത് പഴയ രീതിയിൽ തന്നെ പ്രവർത്തിക്കുമോ അതോ പുതിയ പ്രവർത്തന രീതി സ്വീകരിക്കുമോ എന്നതറിയാനാണ് രാജ്യം മുഴുവനും കാത്തിരിക്കുന്നത്. ഇനിയുള്ള മോദി ഭരണം എങ്ങനെ ആയിരിക്കാം, എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കാം എന്നതിനെക്കുറിച്ച് മുതിർന്ന മാധ്യമപ്രവർത്തകൻ എൻ. റാം ഒരു ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലെ പ്രധാന സംഭവവികാസങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.





**ഇതാ തുടർച്ചയായി മൂന്നാം തവണയും മോദി സർക്കാർ അധികാരമേറ്റിരിക്കുന്നു. ഭരണം മുൻ വ്യവസ്ഥകൾ പോലെ തന്നെ ആയിരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തൊക്കെ മാറ്റങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിക്കേണ്ടി വരും?**

തീർച്ചയായും ഇനിയുള്ള ഭരണം കഴിഞ്ഞ 10 വർഷങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കും. മോദി തന്റെ ആദ്യ ടേമിൽ വന്നത് വികസനാധിഷ്ഠിത പരിപാടിയുമായാണ്. അന്ന് 32 ശതമാനം വോട്ട് വിഹിതം നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. തുടർന്ന്, 2019 ൽ പാർട്ടി വോട്ട് വിഹിതം 37 ശതമാനമായി ഉയർത്തി 303 സീറ്റുകൾ നേടി. എന്നാൽ പിന്നീട് അജണ്ട തന്നെ മാറി. രണ്ടാം ടേമിന്റെ അവസാനമായപ്പോഴേക്കും രാജ്യം കൂടുതൽ ആക്രമണാത്മകമായി. സാമുദായികമായ അക്രമണങ്ങളാണ് മോദി സർക്കാർ അഴിച്ചുവിട്ടത്.

പൗരത്വ ഭേദഗതി നിയമവും ആർട്ടിക്കിൾ 370ഉം ഇന്ത്യ മുന്നണിയിലെ സഖ്യകക്ഷികൾ ഭരിക്കുന്ന സംസ്ഥാന സർക്കാരുകളോടുള്ള യുദ്ധവും ഇത്തവണ ജനവിധി മോദിക്കെതിരാക്കി. അത് മാത്രമല്ല, പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഗവർണർമാരെ ഉപയോഗിച്ച് നിയമനിർമാണം തടയാൻ ശ്രമിച്ചു. പ്രമുഖ രാഷ്ട്രീയക്കാർക്കെതിരെ ഏജൻസികളെ അഴിച്ചുവിട്ടു. ശത്രുതാപരമായ രീതിയിലായിരുന്നു മോദി സർക്കാരിന്റെ പെരുമാറ്റം. എന്നാൽ ബി.ജെ.പിയെ എതിർക്കുന്ന പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇനി രണ്ട് കാരണങ്ങളാൽ ആശ്വസിക്കാം. ആദ്യത്തേത് ചന്ദ്രബാബു നായിഡുവും രണ്ടാമത്തേത് നിതീഷ് കുമാറും തന്നെ. ഇരുവരും നേരത്തെ ബി.ജെ.പിയെ രൂക്ഷമായി വിമർശിച്ചിരുന്നു. ആന്ധ്രാപ്രദേശിനും ബിഹാറിനും പ്രത്യേക പദവി നൽകണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ടായിരുന്നു.

ഇരുവരും അവരുടെ സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തിയിരുന്നു. അതുകൊണ്ട് ഇരുവരുടെയും ബലത്തിൽ മാത്രം നിൽക്കുന്ന മോദിക്കും അമിത് ഷായ്ക്കും ഇനി പഴയ രീതിയിലുള്ള ഭരണം ബുദ്ധിമുട്ടായിരിക്കും. പഴയ രീതിയിൽ അവർക്ക് പ്രവർത്തിക്കാൻ കഴിയില്ലെന്ന് താൻ കരുതുന്നുവെന്നും അദ്ദേഹം പറയുന്നു. ശക്തനും അനുഭവസമ്പത്തുള്ള നേതാവുമാണ് ചന്ദ്രബാബു നായിഡു. സ്വന്തം ശക്തിയിൽ വിജയിച്ച പാർട്ടിയാണ് ടി.ഡി.പി. നിതീഷ് കുമാറിന്റെ ജെ.ഡി.യുവിന് ബി.ജെ.പിയുമായും മറ്റ് പാർട്ടികളുമായുള്ള സഖ്യത്തിൽ സീറ്റുകൾ ലഭിച്ചിട്ടുണ്ട്. സർക്കാരിനുള്ളിൽ വിലപേശൽ നടക്കും. കാരണം ടി.ഡി.പിയിലും ജെ.ഡി.യുവിലും ഉള്ള മന്ത്രിമാർ ഇനി ഡമ്മികളാകില്ല.

**മാധ്യമങ്ങളുടെ കവറേജും എക്സിറ്റ് പോളുകളും**

എക്സിറ്റ് പോളുകൾ എങ്ങനെയാണ് ഇത്രയും തെറ്റായി വന്നതെന്ന് തനിക്കറിയില്ലെന്നാണ് അദ്ദേഹം പറയുന്നത്. എക്സിറ്റ് പോളുകൾ യാഥാർത്ഥ്യത്തിൽ നിന്ന് വളരെ അകലെയായിരുന്നു. സത്യസന്ധരായ പല മാധ്യമപ്രവർത്തകർ വസ്തുതകളുമായി രംഗത്തെത്തിയിരുന്നു. എക്സിറ്റ് പോൾ ഫലങ്ങൾ വന്നതിന് ശേഷവും ദ ഹിന്ദുവിൽ ബി.ജെ.പി 250ൽ താഴെയാകും സീറ്റ് ലഭിക്കുകയെന്ന് വ്യക്തമാക്കിയിരുന്നു. വിശ്വസനീയമായ കണ്ടെത്തലുകളുമായി വന്നിരുന്ന ആക്സിസ് മൈ ഇന്ത്യയുടെ വരെ ഫലങ്ങൾ ഇത്തവണ പാളി.

സഖ്യ സർക്കാർ ബി.ജെ.പി സർക്കാരിന് പുതിയ കാര്യമല്ല. 1998 മുതൽ 2004 വരെ അവർ സഖ്യ സർക്കാരായിരുന്നു. എന്തുകൊണ്ടാണ് ഇത് മോദിക്ക് ബുദ്ധിമുട്ടുള്ള കാര്യമാകുന്നത്. ഇതുവരെ വലിയ വിജയം നേടിയിരുന്ന മോദിക്ക് ഗുജറാത്തിലോ കേന്ദ്രത്തിലോ ഒരു കൂട്ടുകെട്ട് കൈകാര്യം ചെയ്യുന്നതിൽ വലിയ പരിചയമില്ല. സംഘ്പരിവാർ ശക്തിപ്രാപിച്ചപ്പോഴാണ് വാജ്പേയി പ്രധാനമന്ത്രിയായത്. അദ്ദേഹം വളരെ പക്വതയുള്ള ഒരു രാഷ്ട്രീയക്കാരനായിരുന്നു. ബി.ജെ.പിയുടെ പ്രകടന പത്രികയിൽ രാമക്ഷേത്രവുമായി ബന്ധപ്പെട്ട വിഷയം ഉണ്ടായിരുന്നില്ല.

എൽ.കെ അദ്വാനിയാണ് ഇക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ചത്. എന്നാൽ സഖ്യകക്ഷികൾക്ക് അത് വേണ്ടാത്തതിനാൽ അന്ന് വലിയ എതിർപ്പുണ്ടായി. വാജ്പേയി പ്രതിജ്ഞാബദ്ധനായിരുന്നു. എന്നാൽ നിങ്ങൾ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയിരുന്നെങ്കിൽ മറ്റുള്ളവരുടെ എതിർപ്പ് കാര്യമാക്കേണ്ട കാര്യമില്ലായിരുന്നു. ബി.ജെ.പിയുടെ വോട്ട് വിഹിതം കുറഞ്ഞിരിക്കയാണ്. സി.എസ്.ഡി.എസ് സർവേ പോലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തോട് മോദി എങ്ങനെ പൊരുത്തപ്പെടുന്നു എന്ന് കണ്ടറിയണം. അതിനാൽ തന്നെ മോദി ഇനിമുതൽ മറ്റൊരു മോദി ആയിരിക്കുമെന്ന് താൻ കരുതുന്നുവെന്നും അദ്ദേഹം പറയുന്നു.

**ബി.ജെ.പിക്ക് ഇനി എന്തൊക്കെ വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരും?**

സി.എ.എ, ഏകീകൃത സിവിൽകോഡ് എന്നിവയ്ക്ക് ഇതോടെ അവസാനമാകും. അവ ഇനി അടിച്ചേൽപ്പിക്കാൻ കഴിയില്ല. ഇനി അവരെ ദേശവിരുദ്ധരായി കാണാനോ ശത്രുക്കളാക്കുവാനോ കഴിയില്ല.

**ചന്ദ്രബാബു നായിഡുവിന്റെ മുന്നിലുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്?**

ചന്ദ്രബാബു നായിഡുവിനെ തനിക്ക് നന്നായി അറിയാം. തന്റെ പ്രശസ്തി, വിശ്വാസ്യത, മതേതരത്വം എന്നിവയെ വിലമതിക്കുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന് തന്റെ പ്രശസ്തി നിലനിർത്തേണ്ടിവരുമെന്ന് കരുതുന്നു. ആന്ധ്രാപ്രദേശിൽ വലിയ വിജയമാണ് നായിഡുവിന് ലഭിച്ചത്. അദ്ദേഹത്തിന് തന്റെ പ്രശസ്തിയെ സംരക്ഷിച്ചേ മതിയാകൂ. എൻ.ഡി.എയിൽ നിന്ന് അദ്ദേഹം പിന്മാറില്ല. എന്നാൽ അദ്ദേഹം പ്രശ്നങ്ങൾ ഉന്നയിക്കും. ആന്ധ്രാക്കാർ അദ്ദേഹത്തോട് കണക്ക് ചോദിക്കും. ഇതു തന്നെയായിരിക്കും അദ്ദേഹത്തിന്റെ ഏറ്റവും വലിയ വെല്ലുവിളിയും.

അതിനാൽ തന്നെ മോദിയുടെയും അമിത് ഷായുടെയും ഗതി നിയന്ത്രിക്കുന്നതിൽ അദ്ദേഹം വിജയിക്കുമോ എന്ന് കണ്ടറിയണം. വിഭജിക്കപ്പെട്ട തന്റെ സംസ്ഥാനത്തിന് പ്രത്യേക പദവി അദ്ദേഹം കേന്ദ്രത്തിനു മുമ്പാകെ ആവശ്യപ്പെടുമെന്നാണ് കരുതുന്നത്.

# ഡോ. ബോബി മുക്കാമല അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റ്

ഷിക്കഗോ: അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റായി ഡോ. ബോബി മുക്കാമല തിരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ (AMA) വാർഷിക മീറ്റിംഗിൽ, മിഷിഗണിലെ ഫ്ളിന്റിൽ നിന്നുള്ള ഒട്ടോളറിംഗോളജിസ്റ്റായ ഡോ. ബോബി മുക്കാമലയെ പ്രസിഡന്റായി തിരഞ്ഞെടുത്തത്. ജൂൺ 11നു എഎംഎ പ്രസിഡന്റായി ചുമതലയേറ്റ ഡോ. ബ്രൂസ് സ്കോട്ടിന്റെ പിൻഗാമിയായാണ് ഡോ. ബോബി. ഒരുവർഷത്തിന് ശേഷമായിരിക്കും പ്രസിഡന്റ് ഡോ. ബോബി ചുമതല ഏറ്റെടുക്കുക.



കുടിയേറ്റ ഭിഷഗ്വരന്മാർക്ക് ജനിച്ച ഡോ. മുക്കാമല പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്തിനു ശേഷം നടത്തിയ പ്രസംഗത്തിൽ, 'ഞാൻ വളർന്നപ്പോൾ അക്ഷരാർത്ഥത്തിൽ ഞാൻ നിന്ന ചുമലുകളായിരുന്നു അവർ' എന്ന് മാതാപിതാക്കളോടും കുടുംബാംഗങ്ങളോടും നന്ദി പറഞ്ഞു. അവരും അവരുടെ തലമുറയും ഈ നാട്ടിൽ വന്നു, 'ആരും അറിയാതെ', രാജ്യത്തിന് ആവശ്യമുള്ള സമയത്ത് വൈദ്യശാസ്ത്രം പരിശീലിക്കാനും അതേസമയം അവർക്ക് അന്യമായ ഒരു സംസ്കാരം ഉൾക്കൊള്ളാനും അദ്ദേഹം പറഞ്ഞു.

എഎംഎയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി എന്റെ സമ പ്രായക്കാർ എന്നെ തിരഞ്ഞെടുത്തതിൽ ബഹുമതിയുണ്ട്, ഞങ്ങളുടെ എല്ലാ കമ്മ്യൂണിറ്റികൾക്കും മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണത്തിനായി പോരാടുന്നത് തുടരാൻ ഞാൻ ആഗ്രഹിക്കുന്നു. ഷിക്കഗോയിലെ ലയോള യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിലെ അദ്ദേഹത്തിന്റെ താമസം മുതലുള്ളതാണ് എഎംഎയുമായുള്ള ഡോക്ടറുടെ ഇടപെടൽ. നിലവിൽ എഎംഎ സബ്സ്റ്റൻസ് യൂസ് ആൻഡ് പെയിൻ കെയർ ടാസ്ക് ഫോഴ്സിന്റെ അധ്യക്ഷനാണ്, രാജ്യത്തിന്റെ അമിതമായ പകർച്ചവ്യാധിയെ ചെറുക്കുന്നതിനുള്ള തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയങ്ങൾക്കായി വാദിക്കുന്നു. വൈദ്യശാസ്ത്രത്തിനും പൊതുജനരോഗ്യത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ സമർപ്പണം ഫ്ളിന്റ് ജല പ്രതിസന്ധിയുടെ സമയത്തും പകർച്ചവ്യാധി സമയത്തും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പ്രകടമായിരുന്നു. മുക്കാമല മെഡിക്കൽ വിദ്യാഭ്യാസത്തിലും സാമൂഹിക സേവനത്തിലും വ്യാപൃതനാണ്. ഒബ്സ്റ്റട്രീഷ്യൻ ഗൈനക്കോളജിസ്റ്റായ അദ്ദേഹത്തിന്റെ ഭാര്യ ഡോ. നിത കുൽക്കർണിയോടൊപ്പം അദ്ദേഹം ഫ്ളിന്റിലെ മിഷിഗൺ സർവകലാശാലയിൽ എൻഡോവ്ഡ് ഹെൽത്ത് പ്രൊഫഷൻ സ്കോളർഷിപ്പുകൾ സ്ഥാപിച്ചു. ബയോമെഡിക്കൽ എഞ്ചിനീയറായ നിഖിൽ, പൊളിറ്റിക്കൽ സയൻസിൽ പിഎച്ച്ഡി കാൻഡിഡേറ്റ് ആയ ദേവൻ എന്നിവർ മക്കളാണ്.



കഥയില്ലായ്മകൾ

# കണ്ണീർച്ചിരിക്കാലം!



സി. രാധാകൃഷ്ണൻ

മഴവെയിൽക്കാലം എന്ന് പറയുന്നപോലെ ഇത് കണ്ണീർച്ചിരിക്കാലം! ഇതാ ഈ കാലത്ത് കണ്ണീരോ ചിരിയോ യഥേഷ്ടം ആവാം. കരയുകയാണോ ചിരിക്കുകയാണോ എന്ന് കണ്ടുനിൽക്കുന്നവർ അറിയില്ല. പുഴയാണ് കരഞ്ഞുകൊണ്ട് ഈ ചിരി ചിരിക്കുന്നത് എങ്കിൽ കരയുന്നോ പുഴ ചിരിക്കുന്നോ എന്നൊരു ആശങ്ക എങ്കിലും കാഴ്ചക്കാരിൽ ഉണ്ടാകാം. (അല്ല, മനുഷ്യരാണെങ്കിൽ അത് ഇക്കാലത്തെ കവിയുടെ വിഷയമല്ല. കോപ്രായം വല്ലതും കാണിക്കുന്നെങ്കിലേ ആവൂ.)

വേണ്ട, ഇങ്ങനെ പറഞ്ഞു പോയാൽ നാം എവിടെയും എത്തില്ല. പൊട്ടൻ ചന്തയ്ക്ക് പോയ പോലെ, പാറ്റ കപ്പലിൽ പോയ പോലെ, പട്ടി പൂരം കാണാൻ പോയ പോലെ എന്നൊക്കെ പറഞ്ഞ കഥയാകും! അതായത് വെറും കഥയില്ലായ്മ! അത് പറ്റില്ലല്ലോ!

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ വെളിച്ചത്തിൽ കിട്ടുന്ന കാഴ്ചയെ കുറിച്ചാണ് പറഞ്ഞു വരുന്നത്. ഫലമറിഞ്ഞപ്പോൾ നേതാക്കന്മാരിൽ കാണുന്നത് കരച്ചിലോ ചിരിയോ എന്ന് തിട്ടമില്ല. അതിനാൽ അതിനോടുള്ള പ്രതികരണം കണ്ണീര് വേണോ അലമുറ വേണോ എന്നു തീർച്ചയില്ല.

ഓർക്കാപ്പുറത്ത് കുറെ സീറ്റ് കിട്ടിയവർക്ക് ആ കിട്ടിയതിന്റെ ചിരി. അതോടൊപ്പം, കുറച്ചുകൂടി കിട്ടാഞ്ഞിട്ട് അകമേ അലമുറ കരച്ചിൽ. എല്ലാം തങ്ങൾക്കു മാത്രം കിട്ടുമെന്ന് വിചാരിച്ചവർക്ക് അഷ്ടിക്കു മാത്രം കിട്ടിയതിന്റെ കരച്ചിൽ! അത്രയെങ്കിലും കിട്ടിയല്ലോ എന്ന ആശ്വാസത്തിന്റെ ചിരി. രണ്ടു കൂട്ടർക്കും ഒരേ കരച്ചിൽ ചിരി!

ഞാനൊരു രാഷ്ട്രീയ നിരീക്ഷകനോ സാംസ്കാരിക നായകനോ നേതാവോ അനുയായിയോ ഒന്നുമല്ല, അഞ്ചാണ്ട് കൂടുമ്പോൾ വോട്ട് ചെയ്യാൻ അവകാശമുള്ള ഒരു വെറും രാധാകൃഷ്ണൻ. ആള് മാറാതിരിക്കാൻ അച്ഛന്റെ പേര് ബ്രാക്കറ്റിൽ ഉണ്ട്. (എന്നിട്ടും പക്ഷേ, ഇതിനിടെ ഒരു തിരഞ്ഞെടുപ്പിൽ എന്റെ വോട്ട് എനിക്കു വേണ്ടി ചെയ്ത് ആരോ എന്നെ സഹായിച്ചു! നമ്മുടെ നാട്ടിൽ പരോപകാരികൾ ഇല്ല എന്ന് ആരാണ് പറഞ്ഞത്!) അടുത്ത കളി ഈർക്കിൽ പ്രയോഗമാണ്. കുന്തംകൊണ്ടും കോപ്പു കൊണ്ടും ഒന്നും ചെയ്യാൻ കഴിയില്ല. ഈർക്കിൽ തുണയ്ക്കണം. ചൂലിലെ ഭൂരിപക്ഷം തികയാൻ രണ്ട് ഈർക്കിൽ കൂടി വേണമെങ്കിൽ അതാണല്ലോ പരമപ്രധാനം. അതിനുള്ള പ്രതിഫലം എത്ര കോടി(യാ)യാൽ മതിയാവും എന്ന് ആ ഈർക്കിലുകൾ നിശ്ചയിക്കും! അതായത് കൂനൻ മദിച്ചാലും ഗോപുരം കുത്തും!

ജാതി സെൻസസ് ഉടനെ ഏർപ്പെടുത്തണമെന്നാണ് ഈ ഈർക്കിലുകളുടെ ഒരു നിബന്ധന പോലും. ജാതിമതങ്ങളുടെ കൃത്യമായ കണക്ക് കിട്ടിയിട്ട് ഇവിടെ പലർക്കും ആവശ്യമുണ്ട്. അതു വെച്ച് ആണല്ലോ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളെയും



**അണുബോംബ് ആണ് ചോദിച്ചത്... കിട്ടിയത് ഏച്ചു കെട്ടിയ തോട്ടി..!**

സമീപനത്തെയും നിശ്ചയിക്കുന്നത്. അല്ലാതെ, മഹാത്മാഗാന്ധി തന്നെ വന്നു മത്സരിച്ചാലും കെട്ടിവെച്ച കാശ് പോയത് തന്നെ! (അല്ലെങ്കിൽ, ഹേ, റാം!! ആചന്ദ്ര താരം ജാതിയും മതവും നോക്കിയേ ഇനി നമുക്ക് ഇവിടെ കൃഷിയുള്ളൂ. കൃത്യമായി അകലം പാലിക്കണം. തിരുവിതാംകൂർ മഹാരാജാവിന് രണ്ടടിയാണ് അയിത്ത്പ്പാട്. പിന്നെ പടിപടിയായി കേൾവിപ്പാടകലെയും കാണാപ്പാടകലെയും വരെ ഉണ്ട്. ഓരോ ജാതിയും മുകളിലെ ജാതികളെ വെറുക്കും, കീഴിലുള്ള ജാതികളെ മൃഗങ്ങളായി കണക്കാക്കും. പക്ഷേ, മൃഗങ്ങളെയും പേടിക്കണം. അതായത് ഓരോ ജാതിക്കും പേടിക്കാനും വെറുക്കാനും മാത്രമേ സമൂഹത്തിൽ ആളുള്ളൂ.

ഈ സമൂഹത്തിൽ അധ :കൃതർക്കൊക്കെ സംവരണമുണ്ട്. സംവരണമുള്ള അധ :കൃതർ അതിന്റെ വിശേഷ ആനുകൂല്യം ഒരിക്കൽ കിട്ടിയാൽ നഷ്ടപ്പെടാതിരിക്കാനും സ്വജാതിയിൽ മറ്റുള്ളവർക്ക് കിട്ടാതിരിക്കാനും എപ്പോഴും ജാഗരൂകരായിരിക്കും. ഏറ്റവും മുകളിലെ ഒരു ജാതിക്ക് ഒഴികെ ബാക്കി എല്ലാവർക്കും തങ്ങൾ അധ:കൃതരാണ് എന്ന ആത്മനിന്ദ ആജീവനാന്തം ഉണ്ടാവും. തിരഞ്ഞെടുപ്പ് വരുമ്പോൾ ആനുകൂല്യ കളിയിൽ ഒരു ചെറിയ അലയിളക്കം ഉണ്ടാക്കിയാൽ അത്തവണ ജയിക്കാനുള്ള വഴിയായി!

ഇത്തവണ ഇന്ത്യ എന്ന രാജ്യത്തുള്ള എല്ലാവരും ഇവിടെ ഭരിക്കുന്ന കക്ഷിക്ക് വോട്ട് ചെയ്യും എന്നാണ് കണക്കുകൾ കൂട്ടാൻ അറിയാവുന്ന ഏവരും വിചാരിച്ചത്. ഒരു മതത്തിന് തന്നെ മൂന്നിൽ രണ്ടിലേറെ ഭൂരിപക്ഷമുണ്ടല്ലോ, പിന്നെന്താ സംശയം! ആ മതത്തിന് ശത്രുക്കൾ ഉണ്ട് എന്ന് വരുത്തുകയും ആ ശത്രുക്കളോട് യുദ്ധം ചെയ്യാൻ തങ്ങളെ ആവശ്യമുണ്ടെന്ന് ഉൽബോധിപ്പിക്കുകയും ചെയ്താൽ കാര്യം വളരെ എളുപ്പമെന്ന് തന്നെയാണ് ബന്ധുക്കളും ശത്രുക്കളും ഒക്കെ ഒരുപോലെ കരുതിയത്.

പക്ഷേ, മൊത്തം വോട്ടർമാരിൽ മൂന്നിൽ രണ്ടു ഭാഗമേ വോട്ട് ചെയ്തുള്ളൂ. തങ്ങൾക്ക് ആരും ശത്രുക്കളായി ഇല്ല എന്ന് കരുതിക്കാണും ബാക്കിയുള്ളവർ.

വോട്ട് ചെയ്തവരോ? അണുബോംബ് ആവശ്യപ്പെട്ടിട്ട് ഏച്ചുകെട്ടിയ ഒരു ചൂരൽ മാത്രമാണ് കൊടുത്തത്. അതുകൊണ്ട് നടപ്പിലാക്കാവുന്ന അച്ചടക്കം ഒക്കെ മതി എന്നാണ് ആളുകളുടെ തീരുമാനം. കരച്ചിലും ചിരിയും ഒപ്പം വരുമ്പോൾ എന്തു ചെയ്യണം എന്ന് അവർക്ക് നന്നായി അറിയാം! അന്നേരത്ത് അവരിൽ തെളിയുന്നതാണ് നിറകൺചിരി. അത് വിരിയുമ്പോൾ തെളിയുന്ന സാമാന്യബുദ്ധിയാണ് ഈ ജനസഞ്ചയത്തെ ഇന്നേവരെ കാത്തത്.

(കുറച്ചു വർഷങ്ങൾക്കു മുമ്പ് ഒരു നോവലിന് തലക്കെട്ട് കൊടുക്കാൻ ഇങ്ങനെ ഒരു വാക്ക് കണ്ടെത്തിയപ്പോൾ ഇതിന് ഇത്ര നല്ല ഉപയോഗം വേറൊരു ഇടത്തുണ്ടാകും എന്ന് കരുതിയില്ല!)

ശ്രീനിവാസ രാമാനുജനേക്കാൾ നന്നായി കണക്കുകൾ ഉപയോഗിച്ച് ചെപ്പും പന്തും കളിച്ച് അത്ഭുതങ്ങൾ കാണിക്കുന്ന നമ്മുടെ തിരഞ്ഞെടുപ്പ് പണ്ഡിതന്മാർ എത്രയായാലും സമൂഹമനസ്സാക്ഷിക്കൊപ്പം എത്തില്ല എന്നാണ് ചുവരെഴുത്ത്. പട്ടിണിപ്പാവങ്ങളും നിരക്ഷരരും ആണെങ്കിലും ആത്മരക്ഷയ്ക്ക് എന്താണ് നല്ലത് എന്ന് ഈ മഹാരാജ്യത്തിലെ ജനങ്ങൾക്ക് നല്ല നിശ്ചയമുണ്ട് എന്ന് അവർ വീണ്ടും വീണ്ടും തെളിയിക്കുന്നു.

വെള്ളക്കാരെ പറഞ്ഞയച്ചു, പല പരീക്ഷണങ്ങളും നടത്തി, ഇന്ദിരാഗാന്ധി എന്ന ഉഗ്രമൂർത്തിയെ പോലും കറിവേപ്പില പോലെ താഴെ ഇറക്കി, പുറകെ വന്നവരേക്കാൾ ഭേദം ഈ കറിവേപ്പില തന്നെയാണ് എന്ന് കണ്ടതോടെ അതിനെ വീണ്ടും പൊക്കി സിംഹാസനത്തിൽ വച്ചു. ഇപ്പോൾ ഇതാ വീണ്ടും ഒരു മഹാബാധയെ രായ്ക്ക് രാമാനം കൊടിയൊഴുപ്പിച്ചിരിക്കുന്നു!

ഈ ആളുകൾ ദരിദ്രരാണ്. കിടപ്പാടം ഇല്ലാത്തവരും ഉടുതുണി പോലും വേണ്ടത്ര തികയാത്തവരും ആണ്. മിക്കവാറും നിരക്ഷരരും ആകുന്നു. എന്നാലും അവർ ഒരു വലിയ മനസ്സായി പ്രവർത്തിക്കുന്നു.

ഇല്ലായ്മയുടെയും വല്ലായ്മയുടെയും കരച്ചിലിനിടെ ആഴത്തിൽ ഒരു ചിരി അവർ സൂക്ഷിക്കുന്നു. വിവേകത്തിന്റെ മന്ദഹാസം. ആ ചിരിയിൽ ചിരകാല കണ്ണീരിന്റെ തിളക്കമുണ്ട്.

വരൂ നമുക്ക് അവരോടൊപ്പം ചിരിക്കാം. നിസ്വനായ പൂന്താനം നമ്പൂതിരി പണ്ട് ഈ ചിരിയിൽ പങ്കുകൊണ്ടിട്ടുണ്ട്. കണ്ടാൽ അറിയാമായിരുന്നു അദ്ദേഹത്തിന്, നമുക്കു കൊണ്ടാലും തിരിയാ എന്നാണ് വന്നുകൂടുന്നത്. നോക്കണേ, അഭ്യസ്തവിദ്യരായ നമ്മുടെ ഒരു കഥയില്ലായ്മ!!

പക്ഷേ, ദീപസ്തംഭം മഹാശ്ചര്യം എന്നു പാടുമ്പോഴും ചിരിക്കാതിരിക്കാൻ നമുക്ക് കഴിയും, അപ്പോൾ ചിരിക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത് പിന്നീട് നാം നിറകണ്ണേരിയിലേക്ക് പോകുമെങ്കിലും!!!

◗ *സി. രാധാകൃഷ്ണൻ*

# 100 ടൺ സ്വർണം യുകെയിൽ നിന്ന് ഇന്ത്യയിലേയ്ക്ക് കൊണ്ടു വന്നതെന്തിന്?

യുകെയിൽ സൂക്ഷിച്ചിരുന്ന 100 മെട്രിക് ടൺ സ്വർണം ഈയടുത്താണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ത്യയിലേയ്ക്ക് കണ്ടുവന്നത്. 1991 ന് ശേഷം ഇതാദ്യമായാണ് ഇങ്ങനെയൊരു നീക്കം ഇന്ത്യ നടത്തുന്നത്. 2024 മാർച്ച് വരെയുള്ള കണക്കുകൾപ്രകാരം റിസർവ്ബാങ്കിന്റെ മൊത്തം സ്വർണ ശേഖരം 822.10 മെട്രിക് ടൺ ആണ്. ഇതിന്റെ വലിയൊരു ഭാഗം വിദേശത്താണ് സൂക്ഷിച്ചിരിക്കുന്നത്. മറ്റ് രാജ്യങ്ങളെപ്പോലെ ഇന്ത്യയ്ക്കും ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ ഓഹരിയുണ്ട്.



100 മെട്രിക് ടൺ ഇന്ത്യയിലേക്കു മാറ്റിയതോടെ ഇപ്പോൾ രാജ്യത്ത് സംഭരിച്ചിരിക്കുന്ന സ്വർണം 408 മെട്രിക് ടണ്ണിൽ അധികം ആയിട്ടുണ്ട്. ഏകദേശം അത്രയും തന്നെ സ്വർണം വിദേശത്തും സൂക്ഷിച്ചിട്ടുണ്ട്. ഈ വ്യാഴാഴ്ച പുറത്തിറക്കിയ റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 308 മെട്രിക് ടണ്ണിലധികം സ്വർണം ഇന്ത്യയിൽ നോട്ടുകളുടെ ബാക്കിങ് ആയി കരുതിയിട്ടുണ്ട്. അതേസമയം 100.28 ടൺ പ്രാദേശികമായി ബാങ്കിംഗ് വകുപ്പിന്റെ ആസ്തിയായി കൈവശം വച്ചിട്ടുമുണ്ട്. മൊത്തം സ്വർണ ശേഖരത്തിൽ 413.79 മെട്രിക് ടൺ വിദേശത്താണ് സൂക്ഷിച്ചിരിക്കുന്നത്.

## എന്തിനാണ് ആർബിഐ വിദേശത്ത് സ്വർണം സൂക്ഷിക്കുന്നത് ?

1990-91 ലെ വിദേശനാണ്യ പ്രതിസന്ധിയുടെ സമയത്ത്, 405 മില്യൺ ഡോളർ വായ്പ ലഭിക്കുന്നതിനായി ഇന്ത്യ തങ്ങളുടെ സ്വർണ ശേഖരത്തിന്റെ ഒരു ഭാഗം ബാങ്ക് ഓഫ് ഇംഗ്ലണ്ടിന് പണയം ആയി കൊടുത്തിരുന്നു. 1991 നവംബറോടെ വായ്പ തിരിച്ചടച്ചെങ്കിലും ആർബിഐ സ്വർണം യുകെയിൽ സൂക്ഷിക്കാൻ തീരുമാനിച്ചു. വിദേശത്ത് സൂക്ഷിച്ചിരിക്കുന്ന സ്വർണം വ്യാപാരം നടത്താനും കൈമാറ്റം ചെയ്യാനും വരുമാനം നേടാനും എളുപ്പത്തിൽ ഉപയോഗിക്കാം എന്നതിനാലാണ് ഇങ്ങനെ ചെയ്തത്.

ആർബിഐ രാജ്യാന്തര വിപണികളിൽനിന്ന് സ്വർണം വാങ്ങുകയും അത് വിദേശത്ത് സംഭരിക്കുകയും ചെയ്യുന്നത് ഈ ഇടപാടുകൾ സുഗമമാക്കുന്നു. അന്താരാഷ്ട്ര തലത്തിൽ ഇങ്ങനെ സ്വർണം സംഭരിക്കുന്നത്തിന് അതിന്റേതായ പ്രശ്നങ്ങളുമുണ്ട്. പാശ്ചാത്യ രാജ്യങ്ങൾ റഷ്യയുടെ ആസ്തികൾ മരവിപ്പിച്ചത് ഇത്തരത്തിലുള്ള ആശങ്കകൾ വർദ്ധിപ്പിച്ചിരുന്നു. യുകെയിൽ നിന്ന് സ്വർണം ഇന്ത്യയിലേക്ക് തിരികെ കൊണ്ട് വരാനുള്ള ഒരു കാരണവും ഇതാകാം.

## ഇത്രയും സ്വർണം എന്തുചെയ്യും?

സ്വർണ എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകൾ പോലുള്ള നിക്ഷേപ ഉൽപ്പന്നങ്ങളുടെ ഡിമാൻഡ് കണക്കിലെടുത്ത്, പ്രാദേശിക സ്വർണ വില നിയന്ത്രിക്കാൻ ആർബിഐയ്ക്ക് ആഭ്യന്തരമായി കൈവശം വച്ചിരിക്കുന്ന സ്വർണം ഉപയോഗിക്കാം. സ്വർണ ശേഖരം രാജ്യത്തിനകത്ത് തന്നെ നിലനിൽക്കുകയും ചെയ്യും. റിസർവ് ബാങ്ക് സ്വർണം വാങ്ങുന്ന തോത് വർദ്ധിപ്പിച്ചിരുന്നു. 2024ന്റെ ആദ്യ നാല് മാസങ്ങളിൽ മാത്രം ആർബിഐ കഴിഞ്ഞ വർഷം വാങ്ങിയതിനേക്കാൾ ഒന്നര മടങ്ങ് സ്വർണം കൂടുതൽ വാങ്ങിയിരുന്നു.

ആഗോളതലത്തിൽ സെൻട്രൽ ബാങ്കുകൾക്കിടയിൽ ഡോളറിലുള്ള വിശ്വാസ്യത കുറഞ്ഞതാണ് കേന്ദ്രബാങ്കുകൾ ഇങ്ങനെ സ്വർണം വാങ്ങിക്കൂട്ടുന്നതിനു കാരണമായി പറയപ്പെടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 794.63 ടണ്ണിൽ നിന്ന് 27.47 ടൺ സ്വർണമാണ് റിസർവ് ബാങ്ക് തങ്ങളുടെ ശേഖരത്തിലേക്ക് ചേർത്തത്. വിദേശനാണ്യ കരുതൽ ശേഖരം വൈവിധ്യവൽക്കരിക്കുന്നതിനും പണപ്പെരുപ്പം തുടങ്ങിയവയ്ക്കെതിരെ ഒരു പ്രതിരോധമായിട്ടുമാണ് ഈ പുതിയ നീക്കം.

വിദേശ വിപണിയിൽ നിലനിൽക്കുന്ന അസ്ഥിരതകൾ കണക്കിലെടുത്താണ് ആഭ്യന്തരമായും അന്തർദ്ദേശീയമായും സ്വർണ ശേഖരം കൈവശം വയ്ക്കാനും കൈകാര്യം ചെയ്യാനുമുള്ള ആർബിഐയുടെ ഈ നീക്കമെന്ന് പറയപ്പെടുന്നു. യുകെയിൽ നിന്ന് അടുത്തിടെ സ്വർണം തിരികെയെടുത്തത് സ്വർണ ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള ആർബിഐയുടെ സമീപനത്തിന്റെ ഭാഗമായാണ്.

# കാണാതായ എംഎച്ച് 370യുടെ ദുരൂഹതയുടെ ചുരുളഴിയുമോ?



മലേഷ്യൻ എയർലൈൻസ് എംഎച്ച് 370 അപ്രത്യക്ഷമായതിന് പിന്നിലെ കാരണമെന്താണെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല. ഇപ്പോഴിതാ അപകടത്തിന്റെ ചുരുളഴിക്കാൻ പുതിയ പദ്ധതിയുമായി രംഗത്തെത്തിയിരിക്കുകയാണ് യുകെയിലെ കാർഡിഫ് സർവകലാശാലയിലെ ഗവേഷകർ. കടൽ സ്ഫോടനം എന്ന പുതിയ രീതിയാണ് ഇവർ മുന്നോട്ട് വെയ്ക്കുന്നത്. സയന്റിഫിക് റിപ്പോർട്ടിലാണ് പഠനം പ്രസിദ്ധീകരിച്ചത്.

പഠനം അനുസരിച്ച് ഏഴാം ആർക്കിൽ ഭൂഗർഭജല സ്ഫോടനങ്ങൾ നടത്തണമെന്നും ചുറ്റുമുള്ള പ്രദേശത്തെ ഹൈഡ്രോ അക്കൗസ്റ്റിക് സ്റ്റേഷനുകളിൽ ഉൽപ്പന്നമായി ലഭിക്കുന്ന സിഗ്നലുകൾ നിരീക്ഷിക്കണമെന്നും പറയുന്നു.

"ഏഴാം ആർക്കിൽ പരിശോധിക്കേണ്ട പ്രധാന പ്രദേശം ഓസ്ട്രേലിയയിലെ കേപ് ലീവിനിലെ ഹൈഡ്രോ അക്കൗസ്റ്റിക് സ്റ്റേഷനിൽ നിന്ന് 2000 കിലോമീറ്റർ അകലെയാണ്. ഇവിടെ സിഗ്നലുകൾ പരിശോധിക്കുന്നതിന് വലിയ തടസ്സങ്ങളൊന്നുമില്ല," കാർഡിഫ് സർവകലാശാലയിലെ മുതിർന്ന ലക്ചററായ ഡോ. ഉസാമ കാദ്രി പറഞ്ഞു. 2014ലാണ് മലേഷ്യൻ എയർലൈൻസ് എംഎച്ച് 370 അപ്രത്യക്ഷമായത്.

മലേഷ്യയിലെ ക്വാലാലംപൂരിൽ നിന്ന് ചൈനയിലെ ബീജിംഗിലേക്ക് യാത്രക്കാരെയും കൊണ്ട് പറക്കുകയായിരുന്നു ഈ വിമാനം. നിരവധി രാജ്യങ്ങളാണ് വിമാനം കണ്ടെത്താൻ തെരച്ചിൽ നടത്തിയത്. എന്നാൽ വിമാനത്തിലെ ജീവനക്കാർ ഉൾപ്പടെ 239 പേരെയോ വിമാനത്തിന്റെ അവശിഷ്ടങ്ങളോ കണ്ടെത്താനായിട്ടില്ല.

തെക്കൻ ഇന്ത്യൻ മഹാസമുദ്രത്തിലെ വിമാനത്തിന്റെ അവസാന യാത്രയെക്കുറിച്ചും ഗവേഷണത്തിൽ പഠനവിധേയമാക്കുമെന്ന് കാർഡിഫ് സർവകലാശാല വെബ്സൈറ്റിൽ പറയുന്നു. അവസാന യാത്രയിലെ ഹൈഡ്രോഫോൺ ഡേറ്റയും കൂടാതെ ഏഴാം ആർക്കിൽ രൂപപ്പെട്ട സിഗ്നലുകളെപ്പറ്റിയും ഗവേഷകർ പഠനം നടത്തുമെന്നും സർവകലാശാല അറിയിച്ചു.

വിമാനപകടം പോലെ സമുദ്രത്തിലുണ്ടാകുന്ന ആഘാതങ്ങളുടെ സിഗ്നലുകൾ ജലത്തിനുള്ളിലൂടെ വളരെ ദൂരം സഞ്ചരിക്കുമെന്നും തീരത്തെ വിവിധ സ്ഥലങ്ങളിലെ ഹൈഡ്രോഫോൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് അവ റെക്കോർഡ് ചെയ്യാനാകുമെന്നും ഗവേഷകർ പറയുന്നു.

### പിന്നിലെ അഭ്യൂഹങ്ങൾ

മലേഷ്യൻ എയർലൈൻസിന്റെ എംഎച്ച് 370 വിമാനം കാണാതായത് പിന്നിൽ ഞെട്ടിക്കുന്ന വെളിപ്പെടുത്തൽലാണ് പല കോണുകളിൽ നിന്നും ഉണ്ടായിരിക്കുന്നത്. വിമാനം കാണാതായതിന് പിന്നിൽ പൈലറ്റിന്റെ ആത്മഹത്യ ശ്രമമാണെന്നും കൂടാതെ കൊലപാതക ഗൂഢാലോചനയുമാണെന്ന് ഉന്നത ഏവിയേഷൻ ചീഫ് ഫ്ളൈറ്റ് സേഫ്റ്റി ഓഫീസറും റിട്ടയേർഡ് പൈലറ്റുമായ ജോൺ കോക്സ് വെളിപ്പെടുത്തിയത്. യു.കെയിൽ പ്രവർത്തിക്കുന്ന സ്കൈ ന്യൂസ് എന്ന മാധ്യമത്തിൽ വന്ന എംഎച്ച് 370 എന്ന ഡോക്യുമെന്ററിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

വിമാനം കാണാതായതിന് പിന്നിൽ പല തരത്തിലുള്ള ദുരൂഹത നിലനിൽക്കുന്നുണ്ടെന്നും വിമാന പാതയെ കുറിച്ച് വിദഗ്ദ്ധമായ അറിവും കഴിവുമുള്ള ഒരാൾക്ക് മാത്രമേ വിമാന പാതയിലൂടെ സഞ്ചരിക്കാൻ കഴിയൂ എന്നും വിമാന പാത തെറ്റായ ദിശയിലേക്ക് പോകാനുള്ളതിന്റെ ഉത്തരവാദി പൈലറ്റും ഫസ്റ്റ് ഓഫീസറുമാണെന്നും ഇക്കാരണങ്ങൾ കൊണ്ട് ഇവരെ സംശയിക്കാൻ കാരണമായി എന്നും ജോൺ കോക്സ് പറഞ്ഞു.

ഇതേ ഡോക്യുനെന്ററിയിൽ കനേഡിയൻ ഏവിയേഷൻ ക്രാഷ് ഇൻവെസ്റ്റിഗേറ്ററായ ലാറി വാൻസിന്റെ അഭിപ്രായത്തിൽ ഇതിന് പിന്നിലുള്ളത് ഒരു ക്രിമിനൽ പ്രവർത്തിയാണെന്നും വിമാനം മനപൂർവം ഉപേക്ഷിച്ചതാണെന്നുമാണ്.

2014 മാർച്ച് എട്ടിന് 239 പേരുമായി ഇന്ത്യൻ മഹാസമുദ്രത്തിന് മുകളിലൂടെ സഞ്ചരിച്ച മലേഷ്യൻ എയർലൈൻസ് വിമാനം പെട്ടന്ന് കാണാതാവുകയായിരുന്നു. വിമാനത്തിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള സംശയങ്ങളാണ് പലരും ഉന്നയിച്ചിരുന്നത്.

മെക്കാനിക്കൽ തകാറു മൂലമാണെന്നും സമുദ്രത്തിലേക്ക് പതിച്ചതാണെന്നും തുടങ്ങിയ അഭ്യൂഹങ്ങളും ഉണ്ടായിരുന്നു. എന്നാൽ യാത്രാ വിമാനം തകർന്നതിന്റെ കാരണം വ്യോമയാനത്തിന്റെ ഏറ്റവും വലിയ രഹസ്യങ്ങളിലൊന്നായി ഇപ്പോഴും തുടരുന്നു എന്നാണ് വാർത്താമാധ്യമങ്ങൾ പറയുന്നത്.

# ആരോഗ്യത്തിനായി കൂടുതൽ അമേരിക്കൻ മുതിർന്നവർ യോഗയിലേക്ക് തിരിയുന്നു

ന്യൂയോർക്ക്: അമേരിക്കക്കാർ കൂടുതലായി ബദൽ അല്ലെങ്കിൽ പരസ്പര പൂരകമായ ആരോഗ്യ സമീപനങ്ങളിലേക്ക് തിരിയുമ്പോൾ, ഏറ്റവും വലിയ വർദ്ധനവ് യോഗ പരിശീലനത്തിലാണെന്ന് ഗവേഷകരായ നാസിക് എൽഗദ്ദലും ജൂലി വീക്സും അഭിപ്രായപ്പെടുന്നു. അവർ യുഎസ് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ ഭാഗമായ നാഷണൽ സെന്റർ ഫോർ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക്സിനൊപ്പമാണ് ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കിയത് (NCHS).

നടന്നുകൊണ്ടിരിക്കുന്ന ദേശീയ ആരോഗ്യ അഭിമുഖ സർവേയിൽ നിന്നുള്ള 2022 ഡാറ്റയെ അടിസ്ഥാനമാക്കിയുള്ളതാണ് അവരുടെ പുതിയ റിപ്പോർട്ട്. ഡാറ്റ അനുസരിച്ച്, പുരുഷന്മാരേക്കാൾ (10.3%) യോഗ സ്ത്രീകൾക്കിടയിൽ കൂടുതൽ പ്രചാരത്തിലുണ്ട് (23.3% കഴിഞ്ഞ വർഷത്തെ ഉപയോഗം റിപ്പോർട്ട് ചെയ്യുന്നു). ചെറുപ്പക്കാർക്കിടയിലും (18 മുതൽ 44 വയസ്സ് വരെ) ഇത് കൂടുതൽ പ്രചാരത്തിലുണ്ട്. ആ പ്രായത്തിലുള്ള 21.3% പേർ യോഗ അഭ്യസിച്ചതായി പറയുന്നു. മധ്യവയസ്കരേക്കാൾ (14.1%) അല്ലെങ്കിൽ 65 വയസോ അതിൽ കൂടുലോ പ്രായമുള്ളവരേക്കാൾ (8%).

സമ്പന്നരായ ആളുകൾ യോഗയിൽ ഏർപ്പെടാനുള്ള സാധ്യത കൂടുതലാണ്. മൊത്തത്തിൽ, സർവേയുടെ ഏറ്റവും ഉയർന്ന വരുമാന പരിധിയിലുള്ള 23% ആളുകൾ യോഗ പരിശീലിക്കുന്നതായി പറഞ്ഞു. താഴ്ന്ന വരുമാന നിലവാരത്തിലുള്ളവരിൽ 10.4%. എന്തുകൊണ്ടാണ് അമേരിക്കക്കാർ യുഗങ്ങൾ പഴക്കമുള്ള ഇന്ത്യൻ പരിശീലനത്തിൽ ഏർപ്പെടുന്നത് എന്നതിനെക്കുറിച്ച്, ഏകദേശം 80% യോഗ പരിശീലകരും 'മൊത്തത്തിലുള്ള ആരോഗ്യം പുനഃസ്ഥാപിക്കുന്നു' എന്ന് ഉദ്ധരിച്ചു. ഇ45 മുതൽ 64 വരെ പ്രായമുള്ള ആളുകൾക്ക് ഇത് പ്രത്യേകിച്ച് സത്യമായിരുന്നു.

യോഗയ്ക്കൊപ്പം ധ്യാനം പലപ്പോഴും നടത്താറുണ്ട്. യോഗാഭ്യാസത്തിന്റെ ഭാഗമായാണ് തങ്ങൾ ധ്യാനിച്ചിരുന്നതെന്ന് എല്ലാ പരിശീലകരിൽ 57 ശതമാനത്തിലധികം പേരും പറഞ്ഞു. മെച്ചപ്പെട്ടവരുമായി താരതമ്യപ്പെടുത്തുമ്പോൾ താഴ്ന്നവരുമാനക്കാരായ ആളുകൾ ഒരുമിച്ച് ധ്യാനത്തിലും യോഗയിലും ഏർപ്പെടാനുള്ള സാധ്യത കൂടുതലാണെന്ന് ഡാറ്റ വ്യക്തമാക്കുന്നു. യോഗ പരിശീലിക്കുന്ന പലരും ഉദ്ധരിച്ച മറ്റൊരു കാരണമാണ് വേദനയ്ക്ക് ആശ്വാസമാണെന്ന് ഏകദേശം 29% പേർ 'വേദന ചികിത്സിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ' യോഗയിൽ ഏർപ്പെട്ടിരുന്നതായി അഭിപ്രായപ്പെട്ടതായി സർവേ കണ്ടെത്തി.

വീണ്ടും യോഗയിൽ ഏർപ്പെട്ടിരിക്കുന്ന താഴ്ന്ന വരുമാനക്കാരായ ആളുകൾ, ഉയർന്ന വരുമാനമുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ വേദന ലഘൂകരിക്കാൻ അവർ ഈ പരിശീലനം ഉപയോഗിച്ചുവെന്ന് പറയാനുള്ള സാധ്യത കൂടുതലാണ്. എൻസിഎച്ച്എസ് ഡാറ്റ ബ്രീഫായി ബുധനാഴ്ചയാണ് കണ്ടെത്തലുകൾ പ്രസിദ്ധീകരിച്ചത്.





# കൂടാരയോഗ പിക്നിക് ഒരുക്കി ബെൻസൻവിൽ ഇടവക

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക കൂടാരയോഗ പിക്നിക് ഒരുക്കി. സെന്റ് സ്റ്റീഫൻസ് കൂടാരയോഗത്തിന്റെ നേതൃത്വത്തിലാണ് ആദ്യ പിക്നിക് നടത്തപ്പെട്ടത്.

ഞായറാഴ്ച കുർബ്ബാനയ്ക്ക് ശേഷം പള്ളിയും പരിസരവും കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി. തുടർന്ന് എല്ലാ പ്രായവിഭാഗത്തിൽപ്പെട്ടവർക്കും വിവിധ മത്സരങ്ങൾ ക്രമീകരിച്ചു.

കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ എല്ലാവർക്കും ഭക്ഷണം ഒരുക്കുകയും തുടർന്ന് ഒരുമിച്ച് പ്രാർത്ഥനാകൂട്ടായ്മ നടത്തപ്പെടുകയും ചെയ്തു.

സെന്റ് സ്റ്റീഫൻസ്കൂടാരയോഗ പിക്നികിന് കോർഡിനേറ്റർ സിറിയക് കീഴങ്ങാട്ട് നേതൃത്വം നൽകി.

*ലിൻസ് താന്നിച്ചുവട്ടിൽ*

# നജാദിന്റെ പ്രസിഡന്റ് മോഹം പൊലിഞ്ഞു...! ഇറാനിൽ മാറ്റുരയ്ക്കുന്നത് ഇവർ



ഇബ്രാഹീം റെയ്സിയുടെ അപ്രതീക്ഷിത വിയോഗത്തെ തുടർന്ന് നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടപടികൾ ഇറാനിൽ പൂർത്തിയായിരിക്കുകയാണ്. നാമനിർദേശ പത്രിക സമർപ്പിച്ച 80 ലധികം പേരിൽ നിന്ന് ആറ് പേർക്ക് മാത്രമാണ് മൽസരിക്കാൻ അനുമതി ലഭിച്ചിരിക്കുന്നത്. പുറത്തായവരിൽ മുൻ പ്രസിഡന്റ് അഹ്മദി നജാദും ഉൾപ്പെടും. അതേസമയം മൽസരിക്കുന്ന ആറ് പേരും ഏകദേശം സമാന നിലപാടുള്ളവരാണ്.

ഇറാന്റെ തിരഞ്ഞെടുപ്പിൽ നിർണായക സ്വാധീനമാണ് ഗാർഡിയൻ കൗൺസിലിനുള്ളത്. നാമനിർദേശ പത്രികകൾ ഈ സമിതി വിശദമായി പരിശോധിച്ച് മൽസരാർഥികളെ കണ്ടെത്തുകയാണ് ചെയ്യുക. നജാദിന്റെ പത്രിക ഗാർഡിയൻ കൗൺസിൽ തള്ളി. ജൂൺ 28ന് നടക്കുന്ന വോട്ടെടുപ്പിൽ മൽസര രംഗത്തുള്ള ആറ് പേരുടെ വിവരങ്ങൾ ഇറാൻ ആഭ്യന്തര മന്ത്രാലയം പുറത്തുവിട്ടു.

ഇറാൻപാർലമെന്റ്സ്പീക്കർമുഹമ്മദ്ബാഗിർ ഗാലിബഫ്, മുൻ ആണവ ചർച്ചാ മധ്യസ്ഥൻ സഈദ്ജലീലി,മുൻആഭ്യന്തരമന്ത്രിമുസ്തഫപൗർ മുഹമ്മദി, ടെഹ്റാൻ മേയർ അലി റസ സക്കാനി, വൈസ് പ്രസിഡന്റ് അമിർ ഹുസൈൻ ഗാസി സാദി ഹാഷിമി, മസൂദ് പെസിഷ്കിയാൻ എന്നിവരാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. മസൂദ് പെസിഷ്കിയാൻ പരിഷ്കരണവാദിയായിട്ടാണ് അറിയപ്പെടുന്നത്.

നജാദ് നാമനിർദേശ പത്രിക സമർപ്പിച്ചത് അന്താരാഷ്ട്ര മാധ്യമങ്ങളിൽ പ്രധാന വാർത്തയായിരുന്നു. ഒരുകാലത്ത് ഇറാനിലെ തീപ്പൊരി നേതാവായിരുന്നു നജാദ്. അന്താരാഷ്ട്ര വേദികളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ചർച്ചയായിരുന്നു. ഹോളോകോസ്റ്റ് സംബന്ധിച്ച പ്രതികരണവും വിവാദമായി. രണ്ട് തവണ തുടർച്ചയായി പ്രസിഡന്റായ നജാദ് പ്രതിഷേധങ്ങളെ അടിച്ചമർത്തിയെന്നും ആരോപണം ഉയർന്നിരുന്നു.

കഴിഞ്ഞ ആഴ്ച നാമനിർദേശ പത്രിക സമർപ്പിച്ച ശേഷം നജാദ് പ്രധാനമായും രണ്ട് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. ഇറാന്റെ സാമ്പത്തിക രംഗം ശക്തിപ്പെടുത്തുമെന്നും രാജ്യം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുമെന്നും. രണ്ട് തവണ പ്രസിഡന്റായ ശേഷം തുടർച്ചയായി മൂന്നാം താവണയും മൽസരിക്കരുത് എന്നാണ് ഇറാൻ നിയമം. 2017ലും 2021ലും നജാദിന്റെ പത്രിക തള്ളിയിരുന്നു. ഇപ്പോൾ മൂന്നാം തവണയാണ് തള്ളുന്നത്.

ഏറ്റവും ഒടുവിൽ ഇറാനിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടന്ന 2021ൽ ഒട്ടേറെ പരിഷ്കരണവാദികളുടെ പത്രിക തള്ളിയിരുന്നു. മിതവാദികളായി കരുതുന്നവരുടെ പത്രികകളും തള്ളി. തുടർന്നാണ് പണ്ഡിത നേതൃത്വവുമായി അടുപ്പം നിലനിർത്തിയിരുന്ന ഇബ്രാഹീം റെയ്സ് മൽസരിച്ചതും വിജയിച്ചതും. അയൽരാജ്യങ്ങളുമായി സൗഹൃദ ബന്ധം ശക്തമാക്കുന്നതിലായിരുന്നു ഇബ്രാഹീം റെയ്സിയുടെ ശ്രദ്ധ.

സൗദി, ഖത്തർ, യുഎഇ തുടങ്ങിയ രാജ്യങ്ങളുമായി ബന്ധം ദൃഢമാക്കിയ റെയ്സി, തുർക്കി, ചൈന, റഷ്യ എന്നീ രാജ്യങ്ങളുടെ ചേരിക്ക് ശക്തി പകരുകയും ചെയ്തിരുന്നു. അമേരിക്ക, ഇസ്രായേൽ എന്നീ രാജ്യങ്ങളുമായി കടുത്ത ശത്രുത നിലനിർത്തിയ അദ്ദേഹം, പശ്ചിമേഷ്യയിൽ വ്യാപിച്ചുകിടക്കുന്ന ഷിയാ സായുധ സംഘങ്ങൾക്ക് ശക്തി പകർന്നു.

അസർബൈജാനുമായുള്ള അകൽച്ച ഇല്ലാതാക്കുന്നതിന്റെ ഭാഗമായി പുതിയ അണക്കെട്ട് നിർമിച്ച് ഉദ്ഘാടനം കഴിഞ്ഞ് മടങ്ങവെയാണ് റെയ്സിയുടെ ഹെലികോപ്റ്റർ അപകടത്തിൽപ്പെട്ടത്.



# കുടിയേറ്റക്കാരുടെ എണ്ണം കുറയുന്നത് ജോ ബൈഡന് തിരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കുമോ?

(ഒന്നാം പേജ് തുടർച്ച)

അമേരിക്കക്കാരുടെ പ്രധാന പ്രശ്നമായി കുടിയേറ്റം ഉയർന്നുവന്നിട്ടുണ്ട്. 2020 ലെ മത്സരത്തിന്റെ ഒരു റീമാച്ചിൽ, മറ്റൊരു ടേം തേടുന്ന ഡെമോക്രാറ്റായ പ്രസിഡന്റ് ജോ ബൈഡൻ, റിപ്പബ്ലിക്കൻ ഡൊണാൾഡ് ട്രംപിനെ ഇമിഗ്രേഷൻ ഹാർഡ് ലൈനർ നേരിടുന്നു എന്ന പ്രത്യേകതയും ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ ഉണ്ട്. കാരണം ട്രംപിന്റെ നിയന്ത്രിത ഇമിഗ്രേഷൻ നയങ്ങളിൽ പലതും മാറ്റുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടാണ് 2021 ൽ ബൈഡൻ അധികാരമേറ്റെത്. എന്നാൽ അതിർത്തിയിൽ റെക്കോർഡ് കുടിയേറ്റ അറസ്റ്റുകൾ നേരിടുന്ന സാഹചര്യത്തിൽ തന്റെ നിലപാട് കടുപ്പിച്ചിരിക്കുകയാണ് അദ്ദേഹം.

യുഎസ്മെക്സിക്കോ അതിർത്തി കടന്ന് അനധികൃതമായി അഭയം തേടുന്ന കുടിയേറ്റക്കാരെ പൊതുവെ വിലക്കുന്ന ഒരു വലിയ നയം ബൈഡൻ ബുധനാഴ്ച നടപ്പാക്കി. യുഎസ്-മെക്സിക്കോ അതിർത്തിയിൽ അനധികൃതമായി പിടിക്കപ്പെടുന്നകുടിയേറ്റക്കാർക്ക്പ്രസിഡന്റ് ജോ ബൈഡൻ അഭയ നിരോധനം ഏർപ്പെടുത്തിയത് നവംബർ തിരഞ്ഞെടുപ്പിന് മുമ്പുള്ള പ്രധാന എൻഫോഴ്സ്മെന്റ് നീക്കമായാണ് വൈറ്റ് ഹൗസ് വിലയിരുത്തുന്നത്. അനധികൃതമായി കടക്കുമ്പോൾ പിടിക്കപ്പെടുന്ന കുടിയേറ്റക്കാരെ വേഗത്തിൽ നാടുകടത്തുകയോ മെക്സിക്കോയിലേക്ക് തിരിച്ച് വിടുകയോ ചെയ്യാം.

നവംബർ 5 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായി അമേരിക്കക്കാരുടെ പ്രധാന വിഷയമായി കുടിയേറ്റം ഉയർന്നുവന്നതിനാൽ ഡെമോക്രാറ്റായ ബൈഡൻ അതിർത്തി സുരക്ഷയോടുള്ള തന്റെ സമീപനം കർശനമാക്കി, അവിടെ കുടിയേറ്റത്തിന്റെ കേന്ദ്രബിന്ദുവായ റിപ്പബ്ലിക്കൻ ഡൊണാൾഡ് ട്രംപിനെ നേരിടും. അദ്ദേഹത്തിന്റെ ഭരണം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടാൽ വ്യാപകമായ അടിച്ചമർത്തൽ നടത്തുമെന്ന് പ്രതിജ്ഞയെടുത്തു. ട്രംപിന്റെ നിയന്ത്രിത ഇമിഗ്രേഷൻ നയങ്ങളിൽ ചിലത് മാറ്റുമെന്ന് പ്രതിജ്ഞയെടുത്ത് 2021ൽ ബൈഡൻ അധികാരമേറ്റെടുത്തു.

എന്നാൽ അനധികൃതമായി കടക്കുന്ന കുടിയേറ്റക്കാരുടെ റെക്കോർഡ് തലത്തിൽ പിടിമുറുക്കി, ഇത് യുഎസ് അതിർത്തി അധികാരികളെയും നഗരങ്ങളെയും ബുദ്ധിമുട്ടിലാക്കി. സിബിപി വൺ എന്ന ആപ്പ് ഉപയോഗിച്ച് അപ്പോയിന്റ്മെന്റിനായി രജിസ്റ്റർ ചെയ്തവരോ നിയമവിരുദ്ധമായി കടക്കുന്നതിന് പകരം മറ്റ് നിയമപരമായ വഴികൾ ഉപയോഗിക്കുന്നവരോ ആയ കുടിയേറ്റക്കാർക്ക് അഭയ പ്രവേശനം ലഭ്യമാകുമെന്ന് വൈറ്റ് ഹൗസ് പത്രസമ്മേളനത്തിനിടെ ബൈഡൻ വ്യക്തമാക്കിയിരുന്നു. ഈ നടപടി തങ്ങളുടെ അതിർത്തിയുടെ നിയന്ത്രണം നേടാൻ തങ്ങളെ സഹായിക്കുമെന്ന് ബൈഡൻ പറഞ്ഞു.

നിയമവിരുദ്ധമായിപ്രവേശിക്കാൻശ്രമിക്കുന്ന ആളുകളുടെ എണ്ണം ഞങ്ങളുടെ സിസ്റ്റത്തിന് ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു തലത്തിലേക്ക് കുറയ്ക്കുന്നത് വരെ ഈ നിരോധനം നിലനിൽക്കും. ബൈഡൻ പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നപ്പോഴും, അതിർത്തിയിലെകുടിയേറ്റകുടുംബങ്ങളെവേർതിരിക്കുന്നതും യുഎസിൽ അനധികൃതമായി കുടിയേറിയവർ "നമ്മുടെ രാജ്യത്തിന്റെ രക്തത്തിൽ വിഷം കലർത്തുന്നു" എന്ന അഭിപ്രായം ഉൾപ്പെടെയുള്ള ട്രംപിന്റെ ഏറ്റവും വിവാദപരമായ നയങ്ങളെ അദ്ദേഹം വിമർശിച്ചു. താൻ ഒരിക്കലും കുടിയേറ്റക്കാരെ അത്തരത്തിൽ പരാമർശിക്കില്ലെന്ന് ബൈഡൻ വ്യക്തമാക്കിയിരുന്നു.

കുടിയേറ്റ നയത്തിന്റെ കാര്യത്തിൽ, രജിസ്റ്റർ ചെയ്ത വോട്ടർമാർ ബൈഡനെക്കാൾ ട്രംപിനെ 17 ശതമാനം പോയിന്റ് മാർജിനിൽ ഇഷ്ടപ്പെടുന്നുവെന്ന് മെയ് മധ്യത്തിൽ നടത്തിയ റോയിട്ടേഴ്സ്/ഇപ്സോസ് വോട്ടെടുപ്പ് പറയുന്നു.

### ചോദ്യങ്ങൾ പലതും

അതിർത്തി അറസ്റ്റുകളുടെ പ്രതിദിന ശരാശരി ഒരാഴ്ചയ്ക്കിടെ 2,500ൽ എത്തുമ്പോൾ പുതിയ അഭയ നിരോധനം സജീവമാകും. കൂടാതെ കണക്കുകൾ നിലവിൽ അതിലും കൂടുതലാണ്. ലഭ്യമായ ഏറ്റവും പുതിയ സർക്കാർ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, ഏപ്രിലിൽ യുഎസ് അതിർത്തി അറസ്റ്റുകൾ പ്രതിദിനം ശരാശരി 4,300 ആയിരുന്നു. മൂന്നാഴ്ചത്തേക്ക് അറസ്റ്റുകൾ പ്രതിദിനം ശരാശരി 1,500 ൽ താഴെയാകുമ്പോൾ നിരോധനം താൽക്കാലികമായി നിർത്തും. 2020 ജൂലൈയിൽ കോവിഡ്19 പാൻഡെമിക്കിന്റെ ആദ്യ മാസങ്ങളിൽ ആഗോള യാത്ര ചരിത്രപരമായ ഏറ്റവും താഴ്ന്ന നിലയിലായിരുന്നു. വിദൂരവും സഹകരിക്കാത്തതുമായ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരെ ഭരണകൂടം എങ്ങനെ വേഗത്തിൽ നാടുകടത്തും, പുതിയ എൻഫോഴ്സ്മെന്റ് ഭരണകൂടത്തിന് കീഴിൽ എത്ര മെക്സിക്കൻ ഇതര കുടിയേറ്റക്കാരെ മെക്സിക്കോ സ്വീകരിക്കും എന്നതുൾപ്പെടെ, നടപടി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള പ്രധാന ചോദ്യങ്ങളെ നേരിടേണ്ടി വരും.

പുതിയ നിയന്ത്രണങ്ങൾ ട്രംപ് നടപ്പിലാക്കിയ സമാന നയങ്ങളുമായി സാമ്യമുള്ളതും 212 (എഫ്) എന്നറിയപ്പെടുന്ന നിയമപരമായ ചട്ടം ഉപയോഗിക്കുന്നതും നിരവധി ഭൂരിപക്ഷമുസ്ലിം രാഷ്ട്രങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള ആളുകളെ തടയുന്ന ട്രംപിന്റെ യാത്രാ നിരോധനത്തിന് അടിവരയിടുന്നു എന്നും ആരോപണങ്ങൾ ഉയരുന്നുണ്ട്. ഉയർന്ന തോതിലുള്ള അനധികൃത കുടിയേറ്റത്തിന് ബൈഡനെ വിമർശിച്ച് ട്രംപിന്റെ പ്രചാരണം ഒരു പ്രസ്താവന പുറപ്പെടുവിച്ചു,ഒപ്പംഅനുഗമിക്കാത്തപ്രായപൂർത്തിയാകാത്തവരെ ഒഴിവാക്കാനുള്ള നീക്കം കുട്ടികളെ കടത്തലിനെ പ്രോത്സാഹിപ്പിക്കുമെന്ന് പറഞ്ഞു. ബൈഡന്റെ നീക്കങ്ങൾ രാഷ്ട്രീയ പ്രേരിതവും അപര്യാപ്തവുമാണെന്ന് റിപ്പബ്ലിക്കൻമാരും ആഞ്ഞടിച്ചു.

### കോൺഗ്രസിൽ നിഷ്ക്രിയത്വം

അതിർത്തി സുരക്ഷ കർശനമാക്കുന്ന ഒരു ഉഭയകക്ഷിസംഘം തയ്യാറാക്കിയ സെനറ്റ്ബിൽപാസാക്കാൻബൈഡൻമാസങ്ങളോളം ശ്രമിച്ചെങ്കിലും ട്രംപ് എതിർപ്പുമായി രംഗത്തെത്തിയതിന് ശേഷം റിപ്പബ്ലിക്കൻ അത് നിരസിച്ചു. ഏറ്റവും പുതിയ നടപടിക്ക് പുറമേ, അഭയ പ്രക്രിയ കർശനമാക്കാൻ ബൈഡൻ ഭരണകൂടം കഴിഞ്ഞ ഒരു വർഷമായി നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, 2023 മെയ് മാസത്തിൽ ഒരു പ്രാരംഭ അഭയ ക്ലെയിമിന്റെ നിലവാരം ഉയർത്തിയ ഒരു നിയന്ത്രണം പുറപ്പെടുവിക്കുന്നത് ഉൾപ്പെടെ.

യുഎസ്മെക്സിക്കോ അതിർത്തി കടക്കുമ്പോൾ പിടിക്കപ്പെട്ട കുടിയേറ്റക്കാരുടെ എണ്ണം അടുത്ത മാസങ്ങളിൽ കുറഞ്ഞു, മെക്സിക്കൻ എൻഫോഴ്സ്മെന്റ് വർധിച്ചതാണ് യുഎസ് ഉദ്യോഗസ്ഥർ ഭാഗികമായി കാരണം.വൻ ഭൂരിപക്ഷത്തോടെ മെക്സിക്കോയുടെ ആദ്യ വനിതാ പ്രസിഡന്റായി ക്ലോഡിയ ഷെയിൻബോം തിരഞ്ഞെടുക്കപ്പെട്ടു, ഒക്ടോബർ 1 ന് ചുമതലയേൽക്കും. ബൈഡന്റെ അതിർത്തി നിയന്ത്രണങ്ങൾ നിലവിലെ പ്രസിഡന്റ് ആന്ദ്രേസ് മാനുവൽ ലോപ്പസ് ഒബ്രഡോറിന്റെ പിൻഗാമിയായ ഷെയിൻബോമിനെ നിയമവിരുദ്ധമായ അതിർത്തി കടക്കലുകൾ തടയാൻ സമ്മർദ്ദം ചെലുത്തും. അഭയ നിരോധനത്തിൽ അനുഗമിക്കാത്ത പ്രായപൂർത്തിയാകാത്തവർ, ഗുരുതരമായ മെഡിക്കൽ അല്ലെങ്കിൽ സുരക്ഷാ ഭീഷണികൾ നേരിടുന്ന ആളുകൾ, കടത്തിന് ഇരയായവർ എന്നിവർക്ക് ഒഴിവാക്കലുകൾ ഉണ്ട്.

അതേസമയം ആളുകളെ വേഗത്തിൽ പ്രോസസ്സ് ചെയ്യാൻ ബോർഡർ ക്രോസിംഗുകൾ കുറവായിരിക്കുമോയെന്നും യുഎസ് അധികാരികൾക്ക് അവരുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശേഷിയുണ്ടോയെന്നും ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്.അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ, ട്രംപിന്റെ കാലത്തെ അഭയാർത്ഥി നിയന്ത്രണങ്ങളുമായി സാമ്യമുള്ള നടപടി നിർത്താൻ കേസെടുക്കുമെന്ന് പ്രതിജ്ഞയെടുത്തു.

### ട്രംപിന്റെ കാലത്തെ അഭയാർത്ഥി നിയന്ത്രണം

ഡോണൾഡ് ട്രംപിന്റെ കുടിയേറ്റ നയങ്ങൾക്കെതിരെ അമേരിക്കയിൽ വൻ ജനകീയ പ്രക്ഷോഭം വരെ നടന്നിരുന്നു. അമ്മയെയും കുഞ്ഞിനെയും അകറ്റിനിർത്തുന്ന വിചിത്ര അഭയാർഥി നിയമമടക്കം പൊളിച്ചെഴുതണം എന്നവാശ്യപ്പെട്ട് ലക്ഷകണക്കിന് പേരാണ് വിവിധ നഗരങ്ങളിൽ അന്ന് പ്രതിഷേധിച്ചത്. ഫാമിലീസ് ബിലോങ്സ് ടുഗതർ എന്ന ഹാഷ്ടാഗിൽ ഉയർന്ന പ്രതിഷേധം രാജ്യാമാകെ വ്യാപിച്ചത് പെട്ടന്നായിരുന്നു. അമ്മമാരിൽ നിന്ന് വേർപ്പെടുത്തിയ കുഞ്ഞുങ്ങളെ തിരികെയെത്തിക്കണം എന്നതായിരുന്നു പ്രക്ഷോഭകരുടെ പ്രധാന ആവശ്യം. കുട്ടികളെ വേർത്തിരിക്കുന്ന നയം പിൻവലിച്ചെന്ന് ട്രംപ് പ്രഖ്യാപിച്ചിട്ടും 2000 ത്തിലേറെ കുഞ്ഞുങ്ങൾ മാതാപിതാക്കളിൽ നിന്ന് വേർപ്പെട്ട് ശിശുസംരക്ഷണ കേന്ദ്രങ്ങളിൽ കഴിയുകയുണ്ടായി.



# ബൈഡൻ പറഞ്ഞു; യുദ്ധം അവസാനിക്കുന്നു!

ഇസ്രായേൽ-ഹമാസ് യുദ്ധം അവസാനിക്കുന്നു. ഗാസ മുനമ്പിൽ ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തലിന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ നൽകിയ നിർദ്ദേശത്തെ യുഎൻ സുരക്ഷാ കൗൺസിൽ പിന്തുണച്ചതോടെയാണ് യുദ്ധത്തിന് വിരാമം കുറിക്കുന്നത്. എട്ട് മാസമായി നീണ്ടുനിൽക്കുന്ന യുദ്ധം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കരാർ അംഗീകരിക്കണം എന്ന് ഹമാസിനോട് യുഎൻ ആവശ്യപ്പെടുകയും ചെയ്തു.

ഇസ്രായേൽ മുന്നോട്ട് വെച്ചത് എന്ന് ബൈഡൻ വിശേഷിപ്പിച്ച വെടിനിർത്തൽ വ്യവസ്ഥയെ മറ്റെല്ലാവരും പിന്തുണയ്ക്കുകയായിരുന്നു. സമാധാനത്തിനായാണ് വോട്ട് ചെയ്തത് എന്ന് യുഎന്നിലെ യുഎസ് അംബാസഡർ ലിൻഡ തോമസ്ഗ്രീൻഫീൽഡ് വോട്ടെടുപ്പിന്ശേഷംകൗൺസിലിൽപറഞ്ഞു. പുതിയ വെടിനിർത്തൽ നിർദേശത്തെ സ്വാഗതം ചെയ്യുന്നതാണ് പ്രമേയം. കൗൺസിലിലെ ഏക അറബ് അംഗമായ അൾജീരിയ പ്രമേയത്തെ പിന്തുണച്ചു.

യുഎസ് തയ്യാറാക്കിയ പ്രമേയം അംഗീകരിച്ചതിനെ ഹമാസ് സ്വാഗതം ചെയ്തു. ജനങ്ങളുടെ ആവശ്യങ്ങൾക്കും ചെറുത്തുനിൽപ്പിനും അനുസൃതമായ പദ്ധതിയുടെ തത്വങ്ങൾ നടപ്പിലാക്കുന്നതിന് മധ്യസ്ഥരുമായി സഹകരിക്കാൻ തയ്യാറാണെന്ന് ഹമാസ് പ്രസ്താവനയിൽ പറഞ്ഞു. അതേസമയം റഷ്യ യുഎൻ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു. ബാക്കിയുള്ള 14 സെക്യൂരിറ്റി കൗൺസിൽ അംഗങ്ങൾ പ്രമേയത്തെ അനുകൂലിച്ചു.

ഇതുവഴി ഉടനടിയുള്ളതും ശാശ്വതവുമായ വെടിനിർത്തലിലേക്കുള്ള ഒരു ചുവടുവെപ്പിനെ പ്രതിനിധീകരിക്കാൻ കഴിയുമെന്ന് തങ്ങൾ വിശ്വസിക്കുന്നു എന്ന് അൾജീരിയയുടെ യുഎൻ അംബാസഡർ അമർ ബെൻഡ്ജാമ കൗൺസിലിൽ പറഞ്ഞു. പലസ്തീനികൾക്ക് ഇത് പ്രതീക്ഷ നൽകുന്നതായും അദ്ദേഹം പറഞ്ഞു. അതേസമയം കരാറിൽ അവ്യക്തതയുള്ളത് കൊണ്ടാണ് ഒപ്പ് വെക്കാത്തത് എന്നാണ് റഷ്യയുടെ പ്രതികരണം.

ഇസ്രായേൽ യുഎൻ അംബാസഡർ ഗിലാഡ് എർദാൻ വോട്ടെടുപ്പിൽ പങ്കെടുത്തിരുന്നുവെങ്കിലും കൗൺസിലിനെ അഭിസംബോധന ചെയ്തില്ല. എന്നാൽ ഗാസയിലെ ഇസ്രായേലിന്റെ ലക്ഷ്യങ്ങൾ എല്ലായ്പ്പോഴും വ്യക്തമായിരുന്നുവെന്ന് മുതിർന്ന ഇസ്രായേലി യുഎൻ നയതന്ത്രജ്ഞൻ റൂട്ട് ഷാപ്പിർ ബെൻ നഫ്താലി പറഞ്ഞു. എല്ലാ ബന്ദികളെയും മോചിപ്പിക്കുക, ഹമാസിന്റെ സൈനിക, ഭരണ ശേഷി നശിപ്പിക്കുക, ഭാവിയിൽ ഗാസ ഇസ്രായേലിന് ഭീഷണിയാകില്ലെന്ന് ഉറപ്പാക്കുക, എന്നിവയാണ് ഇസ്രായേലിന്റെ വ്യവസ്ഥകൾ.

ഹമാസ് ബന്ദികളാക്കിയ എല്ലാവരെയും നിരുപാധികം മോചിപ്പിക്കണമെന്നും വെടിനിർത്തൽ വേണമെന്നും മാർച്ചിൽ കൗൺസിൽ ആവശ്യപ്പെട്ടിരുന്നു.

യുഎസ്, ഈജിപ്ത്, ഖത്തർ എന്നിവിടങ്ങളിൽ നിന്നുള്ള ചർച്ചകൾ വെടിനിർത്തലിന് മധ്യസ്ഥത വഹിക്കാൻ ശ്രമിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രായേലിനെ ആക്രമിച്ചതിന് പിന്നാലെയാണ് യുദ്ധം പൊട്ടിപ്പുറപ്പെട്ടത്.

ഇസ്രായേൽ കണക്കുകൾ പ്രകാരം ഒക്ടോബർ 7 ന് 1200 ൽ അധികം ആളുകൾ കൊല്ലപ്പെടുകയും 250 ലധികം പേരെ ഹമാസ് ബന്ദികളാക്കുകയും ചെയ്തു. നൂറിലധികം ബന്ദികൾ ഗാസയിൽ ബന്ദികളാക്കപ്പെട്ടതായി കരുതപ്പെടുന്നു. ഇസ്രായേലിന്റെ തിരിച്ചടിയിൽ 37000 ത്തിലധികം പേർ കൊല്ലപ്പെടുകയും ലക്ഷക്കണക്കിന് പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

# മാർപാപ്പ പ്രസംഗിക്കും

(ഒന്നാം പേജ് തുടർച്ച)

ത്തിക്കുകയുംഐക്യരാഷ്ട്രസഭഎഐഉപദേശക സമിതിയിൽ ഇടംനേടുകയും ചെയ്ത ഫാദർ പൗലോ ബെനാന്റി പറഞ്ഞു. എഐ കമ്പനികളുടെയും അവരുടെ ഉപയോക്താക്കളുടെയും സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനുള്ള തത്ത്വങ്ങളുടെ ഒരു കൂട്ടത്തിന് അദ്ദേഹം നേതൃത്വം നൽകിയതോടെയാണ് 2020ൽ എഐ സുരക്ഷാ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഫ്രാൻസിസിന്റെ പ്രവർത്തനം ആരംഭിച്ചത്.

കഴിഞ്ഞവർഷം ജപ്പാനിൽ നടന്ന ജി7 ഉച്ചകോടിയിൽ നിർമിതബുദ്ധിയുടെ ഉത്തരവാദിത്വപൂർണമായഉപയോഗത്തിനായി പ്രവർത്തക സമിതി രൂപവത്കരിച്ചിരുന്നു.

ഈ വർഷത്തെ ഉച്ചകോടിയിലും നിർമിതബുദ്ധി പ്രധാന വിഷയമാണെന്ന് ആതിഥേയ രാജ്യമായ ഇറ്റലി വ്യക്തമാക്കിയിരുന്നു. ജി7ന്റെ ഉച്ചകോടി ഇന്ന് ആരംഭിച്ച് ശനിയാഴ്ച അവസാനിക്കും.






## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#061224

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan allianceform Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#060524

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#060524

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224–382–3669**
ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#060524

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516–209–8800),**
**സിറിയക് (718–869–4626)**

#060524







## നൊവേന

### ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെസ്നേഹിതനും,വിശുസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യംപറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപുത ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

**റോയി തോമസ്**

#061224

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ജോർജ് തോമസ്**

#061224

Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM

**ബന്ധപ്പെടുക:**
**773–888–2242,**
**773–842–9149**
E-mail: vachakamonline@gmail,
news@vachakam.com

**For E-Paper reading visit Vachakam.com**

## റഷ്യയിലെ 300ലധികം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യുഎസ് ഉപരോധം

വാഷിംഗ്ടൺ: റഷ്യയിലെ 300ലധികം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യുഎസ് ട്രഷറി ഡിപ്പാർട്ട്മെന്റ് ഉപരോധം പ്രഖ്യാപിച്ചു. ഉക്രെയ്നെതിരെ റഷ്യ നടത്തുന്ന സൈനിക ഉപകരണങ്ങളുടെ ഉൽപ്പാദനം തടസ്സപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ഉപരോധം.

അർദ്ധചാലകങ്ങൾക്കും മറ്റ് സാങ്കേതിക ചരക്കുകൾക്കുമുള്ള പുതിയ വാണിജ്യ വകുപ്പിന്റെ കയറ്റുമതി നിയന്ത്രണങ്ങൾക്കൊപ്പമാണ് ഇപ്പോഴത്തെ ഉപരോധവും.

മുൻകാല ഉപരോധങ്ങൾക്കിടയിലും നൂതന ആയുധ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നൂതന അർദ്ധചാലകങ്ങൾ, ഒപ്റ്റിക്കൽ ഉപകരണങ്ങൾ, സോഫ്റ്റ്വെയർ, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ വാങ്ങാനുള്ള റഷ്യയുടെ കഴിവിനെക്കുറിച്ച് യുഎസ് ഉദ്യോഗസ്ഥർ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

ചൈനയിലെ ഡസൻ കണക്കിന് ഇലക്ട്രോണിക്സ് വിതരണക്കാരും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ്, കരീബിയൻ എന്നിവിടങ്ങളിലും ഉൾപ്പെടെ മൂന്നാം കക്ഷി സ്ഥാപനങ്ങളെയും ഉപരോധം ലക്ഷ്യമിടുന്നു.

'റഷ്യയുടെ സൈനിക ശക്തിയെ തകർക്കാൻ വിദേശ സാങ്കേതികവിദ്യ, ഉപകരണ സോഫ്റ്റ്വെയർ, ഐടി സേവനങ്ങൾ എന്നിവയിൽ നിന്ന് പ്രയോജനം നേടാനുള്ള റഷ്യയുടെ കഴിവ് കുറയ്ക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു' യുഎസ് ട്രഷറി സെക്രട്ടറി ജാനറ്റ് യെല്ലൻ പ്രസ്താവനയിൽ പറഞ്ഞു.

ട്രഷറിയുടെ പുതിയ ദ്വിതീയ ബാങ്ക് ഉപരോധ അതോറിറ്റി കഴിഞ്ഞ വർഷാവസാനം പ്രാബല്യത്തിൽ വന്നതിന് ശേഷം പല വലിയ ബാങ്കുകളും റഷ്യൻ ബിസിനസിൽ നിന്ന് പിൻമാറിയതായി മറ്റൊരു മുതിർന്ന യുഎസ് ട്രഷറി ഉദ്യോഗസ്ഥൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

## വഷളായ ചൈന ബന്ധം: പ്രശ്നങ്ങൾ നേരിടാൻ ഇന്ത്യക്ക് ആശംസയുമായി അമേരിക്ക

വാഷിംഗ്ടൺ: ചൈനയുമായുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള ഇന്ത്യയുടെ ശ്രമങ്ങളിൽ ആശംസകൾ അറിയിച്ച് അമേരിക്ക. ചൈനീസ് നേതാവ് ഷി ജിൻപിങ്ങിനോട് എന്തെങ്കിലും തരത്തിലുള്ള വഴക്കം കാണിക്കുന്നത് വളരെ ബുദ്ധിമുട്ടാണെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട് രണ്ടാം നമ്പർ യുഎസ് നയതന്ത്രജ്ഞൻ ബുധനാഴ്ച പറഞ്ഞു. പ്രദേശിക പ്രശ്നങ്ങൾളെ വിലയിരുത്തിയായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന.

അയൽ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം വളരെക്കാലമായി വഷളാക്കിയ ചൈനയുമായുള്ള അതിർത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് തുടർച്ചയായ രണ്ടാം തവണയും അധികാരമേറ്റ ശേഷം ഇന്ത്യൻ വിദേശകാര്യ മന്ത്രി സുബ്രഹ്മണ്യം ജയശങ്കർ ചൊവ്വാഴ്ച പറഞ്ഞിരുന്നു.

ചൈനയുടെ വർദ്ധിച്ചുവരുന്ന ശക്തിക്കെതിരെ പിന്നോട്ട് പോകാൻ ഇന്ത്യയുമായുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനുള്ള യുഎസ് ശ്രമങ്ങൾക്ക് നേതൃത്വം നൽകിയ യുഎസ് ഡെപ്യൂട്ടി സ്റ്റേറ്റ് സെക്രട്ടറി കുർട്ട് കാംബെല്ലിനോട് ജയശങ്കറിന്റെ അഭിപ്രായത്തെക്കുറിച്ച് വാഷിംഗ്ടൺ തിങ്ക് ടാങ്കിൽ ചോദിച്ചു.

"എപ്പോൾ വേണമെങ്കിലും രണ്ട് രാജ്യങ്ങൾക്ക് പിരിമുറുക്കം കുറയ്ക്കാൻ പൊതുവായ ഇടം കണ്ടെത്താനാകുമെന്നതാണ് സത്യം, ഞങ്ങൾ അതിനെ പിന്തുണയ്ക്കണമെന്ന് ഞാൻ കരുതുന്നു," അദ്ദേഹം പറഞ്ഞു.

ഇന്ത്യയുമായുള്ള സ്വന്തം ഉഭയകക്ഷി ബന്ധത്തെക്കുറിച്ച് വാഷിംഗ്ടണിന് വളരെ ആത്മവിശ്വാസവും സന്തോഷവും ഉണ്ടെന്ന് പറയുന്നതിന് മുമ്പ് ഇന്ത്യക്കാരുടെ നല്ല ആലോചനകളിൽ ഞങ്ങൾ ആശംസകൾ നേരുന്നു.

അത്തരം ചിന്തകൾ മുന്നോട്ട് പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറയുന്നു. ഏകീകരണത്തിന്റെ പുരോഗതിക്കായി യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവനുമായി അടുത്തയാഴ്ച താൻ ഇന്ത്യയിൽ ഉണ്ടാകുമെന്ന് കാംബെൽ പറഞ്ഞു.

ഈ പങ്കാളിത്തത്തെക്കുറിച്ച് വളരെ നല്ല മതിപ്പ് തോന്നുന്നു. എന്നാൽ ചൈനയും ഇന്ത്യയും തമ്മിൽ ചില ഘടനാപരമായ പ്രശ്നങ്ങൾ ഉണ്ടെന്ന് താൻ കരുതുന്നു. അത് പരിഹരിക്കാൻ പ്രയാസമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ചൈനയുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനോ അല്ലെങ്കിൽ തങ്ങളുടെ തർക്കമുള്ള അതിർത്തികളെ ബീജിംഗ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിൽ ഇന്ത്യ മാറ്റങ്ങൾ പ്രതീക്ഷിക്കുമെന്ന് കാംബെൽ പറഞ്ഞു.

'സി ജിൻപിങ്ങിന്റെ കീഴിൽ ഞങ്ങൾ കണ്ടിട്ടുള്ള കാര്യങ്ങളിലൊന്ന്, പ്രദേശിക കാര്യങ്ങളെ ബന്ധിപ്പിക്കുന്നതോ സ്പർശിക്കുന്നതോ ആയ ഏതൊരു കാര്യത്തിലും, ചൈനക്കാർക്ക് എന്തെങ്കിലും വഴക്കം കാണിക്കുന്നത് വളരെ ബുദ്ധിമുട്ടാണെന്ന് ഞാൻ കരുതുന്നു അദ്ദേഹം പറഞ്ഞു.

## ജി7 ഉച്ചകോടിക്കിടെ ബൈഡൻ ഉക്രെയ്നുമായി പുതിയ സുരക്ഷാ കരാറിൽ ഒപ്പുവെക്കും



വാഷിംഗ്ടൺ: യുഎസിലെ പ്രമുഖരായ ഇറ്റലിയിലെ ഗ്രൂപ്പ് ഓഫ് സെവൻ ഡെമോക്രസിയുടെ നേതാക്കളുമായുള്ള കൂടിക്കാഴ്ചയിൽ, രാജ്യത്തിന് അമേരിക്കയുടെ ദീർഘകാല പിന്തുണ വാഗ്ദാനം ചെയ്യുന്നതിനായി യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഉക്രെയ്നുമായി പുതിയ സുരക്ഷാ കരാറിൽ വ്യാഴാഴ്ച ഒപ്പുവെക്കുമെന്ന് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ഉക്രെയ്നിനെതിരായ യുദ്ധത്തിൽ റഷ്യയ്ക്കെതിരെയും മോസ്കോയെ പിന്തുണയ്ക്കുന്നതിനും അധിക വ്യാവസായിക ശേഷിയ്ക്കുമായി ചൈനയ്ക്കെതിരെയും സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനായി ബൈഡൻ ബുധനാഴ്ച ഇറ്റലിയിലേക്ക് പുറപ്പെട്ടു.

'ഞങ്ങളുടെ പിന്തുണ ഭാവിയിലും പ്രത്യേകിച്ച് പ്രതിരോധ, സുരക്ഷാ മേഖലകളിൽ ദീർഘകാലം നിലനിൽക്കുമെന്ന് കരാർ വ്യക്തമാക്കും,' വൈറ്റ് ഹൗസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവൻ എയർഫോഴ്സ് വണ്ണിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഇതിൽ ഒപ്പിടുന്നതിലൂടെ തങ്ങൾ റഷ്യയ്ക്കും തങ്ങളുടെ ദൃഢനിശ്ചയത്തിന്റെ സൂചന അയയ്ക്കും. ഉക്രെയ്നെ പിന്തുണയ്ക്കുന്ന സഖ്യത്തെ മറികടക്കാൻ തനിക്ക് കഴിയുമെന്ന് വ്ളാഡിമിർ പുടിൻ കരുതുന്നുവെങ്കിൽ, അദ്ദേഹത്തിന് തെറ്റിയെന്നും സുള്ളിവൻ കൂട്ടിച്ചേർത്തു.

പതിനഞ്ച് രാജ്യങ്ങൾ അവരുടേതായ സുരക്ഷാ കരാറുകളിൽ ഒപ്പുവച്ചു, ഇത് ഉക്രെയ്നിന്റെ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. യുഎസ് കരാറിൽ ഉക്രെയ്നിന് ധനസഹായം നൽകുന്നതിന് യുഎസ് കോൺഗ്രസുമായി ചേർന്ന് പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ഉൾപ്പെടും. എന്നാൽ യുഎസ് സേനയെ കരയിൽ ഉപയോഗിക്കാൻ പ്രതിജ്ഞാബദ്ധമല്ലെന്നും സള്ളിവൻ വ്യക്തമാക്കി.

ഉച്ചകോടിയിൽ ഉക്രേനിയൻ പ്രസിഡന്റ് വ്ളോഡിമർ സെലെൻസ്കിയുമായി ബൈഡൻ വീണ്ടും കൂടിക്കാഴ്ച നടത്തുമെന്നും തുടർന്ന് സംയുക്ത പത്രസമ്മേളനം നടത്തുമെന്നും വൈറ്റ് ഹൗസ് നേരത്തെ അറിയിച്ചിരുന്നു. അതേസമയം മൂന്നാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഇന്ത്യയുടെ പ്രധാനന്ത്രി നരേന്ദ്ര മോദിയെ ബൈഡൻ കാണുമെന്ന് യുഎസ് പ്രതീക്ഷിക്കുന്നു. ഉച്ചകോടിയിൽ മോദിയുടെ സാന്നിധ്യം ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതിനായി ഇന്ത്യ കാത്തിരിക്കുകയാണ്.

ജി 7 നേതാക്കൾ ഉച്ചകോടിയിലെത്തുന്നത്, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം തേടുമ്പോഴും നാട്ടിൽ എണ്ണമറ്റ ദുരിതങ്ങളെ അഭിമുഖീകരിച്ചാണ്. 2018 ൽ അനധികൃതമായി തോക്ക് വാങ്ങാൻ മയക്കുമരുന്ന് ഉപയോഗിച്ചതിന് മകൻ ഹണ്ടർ ബൈഡനെ 12 അംഗ ജൂറി ശിക്ഷിച്ചതിന് ശേഷം 81 കാരനായ ബൈഡൻ ചൊവ്വാഴ്ച വൈകുന്നേരം ഡെലാവെയറിലെ വിൽമിംഗ്ടണിലുള്ള തന്റെ വീട്ടിൽ ചെലവഴിച്ചു. ഇത് ഇത്തരത്തിൽ ശിക്ഷിക്കപ്പെടുന്ന സിറ്റിംഗ് യുഎസ് പ്രസിഡന്റിന്റെ ആദ്യ കുട്ടിയാക്കി.

റിപ്പബ്ലിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഒരു കുറ്റകൃത്യത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ആദ്യത്തെ മുൻ യുഎസ് പ്രസിഡന്റ് മെയ് 30ന് ക്രിമിനൽ ശിക്ഷയെ തുടർന്നാണ് വിചാരണ നേരിട്ടത്. നവംബറിൽ നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ബൈഡനും ട്രംപും പരസ്പരം മത്സരിക്കുകയും വോട്ടെടുപ്പിൽ പരസ്പരം ഏറ്റുമുട്ടുകയും ചെയ്യുന്നു.

ലോകത്തിലെ ഏറ്റവും വികസിത ജനാധിപത്യ രാജ്യങ്ങളുടെ തലവന്മാർ ജൂൺ 13-15 കൂടിക്കാഴ്ചയിൽ ഉക്രെയ്നിലെയും മിഡിൽ ഈസ്റ്റിലെയും യുദ്ധങ്ങൾ, ചൈനയുമായുള്ള വ്യാപാര അസന്തുലിതാവസ്ഥ, കൃത്രിമബുദ്ധി ഉയർത്തുന്ന ഭീഷണികൾ, ആഫ്രിക്കയിലെ വികസന വെല്ലുവിളികൾ എന്നിവയുൾപ്പെടെ ഒന്നിലധികം വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു.

ഉക്രെയ്നിലെ യുദ്ധത്തിൽ പുടിന്റെ സേനയെ സഹായിക്കുന്ന സ്ഥാപനങ്ങളും നെറ്റ്വർക്കുകളും ലക്ഷ്യമിടുന്ന റഷ്യയ്ക്കെതിരെ പുതിയ ഉപരോധങ്ങളുംകയറ്റുമതിനിയന്ത്രണങ്ങളുംനേതാക്കൾ പ്രഖ്യാപിക്കും. റഷ്യയുടെ വളരുന്ന യുദ്ധ സമ്പദ്വ്യവസ്ഥയെ തടയാനുള്ള ശ്രമങ്ങൾ ഒരു പ്രധാന ചർച്ചാ വിഷയമാകുമെന്ന് അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥർ പറഞ്ഞു.

# ഇന്ത്യ ഭീഷണി രാജ്യമോ? കാനഡ എന്താണ് ഉദ്ദേശിച്ചത്?



ഇന്ത്യയെ ദേഷ്യം പിടിപ്പിക്കാൻ തീപൊരി ഇട്ടിരിക്കുകയാണ് കാനഡ. ചൈന കഴിഞ്ഞാൽ തങ്ങളുടെ ജനാധിപത്യത്തിന് ഏറ്റവും കൂടുതൽ ഭീഷണിയുണ്ടാക്കുന്ന രാജ്യമെന്നാണ് അവരുടെ പാർലമെന്ററി സമിതി റിപ്പോർട്ടിൽ ഇന്ത്യയെ പരാമർശിച്ചിരിക്കുന്നത്. കാനഡ പുറത്ത് വിട്ട ഈ റിപ്പോർട്ട് ഇരുരാജ്യങ്ങളും തമ്മിലുള്ളബന്ധത്തിൽ കൂടുതൽ വിള്ളൽ വീഴ്ത്തിയിരിക്കുകയാണ്.

കനേഡിയൻ ദേശീയ സുരക്ഷ ആൻഡ് ഇന്റലിജൻസ് സമിതിയാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. കാനഡയുടെ ജനാധിപത്യ സ്ഥാപനങ്ങൾക്കും പ്രക്രിയകൾക്കും ഭീഷണി ഉയർത്തുന്ന രണ്ടാമത്തെ രാജ്യമായി റഷ്യയെ പിന്തള്ളി ഇന്ത്യ മാറിയിരിക്കുന്നു. വിദേശ ഇടപെടൽ സാവധാനം വർദ്ധിക്കുകയാണെന്നും റിപ്പോർട്ട് പറയുന്നു.

കാനഡയിലെ ഖാലിസ്ഥാൻ അനുകൂല പ്രവർത്തനങ്ങളെ എതിർക്കാൻ ആകുന്നതിന് അപ്പുറത്തേക്ക് കടന്നിരിക്കുന്നു. ഇന്ത്യ കാനഡയിലെ ജനാധിപത്യ പ്രക്രിയയിലും സ്ഥാപനങ്ങളിലും ഇടപെടുന്നു. കനേഡിയൻ രാഷ്ട്രീയ നേതാക്കളെയും വംശീയ മാധ്യമങ്ങളെയും ഇന്തോ കനേഡിയൻ വംശീയ സാംസ്കാരിക വിഭാഗങ്ങളെയും കടന്നാക്രമിക്കുന്നു എന്നും റിപ്പോർട്ടിലുണ്ട്. അതേസമയം കാനഡയുടെ പരാമർശങ്ങളെക്കുറിച്ച് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചിട്ടില്ല.

### ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം വഷളാകുന്നു

സിഖ് വിഘടനവാദി നേതാവ് ഹർദീപ് സിങ്ങ് നിജ്ജാറുടെ കൊലപാതകത്തിൽ ഇന്ത്യൻ സർക്കാർ ഏജൻസികൾക്ക് പങ്കുണ്ടെന്ന കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ പരാമർശം ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ചർച്ചകൾക്ക് നേരത്തെ തന്നെ വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

### ആരോപണങ്ങൾ തള്ളി ഇന്ത്യ

ഖാലിസ്ഥാൻ ടൈഗർ ചീഫ് ഹർദീപ് സിങ്ങ് നിജ്ജാർ ജൂൺ പതിനെട്ടിന് സറെയിൽ വച്ച് കൊല്ലപ്പെട്ടതിന് പിന്നിൽ ഇന്ത്യൻ ഏജൻസികളാണെന്നതിന് കനേഡിയൻ സുരക്ഷ ഏജൻസികളുടെ കയ്യിൽ വിശ്വസനീയമായ തെളിവുകളുണ്ടെന്ന് ട്രൂഡോ ഹൗസ് ഓഫ് കോമൺസിൽ നടത്തിയ ഒരു അടിയന്തര പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. എന്നാൽ അടിസ്ഥാനരഹിതമാണെന്ന് ഇന്ത്യ തിരിച്ചടിച്ചു. ഹർദീപ് സിങ്ങ് നിജ്ജാറിനെ വാൻകൂവറിലെ ഒരു ഗുരുദ്വാരയ്ക്ക് പുറത്ത് വച്ച് വെടിവച്ച് കൊന്നത് ഭീകരനാണ് എന്നാണ് 2020ജൂലൈയിൽ ഇന്ത്യ പ്രതികരിച്ചത്.

### ഖാലിസ്ഥാൻ വിഷയം

ഇന്ത്യയും കാനഡയും തമ്മിലുള്ള രാഷ്ട്രീയസാമൂഹ്യ സംഘർഷമായാണ് ഖാലിസ്ഥാൻ വിഷയത്തെ പരാമർശിക്കുന്നത്. ഇന്ത്യയുടെ പഞ്ചാബ് മേഖലയിൽ ഖാലിസ്ഥാൻ എന്ന സ്വതന്ത്ര സിഖ് പ്രദേശം വേണമെന്ന ആവശ്യമാണ് ഖാലിസ്ഥാൻ വാദം. അടുത്തിടെയായി ഈ വിഷയത്തിന്റെ പേരിൽ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്ര ബന്ധം ഏറെ വഷളായിരിക്കുന്നു. കാനഡയിലെ ഖാലിസ്ഥാൻ പ്രവർത്തകരുടെയും അനുയായികളുടെയും സാന്നിധ്യത്തിൽ ഇന്ത്യ ആശങ്ക പ്രകടിപ്പിക്കുന്നു.

സിഖ് നേതാവ് ഹർദീപ് സിങ്ങ് നിജ്ജാർ 2023 ൽ കാനഡയിൽ വച്ച് കൊല്ലപ്പെട്ടതിന് പിന്നിൽ ഖാലിസ്ഥാൻ അനുയായികളാണെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടുന്നു. ഏതായാലും സംഭവം ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം വർദ്ധിപ്പിച്ചു. സിഖ് ജനത ഏറെയുള്ള പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന കനേഡിയിൻ രാഷ്ട്രീയക്കാർ ഖലിസ്ഥാൻ വിഷയത്തോട് ഏറെ അനുതാപം പ്രകടിപ്പിക്കുന്നുണ്ട്. ഇത്തരം വിഷയങ്ങൾ അവർ തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇത് വീണ്ടും ഉഭയകക്ഷി ബന്ധങ്ങൾ സങ്കീർണമാക്കുന്നു.

വിഷയം കാനഡയിലെ സിഖുക്കാരെയും മറ്റ് ഇന്ത്യാക്കാരെയും സാരമായി ബാധിക്കുന്നു. അതേസമയം ഭൂരിപക്ഷം സിഖുക്കാരും കനേഡിയൻ സമൂഹവുമായി ഇഴുകി ചേർന്നിരിക്കുന്നു. അവർ ഇത്തരം വിഘടന വാദങ്ങളെയൊന്നും പിന്തുണയ്ക്കുന്നുമില്ല. ഖാലിസ്ഥാൻ വിഷയം ചിലപ്പോൾ ഭിന്നത ഉണ്ടാക്കുകയും സാമുദായിക ഗതി വിഗതികളെ ബാധിക്കുകയും ചെയ്യുന്നു. ഇന്ത്യയും കാനഡയും തമ്മിലുള്ള ഖാലിസ്ഥാൻ വിഷയം ഏറെ സങ്കീർണമാണ്.

ഇത് സിഖ് വംശജരുടെ ചരിത്രപരമായ പ്രശ്നങ്ങളിലേക്ക് ആഴ്ന്ന് കിടക്കുന്നു. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തെ സ്വാധീനിക്കുന്നു. സുരക്ഷ ആശങ്കകളും രാഷ്ട്രീയ സമ്മർദ്ദങ്ങളും വിവിധ സമുദായങ്ങളുടെ അഭിലാഷങ്ങളും അഭിമുഖീകരിക്കുന്നതിൽ ഇരുരാജ്യങ്ങളും വെല്ലുവിളികൾ നേരിടുന്നു.






# കാനഡ സൂപ്പർ വിസ: ഇനി ചിലവേറും, മാറ്റങ്ങൾ അറിയാം




കാനഡ സൂപ്പർ വിസയ്ക്കുള്ള വരുമാന ആവശ്യകതകൾ 2024 ജൂൺ 3 മുതൽ ഐആർസിസി പുതുക്കി. ഏകദേശം 6.8% ന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കനേഡിയൻ പൗരന്മാരുടെയോ സ്ഥിര താമസക്കാരുടെയോ മാതാപിതാക്കളെയും മുത്തശ്ശിമാരെയും കാനഡയിൽ അഞ്ച് വർഷം വരെ താമസിക്കാൻ ഈ വിസ അനുവദിക്കുന്നു. കൂടാതെ രണ്ട് വർഷത്തെ അധിക സമയവും കിട്ടും.

പുതിയ മാറ്റംമൂലം മിനിമം മൊത്ത വരുമാന ആവശ്യകതകൾ ഒരു വ്യക്തിക്ക് 29,380 ഡോളർ മുതൽ ഏഴ് പേരടങ്ങുന്ന ഒരു കുടുംബത്തിന് 77,750 ഡോളർ വരെയും കൂടാതെ ഓരോ അധിക വ്യക്തിക്കും 7,916 ഡോളറും ആണ്. അപേക്ഷകർ അവരുടെ അപേക്ഷയുടെ ഭാഗമായി വരുമാനത്തിന്റെ തെളിവും ആരോഗ്യ ഇൻഷുറൻസും നൽകണം.

### കാനഡ സൂപ്പർ വിസ

കാനഡയിൽ താമസിക്കുന്നവർക്ക് സ്വന്തം മാതാപിതാക്കളെ മാത്രമല്ല മുത്തച്ഛനേയോ മുത്തശ്ശിയേയോ അങ്ങോട്ട് കൊണ്ടു പോവാൻ സഹായിക്കുന്ന വിസയാണ് കാനഡ സൂപ്പർ വിസ. ഈ വിസയിൽ 2023 ൽ പുതിയ നടപടികളിൽ പുത്തൻ പരിഷ്കരണം നടപ്പിലാക്കിയിരുന്നു. ഇമിഗ്രേഷൻ, അഭയാർത്ഥികൾ, പൗരത്വം എന്നിവയുടെ മന്ത്രിയും പൊതു സുരക്ഷാ മന്ത്രിയും മാതാപിതാക്കളുടെയും മുത്തച്ഛൻമുത്തശ്ശിമാരുടേയും വിസ സംബന്ധിച്ച് മന്ത്രിതല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

സൂപ്പർ വിസ എന്നാണ് പുതിയ വിസ അറിയപ്പെടുന്നത്. 2023 സെപ്തംബർ 15 മുതൽ പ്രാബല്യത്തിൽ വന്ന സൂപ്പർ വിസകളിൽ കാതലായ മാറ്റങ്ങളാണ് നിലവിൽ വരുത്തിയിരിക്കുന്നത്. കനേഡിയൻ പൗരൻ, കാനഡയിലെ സ്ഥിര താമസക്കാരൻ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ഇന്ത്യക്കാരനായ ഹോസ്റ്റിന്റെ കനേഡിയൻ പൗരത്വ രേഖയുടെ ഒരു പകർപ്പ് നൽകിയാൽ സൂപ്പർ വിസയ്ക്ക് അപേക്ഷിക്കാൻ സാധിക്കുക.

ഹോസ്റ്റിന്റെ സ്ഥിര താമസ രേഖ (ബാധകമെങ്കിൽ അവരുടെ പങ്കാളിയോ പൊതു നിയമ പങ്കാളിയോ) അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാറ്റസിന്റെ ഒരു സുരക്ഷിത സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് (സ്റ്റാറ്റസ് കാർഡ്) എന്നിവയുള്ളവർക്കും വിസയ്ക്ക് അപേക്ഷ നൽകാൻ സാധിക്കും. സൂപ്പർ വിസ ഒരു മൾട്ടിപ്പിൾ എൻട്രി താൽക്കാലിക റസിഡന്റ് വിസ കൂടിയാണ്. 10 വർഷം വരെ സാധുതയായിരിക്കും ഈ വിസയ്ക്ക് ഉണ്ടായിരിക്കുക.

ഓരോ തവണയ്ക്കും 5 വർഷമാണ് അംഗീകൃത താമസ കാലാവധി. ഒരു അപേക്ഷകൻ കാനഡയ്ക്ക് പുറത്ത് നിന്ന് അപേക്ഷിക്കുകയും കാനഡയിൽ സന്ദർശകനായി താൽക്കാലിക താമസത്തിനുള്ള ആവശ്യകതകൾ നിറവേറ്റുകയും ചെയ്താൽ സൂപ്പർ വിസയ്ക്ക് അർഹതയുണ്ട്. ഈ വിസയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങളും ലളിതമാണ്.

സന്ദർശക വിസയിൽ നിന്ന് വ്യത്യസ്തമാണ് സൂപ്പർ വിസ. സൂപ്പർ വിസ ഉപയോഗിച്ച്, യോഗ്യരായ മാതാപിതാക്കൾക്കും മുത്തശ്ശിമാർക്കും കാനഡയിലെ കുടുംബത്തെ 5 വർഷത്തേക്ക് ഒരു സമയം സന്ദർശിക്കാം. ഒരു സന്ദർശക വിസ ഒരു സമയം 6 മാസം വരെ മാത്രമേ താമസിക്കാൻ അനുവദിക്കൂ. നിങ്ങൾക്ക് കൂടുതൽ കാലം താമസിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ വീണ്ടും അപേക്ഷയും ഫീസും നൽകേണ്ടി വരും.

ബയോളജിക്കൽ അല്ലെങ്കിൽ ദത്തെടുത്ത കുട്ടികൾക്ക് മാത്രമേ അവരുടെ മാതാപിതാക്കളെയോ മുത്തശ്ശിമാരെയോ സൂപ്പർ വിസയിൽ രാജ്യത്തേക്ക് ക്ഷണിക്കാൻ സാധിക്കൂ. അതായത് അവർക്ക് അവരുടെ മാതാപിതാക്കളുടെയോ മുത്തശ്ശിയുടെയോ പങ്കാളിയെയോ പൊതു നിയമ പങ്കാളിയെയോ സൂപ്പർ വിസ വഴി രാജ്യത്തേക്ക് ക്ഷണിക്കാം.

അംഗീകൃത താമസത്തിന്റെ ദൈർഘ്യത്തിനായി അപേക്ഷകനെ സാമ്പത്തികമായി പിന്തുണയ്ക്കാനുള്ള ഹോസ്റ്റിന്റെ കഴിവ് നിർണ്ണയിക്കപ്പെടും. ഇതിനായി സ്റ്റാറ്റിസ്റ്റിക്സ് കാനഡയുടെ കട്ട്ഓഫുകളെ അടിസ്ഥാനമാക്കിയുള്ള ഏറ്റവും കുറഞ്ഞ വരുമാനം അവർ പാലിക്കുന്നുവെന്നതിനോ അതിലധികമോ ആണെന്നതിന്റെ തെളിവ് ഹോസ്റ്റ് നൽകണം.

കനേഡിയൻ ഇൻഷുറൻസ് കമ്പനിയിൽ നിന്നോ കാനഡയ്ക്ക് പുറത്തുള്ള ഒരു ഇൻഷുറൻസ് കമ്പനിയിൽ നിന്നോ അവർക്ക് സാധുതയുള്ള ആരോഗ്യ ഇൻഷുറൻസ് ഉണ്ടെന്നതിനും സൂപ്പർ വിസ വഴി വരുന്നവർ തെളിവുകൾ നൽകണം.

അത് ഇമിഗ്രേഷൻ, അഭയാർത്ഥികൾ, പൗരത്വം എന്നിവയുടെ മന്ത്രിയാണ്. രാജ്യത്തിന് പുറത്തുള്ള ഇൻഷൂറൻസ് കമ്പനിയാണെങ്കിൽ അത് കാനഡയുടെ ഇമിഗ്രേഷൻ, അഭയാർത്ഥി, പൗരത്വ മന്ത്രി അംഗീകരിച്ചതായിരിക്കണം.

# ജൂൺ, ജൂലൈ മാസങ്ങളിൽ കാനഡയിൽ കാട്ടുതീ മുന്നറിയിപ്പ്



ഒട്ടാവ: ജൂൺ ജൂലൈ മാസങ്ങളിൽ കാനഡയിൽ അപകടകരമായ കാട്ടുതീക്ക് സാധ്യതയുണ്ടെന്ന് അധികൃതരുടെ മുന്നറിയിപ്പ്. കനേഡിയൻ ഫോറസ്റ്റ് ഫയർ സെന്റർ പറയുന്നതനുസരിച്ച്, ബുധനാഴ്ച വരെ കാനഡയിലുടനീളം 69 സജീവ തീപിടിത്തങ്ങൾ കത്തുന്നുണ്ടായിരുന്നു, ഇതിൽ എട്ട് എണ്ണം നിയന്ത്രണാതീതമാണ്. ഇപ്പോൾ കാട്ടുതീയുടെ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും ആൽബർട്ടയിലും ബ്രിട്ടീഷ് കൊളംബിയയിലുമാണ് സംഭവിക്കുന്നത്. ക്യൂബെക്കിലും കുറച്ച് തീപിടുത്തങ്ങൾ ഉണ്ടായതായി അധികൃതർ പറഞ്ഞു.

'നിർഭാഗ്യവശാൽ, ഈ പ്രവചനം തുടരുന്നത് ഭയാനകമാണ്, മുന്നറിയിപ്പ് അവഗണിക്കരുതെന്നും പ്രകൃതിവിഭവ മന്ത്രി ജോനാഥൻ വിൽക്കിൻസൺ പറഞ്ഞു. കാലാവസ്ഥാ പ്രവചനം സൂചിപ്പിക്കുന്നത് കാനഡയിലെ മിക്ക പ്രദേശങ്ങളിലും വരാനിരിക്കുന്ന വേനൽക്കാല മാസങ്ങൾ സാധാരണയേക്കാൾ ചൂട് കൂടുതലായിരിക്കുമെന്നാണ്, രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ സാധാരണയേക്കാൾ കുറഞ്ഞ മഴയാണ് ലഭിക്കാൻ സാധ്യതയെന്നും ഒട്ടാവയിൽ ഒരു വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

ജൂൺ മാസത്തിൽ, കാനഡയുടെ ഭൂരിഭാഗവും ബി.സി മുതൽ പടിഞ്ഞാറൻ ലാബ്രഡോർ, ന്യൂ ബ്രൺസ്വിക്ക്, തെക്കൻ നോവ സ്കോട്ടിയ എന്നിവിടങ്ങളിലേക്ക് തീപിടിത്തത്തിന് ഉയർന്ന സാധ്യതയുണ്ടെന്ന് വിൽക്കിൻസൺ പറഞ്ഞു. ഈ പ്രവചനം കാട്ടുതീ ലഘൂകരിക്കുന്നതിന്റെയും കാലാവസ്ഥാ പൊരുത്തപ്പെടുത്തലിന്റെയും പ്രാധാന്യത്തെ അടിവരയിടുന്നു. കാലാവസ്ഥാ വ്യതിയാനമാണ് കാട്ടുതീയുടെ ആവൃത്തിയുടെയും തീവ്രതയുടെയും മൂലകാരണമെന്ന് വിൽകിൻസൺ പറഞ്ഞു.

ഈ വർഷം ഇതുവരെ, കാനഡയിൽ മൊത്തം 1,497 കാട്ടുതീ ഏകദേശം 522,043 ഹെക്ടർ ഭൂമി കത്തിനശിച്ചതായി സിഐഎഫ്എഫ്സി ഡാറ്റ കാണിക്കുന്നു. താരതമ്യപ്പെടുത്തുമ്പോൾ, കഴിഞ്ഞ വർഷം ഈ സമയത്ത് ഏകദേശം മൂന്ന് ദശലക്ഷം ഹെക്ടർ ഭൂമി കത്തിനശിച്ചതായി അധികൃതർ പറഞ്ഞു. ഈ വർഷം അവസാനത്തോടെ 1,000 അധിക അഗ്നിശമന സേനാംഗങ്ങളെ പരിശീലിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ എന്ന് വിൽക്കിൻസൺ കൂട്ടിച്ചേർത്തു.

# മെംഫിസ് അന്തർസംസ്ഥാന പാതയിൽ വെടിവെപ്പ്; 4 കുട്ടികൾ ഗുരുതരാവസ്ഥയിൽ

വാഷിങ്ടൺ: വെസ്റ്റ് ടെന്നസി അന്തർ സംസ്ഥാനത്ത് നടന്ന വെടിവയ്പ്പിൽ നാല് കുട്ടികൾ ഉൾപ്പെടെ അഞ്ച് പേരുടെ നില ഗുരുതരം. മെംഫിസ് പോലീസ് ഡിപ്പാർട്ട്മെന്റ് പറയുന്നതനുസരിച്ച്, മെംഫിസ് ഡൗണ്ടൗണിന്റെ കിഴക്ക്, ഇന്റർസ്റ്റേറ്റ് 240ൽ നടന്ന വെടിവയ്പ്പ് കോളനോട് ഉദ്യോഗസ്ഥർ പ്രതികരിച്ചതായി മെംഫിസ് പോലീസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

അതേസമയം, അപകടത്തിൽപ്പെട്ട അഞ്ച് പേർ ഗുരുതരാവസ്ഥയിൽ മെംഫിസിലെ ബാപ്റ്റിസ്റ്റ് മെമ്മോറിയൽ ഹോസ്പിറ്റലിൽ സ്വകാര്യ വാഹനത്തിൽ എത്തിച്ചതായി പോലീസ് അറിയിച്ചു. 2 മുതൽ 8 വയസ്സുവരെയുള്ള കുട്ടികളെയും 30 വയസ്സുള്ള ഒരാളെയും മറ്റ് ആശുപത്രികളലേക്ക് മാറ്റി.

രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ പ്രതികൾപോലീസിന്നേരെവെടിയുതിർത്തു. എങ്കിലും കിണഞ്ഞ പരിശ്രമത്തിലൂടെ പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. ലോറെൻസോ വാട്സൺ (18), കെൻഡ്രിക് റേ (21) എന്നിവർക്കെതിരെ ഫസ്റ്റ് ഡിഗ്രി കൊലപാതകശ്രമം, കുറ്റകൃത്യത്തിനിടെ തോക്ക് ഉപയോഗിച്ചു, മോഷണം തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയതായി പോലീസ് ബുധനാഴ്ച സോഷ്യൽ മീഡിയ പോസ്റ്റിൽ അറിയിച്ചു.

24 മണിക്കൂറിനുള്ളിൽ മെംഫിസ് അന്തർസംസ്ഥാനത്ത് നടന്ന രണ്ട് അക്രമ സംഭവങ്ങളിൽ ഒന്നാണ് ഈ വെടിവയ്പ്പ്. ചൊവ്വാഴ്ച അർദ്ധരാത്രി ഐ240ൽ നടന്ന വെടിവെപ്പിൽ കറുത്ത നിറത്തിലുള്ള ഷെവർലെ കോബാൾട്ടിൽ ഒരാൾ മറ്റൊരു വാഹനത്തിന് നേരെ കൈത്തോക്ക് ചൂണ്ടി ഒന്നിലധികം തവണ വെടിയുതിർക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. ഇരയുടെ കാർ ഇടിച്ചെങ്കിലും യുവതിക്ക് പരിക്കില്ല.




SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Prudential

# കുവൈറ്റിലെ ഫ്ളാറ്റ് സമുച്ചയത്തിലെ വൻതീപിടിത്തത്തിൽ 11 മലയാളികളടക്കം, 49 പേർക്ക് ദാരുണാന്ത്യം



കുവൈറ്റ്സിറ്റി: പ്രവാസി മലയാളിയുടെ കമ്പനിയിലെ തൊഴിലാളികൾ താമസിച്ചിരുന്ന ബഹുനില കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ 11 മലയാളികൾ അടക്കം 49 പേർക്ക് ദാരുണാന്ത്യം. കത്തിക്കരിഞ്ഞതിനാൽ പലതും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണ്.25 മലയാളികൾ മരിച്ചെന്നും സൂചനയുണ്ട്. പ്രാണരക്ഷാർത്ഥം മുകൾ നിലകളിൽ നിന്ന് താഴേക്ക് ചാടിയവർ വീണ് തല ചിതറി മരിച്ചു. മരിച്ച ഇന്ത്യക്കാരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് രണ്ടുലക്ഷം രൂപവീതം നൽകും.

കൊല്ലം ശൂരനാട് നോർത്ത് ഷെമീർ (30),കോട്ടയം പാമ്പാടി സ്റ്റെഫിൻ എബ്രഹാം സാബു (30), തൃക്കരിപ്പൂർ പിലിക്കോട് എരവിൽ തെക്കുമ്പാടെ കേളു പൊന്മലേരി (55), പന്തളം മുടിയൂർക്കോണം ഐരാണിക്കുഴി ആകാശ് എസ്. നായർ (32), പത്തനംതിട്ട വാഴമുട്ടം പി.വി. മുരളീധരൻ (54),പുനലൂർ നരിക്കൽ സാജൻ ജോർജ് (28), ലൂക്കോസ് വടക്കോട്ട് ഉണ്ണുണ്ണി (കൊല്ലം), സജു വർഗീസ്( കോന്നി), രഞ്ജിത്ത് കുണ്ടടുക്കം (ചെർക്കളം), ചാത്തന്നൂർ ആദിച്ചനല്ലൂർ ലൂക്കോസ് (48) എന്നിവരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു.

50ലേറെ പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഏഴുപേരുടെ നില ഗുരുതരം. മറ്റു രാജ്യക്കാരായ ചില തൊഴിലാളികളുമുണ്ട്. മരണസംഖ്യ ഉയർന്നേക്കും. തെക്കൻ കുവൈറ്റിലെ അഹ്മ്മദി ഗവർണറേറ്റിലെ മാംഗഫിൽ തിരുവല്ല നിരണം സ്വദേശി കെ.ജി. എബ്രഹാം മാനേജിംഗ് ഡയറക്ടറായ എൻ. ബി.ടി.സി കമ്പനിയുടെ ക്യാമ്പിൽ താമസിച്ചിരുന്നവരാണ് ദുരന്തത്തിന് ഇരയായത്.

ഇന്നലെ (ജൂൺ 12) പ്രാദേശിക സമയം പുലർച്ചെ 4.30 (ഇന്ത്യൻ സമയം രാവിലെ 7ന്) ആയിരുന്നു സംഭവം. 195 പേരാണ് ആറുനില കെട്ടിടത്തിൽ താമസിച്ചിരുന്നത്. രക്ഷാപ്രവർത്തനം അതിവേഗം നടത്തി.താഴത്തെ നിലയിൽ സുരക്ഷാ ജീവനക്കാരന്റെ മുറിക്ക് സമീപത്ത് നിന്നാണ് തീപടർന്നത്. ഗ്യാസ് സിലിണ്ടറുകൾ സൂക്ഷിച്ചിരുന്ന മുറിയിലേക്ക് വ്യാപിച്ചതോടെ മുകളിലത്തെ നിലകളിലേക്ക് ആളിപ്പടരുകയായിരുന്നു. ഷോർട്ട്സർക്യൂട്ടാകാം കാരണമെന്നു കരുതുന്നു. സുരക്ഷാ ജീവനക്കാരൻ ഭക്ഷണം പാചകം ചെയ്യുന്നതിനിടെ സംഭവിച്ചതാണെന്നും അഭ്യൂഹമുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ കൂട്ടത്തോടെ തൊഴിലാളികളെ പാർപ്പിച്ചിരുന്നു. ലിഫ്ട് സൗകര്യവും ഉണ്ടായിരുന്നില്ല. കുവൈറ്റ് ഉപ പ്രധാനമന്ത്രി ഷെയ്ഖ് ഫഹദ് യൂസഫ് സൗദ് അൽ സബാഹ് സ്ഥലം സന്ദർശിച്ചു. കെട്ടിട ഉടമയെയും കാവൽക്കാരനെയും ജീവനക്കാരെ പാർപ്പിച്ച കമ്പനി ഉടമകളെയും അറസ്റ്റ് ചെയ്യാൻ അദ്ദേഹം ഉത്തരവിട്ടു.

### ഉറക്കത്തിലെത്തിയ ദുരന്തം

നല്ല ഉറക്കത്തിലായിരുന്നു മിക്കവരും.ചൂടേറ്റുംശ്വാസംമുട്ടിയുംഉണർന്നപ്പോഴേക്കുംചുറ്റുംതീവലയായിരുന്നു. താഴേക്ക് ഇറങ്ങി രക്ഷപ്പെടാൻ ശ്രമിച്ചവർ പടിക്കെട്ടുകളിൽ വെന്തു മരിച്ചു. പുക ശ്വസിച്ചാണ് കൂടുതൽ പേരും മരിച്ചത്. ജനാലകളിൽ നിന്ന് താഴേക്ക് ചാടിയവരും മരിച്ചു. ചിലർ ഗുരുതര പരിക്കുകളോടെ ചികിത്സയിലാണ്.

### വിദേശകാര്യ സഹമന്ത്രി കുവൈറ്റിലേക്ക്

ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ വസതിയിൽ ഇന്നലെ (ജൂൺ 12) വൈകിട്ട് അടിയന്തര ഉന്നതതല യോഗം ചേർന്നു. രാത്രിയോടെ വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗിനെ സഹായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കുവൈറ്റിലേക്ക് അയച്ചു. ഇന്ത്യക്കാർക്ക് എല്ലാ സഹായവും നൽകുമെന്ന് കുവൈറ്റിലെ ഇന്ത്യൻ എംബസി അറിയിച്ചു. അംബാസഡർ ആദർശ് സൈക്വ അപകട സ്ഥലവും ചികിത്സയിലുള്ള ഇന്ത്യക്കാരെയും സന്ദർശിച്ചു.

**ഹെൽപ് ലൈൻ നമ്പർ: +96565505246**



ഷെമീർ, സ്റ്റെഫിൻ എബ്രഹാം സാബു, കേളു പൊന്മലേരി, ആകാശ് എസ്. നായർ, ലൂക്കോസ് വടക്കോട്ട് ഉണ്ണുണ്ണി, സാജൻ ജോർജ്, രഞ്ജിത്ത്, സജു വർഗീസ്









# പന്തീരാങ്കാവ് ഗാർഹിക പീഡന കേസിലെ പരാതിക്കാരി സംസ്ഥാനം വിട്ടു?

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡന കേസിലെ പരാതിക്കാരിയായ യുവതിക്കായി പൊലീസ് തെരച്ചിൽ ആരംഭിച്ചതായി റിപ്പോർട്ട്. യുവതി യൂട്യൂബ് ചാനലിലൂടെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് വീഡിയോ പുറത്തിറക്കിയതിന് പിന്നാലെയാണ് പൊലീസ് അന്വേഷണം ആരംഭിച്ചത്.

അതേസമയം യുവതിയെ കാണാനില്ലെന്ന് വ്യക്തമാക്കി പിതാവും പൊലീസിൽ പരാതി നൽകിയിരുന്നു. കേസിൽ മൊഴി മാറ്റി പറഞ്ഞ യുവതി സംസ്ഥാനം വിട്ടെന്നാണ് പൊലീസിന് ലഭിച്ച വിവരം എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന സൂചന. മൂന്ന് സംഘങ്ങളായി തിരിഞ്ഞാണ് യുവതിക്കായി അന്വേഷണം നടത്തുന്നത്.

തിരുവനന്തപുരം, കോഴിക്കോട് സൈബർ പൊലീസ് സംഘങ്ങളാണ് യുവതിക്കായി അന്വേഷണം നടത്തുന്നത്. പല ലോക്കേഷനുകളിൽ നിന്നായാണ് യുവതി മൂന്ന് വീഡിയോകളും അപ്ലോഡ് ചെയ്തതെന്നാണ് പൊലീസ് പറയുന്നത്. താൻ എവിടെയാണെന്ന് കണ്ടുപിടിക്കാതിരിക്കാൻ പൊലീസിനെ തെറ്റിദ്ധരിപ്പിക്കാനാണ് ഇതുവഴി യുവതി ശ്രമിക്കുന്നതെന്നും യുവതിക്ക് നിയമസഹായം ഉൾപ്പെടെ വലിയ പിന്തുണ കിട്ടുന്നുണ്ടെന്നുമാണ് പൊലീസ് പറയുന്നത്.

# കൂടെനിൽക്കുന്നവർ മാറിയാൽ കമ്മ്യൂണിസ്റ്റ് പാർട്ടി നശിപ്പിക്കും : ശ്രീകുമാരൻ തമ്പി

തിരുവനന്തപുരം: കൂടെനിൽക്കുന്നവർ മാറിയാൽ അവരെ തമസ്കരിച്ച് നശിപ്പിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രീതിയാണെന്ന് കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി പറഞ്ഞു. പി. കേശവദേവ് ട്രസ്റ്റ് ഏർപ്പെടുത്തിയ 20ാമത് പി.കേശവദേവ് പുരസ്ക്കാര വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പി.കേശവദേവ് അഹോരാത്രം പണിയെടുത്ത പാർട്ടി പിൽക്കാലത്ത് അദ്ദേഹത്തിന് എതിരായി. കമ്മ്യൂണിസ്റ്റ് പാർട്ടി കേശദേവിനെ വളർത്തിതുപോലെ കേശവദേവ് പാർട്ടിയെയും വളർത്തി. എന്നാൽ താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിന്റെ തെറ്റുകൾ തിരുത്തപ്പെടണമെന്ന ഉദ്ദേശ്ത്തോടെ ചൂണ്ടിക്കാട്ടിയതാണ് അദ്ദേഹം ചെയ്ത തെറ്റ്. മുഖാമുഖം എന്ന സിനിമയിലൂടെ കമ്മ്യൂണിസ്റ്റ് വിമർശനം നടത്തിയപ്പോൾ അടൂരിനെതിരെയും കമ്മ്യൂണിസ്റ്റുകാർ രംഗത്തു വന്നു.

കലാകാരൻമാർ സാമൂഹ്യപ്രശ്നങ്ങൾ ഏറ്റെടുക്കുന്നത് അതിൽ മാറ്റംവരണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. താനും സംഘിയല്ല, ഇടതുപക്ഷ അനുഭാവിയാണ്. പക്ഷേ ചിലപ്പോൾ സത്യം പറയും അതുകൊണ്ട് പലർക്കും അനിഷ്ടം തോന്നുമെന്നും ശ്രീകുമാരൻ തമ്പി കൂട്ടിച്ചേർത്തു. പി.കേശവദേവ് സാഹിത്യ പുരസ്ക്കാരം അടൂർ ഗോപാലകൃഷ്ണന് ശ്രീകുമാരൻ തമ്പി സമ്മാനിച്ചു. അനീതിയോടുള്ള എതിർപ്പായിരുന്നു കേശവദേവിന്റെ എഴുത്തുകളെന്ന് അടൂർഗോപാലകൃഷ്ണൻ പറഞ്ഞു.

# മന്ത്രിയുടെ ഭർത്താവിന്റെ കെട്ടിടത്തിന് മുന്നിലെ ഓടപണി: സി.പി.എമ്മിൽ ചേരിതിരിവ് രൂക്ഷം



പത്തനംതിട്ട: ആരോഗ്യമന്ത്രി വീണാജോർജിന്റെ ഭർത്താവ് ജോർജ് ജോസഫിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് മുന്നിലെ റോഡിലെ ഓട പണിയുടെ പേരിൽ സി.പി. എമ്മിൽ ചേരിതിരിവ് രൂക്ഷമായി. ഏഴംകുളം കൈപ്പട്ടൂർ റോഡ് വികസനത്തിന്റെ ഭാഗമായാണ് ഓട പണിയുന്നത്. കൊടുമൺ പൊലീസ് സ്റ്റേഷനടുത്തുള്ള മന്ത്രിയുടെ ഭർത്താവിന്റെ കെട്ടിടത്തിന് മുന്നിൽ റോഡിലേക്ക് വളച്ചാണ് ഓട നിർമ്മിക്കുന്നത്. ഇതിലെ അപാകത സി.പി.എം ഭരിക്കുന്ന കൊടുമൺ പഞ്ചായത്ത് ഭരണ സമിതിയിൽ ചർച്ചയായിരുന്നു. ഓട വളവില്ലാതെ പണിയണമെന്ന് പഞ്ചായത്ത് കമ്മിറ്റി പ്രമേയം പാസാക്കി പൊതുമരാമത്ത് അധികൃതരെ അറിയിച്ചിരുന്നു. എന്നാൽ, കെട്ടിടത്തിന് മുന്നിൽ വളഞ്ഞുതന്നെ പണി നടന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ശ്രീധരനെത്തി തടഞ്ഞു. പിന്നാലെ എത്തിയ സി.പി.എം ജില്ലാസെക്രട്ടറി കെ.പി ഉദയഭാനും കെട്ടിടത്തിന് മുന്നിൽ ഓട വളച്ചുതന്നെ പണിയണമെന്ന് നിർദ്ദേശിച്ച് മടങ്ങി.

സി.പി.എം ജില്ലാ കമ്മിറ്റിയംഗം കൂടിയായ പഞ്ചായത്ത് പ്രസിഡന്റിനെതിരെ ജില്ലാ സെക്രട്ടറി ഇന്നലെ പരസ്യമായി രംഗത്ത് വന്നതോടെ പാർട്ടിയിലെ ചേരിതിരിവ് പുറത്തായി. കെട്ടിടത്തിന്റെ മുന്നിൽ അനധികൃതമായി ഒന്നും നടന്നിട്ടില്ലെന്നാണ് ഉദയഭാനുവിന്റെ നിലപാട്. പഞ്ചായത്ത് പ്രസിഡന്റ് ഓട പണി തടസപ്പെടുത്തിയത് പാർട്ടി ഗൗരവമായി പരിശോധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ജോർജ് ജോസഫ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി അലൈൻമന്റ് മാറ്റൻ ശ്രമിച്ചെന്നാണ് കെ.കെ.ശ്രീധരന്റെ ആരോപണം.

മന്ത്രിയുടെ ഭർത്താവിനുവേണ്ടി റോഡിന്റെ അലൈൻമെന്റ് മാറ്റിയത് അധികാര ദുർവിനിയോഗത്തിന്റെ തെളിവാണെന്ന് ഡി.സി.സി പ്രസിഡന്റ് പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ പറഞ്ഞു.

റോഡിന്റെയും ഓടയുടെയും അലൈൻമെന്റ് മൂന്ന് വർഷം മുമ്പ് ഉണ്ടാക്കിയതാണ്. കെട്ടിടം പണിതത് ഒന്നര വർഷം മുമ്പാണെന്ന് മന്ത്രി വീണജോർജിന്റെ ഭർത്താവ് ജോർജ് ജോസഫ് പറഞ്ഞു.

### പ്രതിഷേധവുമായി കോൺഗ്രസ്

മന്ത്രിയുടെ ഭർത്താവിന്റെ കൈയേറ്റം സംരക്ഷിച്ച് പണിനടത്തുന്നതിനെതിരെ കഴിഞ്ഞ ദിവസം കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധവുമായെത്തി സ്ഥലത്ത് കൊടികുത്തിയിരുന്നു. ഇവർക്കെതിരെ പൊലീസ് കേസെടുത്തു. ഇതിൽ പ്രതിഷേധിച്ച് ഇന്നലെ കൊടുമൺ പഞ്ചായത്തിൽ കോൺഗ്രസ് ഹർത്താൽ ആചരിച്ചു.












# ഭരണഘടനയെ തൊട്ടുകളിക്കാൻ അനുവദിക്കില്ല: രാഹുൽ ഗാന്ധി

കൽപ്പറ്റ: ഭരണഘടനയെ തൊട്ടുകളിക്കാൻ അനുവദിക്കില്ലെന്ന് രാഹുൽ ഗാന്ധിയുടെ മുന്നറിയിപ്പ്. തിരഞ്ഞെടുപ്പ് വിജയത്തെ തുടർന്ന് യു.ഡി.എഫ് വയനാട് ജില്ലാകമ്മിറ്റി കൽപ്പറ്റയിൽ നൽകിയ സ്വീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ 10 വർഷമായി ബി.ജെ.പി ഭരണഘടനയെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഭാഷയും ഒരു ആശയവും അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്. അധികാരത്തിൽ വന്നാൽ ഈ ഭരണഘടനയെ നശിപ്പിക്കുമെന്നായിരുന്നു അവർ പറഞ്ഞുകൊണ്ടിരുന്നത്. ഭരണഘടനയെ മാറ്റിമറിക്കുമെന്ന് പറഞ്ഞ ശേഷം അധികാരത്തിലെത്തിയപ്പോൾ തൊട്ടു നമിക്കുന്നതാണ് കണ്ടത്. ഇന്ത്യയെന്ന ആശയത്തെ ആക്രമിച്ചത് കൊണ്ടാണ് യു.പിയിൽ ഉൾപ്പെടെ ബി.ജെ.പി പരാജയപ്പെട്ടത്.

രാജ്യത്ത് അധികാരത്തിലിരിക്കുന്നത് ഇന്ത്യാമുന്നണിയുടെ മാരക പ്രഹരമേറ്റ സർക്കാരാണ്. രാജ്യത്തെ നയിക്കാൻ പ്രാപ്തിയുള്ള സർക്കാരല്ല ഇത്. കോൺഗ്രസും, ഇന്ത്യാമുന്നണിയും ചേർന്ന് മോദിയുടെ ആശയങ്ങളെ പരാജയപ്പെടുത്തി. തിരഞ്ഞെടുപ്പിന് മുമ്പ് കണ്ട മോദിയല്ല ഇപ്പോഴുള്ളത്.

തിരഞ്ഞെടുപ്പിന് മുമ്പ് ബി.ജെ.പിയെ പിന്തുണക്കുന്ന മാദ്ധ്യമങ്ങളും പ്രധാനമന്ത്രിയും പറഞ്ഞത് 400 സീറ്റുകൾ കിട്ടുമെന്നാണ്. എല്ലാ നേതാക്കളും അതേറ്റു പിടിച്ചു. പിന്നീടത് മുന്നൂറും ഇരുന്നൂറുമായി. തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ



എന്താണ് സംഭവിച്ചതെന്ന് എല്ലാവരും കണ്ടു. മുഴുവൻ മാദ്ധ്യമങ്ങളും, ഏജൻസികളും സംവിധാനങ്ങളുമെല്ലാം ഇന്ത്യ മുന്നണിക്ക് എതിരായിരുന്നു. പ്രധാനമന്ത്രിയുടെ താത്പ്പര്യങ്ങൾക്കനുസരിച്ചാണ് തിരഞ്ഞെടുപ്പ് പോലും കമ്മിഷൻ രൂപപ്പെടുത്തിയത്.

പ്രധാനമന്ത്രിയുടെ മണ്ഡലമായ വാരാണസിയിൽ ഏറ്റവുമൊടുവിൽ തിരഞ്ഞെടുപ്പ് നടത്തിയത് അതിന്റെ ഭാഗമാണെന്നും രാഹുൽ പറഞ്ഞു. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എം.പി., കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, പാണക്കാട് ബഷീറലി തങ്ങൾ, എം.പിമാരായ പി.വി അബ്ദുൽ വഹാബ്, ജെബി മേത്തർ, തുടങ്ങിയവർ സംബന്ധിച്ചു.

### രാഹുലിനെ ഇരുത്തി കെ.സുധാകരന്റെ വിടചൊല്ലൽ പ്രസംഗം

രാഹുൽഗാന്ധിയെ ഇരുത്തി കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ നടത്തിയ പ്രസംഗം രാഹുലിനുള്ള വിടചൊല്ലലായി. രാഹുൽഗാന്ധിയെക്കുറിച്ച് ഓർക്കുമ്പോൾ തങ്ങൾക്ക് അഭിമാനവും സന്തോഷവുമാണ്. പക്ഷെ വയനാട് വിട്ട് പോകുന്നു എന്നറിയുമ്പോൾ മനസിനകത്ത് ദു:ഖം തളം കെട്ടി നിൽക്കുന്നു. ഇന്ത്യയെ നയിക്കണമെങ്കിൽ അദ്ദേഹത്തിന് വയനാട് മണ്ഡലം ഒഴിവാക്കേണ്ടി വരുമെന്നും സുധാകരൻ പറഞ്ഞു.

രാഹുൽഗാന്ധിയുടെ രാഷ്ട്രീയ വളർച്ച ഉയരത്തിൽ നിന്ന് ഉയരത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അതിന് ചുക്കാൻ പിടിക്കുന്നു എന്നറിയുമ്പോൾ സന്തോഷമാണ് തോന്നുന്നത്. ചടങ്ങിൽ പങ്കെടുക്കാനെത്തുമ്പോൾ ഒരു സ്ത്രീയെ കണ്ടു. രാഹുലിന്റെ കാര്യം പറഞ്ഞ് അവർ കരയുകയായിരുന്നു.

കോൺഗ്രസിന്റെ നേതൃത്വം ഏറ്റെടുത്തപ്പോൾ ഇന്ത്യയിലെ കോടാനുകോടി ജനങ്ങൾ രാഹുലിന്റെ വ്യക്തിത്വത്തെ അംഗീകരിച്ചു. സന്തോഷവും പ്രയാസവും ഒരുമിച്ച് അനുഭവിക്കുന്ന ജനക്കൂട്ടമാണ് എനിക്ക് മുന്നിലുള്ളത്. സന്തോഷമെന്ന് പറയുന്നത് ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലത്തിലേക്ക് നമ്മളെയെല്ലാം സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന രാഹുൽഗാന്ധിയുടെ രാഷ്ട്രീയ വളർച്ചയോർത്താണ് സുധാകരൻ പറഞ്ഞു.

# രാഹുൽഗാന്ധിയെ ഒന്നും പറഞ്ഞിട്ടില്ല: മുഖ്യമന്ത്രി



തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചരണത്തിനിടെ രാഹുൽ ഗാന്ധിയെ താനായിട്ട് ഒന്നും പറഞ്ഞിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. പൊലീസ് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചകൾക്കുള്ള മറുപടിക്കിടെ, തിരഞ്ഞെടുപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ രാഹുലിനെക്കുറിച്ച് മുഖ്യമന്ത്രി നല്ലതു പറഞ്ഞിട്ടുണ്ടോയെന്ന തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം..

''നിങ്ങളിൽ ചിലരുടെ ഉപദേശം സ്വീകരിച്ചാണ് അദ്ദേഹം മറ്റാളുകളെയെല്ലാം അറസ്റ്റ് ചെയ്തു, എന്തുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്യുന്നില്ലെന്നു ചോദിച്ചത്. അതാണ് പ്രശ്നം. അതാണോ കേരളത്തിൽ വന്ന് രാഹുൽ ഗാന്ധിയെപ്പോലുള്ള കോൺഗ്രസിന്റെ സമുന്നത നേതാവ് സംസാരിക്കേണ്ട കാര്യം. തിരഞ്ഞെടുപ്പ് രംഗത്ത് ഇത്തരമൊരു നിലപാട് ആർക്കാണു ഗുണകരമായി വരുക. ഇവിടെ കേന്ദ്രസേന എന്തെല്ലാം ചെയ്യാൻ പറ്റുമോ അതെല്ലാം നോക്കുന്നു. അതിന് ചൂട്ടു പിടിക്കാനാണല്ലോ യു.ഡി.എഫ്. ശ്രമിക്കുന്നത്. ചൂട്ടു പിടിക്കുന്ന നിങ്ങൾക്ക് എണ്ണ ഒഴിച്ചു തരുന്ന പണി രാഹുൽ ഗാന്ധി ചെയ്യാൻ പാടില്ലല്ലോ.'' മുഖ്യമന്ത്രി പറഞ്ഞു.

ആറ്റിങ്ങലിൽ കോൺഗ്രസ് വൻ വിജയം നേടിയെന്നും ഇടതുമുന്നണിയെ തറപ്പറ്റിച്ചെന്നുമുള്ള വാദത്തെയും മുഖ്യമന്ത്രി നേരിട്ടു. കോൺഗ്രസ് ജയിച്ചെങ്കിലും മണ്ഡലത്തിലെ എല്ലാ നിയമസഭാമണ്ഡലങ്ങളിലും മുൻ തിരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ വോട്ട് കോൺഗ്രസിന് കുറഞ്ഞു. രാജസ്ഥാനിലെ സിക്കാർ ലോക്സഭാസീറ്റിലെ നിയമസഭാ മണ്ഡലങ്ങളിൽ സി.പി.എം. ശക്തമാണ്.

കഴിഞ്ഞ തവണ ബി.ജെ.പി.ജയിച്ച സീറ്റിൽ രണ്ടാം സ്ഥാനത്തായിരുന്നു സി.പി.എം.ഇക്കുറി കോൺഗ്രസും പിന്തുണച്ചതോടെ ജയിച്ചു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ രാജസ്ഥാനിൽ 25ൽ 25സീറ്റും കരസ്ഥമാക്കിയ ബി.ജെ.പിയിൽ നിന്ന് എട്ട് സീറ്റ് കോൺഗ്രസിന് നേടിയെടുക്കാൻ ഇത്തവണ സഹായിച്ചത് സി.പി.എമ്മുമായുള്ള ബന്ധമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.







# കേരളത്തിനു കുന്നോളം പ്രതീക്ഷ; രണ്ട് സഹമന്ത്രിമാരിൽ


ബാബു കദളിക്കാട്

അഹന്താ പ്രകടനത്തിന് പഴുതില്ലാതെ മൂന്നാം മോദി മന്ത്രിസഭ ഇന്ദ്രപ്രസ്ഥത്തിൽ അധികാരമേറ്റപ്പോൾ മലയാളി സമൂഹവും പൊതുവേ ആഹ്ലാദിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്നുള്ള ബി.ജെ.പി വിജയം ഒന്നു മാത്രമായിരുന്നെങ്കിലും രണ്ടു മലയാളികൾക്ക് മന്ത്രിസഭയിൽ സ്ഥാനം ലഭിച്ചു. സർവേകളിൽ മുമ്പു തന്നെ മിന്നി നിന്നതിനാൽ, അപ്രതീക്ഷിതമെന്നു പറയാനാവില്ലെങ്കിലും അത്ഭുതകരമായ ഭൂരിപക്ഷത്തോടെ തൃശൂരിൽനിന്നു വിജയിച്ച സുരേഷ് ഗോപി കേന്ദ്രമന്ത്രി ആകുമെന്ന് ഉറപ്പായിരുന്നു.



പക്ഷേ, കോട്ടയം കാണക്കാരി സ്വദേശി ജോർജ് കുര്യന്റെ മന്ത്രിസ്ഥാനം അപ്രതീക്ഷിതമായിരുന്നു. ഹൈന്ദവ പാർട്ടിയെന്ന് അറിയപ്പെടുന്ന ബി.ജെ.പിയിൽ അടിയുറച്ച പാർട്ടി പാരമ്പര്യം ഉള്ളയാളാണ് ജോർജ് കുര്യൻ. ബി.ജെ.പിക്ക് കേരളത്തിൽ ഇനിയും ചില പദ്ധതികളുണ്ടെന്നു സൂചിപ്പിക്കുന്നതാണ് ഇരുവരുടെയും മന്ത്രിസ്ഥാനം.

മന്ത്രിയെന്ന നിലയിൽ സുരേഷ് ഗോപിയിൽ കേരളം വളരെ വലിയ പ്രതീക്ഷകളാണ് വച്ചുപുലർത്തുന്നതെന്ന് പ്രമുഖ മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള സുരേഷ് ഗോപിയുടെ വ്യക്തിപരമായ അടുപ്പം സംസ്ഥാനത്തിന് ഗുണം ചെയ്തേക്കാമെന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നു. പാർട്ടിരാഷ്ട്രീയത്തിന് അതീതമായൊരു ഇമേജ് സുരേഷ് ഗോപിക്കുള്ളതിനാൽ അതിസൂക്ഷ്മതയോടെ ചുവടുകൾ വയ്ക്കാൻ നിർബന്ധിതനാണ് അദ്ദേഹമെന്നത് മറ്റൊരു കാര്യം.

വിനീതരായി ജനസേവനം നടത്തൂ എന്നതായിരുന്നു സത്യപ്രതിജ്ഞയ്ക്കു മുമ്പുള്ള ചായസൽക്കാരത്തിൽ പുതിയ മന്ത്രിസഭാംഗങ്ങളോടുള്ള പ്രധാനമന്ത്രിയുടെ ഉപദേശം. സാധാരണക്കാരായ ജനങ്ങൾക്കിഷ്ടം വിനയമുള്ള നേതാക്കളെയാണെന്നും സത്യസന്ധതയുള്ളവരും സുതാര്യത പാലിക്കുന്നവരുമാണ് ജനമനസിൽ ഇടം നേടുന്നതെന്നുംഅദ്ദേഹംതന്റെപുതിയ ടീമിനോടു പറഞ്ഞു. സുരേഷ് ഗോപിയും ജോർജ് കുര്യനും പ്രധാനമന്ത്രിയുടെ ഈ ഉപദേശം വൃഥാവിലാക്കില്ലെന്നു തന്നെ കരുതുന്നു പൊതുവേ മലയാളി സമൂഹം.

### പരിഭവമേറെ

ഇതിനിടെയും, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് പേരിനു പോലും മുസ് ലിം പ്രതിനിധിയില്ലാതെ കേന്ദ്രത്തിൽ ഒരു മന്ത്രിസഭ നിലവിൽ വന്നിരിക്കുന്നതെന്ന പരിഭവം കടുത്തു നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 30 കാബിനറ്റ് മന്ത്രിമാരടക്കം 72 പേരാണ് മൂന്നാം മോദി മന്ത്രിസഭയിലുള്ളത്. ന്യൂനപക്ഷവിഭാഗങ്ങളിൽ നിന്നായി അഞ്ചു പേരുണ്ട്. 10 ദലിത് വിഭാഗക്കാരുണ്ട്. ഒ.ബി.സി വിഭാഗത്തിൽനിന്ന് 27 പേർ. ആദിവാസി വിഭാഗത്തിൽനിന്ന് അഞ്ചുപേരുണ്ട്. എന്നാൽ രാജ്യത്തെ 15 ശതമാനത്തോളം വരുന്ന ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിംകളെ പ്രതിനിധീകരിക്കാൻ ഒരാൾ പോലുമില്ലെന്നതാണ് പരിഭവത്തിനാധാരം.

എൻ.ഡി.എയിൽനിന്ന് മുസ്‌ലിം എം.പിമാരാരും ഇത്തവണ ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടില്ല. മറ്റു രീതിയിൽ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള നടപടി ഉണ്ടായതുമില്ല. ഹർദീപ് സിങ് പുരി, രവ്നീത് സിങ് ബിട്ടു, ജോർജ് കുര്യൻ, കിരൺ റിജിജു, രാംദാസ് അത്താവ്‌ലെ എന്നിവരാണ് ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള അഞ്ചു മന്ത്രിമാർ. ഇതിൽ ബിട്ടു പഞ്ചാബിൽനിന്ന് തോറ്റിട്ടും മന്ത്രിസഭയിൽ ഉൾപ്പെടുത്തി. ജോർജ് കുര്യൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചു പോലുമില്ല. എന്നിട്ടും മന്ത്രിസഭയിൽ ക്രിസ്ത്യൻ പ്രാതിനിധ്യം ഉറപ്പാക്കി. ഈ പരിഗണന മുസ്‌ലിംകളുടെ കാര്യത്തിലുണ്ടായില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കിരൺ റിജിജുവിനാണ് ന്യൂനപക്ഷകാര്യ വകുപ്പ്. ജോർജ് കുര്യൻ സഹമന്ത്രിയും.

കഴിഞ്ഞ മോദി സർക്കാർ അധികാരമേൽക്കുമ്പോൾ മുസ്‌ലിം മന്ത്രിയായി മുഖ്താർ അബ്ബാസ് നഖ്‌വിയുണ്ടായിരുന്നു. രാജ്യസഭയിലെ കാലാവധി അവസാനിച്ചതിനാലാണ് 2022ൽ നഖ്‌വി രാജിവച്ചത്.

പക്ഷേ, രാജ്യസഭയിലേക്ക് പിന്നീട് അദ്ദേഹത്തെ പരിഗണിച്ചില്ല. നഖ്‌വി വഹിച്ചിരുന്ന ന്യൂനപക്ഷകാര്യ വകുപ്പ് പാഴ്സി വംശജയായ സ്മൃതി ഇറാനിക്ക് നൽകി. മുസ്‌ലിംകൾക്ക് ന്യൂനപക്ഷ വകുപ്പ് നൽകുന്ന കീഴ് വഴക്കം അതോടെ ലംഘിക്കപ്പെട്ടു.

2014ൽ മോദി സർക്കാർ ആദ്യമായി അധികാരത്തിൽ വരുമ്പോൾ അന്ന് രാജ്യസഭാംഗമായിരുന്ന നജ്മ ഹെപ്തുല്ലയെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിരുന്നു.

### വേറിട്ട ജനഹിതം

അതേസമയം, സുരേഷ്ഗോപിയിലൂടെ കേരളത്തിൽ ബി.ജെ.പി നേടിയ വിജയം സാമാന്യവൽക്കരിക്കുന്നത് ശരിയല്ലെന്ന നിരീക്ഷണമാണ് പല കോണുകളിൽ നിന്നും ഉയർന്നത്. നടനും അവതാരകനും സംവിധായകനുമായ രമേഷ് പിഷാരടി ഒരു യൂട്യൂബ് ചാനലിലൂടെ നടത്തിയ ഈ അഭിപ്രായ പ്രകടനത്തിന് വ്യാപക പിന്തുണയും ലഭിച്ചു.

'തൃശൂരിൽ സുരേഷ് ഗോപി വിജയിച്ചത് അദ്ദേഹം നല്ല മനുഷ്യനും നേതാവും ആയതുകൊണ്ടാ' ണെന്നും 'ഒരു പാർട്ടിയിൽ നിൽക്കുന്ന എല്ലാവരും ആ പാർട്ടിയുടെ ആശയധാരയുമായി പൂർണമായും ചേർന്നു പോകുന്നവരാണെന്നു വിചാരിക്കേണ്ടതില്ലെ'ന്നും പറഞ്ഞു പിഷാരടി.

'പാർട്ടി പറയുന്ന ആശയധാരകൾ അതിലുള്ള എല്ലാ വ്യക്തികളും കൊണ്ടു നടക്കുന്നില്ല. സുരേഷേട്ടൻ ജയിച്ച സമയത്ത് ഒരുപാട് സ്ഥലങ്ങളിൽ ജനങ്ങൾ പറയുന്നത് കേട്ടു: രാഷ്ട്രീയമല്ല അയാളിലെ വ്യക്തിയെ കണ്ടാണ് വിജയിപ്പിച്ചത്.' 'നമ്മൾ പലപ്പോഴും പാർട്ടി നോക്കിയാണ് വോട്ട് ചെയ്യുന്നത്. അത് പാർട്ടിയുടെ ആശയങ്ങൾ കൂടി കണക്കാക്കിയിട്ടാണ്. പക്ഷേ, എല്ലാ പാർട്ടിയിലും നല്ല ആൾക്കാരും ചീത്ത ആൾക്കാരുമുണ്ട്. ഒരു നല്ല വ്യക്തി എവിടെ നിന്നാലും അയാൾ കുറേയെങ്കിലും നല്ല കാര്യങ്ങൾ ചെയ്യും' സുരേഷ് ഗോപിയിലുള്ള പ്രതീക്ഷ പ്രകടമാക്കി പിഷാരടി പറഞ്ഞു.

ഇതിനിടെ, ജോർജ് കുര്യന് മന്ത്രിപദവി നൽകിയത് ബി.ജെ.പി സംസ്ഥാന നേതൃത്വത്തെ പോലും അത്ഭുതപ്പെടുത്തിയ രാഷ്ട്രീയ നീക്കമായിരുന്നെന്ന കാര്യം പുറത്തു വന്നു. ഇതിനു പിന്നിലെ താത്പര്യം വ്യക്തം: ക്രിസ്ത്യൻ സമുദായത്തെ ബി.ജെ.പിയുമായി കൂടുതൽ അടുപ്പിക്കുകയും രണ്ട് വർഷത്തിനിടെ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പോടെ പാർട്ടിയെ നിർണായക ശക്തിയാക്കുകയും ചെയ്യുക.

മോദിയും അമിത് ഷായും വർഷങ്ങളായി കിണഞ്ഞു ശ്രമിച്ചിട്ടും സാധിക്കാത്ത കാര്യമാണ് സുരേഷ് ഗോപിയിലൂടെ തൃശൂരിൽ ഇപ്പോൾ സാധ്യമായത്. ക്രിസ്ത്യൻ സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ പിന്തുണയാണ് സുരേഷ്ഗോപിയുടെ മികച്ച വിജയത്തിനു പിന്നിലെന്നത് വ്യക്തം. തൃശൂർ വിജയത്തിനു പുറമെ പതിനാറ് ലോക്സഭാ മണ്ഡലങ്ങളിൽ വോട്ട് വിഹിതം ഗണ്യമായി വർധിപ്പിക്കാനും ബി.ജെ.പിക്കായി.

ക്രിസ്ത്യൻ വിഭാഗത്തെ ബി.ജെ.പിയിലേക്ക് കൂടുതൽ ആകർഷിക്കാൻ ജോർജ് കുര്യന് സാധിക്കുമെന്ന് പാർട്ടി കേന്ദ്ര നേതൃത്വവും മോദിയും കണക്കുകൂട്ടുന്നു. നേരത്തേ ബി.ജെ.പി നടത്തിയ ഒരു രഹസ്യ സർവേയിൽ മോദിയുടെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരാണ് കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തിലെ 30 ശതമാനത്തോളം പേരെന്ന് കണ്ടെത്തിയിരുന്നു.

ഈ അനുഭാവം പാർട്ടിയിലേക്ക് കൂടി പടർത്താൻ ജോർജ് കുര്യന് സാധിക്കുമെന്നാണ് പാർട്ടിയുടെ പ്രതീക്ഷ. മുമ്പ് അൽഫോൻസ് കണ്ണന്താനത്തെ വെച്ച് ഈയൊരു പരീക്ഷണം നടത്തിയതാണ്. പക്ഷേ, അത് വലിയ ഗുണമുണ്ടാക്കിയില്ല.

മാസങ്ങൾക്കു മുമ്പേ തുടങ്ങിയിരുന്നു സംസ്ഥാനത്ത് ക്രിസ്ത്യൻ വോട്ടർമാരെ കൈയിലെടുക്കാനുള്ള ബി.ജെ.പി നീക്കങ്ങൾ. ഈസ്റ്റർ ദിനത്തിൽ ആശംസകളർപ്പിക്കാനായി പാർട്ടി നേതാക്കളും പ്രവർത്തകരും സംസ്ഥാനത്തുടനീളം അരമനകളിലും ക്രിസ്ത്യൻ വീടുകളിലും സന്ദർശനം നടത്തിയത് ഇതിന്റെ ഭാഗമായിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട തന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പാർട്ടി സംസ്ഥാന നേതൃയോഗത്തിലാണ് ഈ 'സ്നേഹയാത്ര' ആസൂത്രണം ചെയ്തത്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ ഈ തന്ത്രം ഫലം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ തുടർച്ചയെന്ന നിലയിലാണ് ജോർജ് കുര്യനെ മന്ത്രിസഭയിലെടുക്കാനുള്ള തീരുമാനമുണ്ടായത്.

പാർട്ടിയുടെ താഴെത്തട്ട് മുതൽ പ്രവർത്തന രംഗത്തിറങ്ങുകയും ബി.ജെ.പിയുടെയും ആർ.എസ്.എസിന്റെയും സംസ്ഥാനദേശീയ നേതാക്കളുമായി നല്ല ബന്ധം പുലർത്തുകയും ചെയ്യുന്ന ജോർജ് കുര്യൻ ബി.ജെ.പിയുടെ ന്യൂനപക്ഷ മുഖവും ക്രിസ്ത്യൻ നേതൃത്വവുമായി നല്ല ബന്ധം പുലർത്തുന്ന വ്യക്തിയുമാണ്. മറ്റു പല പ്രമുഖരെയും പോലെ കൂറുമാറി ബി.ജെ.പിയിലെത്തിയ ആളല്ലെന്നതും ശ്രദ്ധേയം.

◗ *ബാബു കദളിക്കാട്*

# ജൂലായ് 15മുതൽ സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടി തുടങ്ങും

തിരുവനന്തപുരം: വികസനപ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച നൂറ് ദിന കർമ്മപദ്ധതിയുടെ നാലാംഘട്ടം ജൂലായ് 15ന് ആരംഭിച്ച് ഒക്ടോബർ 22ന് പൂർത്തിയാക്കും. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗമാണ് നാലാം നൂറ് ദിന പരിപാടി നടപ്പാക്കാൻ തീരുമാനിച്ചത്.

ഏറ്റെടുക്കുന്ന പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ പരിപാടി പൂർത്തിയാകുന്നമുറയ്ക്ക്വെബ്സൈറ്റിൽ ലഭ്യമാക്കും. സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മൂന്ന് നൂറുദിന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.



ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 11 മുതൽ സെപ്തംബർ 19 വരെയും രണ്ടാം നൂറുദിന പരിപാടി 2022 ഫെബ്രുവരി 10 മുതൽ മേയ് 20 വരെയും മൂന്നാം നൂറുദിന പരിപാടി 2023 ഫെബ്രുവരി 10 മുതൽ മേയ് 20 വരെയുമാണ് നടപ്പാക്കിയത്.

മൂന്നാം നൂറുദിന പരിപാടിയിൽ 1295 പദ്ധതികൾ ലക്ഷ്യമിട്ടതിൽ 100 ദിവസം കൊണ്ട് 1157 എണ്ണം പൂർത്തിയാക്കാനായി. സാമൂഹിക, പശ്ചാത്തല സൗകര്യ, തൊഴിൽ മേഖലകളിൽ ഗണ്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ മുമ്പ് നടപ്പാക്കിയ മൂന്ന് നൂറുദിന പരിപാടികൾക്കും കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രിസഭായോഗം വിലയിരുത്തി.

ഇതിന് പുറമെ വിമുക്തഭടൻമാർക്ക് ചികിത്സയ്ക്കായി ഇ സി എച്ച് എസ് പോളിക്ലിനിക്ക് നിർമ്മിക്കാൻ ആലപ്പുഴ വെട്ടിയാർ വില്ലേജിൽ 23 സെന്റ് ഭൂമി പ്രതിവർഷം ആർ ഒന്നിന് 100 രൂപ എന്ന നാമമാത്ര നിരക്ക് ഈടാക്കി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് നൽകാൻ മന്ത്രിസഭ തീരുമാനിച്ചു. ഇതിനായി കമ്പോള വിലയുടെ 3 ശതമാനം നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് ഈ ഭൂമിഅനുവദിച്ച 2021ലെ ഉത്തരവ് ഭേദഗതി ചെയ്യും.

കൂടാതെ കേരള ബാങ്ക് ചീഫ് ജനറൽ മാനേജരായ സി.അബ്ദുൾ മുജീബിനെ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ മനേജിങ്ങ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാനും ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവണമെന്റ് പ്ലീഡർ പി നാരായണനെ അഡിഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടറായി മൂന്ന് വർഷ കാലയളവിൽ നിയമിക്കാനും മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.

കേരളം വാചകം

# ശാരദാസിലെത്തി സുരേഷ് ഗോപി; ഓർമ്മകൾ പങ്കുവച്ച് ടീച്ചർ



കണ്ണൂർ: സുരേഷേ വാ... കൈപിടിച്ച് സ്വീകരിച്ച് ശാരദ ടീച്ചർ. കാൽതൊട്ടു വന്ദിച്ച് അനുഗ്രഹം തേടി കഴിഞ്ഞ ദിവസം കേന്ദ്ര സഹമന്ത്രിയായി അധികാരമേറ്റ സുരേഷ് ഗോപി. സന്തോഷ നിമിഷങ്ങൾക്ക് മധുരം പകർന്ന് കല്ല്യാശ്ശേരിയിലെ ശാരദാസ്.

വർഷങ്ങളായി തുടരുന്ന സൗഹൃദത്തിന്റ തുടർച്ചയായാണ് മുൻ മുഖ്യമന്ത്രിയും സി.പി.എം നേതാവുമായിരുന്ന ഇ.കെ. നായനാരുടെ വീട്ടിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപിയെത്തിയത്. നായനാരെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ 'പ്രിയ സഖാവ്' ശാരദ ടീച്ചർ സുരേഷ് ഗോപിക്ക് കൈമാറി. താൻ രചിച്ച പുസ്തകത്തെ കുറിച്ച് വായിച്ച് അഭിപ്രായം അറിയിക്കണമെന്നും ടീച്ചർ ആവശ്യപ്പെട്ടു. സുരേഷ് ഗോപി കൊണ്ടുവന്ന മധുരം ടീച്ചർ സുരേഷ് ഗോപിയുമായി പങ്കുവച്ചു. ഉച്ചഭക്ഷണം കഴിച്ചാണ് അദ്ദേഹം വീട്ടിൽ നിന്ന് മടങ്ങിയത്.

നായനാരോട് ഏറെ അടുപ്പം സൂക്ഷിച്ചിരുന്ന ആളാണ് സുരേഷ് ഗോപി. സുരേഷ് മുൻപ് പലപ്രാവശ്യം ഈ വീട്ടിൽ വന്നിട്ടുണ്ട്. എത്രയോ തവണ ഭക്ഷണം കഴിച്ചിട്ടുണ്ട്. കണ്ണൂരിൽ എത്തുമ്പോൾ വിളിച്ച് പറയും അമ്മാ ഭക്ഷണം വേണമെന്ന്. സുരേഷ് പഴയ സുരേഷല്ലല്ലോ, ഇപ്പോ ഒരുപാട് തിരക്കുണ്ട്. എന്നിട്ടും വീട്ടിലേക്ക് കാണാൻ വരുന്നതിൽ വളരെ സന്തോഷമുണ്ട്. രാഷ്ട്രീയം വേറെയാണെന്നേ ഉള്ളൂ, ജനങ്ങൾക്ക് വേണ്ടി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്ന ആളാണ് ശാരദ ടീച്ചർ പറഞ്ഞു.

കോഴിക്കോട്ടെ തളി ക്ഷേത്രം, കണ്ണൂർ പഴയങ്ങാടിയിലെ മാടായി കാവ്, പറശിനിക്കടവ് എന്നിവിടങ്ങിൽ ദർശനം നടത്തിയ ശേഷമാണ് ശാരദ ടീച്ചറെ കാണാനെത്തിയത്. തുടർന്ന് അദ്ദേഹം പയ്യാമ്പലത്തെ മാരാർജിയടെ സ്മൃതി മണ്ഡപം സന്ദർശിച്ചു. വൈകിട്ട് കൊട്ടിയൂർ ക്ഷേത്ര ദർശനവും നടത്തി.

### എന്റെ സഖാവരാണെന്ന് അറിയില്ലേ; രാഷ്ട്രീയം കലർത്തരുത്: ശാരദ ടീച്ചർ

വീട്ടിൽ വരുന്നവരുടെ രാഷ്ട്രീയം ചോദിക്കാറില്ലെന്നു ശാരദ ടീച്ചർ. നിങ്ങൾക്കല്ലേ രാഷ്ട്രീയം, സഖാവിനെ സുരേഷ് ഗോപി വിളിക്കാറുള്ളത് അച്ഛാ എന്നാ, എന്നെ അമ്മേയെന്നും. തുറന്ന മനസാണല്ലോ എന്റെ സഖാവിന്. അവർ രണ്ടുപേരും നേരിൽ കണ്ടാൽ ഒരുപാട് സംസാരിക്കും. പല മുഖ്യമന്ത്രിമാരേയും പരിചയമുണ്ടായിരുന്നുവെങ്കിലും സഖാവിനോടുള്ളത് പോലൊരു അടുപ്പം ആരുമായി ഉണ്ടായിട്ടില്ലെന്ന് സുരേഷ് പറഞ്ഞിട്ടുണ്ട്. അമ്മയെ ചെന്ന് കാണുമെന്നാ പറഞ്ഞാണ് ഇങ്ങോട്ട് വരുന്നത്. എന്റെ സഖാവാരെന്ന് അറിയില്ലേ. ഇതിൽ രാഷ്ട്രീയം കാണരുതെന്ന് തന്റെ അപേക്ഷയാണെന്നും സഖാവിന് ദോഷം വരുന്നതൊന്നും പറയില്ലെന്നും വ്യക്തമാക്കി. ഒടുവിൽ നായനാരെ കുറിച്ച് പറഞ്ഞ് ടീച്ചറുടെ കണ്ണ് നിറഞ്ഞു.

### കണ്ണൂരു കൂടി നിങ്ങൾ ഇങ്ങ് തരണം: സുരേഷ് ഗോപി

ആത്മബന്ധമാണ് നായനാരും കുടുംബവുമായി. എന്റെ അപ്പച്ചിയാണ് ടീച്ചർ. നായനാരെപ്പോലെ മുന്തിയ പരിഗണന പാവങ്ങൾക്ക് നൽകും. കണ്ണൂരു കൂടി നിങ്ങൾ ഇങ്ങുതരണം. എന്റെയും കൂടിയല്ലേ കണ്ണൂർ. ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ടു വരേണ്ടി വരും. ശാരദ ടീച്ചറെ കണ്ടതിനു ശേഷം പയ്യാമ്പലത്തെ മാരാർജി സ്മൃതി കുടീരത്തിലെത്തിയപ്പോൾ സുരേഷ് ഗോപി പ്രതികരിച്ചു.










# രാജീവ്ഗാന്ധി മധ്യാനത്തിൽ ഒരു അസ്തമയം




**1991 ലെ പൊതുതെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏറ്റവും മുന്നിലുണ്ടായിരുന്ന താരം ട്രാക്കിൽ തന്നെ ക്രൂരമായി തടഞ്ഞുനിർത്തപ്പെട്ടു. കോൺഗ്രസ് ഐ നേതാക്കളായ ജയന്തി നടരാജനും മൂപ്പനാരുമാണ് രാജീവ് ഗാന്ധിയെ തിരിച്ചറിഞ്ഞത്. ഒരു പോലീസുകാരനും മൂപ്പനാരും രാജീവ് ഗാന്ധിക്ക് ജീവനുണ്ടോ എന്നറിയാൻ തൊട്ടുനോക്കി. പക്ഷേ പെട്ടെന്ന് അവർ മരവിച്ചു നിന്നു പോയി. എവിടെ തൊട്ടാലും കൈയിൽ രക്തവും മാംസവും ഒട്ടിപ്പിടിക്കുമായിരുന്നു.**

മരവിച്ച മനസ്സുമായി ഉമ്മൻചാണ്ടി എത്ര നേരമിരുന്നുവെന്ന് അറിയില്ല. നെഞ്ച് പിടയുന്ന ആ മരണവാർത്ത എത്രപെട്ടെന്നാണ് തന്നെ ശൂന്യതയുടെ ആഴങ്ങളിലേക്ക് വലിച്ചിട്ടത്. മദ്രാസിൽ നിന്നും 45കി.മി. ദൂരത്ത് ശ്രീപെരുംപുത്തൂരിൽ തെരഞ്ഞെടുപ്പു പ്രചാരണത്തിനെത്തിയ രാജീവ് ഗാന്ധി ചാവേർ ആക്രമണത്തിൽ രക്തസാക്ഷിയായിരിക്കുന്നു. രാജ്യം ഉറ്റുനോക്കിയിരുന്ന ഒരു നേതാവിന്റെ അസ്തമയം..! പ്രതീക്ഷയുടെ വെള്ളിനക്ഷത്രം പൊലിഞ്ഞിരിക്കുന്നു.

നിരന്തരമായി ദുരന്തങ്ങൾ അനുഭവിക്കുന്ന സമൂഹമാണ് ഇന്ത്യ. ഒരു ആഘാതത്തെ അതിജീവിച്ച് മറ്റൊരു ആഘാതത്തിന്റെ മുന്നിൽ ചെന്ന് വീഴുന്ന സമൂഹം. ജീവിതത്തിന്റെ സുവർണ്ണ കാലഘട്ടത്തിൽ ഒരു യുവ നേതാവിനുണ്ടായ ആകസ്മീക ദുരന്തം മാത്രമല്ല ഇത് രാഷ്ട്രത്തിനു മുഴുവനായി ഉണ്ടായ ആഘാതമാണ്. നെഹ്റു ഗാന്ധി കുടുംബവാഴ്ചയെ ഊന്നുവടി ആക്കി കൊണ്ട് കഴിഞ്ഞ കുറെ കാലങ്ങളായി ഒരു ദശകത്തിൽ നിന്നും മറ്റൊരു ദശകത്തിലേക്ക് മുടന്തി നടക്കുകയായിരുന്ന നമ്മുടെ രാജ്യത്തിന് അപ്രതീക്ഷിതമായി ആ താങ്ങ് നഷ്ടപ്പെടുകയാണ്. കോൺഗ്രസ് പാർട്ടിയുടെ

രക്ഷാകവചവും. ഇന്ത്യയുടെ അസംഖ്യം പ്രശ്നങ്ങളിൽ അനായാസം പരിഹരിക്കാൻ കഴിവുള്ള അതുല്യനായ ഒരു നേതാവ് ഒന്നുമായിരുന്നില്ല രാജീവ്. എന്നാൽ കോൺഗ്രസ് ഐ യെ ഒറ്റക്കെട്ടായി നിർത്തിയ ശക്തി അദ്ദേഹമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല.

രാജീവ് ഗാന്ധിയുടെ ആ ചുണ്ടുകൾ, പുഞ്ചിരിക്കുന്ന കണ്ണുകൾ... ഒട്ടുമിക്ക ഇന്ത്യാക്കാർക്കും ഇഷ്ടപ്പെട്ട മുഖം.

കറുത്തു തടിച്ച ആ സ്ത്രീ തന്റെ അരയിൽ ആ ബെൽറ്റ് ബോംബ് അവസാനമായി മുറുക്കിയതോടെ രാജീവ് ഗാന്ധിയുടെ വധം സുനിശ്ചിതമായി കഴിഞ്ഞിരുന്നു. കണ്ണട ധരിച്ച പൊക്കം കുറഞ്ഞ ഇരുണ്ട നിറമുള്ള 35 ഓളം വയസ്സ് തോന്നിക്കുന്ന ആ സ്ത്രീക്ക് ആരുടെയും പ്രത്യേക ശ്രദ്ധയാകർഷിക്കാതെ തമിഴ്നാട്ടിലെ ഏതു തെരഞ്ഞെടുപ്പ് യോഗത്തിലും ജനങ്ങളോട് ഇഴുകിച്ചേർന്നു നിൽക്കാമായിരുന്നു. ഒരു നേരിയ ചേർച്ചക്കേട് മാത്രം. അവർ സൽവാറും കമ്മീസും ആണ് ധരിച്ചിരുന്നത്. പക്ഷേ, തമിഴ്നാട്ടിലെ ഒട്ടേറെ സ്ത്രീകൾ സാരി വിട്ട് സൗകര്യപ്രദമായ സൽവാർ കമ്മീസ് ധരിച്ച് തുടങ്ങിയിരിക്കുന്ന കാലം.

പ്രത്യേകിച്ചും മദ്രാസിൽ. അതിനാൽ മദ്രാസിൽ നിന്ന് 45 കിലോമീറ്റർ ദൂരം മാത്രമുള്ള ശ്രീപെരുംപുത്തൂരിൽ എത്തിയ ആ യുവതി സൽവാർ കമ്മീസ് ധരിച്ചിരുന്നു എന്നതുകൊണ്ട് മാത്രം സുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ നോട്ടപ്പുള്ളി ആകേണ്ട കാര്യമുണ്ടായിരുന്നില്ല. പക്ഷേ 12 മണിക്കൂറുകൾക്ക് ശേഷം ശരീരത്തിൽ നിന്നും അറ്റുപോയ തലയും രണ്ട് കാലുകളും ആയി രാജ്യത്തെ പരമോന്നതരായ കുറ്റാന്വേഷണ വിദഗ്ധർ ഹീനമായ ഒരു വധത്തിന്റെ കണ്ണികൾ കൂട്ടിച്ചേർക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞിരുന്നു. മനുഷ്യ ബോംബായി പ്രവർത്തിച്ച ആ സ്ത്രീയെ തിരിച്ചറിയാൻ ഡെനിം വെൽ ക്രോ ബെൽറ്റിന്റെ കഷണങ്ങൾ, ബോംബ് സജ്ജമാക്കുന്ന സ്വിച്ചിന്റെ ചില ചിന്നിച്ചിതറിയ കഷണങ്ങൾ. ബാറ്ററി എന്നിവ മാത്രമേ അവരുടെ കൈവശം ഉണ്ടായിരുന്നുള്ളൂ. ഈ രാജ്യവും ചരിത്രം തന്നെയും ഒരിക്കലും മറക്കാൻ ഇടയില്ലാത്ത ഒരു കൃത്യം ആയിരുന്നു ആ സ്ത്രീ നിർവഹിച്ചത്.

മൃതദേഹങ്ങൾ ചിതറികിടക്കുന്ന ഭീകരമായ ആ വേദിയിൽ തന്റെ പൈതൃകം നിലനിർത്തുന്നതിന് വേണ്ടി അവസാനശ്വാസം വരെ പോരാടിയ ആ 46 കാരൻ രക്തത്തിൽ കുളിച്ചുകിടക്കുന്നു.

അന്തിമയാത്രയിൽ അദ്ദേഹത്തോടൊപ്പം ഡൽഹി പോലീസ് സബ് ഇൻസ്പെക്ടർ രാജീവ് സ്വന്തം സുരക്ഷയിൽ ശ്രദ്ധിക്കുന്നില്ല എന്ന കാര്യം തനിക്കറിയാമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. രാജീവ് ഗാന്ധിക്ക് എന്തെങ്കിലും സംഭവിച്ചാൽ അത് എന്റെ ജഡത്തിനുമേൽ ആയിരിക്കും എന്ന് കൽക്കത്തയിൽ അദ്ദേഹം പത്രക്കാരോട് പറഞ്ഞത് ഓർക്കുന്നു. അദ്ദേഹം ഉൾപ്പെടെ 16 പേരായിരുന്നു ആ ദുർവിധി ഏറ്റുവാങ്ങിയത്. കോൺഗ്രസ് ഐയുടെ സ്ഥലത്തെ സ്ഥാനാർത്ഥിയും മുതിർന്ന കോൺഗ്രസ് നേതാവുമായ മരഗതം ചന്ദ്രശേഖറും അബോധാവസ്ഥയിൽ അവരോടൊപ്പം കിടക്കുന്നുണ്ടായിരുന്നു. സംഭവം നടക്കമ്പോൾ ടി.എൻ.സി.ഐ പ്രസിഡന്റ് പി.എ. അരശു നാച്ചിയപ്പൻ രാജീവന് അണിയിക്കാൻ ഷാളുമായി നിൽക്കുകയായിരുന്നു. അദ്ദേഹം വേദിയിൽ എത്താൻ കാത്തുനിന്നു. അപ്പോഴാണ് ആ വലിയ പൊട്ടിത്തെറി ഉണ്ടായത്. തുടർന്ന് രണ്ടു വലിയ മാംസ കഷ്ണങ്ങൾ തന്റെ നേരെപതിച്ചു. സംഭ്രാന്തനായ നാച്ചിയപ്പൻ അലമുറയിട്ടു. തുടർന്ന് വേദി വിട്ടോടി. സദസ്സിൽ ഉണ്ടായിരുന്നവരിൽ ഭൂരിഭാഗവും അതുതന്നെയാണ് ചെയ്തത്. അവിടെയുണ്ടായിരുന്ന പോലീസുകാരും തെല്ലുനേരത്തേക്ക് അപ്രത്യക്ഷരായി. ഇനിയും ഒട്ടേറെ ബോംബുകൾ പൊട്ടിത്തെറിക്കാൻ ഉണ്ട് എന്നായിരുന്നു അവരുടെ ഭീതി. ആ ഭീതിയിൽ നിന്നും മുക്തരായ അവർ സ്ഫോടനത്തിനും മുമ്പേ രാജീവ് ഗാന്ധി അപകടമേഖല പിന്നിട്ടിരിക്കണേ എന്ന് പ്രാർത്ഥിച്ചു. പക്ഷേ വെള്ള വസ്ത്രം ധരിച്ച ദേഹവും രക്തത്തിൽ കുളിച്ചു കിടക്കുന്നുണ്ടായിരുന്നു. ചിരപരിചിതമായ കഷണ്ടി തലയും അവരെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവന്നു.

1991 ലെ പൊതുതെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏറ്റവും മുന്നിലുണ്ടായിരുന്ന താരം ട്രാക്കിൽ തന്നെ ക്രൂരമായി തടഞ്ഞുനിർത്തപ്പെട്ടു എന്നതായിരുന്നു യാഥാർത്ഥ്യം. കോൺഗ്രസ് ഐ നേതാക്കളായ ജയന്തി നടരാജനും മൂപ്പനാരുമാണ് രാജീവിനെ തിരിച്ചറിഞ്ഞത്. ഒരു പോലീസുകാരനും മൂപ്പനാരും രാജീവ് ഗാന്ധിക്ക് ജീവനുണ്ടോ എന്നറിയാൻ തൊട്ടുനോക്കി. പക്ഷേ പെട്ടെന്ന് അവർ മരവിച്ചു നിന്നുപോയി. എവിടെ തൊട്ടാലും കൈയിൽ രക്തവും മാംസവും ഒട്ടിപ്പിടിക്കുമായിരുന്നു എന്നാണ് മൂപ്പനാർ പിന്നെപറഞ്ഞത്.

ചാവേറാക്രമണം നടത്തുക ശ്രീലങ്കൻ തമിഴ് തീവ്രവാദികൾക്ക് പുത്തരിയൊന്നുമല്ല. ശ്രീലങ്കയിൽ പലയിടത്തും മൈനുകൾ കെട്ടിവെച്ച് ഇന്ത്യൻ സൈനിക വാഹനങ്ങളുടെ മുന്നിൽ ചാടി വീഴുന്നതും സ്ഫോടക വസ്തുക്കൾ നിറച്ച് വച്ച വഞ്ചികളുമായി സൈനിക ബോട്ടുകളിൽ ഇടിക്കുന്നതും എൽടിടിയുടെ പതിവ് പരിപാടികൾ ആയിരുന്നു. എന്നാൽ അവയെല്ലാം വളരെ അകലെ മറ്റൊരു നാട്ടിലാണ് നടന്നിരുന്നത്. മദ്രാസിൽ നിന്ന് 45 കിലോമീറ്റർ അകലെ ഒരിടത്ത് ഇങ്ങനെ നടക്കുമെന്ന് ആരും കരുതിയിരുന്നില്ല. സ്ഫോടനം കഴിഞ്ഞ് അരമണിക്കൂർ നേരം അവിടെയെങ്ങും സംഭ്രമം നിറഞ്ഞ അന്തരീക്ഷമായിരുന്നു. പോലീസ് സമനില ഏതാണ്ട് വീണ്ടെടുത്തുകഴിഞ്ഞിരുന്നു. അപ്പോഴേക്കും കൊലയാളിക്ക് കൂട്ടായി ആരെയെങ്കിലും ഉണ്ടായിരുന്നു എങ്കിൽ അവർക്ക് രക്ഷപ്പെടാനുള്ള അവസരവും ആ സമയത്തിനുള്ളിൽ ഉണ്ടായിരിക്കണം. മൂപ്പനാരും ജയന്തി നടരാജനും അക്ഷരാർത്ഥത്തിൽ തളർന്നിരുന്നു പോയി. രാജീവ് ഗാന്ധിയുടെ സഹായിയും സുഹൃത്തുമായ സുമൻ ദുബൈ പതറിപ്പോയെങ്കിലും ഉടൻതന്നെ കർത്തവ്യനിരുതനായി. എന്താണ് സംഭവിച്ചത് എന്നറിയാൻ മുന്നോട്ടു കുതിച്ചു. രാജീവിന്റെ ജഡം അല്ലെങ്കിൽ ജഡത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ പെറുക്കിയെടുത്ത് ഉടൻ തന്നെ ഒരു ആംബുലൻസിലാക്കി മദ്രാസിനെ ലക്ഷ്യമാക്കി പാഞ്ഞു.

രാത്രിയിൽ പതിവുപോലെ തെരുവുകളിൽ ചുറ്റിയിരുന്ന ചെറിയ സംഘം പോലീസുകാർ വളരെ പെട്ടെന്ന് നഗരം സജീവമാകുന്നത് അതിശയത്തോടെയാണ് നോക്കിയത്. ചുവന്ന വിളക്കുകൾ കത്തിച്ചു സയറൺ മുഴക്കി മിന്നൽ പോലെ പായുന്ന പോലീസ് വാഹനങ്ങൾ കണ്ട് അവർ അമ്പരന്നു നിന്നു.

ഏതാണ്ട് 2000 കിലോമീറ്റർ അകലെ രാഷ്ട്രപതി ഭവനിലേക്കുള്ള വിശാലമായ പാതയോരത്ത് കാവൽ നിൽക്കുന്ന സൈനികരും വിഐപി വാഹനങ്ങളുടെ അതിവേഗത്തിലുള്ള ഓട്ടം കണ്ട് അമ്പരന്നു. പാർക്കിംഗ് ഏരിയയിൽ വെള്ള അംബാസിഡർ കാറുകൾ നിറഞ്ഞു. രാജ്യത്തെ അത്യുന്നതരായ ബ്യൂറോക്രാറ്റുകൾ അടിയന്തര സ്ഥിതി വിശേഷങ്ങൾ നേരിടാൻ യോഗം ചേർന്നു. സമ്മേളന സ്ഥലമായ ക്യാബിനറ്റ് സെക്രട്ടറിയുടെ മുറി. രാത്രി 10:50ന് ഊണ് കഴിച്ചു കൊണ്ടിരിക്കുമ്പോൾ നിർത്താതെ ബെല്ലടി കേട്ടാണ് ഹോം സെക്രട്ടറി ആർ.കെ. ഭാർഗവ ഫോണെടുത്തത്. ആഭ്യന്തരവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു അങ്ങെതലയ്ക്കൽ. ഒരു ബോംബ് സ്ഫോടനം ഉണ്ടായിട്ടുണ്ടെന്ന് സ്ഥിരീകരിക്കാത്ത വാർത്ത അയാൾ അദ്ദേഹത്തെ അറിയിച്ചു. 20 മിനിറ്റുകൾക്ക് ശേഷം സ്ഥിരീകരണം വന്നു. അതേ സമയത്ത് തന്നെ ഒറീസയിലായിരുന്ന പ്രധാനമന്ത്രി ചന്ദ്രശേഖറും റാഞ്ചിയിലായിരുന്ന ആഭ്യന്തര സഹമന്ത്രി സബോധ് സഹായിക്കും ബോംബ് സ്ഫോടനത്തിന്റെ വിവരം കിട്ടി. അപ്പോഴേക്കും ക്യാബിനറ്റ് സെക്രട്ടറി, ഐ.ബി. ഡയറക്ടർ റോമേധാവി എന്നിവരുമായും ഭാർഗവ സംസാരിച്ചു കഴിഞ്ഞിരുന്നു. അവരെല്ലാം ക്യാബിനറ്റ് സെക്രട്ടറിയേറ്റിലേക്ക് കുതിച്ചു. പ്രതിരോധ വകുപ്പ് സെക്രട്ടറിയും സേനാമേധാവിയും അവർക്ക് പിന്നാലെ വന്നു. 1984 നവംബറിലെ അക്രമങ്ങൾ എല്ലാവരുടെയും ഓർമ്മയിൽ ഉണ്ടായിരുന്നു. രാജ്യത്തെങ്ങും വൻതോതിൽ കലാപം ഉണ്ടാകാനുള്ള സാധ്യത ആരും തള്ളിക്കളഞ്ഞില്ല. മാത്രമല്ല അടുത്ത ദിവസം രാവിലെ വരെ തീവ്രവാദികൾക്ക് ഇതിൽ പങ്കുണ്ടോ ഇല്ലയോ എന്ന കാര്യവും വ്യക്തമായിരുന്നില്ല.

ഏറെ ദാരുണമായ കൊലപാതക വാർത്തയും കേട്ടുകൊണ്ടാണ് മെയ് 22ന് രാഷ്ട്രം ഉണർന്നത് അതോടെ ചോദ്യങ്ങളും ഉയർന്നുവന്നു. ആരാണ് അദ്ദേഹത്തെ കൊല ചെയ്തത് എന്തിനു വേണ്ടി അദ്ദേഹം അധികാരത്തിലുള്ള സമയം പോലും ആയിരുന്നില്ല. പെട്ടെന്നുള്ള പ്രകോപനത്തിന് യാതൊരു കാരണവുമില്ലായിരുന്നു. ആദ്യം തികച്ചും അവിശ്വസനീയമായി തോന്നിയെങ്കിലും രാഷ്ട്രത്തിന് ദുഃഖത്തോടും നിരാശയോടും കൂടി ആ ദുരന്തം ഉൾക്കൊള്ളേണ്ടി വന്നു. രാജീവ് ഗാന്ധിയുടെ യോഗ സ്ഥലത്ത് ബോംബ് സ്ഫോടനം സംഭവിച്ച 15 മിനിറ്റുകൾക്കുള്ളിൽ തന്നെ വിവരം ജൻപഥിലെ പത്താം നമ്പർ വീട്ടിലെത്തി.

വാർത്തയറിഞ്ഞ് അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ ഞെട്ടി. രാജീവ് ഗാന്ധി കൊല്ലപ്പെട്ട കാര്യം അപ്പോൾ അവർക്ക് ഉറപ്പുണ്ടായിരുന്നില്ല. രാജുവിന്റെ സെക്രട്ടറി രാജീവ് പങ്കെടുത്ത യോഗത്തിൽ ഒരു സ്ഫോടനം ഉണ്ടായതായി സോണിയയെ അറിയിച്ചു. വിശാഖപട്ടണത്തിൽ നിന്നും മദ്രാസ് വരെ രാജീവിന്റെ കിംഗ് എയർ വിമാനം പറപ്പിച്ചിരുന്ന വൈമാനികന് ആ ദുരന്ത വാർത്തയുമായി വീണ്ടും തലസ്ഥാനത്തേക്ക് പറക്കേണ്ടി വന്നു. രാജീവ് സ്ഥിരമായി യാത്ര ചെയ്തിരുന്ന വിമാനമായിരുന്നു അത്. അദ്ദേഹത്തിന്റെ പേനയും പുസ്തകങ്ങളും മറ്റും വീട്ടിൽ തന്നെ ഉണ്ടായിരുന്നു. ഏതാണ്ട് അർദ്ധ രാത്രിയോടെ ജോർജ്, ഫോട്ടോദാർ, സതീഷ് ശർമ എന്നിവർ രാജീവിന്റെ മരണവാർത്ത സ്ഥിരീകരിച്ചതായി പ്രിയങ്കയെ അറിയിച്ചു. പ്രിയങ്കയാണ് സോണിയായെ ആ ദുരന്തവാർത്ത ഏതാണ്ട് രാത്രി 11:55ന് അറിയിച്ചത്. പ്രിയങ്ക തികഞ്ഞ മനസ്സാന്നിധ്യത്തോടെ വീട്ടിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു. സോണിയയുടെ മുറിയിൽ ആരും പ്രവേശിക്കാതിരിക്കാൻ അവർ ശ്രദ്ധിച്ചു. സ്വന്തം മുറിയിലിരുന്ന് പൊട്ടിക്കരഞ്ഞ സോണിയ കറുത്ത കണ്ണട അണിഞ്ഞ് അല്പം കഴിഞ്ഞാണ് പുറത്തേക്കു വന്നത്. സോണിയ അമേഠിയിൽ നിന്ന് അന്ന് രാവിലെ മടങ്ങി വന്നതേ ഉണ്ടായിരുന്നുള്ളൂ. തിരക്കുപിടിച്ച പ്രചാരണ പരിപാടിക്ക് ശേഷം അവർ രാജീവ് ഗാന്ധിയുമായി ഫോണിൽ സംസാരിക്കുകയും ചെയ്തിരുന്നു. എല്ലാ ദിവസവും രാത്രിയിൽ എത്ര വൈകിയാലും രാജീവ് ഫോണിൽ ഭാര്യയും മക്കളുമായി സംസാരിക്കുക പതിവായിരുന്നു. ദുരന്തവാർത്ത അറിഞ്ഞ ഉടനെ സോണിയ മദ്രാസിൽ എത്താൻ ധൃതിപിടിച്ചു. ആ സമയത്ത് രാജീവിന്റെ ശിഥിലമാക്കപ്പെട്ട മൃതദേഹം തുന്നിക്കെട്ടാൻ മദ്രാസ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ പാടുപെടുകയായിരുന്നു. ജനറൽ ആശുപത്രിയിലെ മോർച്ചറി രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു. നമ്പർ 390 രാജീവ് ഗാന്ധി. ബോംബ് സ്ഫോടനം (പോസ്റ്റ്മോർട്ടം) പുലർച്ചെ 1:30 ന് നടന്നു. ഈ ക്രമീകരണങ്ങളിൽ രാജീവ് ഗാന്ധിയുടെ കുടുംബം അസംതൃപ്തി പ്രകടിപ്പിച്ചതിൽ അത്ഭുതമില്ല.

പോസ്റ്റ്മോർട്ടം ഹാളിൽ വെറും ഒരു ബൾബ് മാത്രമേ ഉണ്ടായിരുന്നുള്ളൂ ഡോക്ടർമാർക്കു പോലും അമ്പരപ്പുണ്ടാക്കിയ കാര്യം. ജനറൽ ആശുപത്രിയിൽ ദനപഥിലെ പത്താം നമ്പർ വസതിക്ക് മുമ്പിൽ ജനം തടിച്ചു കൂടിയിരുന്നു. ആരാണ് കൊലചെയ്ത് എന്ന് വ്യക്തമായിരുന്നില്ല. അവർ ചന്ദ്രശേഖരനും

വി.പി. സിങ്ങിനും എൽ.കെ. അധ്വാനിക്കും എതിരായ മുദ്രാവാക്യങ്ങൾ മുഴക്കി കൊണ്ടിരുന്നു. സ്ത്രീകൾ ആവട്ടെ വാവിട്ടു കരയുകയായിരുന്നു. അവിടെയെത്തിയ ഫോട്ടോഗ്രാഫർമാരെ ജനം മർദ്ദിച്ചു. പ്രസിഡന്റിന്റെ കാറിനു നേരെ കല്ലെറിഞ്ഞു. ബി.ജെ.പി ഓഫീസ് കത്തിക്കുക എന്ന് ജനക്കൂട്ടത്തിൽ നിന്ന് ആരോ വിളിച്ചുപറഞ്ഞു. അതോടെ 200 ഓളം വരുന്ന ജനക്കൂട്ടം അശോകാ റോഡിലേക്ക് തിരിഞ്ഞു. വഴിയിൽ രാംവിലാസ് പാസ്വാന്റെ വീട് അവരുടെ ദൃഷ്ടിയിൽ പെട്ടു. അവർ അതിന്റെ ഔട്ട്ഹൗസിന് തീ കൊളുത്തി. വിവരം അറിഞ്ഞ രാജീവിന്റെ വസതിക്കു മുമ്പിൽ എത്തിയ അരുൺ സിംഗ് അരമണിക്കൂർ കാത്തുനിന്നെങ്കിലും അകത്തു കടക്കാനാവാതെ തിരികെ പോകേണ്ടിവന്നു. സുരക്ഷാ ഉദ്യോഗസ്ഥന്മാർക്ക് ആളുകൾ ഉള്ളിലേക്കും പുറത്തേക്കും കടത്തിവിടാൻ വല്ലാത്ത ഭീതി ആയിരുന്നു.


ജോഷി ജോർജ്

മീനമ്പാക്കം വിമാനത്താവളത്തിലെ പഴയ ടെർമിനലിനു ചുറ്റും ജനം തടിച്ചുകൂടിക്കൊണ്ടിരുന്നു. സാധാരണക്കാർക്ക് പ്രവേശനം വിലക്കിയിരുന്ന ആ കെട്ടിടത്തിലായിരുന്നു അപ്പോൾ രാജീവിന്റെ മൃതദേഹം സൂക്ഷിച്ചിരുന്നത്. സെക്യൂരിറ്റി ഓഫീസർ പി.കെ. ഗുപ്തയുടെയും മൃതദേഹം ഒപ്പമുണ്ടായിരുന്നു. പുലർച്ചെ 4:20ന് പ്രത്യേക വിമാനം മീനമ്പാക്കത്ത് വന്നിറങ്ങി. ആകെ തകർന്നപോയ സോണിയ കരയുന്നുണ്ടായിരുന്നു. പ്രിയങ്കയുടെ കവിളിലൂടെ കണ്ണുനീർ ധാരയായി പ്രവഹിച്ചുകൊണ്ടിരുന്നു. ദീർഘകാല സുഹൃത്തായ സുമൻ ദുബായ് അവരെ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

ശ്രീപെരുംപുതൂരിലെ അത്യാഹിതം നടക്കുമ്പോൾ അദ്ദേഹം രാജീവിൽ നിന്നും 20 ചുവട് അകലെ മാത്രമായിരുന്നു. സ്ഫോടനം കേട്ടപ്പോൾ അദ്ദേഹം അടക്കം എല്ലാവരും ആദ്യം കരുതിയത് പടക്കമായിരിക്കും എന്നാണ് രാജുവിനോടൊപ്പം സഞ്ചരിച്ചിരുന്ന ന്യൂയോർക്ക് ടൈംസിന്റെ ബാർബറ ക്രോസെറ്റെ അത് ബോംബ് ആയിരിക്കാൻ സാധ്യതയുണ്ടെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹം ഞെട്ടിപ്പോയത്. മൃതദേഹങ്ങൾക്കിടയിലൂടെ നടന്ന ദുബൈ തന്റെ സുഹൃത്തിനെ അന്വേഷിക്കുകയായിരുന്നു. രാജീവ് ഗാന്ധി അപകടത്തിൽ കുടുങ്ങാതെ പ്രസംഗവേദിയിൽ എത്തിയിട്ടുണ്ടായിരിക്കും എന്നാണ് അദ്ദേഹം പ്രതീക്ഷിച്ചത്. വേദിയിൽ കാണാതിരുന്നപ്പോൾ സുരക്ഷാഭടന്മാർ രാജീവ് ഗാന്ധിയെ സംഭവസ്ഥലത്തു നിന്നും രക്ഷിച്ചു കൊണ്ടു പോയിരിക്കും എന്ന് കരുതി.

പക്ഷേപിന്നിലേക്ക്തിരിഞ്ഞുനോക്കിയപ്പോൾ രാജ്യസഭാംഗം ജയന്തി നടരാജൻ കുനിഞ്ഞു നോക്കുന്നത് കാണാനിടയായി. അക്രമത്തിന് ഇരയായി കിടക്കുന്ന രാജീവിന്റെ പിൻ ശിരസ്സും കാലിലെ ഷൂസുകളും അവർ തിരിച്ചറിഞ്ഞ ഉടനെ മൃദദേഹം ഒരു ശവപ്പെട്ടിയിലേക്ക് മാറ്റി. അതിനുശേഷമാണ് വിമാനത്തിൽ കയറ്റിയത്. സോണിയായും പ്രിയങ്കയും അതിനു സമീപം തന്നെ ഇരുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് ഒരു വെളുത്ത ഹാരം അവർ ഭർത്താവിന്റെ ശവപ്പെട്ടിയിൽ ചാർത്തി. ദുബായും പ്രിയങ്കയും സോണിയായി ആശ്വസിപ്പിക്കാൻ പാടുപെട്ടു വെടിയുണ്ടകൾ തുളച്ചു കയറിയ തന്റെ അമ്മായിയമ്മയുടെ ദേഹം താങ്ങേണ്ടി വന്ന അവർക്ക് ഇപ്പോൾ വീണ്ടും മറ്റൊരു ദുർവിധി വന്നുചേർന്നു.

(തുടരും)

# ആന്ധ്ര, ഒഡീഷ മുഖ്യമന്ത്രിമാർ അധികാരമേറ്റു

വിജയവാഡ: ആന്ധ്രാപ്രദേശിൽ ടി.ഡി.പി അദ്ധ്യക്ഷൻ എൻ. ചന്ദ്രബാബുവും, ഒഡീഷയിൽബി.ജെ.പിനേതാവ്മോഹൻ ചരൺ മാജിയും മുഖ്യമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. ആന്ധ്രയിൽ സഖ്യകക്ഷിയും ജനസേനാ മേധാവിയുമായ പവൻ കല്യാൺ ഉപമുഖ്യമന്ത്രിയായി. നായിഡുവിന്റെ മകൻ നാരാ ലോകേഷുമുൾപ്പെടെ 24 പേർ മന്ത്രിമാരായും അധികാരമേറ്റു. ഗവർണർ എസ്. അബ്ദുൾ നസീർ സത്യവാചകം ചൊല്ലിക്കൊടുത്തു.

കൃഷ്ണ ജില്ലയിലെ ഗന്നവാരത്ത് കേസരപള്ളി ഐ.ടി പാർക്കിന് സമീപം നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, നിതിൻ ഗഡ്കരി, ജെ.പി. നദ്ദ, ശിവസേന അദ്ധ്യക്ഷൻ ഏകനാഥ് ഷിൻഡെ, സൂപ്പർതാരങ്ങളായ രജനികാന്ത്, ചിരഞ്ജീവി, രാംചരൺ തേജ തുടങ്ങിയവർ പങ്കെടുത്തു. നാലാം തവണയാണ് നായിഡു ആന്ധ്രയുടെ മുഖ്യമന്ത്രിയാകുന്നത്. വിഭജനത്തിനു ശേഷം രണ്ടാമതും. സത്യപ്രതിജ്ഞ ചെയ്ത 25 അംഗങ്ങളിൽ 17 പേരും ആദ്യമായി മന്ത്രിമാരാകുന്നവരാണ്. ഇവരിൽ എട്ടു പേർ ആദ്യമാണ് എം.എൽ.എയായത്.

ടി.ഡി.പി-21, ജനസേന-3, ബി.ജെ.പി-1 എന്നിങ്ങനെയാണ് മന്ത്രിസഭയിലെ പ്രാതിനിധ്യം. പവൻ കല്യാണിന്റെ കാപ്പു സമുദായത്തിലെ നാല് പേരുൾപ്പെടെ എട്ടു പേർ ഒ.ബി.സി വിഭാഗത്തിൽ നിന്ന് മന്ത്രിസഭയിലുണ്ട്. രണ്ട് പട്ടികജാതിക്കാരും ഒരോന്നു വീതം എസ്.ടിയും മുസ്ലിമും ഇതിലുൾപ്പെടുന്നു. 12 പേർ ഉയർന്ന ജാതിക്കാരാണ്.

മുൻ മന്ത്രിമാരായിരുന്ന മുതിർന്ന എം.എൽ.എമാരെ പരിഗണിച്ചില്ല. മുൻ കേന്ദ്രമന്ത്രിമാരായ സുജന ചൗദരി, കോട്‌ല സൂര്യപ്രകാശ് റെഡ്ഡി, കണ്ണ ലക്ഷ്മിനാരായണൻ എന്നിവർക്ക് സ്ഥാനം ലഭിച്ചില്ല. എന്നാൽ അഞ്ചാം തവണയും എം.എൽ.എയായ പയ്യാവുള കേശവ് ആദ്യമായി മന്ത്രിയായി.



### നവീനിനെ കണ്ട് മാജി

ഒഡീഷയിലെ മോഹൻ ചരൺ മാജി മന്ത്രിസഭയിലെ ഉപമുഖ്യമന്ത്രിമാരായി കെ.വി. സിംഗ് ദേവും പ്രവതി പരിദയും സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻഗഡ്കരി, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഒഡീഷ മുൻ മുഖ്യമന്ത്രി നവീൻ പട്നായിക്ക് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ചടങ്ങിന് മുമ്പ് മാജി നവീൻ പട്നായിക്കിന്റെ വസതിയിലെത്തി കൂടിക്കാഴ്ച നടത്തിയിരുന്നു.

### പവറായി പവൻ

ആന്ധ്രയിൽ എൻ.ഡി.എ സഖ്യം പുനരുജ്ജീവിച്ചത് പവൻ കല്യാണിന്റെ നേതൃത്വത്തിലായിരുന്നു. പവന്റെ പാർട്ടി മത്സരിച്ച മുഴുവൻ സീറ്റും വിജയിച്ചു. അതുകൊണ്ടു തന്നെയാണ് നായിഡു പവനെ ഉപമുഖ്യമന്ത്രിയാക്കിയത്. പവൻ ഉപമുഖ്യമന്ത്രിയാകുമെന്ന് നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു. 2019നു ശേഷമാണ് പവൻ എൻ.ഡി.എയിലെത്തിയത്. തുടർന്ന് ആറുമാസം മുമ്പാണ് അദ്ദേഹം ടി.ഡി.പിയെ എൻ.ഡി.എയിൽ എത്തിച്ചത്. അത് മോദിയുടെ മൂന്നാം വരവിനും നിർണായകമായി.

നായിഡു മന്ത്രിസഭയിൽ രണ്ടാമനായി പവൻ കല്യാൺ സത്യപ്രതിജ്ഞ ചെയ്യാനെത്തിയപ്പോൾ ആയിരങ്ങളുടെ ആരവം അത്യുച്ചത്തിലായി. 'കൊണിഡാല പവൻ കല്യാൺ ഗാരു...' എന്ന് ക്ഷണിച്ചപ്പോൾ ജനമിളകി.

സത്യപ്രതിജ്ഞയ്ക്കു ശേഷം ചന്ദ്രബാബു നായിഡുവിന്റേയും വേദിയിലുണ്ടായിരുന്ന ജ്യേഷ്ഠൻ ചിരഞ്ജീവിയുടേയും പാദം തൊട്ട് വന്ദിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രആഭ്യന്തരമന്ത്രി അമിത്ഷായും രജനികാന്തും ഭാര്യയും അദ്ദേഹത്തെ അഭിനന്ദിച്ചു. പവൻ സത്യപ്രതിജ്ഞ ചെയ്യുന്ന നിമിഷങ്ങൾ ഭാര്യ അന്ന ലെനേവ മൊബൈൽ ഫോണിൽ പകർത്തുന്നുണ്ടായിരുന്നു.

ആന്ധ്രപ്രദേശിൽ എൻ.ഡി.എ സഖ്യം പുനരുജ്ജീവിച്ചത് പവന്റെ കാർമ്മികത്വത്തിലായിരുന്നു. പവൻ കല്യാണിന്റെ ജനസേനപാർട്ടി മത്സരിച്ച മുഴുവൻ സീറ്റുകളിലും വിജയിക്കുകയും ചെയ്തു. അതുകൊണ്ടു തന്നെയാണ് പവന് നായിഡു ഉപമുഖ്യമന്ത്രി പദം നൽകി നന്ദി പ്രകടിപ്പിച്ചത്. പവൻ ഉപമുഖ്യമന്ത്രിയാകുമെന്ന് ജൂൺ 6ന് കേരളകൗമുദി റിപ്പോർട്ടു ചെയ്തിരുന്നു.

2019നു ശേഷം എൻ.ഡി.എയിൽ എത്തിയ പവൻ ലോക്സഭാ തിരഞ്ഞെടുപ്പിന് ആറുമാസം മുമ്പാണ് ടി.ഡി.പിയെ എൻ.ഡി.എയിൽ എത്തിച്ചത്. അത് കേന്ദ്രത്തിൽ മോദിയുടെ മൂന്നാം വരവിന് നിർണ്ണായകമാവുകയും ചെയ്തു.

## കനിമൊഴി ഡി.എം.കെ പാർലമെന്ററി പാർട്ടി നേതാവ്



ചെന്നൈ: തൂത്തുക്കുടി ലോക്സഭാ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കെ. കനിമൊഴിയെ ഡി.എം.കെ പാർലമെന്ററി നേതാവായി നിയമിച്ചു. ഡി.എം.കെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയാണ് കനിമൊഴി. ശ്രീപെരുമ്പത്തൂരിനെ പ്രതിനിധീകരിക്കുന്ന ടി.ആർ ബാലുവിന് പകരമാണ് കനിമൊഴി നിലവിൽ ലോക്സഭയിൽ ഡി.എം.കെയുടെ നേതാവാകുന്നത്.

ചെന്നൈ സെൻട്രൽ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ദയാനിധി മാരൻ ലോക്സഭയിലെ പാർട്ടിയുടെ ഉപനേതാവായിരിക്കുമെന്ന് ഡി.എം.കെ അദ്ധ്യക്ഷനും തമിഴ്നാട് മുഖ്യമന്ത്രിയുമായ എം.കെ സ്റ്റാലിൻ വാർത്താകുറിപ്പിൽ അറിയിച്ചു.

നീലഗിരി മണ്ഡലത്തിൽ നിന്നുള്ള മുൻ കേന്ദ്രമന്ത്രി എ.രാജയെ ലോക്സഭയിലെ വിപ്പായും തിരുച്ചി എൻ.ശിവയെ ഡി.എം.കെ രാജ്യസഭ നേതാവായും നിയമിച്ചു. ഡി.എം.കെ ട്രേഡ് യൂണിയൻ എൽ.പി.എഫ് ജനറൽ സെക്രട്ടറി എം.ഷൺമുഖം രാജ്യസഭയിൽ ഉപനേതാവും മുതിർന്ന അഭിഭാഷകൻ പി. വിൽസൺ രാജ്യസഭയിൽ പാർട്ടി വിപ്പും ആയി പ്രവർത്തിക്കും.

## ഡൽഹിയിൽ കുടിവെള്ള ടാങ്കർ മാഫിയയെന്ന് സുപ്രീംകോടതി; സർക്കാരിന് വിമർശനം

ന്യൂഡൽഹി: ഡൽഹിയിൽ കുടിവെള്ള ടാങ്കർ മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന് സുപ്രീംകോടതി നിരീക്ഷണം. വിഷയത്തിൽ സർക്കാരിനെ വിമർശിച്ച കോടതി, കുടിവെള്ള ടാങ്കർ മാഫിയയെ നേരിടാൻ ഡൽഹി സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും ചോദിച്ചു.

ഡൽഹിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഹരിയാനയിൽ നിന്നുള്ള ജലവിഹിതം ഉടൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ആം ആദ്മി പാർട്ടി സർക്കാർ സമർപ്പിച്ച പരിഗണിക്കുകയായിരുന്നു കോടതി. കുടിവെള്ള ടാങ്കർ മാഫിയയെ സംബന്ധിച്ച് ചാനലുകളിൽ വാർത്തകൾ കാണുന്നുണ്ട്. എല്ലാ വേനൽക്കാലത്തും ഇത് പതിവായിരിക്കുകയാണ്.

ഹിമാചൽ പ്രദേശിൽ നിന്ന് ജലം എത്തുന്നുണ്ട്. ഇതെവിടേക്കാണ് പോകുന്നത്. ടാങ്കർ മാഫിയകൾക്ക് വെള്ളം ലഭിക്കുന്നു. പൈപ്പിൽ വെള്ളമില്ല. മാഫിയകൾക്കെതിരെ സർക്കാർ നടപടിയെടുത്തില്ലെങ്കിൽ ഡൽഹി പൊലീസിനെ ചുമതലപ്പെടുത്തുമെന്നും ജസ്റ്റിസുമാരായ പ്രശാന്ത് കുമാർ മിശ്ര, പ്രസന്ന ബി. വരാലെ എന്നിവരടങ്ങിയ അവധിക്കാല ബെഞ്ച് മുന്നറിയിപ്പ് നൽകി.

ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കി ഡൽഹി സർക്കാർ റിപ്പോർട്ട് സമർപ്പിക്കണമെന്നും ഉത്തരവിട്ടു. വിഷയം ഇന്ന് വീണ്ടും പരിഗണിക്കും.







# അമരാവതിയുടെ തലവര മാറ്റാൻ ചന്ദ്രബാബു നായിഡുവിന്റെ മാസ്റ്റർ പ്ലാൻ

ആന്ധ്രപ്രദേശിന്റെ പുതിയ തലസ്ഥാനമായി അമരാവതിയെ മാറ്റിയെടുക്കാൻ തയ്യാറെടുപ്പുകൾ നടത്തുകയാണ് മുഖ്യമന്ത്രിയായി അധികാരമേറ്റ ടി.ഡി.പി നേതാവ് ചന്ദ്രബാബു നായിഡു. ടി.ഡി.പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ ആന്ധ്രയിൽ അധികാരമേൽക്കുന്നതോടെ അമരാവതിയിലെ വികസന പ്രവർത്തനങ്ങൾ പൂർവാധികം ശക്തിയോടെ പുനരാരംഭിക്കുമെന്നാണ് വിലയിരുത്തൽ.

കഴിഞ്ഞ 10 വർഷത്തോളമായി തെലങ്കാനയുടെയും ആന്ധ്രയുടെയും സംയുക്ത തലസ്ഥാനമായി ഹൈദരാബാദ് തുടരുകയായിരുന്നു. എന്നാൽ ജൂൺ രണ്ടോടെ അതിന്റെ കാലാവധി അവസാനിക്കുകയാണ്. 2015 ൽ ചന്ദ്രബാബു നായിഡു മുഖ്യമന്ത്രിയായിരുന്ന കാലത്ത് അമരാവതിയിൽ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരുന്നു. എന്നാൽ 2019 ൽ ജഗൻ മോഹൻ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള സർക്കാർ വന്നതോടെ അതെല്ലാം താൽക്കാലികമായി നിർത്തി



കയായിരുന്നു.

**വൈഎസ്ആർ കോൺഗ്രസിന്റെ പദ്ധതികൾ**

സംസ്ഥാനത്തിന് മൂന്ന് വ്യത്യസ്ത തലസ്ഥാനം വേണമെന്ന നിർദ്ദേശമാണ് ജഗൻ മോഹൻ റെഡ്ഡി സർക്കാർ മുന്നോട്ട് വെച്ചിരുന്നത്. വിശാഖപട്ടണം, അമരാവതി, കർണൂൽ എന്നിവയെ മൂന്ന് വ്യത്യസ്ത തലസ്ഥാനമാക്കാനായിരുന്നു വൈഐസ്ആർ കോൺഗ്രസ് ലക്ഷ്യമിട്ടത്. എന്നാൽ അമരാവതിയെ തന്നെ സംസ്ഥാന തലസ്ഥാനം ആക്കണമെന്ന് ആന്ധപ്രദേശ് ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം അംഗീകരിക്കാതിരുന്ന ജഗൻ സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു. അതേസമയം കേസിന്റെ അന്തിമ വിധി വന്നിട്ടില്ല.

**നായിഡുവിന്റെ വാഗ്ദാനം**

ഇത്തവണ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ അമരാവതിയുടെ വികസനം ചന്ദ്രബാബു നായിഡു പ്രധാന വാഗ്ദാനമായി മുന്നോട്ട് വെച്ചിരുന്നു. സ്വയം പര്യാപ്തതയുള്ള നഗരമായി അമരാവതിയെ മാറ്റിയെടുക്കുമെന്നാണ് നായിഡു പ്രഖ്യാപിച്ചത്.

ഏകദേശം 10000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കാണ് നേരത്തെ ടി.ഡി.പി സർക്കാർ തുടക്കമിട്ടിരുന്നത്. അത് പുനരാരംഭിച്ച് സ്വകാര്യ നിക്ഷേപം വർധിപ്പിക്കാനാണ് നായിഡു ഇപ്പോൾ ലക്ഷ്യമിടുന്നത്.

**റിയൽ എസ്റ്റേറ്റ് മേഖലയിലും കുതിപ്പ്**

ആന്ധ്രപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിൽ ടി.ഡി.പി സഖ്യം വിജയിച്ചതോടെ അമരാവതിയിൽ സ്ഥലത്തിന് വില 50% മുതൽ 100% വരെ കുത്തനെ ഉയർന്നിരിക്കുകയാണ്. 2019ലെ സംസ്ഥാനത്തിന് മൂന്ന് തലസ്ഥാനങ്ങളെന്ന പദ്ധതി പ്രഖ്യാപനത്തെ തുടർന്ന് 60% മുതൽ 75% വരെ വില കുഞ്ഞിരുന്ന അവസ്ഥയിൽ നിന്നാണ് ഇപ്പോൾ വലിയ മാറ്റം ഉണ്ടായിരിക്കുന്നത്. ഇപ്പോൾ ഇവിടെ സ്ഥലം കിട്ടാനില്ലാത്ത അവസ്ഥയാണ്. അതിനാൽ തന്നെ വില ഇനിയും ഉയരാനാണ് സാധ്യത.

**കേന്ദ്രത്തിന്റെ പിന്തുണയും**

സംസ്ഥാനത്തിന് പുറമെ കേന്ദ്രത്തിലും എൻ.ഡി.എ ഭരണമായതിനാൽ അമരാവതിയുടെ വികസന പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് പോവുമെന്നാണ് കരുതുന്നത്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സിഎജി, സിപിഡബ്ല്യുഡി, എൻടിപിസി, ഒഎൻജിസി, ഇന്ത്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങൾ ഇതിനോടകം അമരാവതിയിൽ സ്ഥലം വാങ്ങിയിട്ടുണ്ട്. വൈകാതെ സ്വകാര്യ യൂണിവേഴ്സിറ്റികളും ഇവിടെ വരുമെന്നാണ് കരുതുന്നത്.

# രാജ്യത്തെ വീണ്ടെടുത്തത് ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ

മോദി-ഷാ ജോഡി ഒരു ദശകമായി തുടർന്നുവരുന്ന സ്വേച്ഛാധിപത്യം ഇനിയും അനുവദിക്കാനാവില്ലെന്ന് ഇന്ത്യയിലെ ജനങ്ങൾ വിശിഷ്യാ പാവപ്പെട്ടവർ തീർത്തു പറഞ്ഞ തിരഞ്ഞെടുപ്പ് ഫലം. ഒരു ഹിന്ദു രാഷ്ട്രം കെട്ടിപ്പടുക്കാനുള്ള മോദിയുടെ ശ്രമങ്ങളോടും വോട്ടർമാർ അതൃപ്തി അറിയിച്ചിരി




ക്കുന്നു.

ഭാരതീയ ജനത പാർട്ടിക്ക് നിലവിലുണ്ടായിരുന്ന കൊടിയ ഭൂരിപക്ഷം നിലനിർത്താൻ അനുവദിക്കായ്കവഴി ഇന്ത്യൻ ഭരണഘടനയിൽ രൂഢമൂലമായിക്കിടക്കുന്ന മതേതര മൂല്യങ്ങളെ അട്ടിമറിക്കാനോ പട്ടികജാതിവർഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താനുള്ള പ്രത്യേക വ്യവസ്ഥകൾ എടുത്തുകളയാനോ ഉള്ള ശ്രമങ്ങൾ ഏതു പാർട്ടി നടത്തിയാലും വെച്ചുപൊറുപ്പിക്കില്ലെന്ന സന്ദേശംകൂടി ജനം നൽകിയിരിക്കുന്നു.

ഹിന്ദുക്കൾ അപകടത്തിലാണെന്നും അവരുടെ താലിമാല ഉൾപ്പെടെ സ്വത്തുക്കൾ പിടിച്ചെടുത്ത് മുസ്‌ലിംകൾക്ക് നൽകാൻ ഇന്ത്യാമുന്നണി ശ്രമിക്കവേ അതിൽ നിന്നെല്ലാം ഹിന്ദുക്കളെയും ഹിന്ദുമതത്തെയും സംരക്ഷിക്കാൻ തനിക്കു മാത്രമേ സാധിക്കൂ എന്നും ജനങ്ങളെ ബോധ്യപ്പെടുത്താനാണ് തിരഞ്ഞെടുപ്പ് പ്രചാരണവേളയിലുടനീളം മോദി ശ്രമിച്ചത്.

വോട്ടുകൾ മതാടിസ്ഥാനത്തിൽ ധ്രുവീകരിക്കുക എന്ന ലക്ഷ്യത്തോടെ രാമക്ഷേത്രത്തിലെ പ്രതിഷ്ഠാചടങ്ങിൽ മുഖ്യകാർമികന്റെ വേഷവും കെട്ടിയിരുന്നു പ്രധാനമന്ത്രി. പ്രതിഷ്ഠാചടങ്ങ് ഇത്രമേൽ ആഘോഷമേളത്തിലാക്കിയതിന് പിന്നിലും മോദിക്കും സംഘത്തിനുമുണ്ടായിരുന്നത് തിരഞ്ഞെടുപ്പ് നേട്ടം എന്ന ഒരൊറ്റ ലക്ഷ്യമായിരുന്നു. എന്നിട്ട് സംഭവിച്ചതെന്താണ്? അയോധ്യയിൽപോലും സാധാരണക്കാർ ബി.ജെ.പിയെ തള്ളിക്കളഞ്ഞു.

ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഫൈസാബാദ് മണ്ഡലത്തിൽ സമാജ്‌വാദി പാർട്ടി നിർത്തിയ അവ്ദേശ് പ്രസാദ് എന്ന ദലിത് നേതാവ് തിരഞ്ഞെടുക്കപ്പെട്ടു. വാസ്തവത്തിൽ രാമക്ഷേത്ര നിർമാണം അവിടെ വോട്ടായി മാറിയില്ലെന്ന് മാത്രമല്ല, ക്ഷേത്രത്തിലേക്കുള്ള അപ്രോച് റോഡ് വീതി കൂട്ടാനെന്ന പേരിൽ അയോധ്യയിലെ നിരവധി ഹിന്ദു ഭവനങ്ങൾ തകർത്തതും വോട്ടർമാരെ ചൊടിപ്പിച്ചു.

പാവപ്പെട്ട ദളിതരും മറ്റു പിന്നാക്ക ജാതിക്കാരും (ഒ.ബി.സി) മുസ്‌ലിംകളും കൈകോർത്തതാണ് ഉത്തർപ്രദേശിൽ ബി.ജെ.പിയുടെ തകർച്ചക്ക് വഴിവെച്ചത്. അങ്ങനെ അവികസിത ഉത്തർപ്രദേശിലെ ജനത രണ്ടാംവട്ടവും ഇന്ത്യയെ ഒരു കൊടും ദുരന്തത്തിൽ നിന്ന് രക്ഷിച്ചു. താൻ ജീവശാസ്ത്രപരമായി ജനിച്ചതല്ലെന്നും ദൈവികമായ ഒരു ദൗത്യം നിറവേറ്റാൻ പരമാത്മാവാൽ നിയോഗിക്കപ്പെട്ടയാളാണെന്നും മറ്റും അവകാശപ്പെട്ട പ്രധാനമന്ത്രിയുടെ വ്യാജ വാദങ്ങളെ അവർ വകവെച്ചേയില്ലെന്ന് ചുരുക്കം.

ഇന്ദിരഗാന്ധിയുടെ സ്വേച്ഛാധിപത്യത്തിനെതിരെയും അവർ ഇങ്ങനെ ഒരുമിച്ചു നിന്നിരുന്നു. അടിയന്തരാവസ്ഥക്ക് ശേഷം 1977ൽ നടന്ന തിരഞ്ഞെടുപ്പിൽ ഇന്ദിര ഗാന്ധി നയിച്ച കോൺഗ്രസിന് യു.പിയിൽ ഒരു സീറ്റ് പോലും ലഭിച്ചിരുന്നില്ല. മോദി വിദ്വേഷം വിളമ്പിയ രാജസ്ഥാനിലെ ബൻസ്വാരയിൽ ബി.ജെ.പി സ്ഥാനാർഥി മൂന്ന് ലക്ഷത്തിലധികം വോട്ടുകൾക്കാണ് തോറ്റത്.

മോദിക്ക് കേവല ഭൂരിപക്ഷം ലഭിച്ചുപോയിരുന്നെങ്കിൽ, ഭരണഘടനതത്ത്വങ്ങൾക്കും ഫെഡറൽ തത്ത്വങ്ങൾക്കും മേലുള്ള കൂടുതൽ കടന്നാക്രമണങ്ങൾക്ക് രാജ്യം സാക്ഷ്യംവഹിക്കേണ്ടി വന്നേനെ. കഴിഞ്ഞ 10 വർഷത്തിനിടെ മോദി നിയോഗിച്ച ഗവർണർമാർ ചക്രവർത്തിമാരെപ്പോലെയാണ് പെരുമാറിയിരുന്നത്.

കഴിഞ്ഞ പത്തു വർഷമായി ഉരുക്കുകൈകളുമായി ഭരിക്കുന്ന പ്രധാനമന്ത്രി മന്ത്രിമാർക്കുപോലും സ്വാതന്ത്ര്യം അനുവദിക്കാതെ സമ്പൂർണ അധികാരം ആസ്വദിക്കുകയായിരുന്നു. ഭരണഘടനയിൽ വലിയ ഭേദഗതികൾ വരുത്താൻ സഹായകമാകും വിധത്തിൽ നാന്നൂറിലധികം സീറ്റ് തരൂ എന്നായിരുന്നു അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടത്. പക്ഷേ, മാറ്റത്തിരുത്തലും ഹിന്ദുത്വ അജണ്ടയുമല്ല, ഭരണഘടന അതിന്റെ ശക്തിയോടെ നിലനിൽക്കുകയാണ് വേണ്ടതെന്ന് ജനം തീരുമാനിക്കുകയായിരുന്നു.



# ‘അതിഗംഭീരം’; ലോക പര്യടനത്തിൽ വിസ്മയിപ്പിച്ചു TXT



വളർന്നു വരുന്ന കെപോപ്പ് സെൻസേഷൻ ആണ് TXT. സംഘം അവരുടെ ഗംഭീരമായ പ്രകടനം നോർത്ത് അമേരിക്കയിൽ നടത്തുകയാണ് എന്നാണ് ഇപ്പോൾ പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ മാസം 14 ന് ടാകോമോയിൽ നിന്നും ആരംഭിച്ച പര്യടനം 18-ന് ഓക്ക്‌ലാൻഡിലും 21-22-ന് ലോസ് ഏഞ്ചൽസിലും 26-ന് ഹൂസ്റ്റണിലും ഗംഭീര പ്രകടനമാണ് നടത്തിയത് എന്നാണ് റിപ്പോർട്ടുകൾ. 5-6 തീയ്യതികളിൽ 8-ന് വാഷിംഗ്ടൺ ഡി.സിയിലും നടത്തിയ പര്യടനത്തിൽ 14000 ആളുകളാണ് എത്തിയത് എന്നാണ് റിപ്പോർട്ട്.എൽവിസ് പ്രെസ്‌ലി, ദി റോളിംഗ് സ്റ്റോൺസ്, ടെയ്‌ലർ സ്വിഫ്റ്റ് തുടങ്ങിയ ഇതിഹാസ താരങ്ങൾ നിറഞ്ഞ ാ ടി യ വേദിയിൽ കെപോപ്പിന്റെ ആദ്യ പരിപാടി ആയിരുന്നു ഇത് എന്ന പ്രത്യേകതയും ഈ പരിപാടിക്ക് ഉണ്ട്. ‘ഷുഗർ റഷ് റൈഡ്‘ എന്ന കൊറിയൻ പരമ്പരാഗത സംഗീത പതിപ്പ് ഉപയോഗിച്ച് അവർ ആരാധകരെ വിസ്മയിപ്പിച്ചു, ‘ഗ്രോയിംഗ് പെയിൻ‘, ‘പ്യൂമ’ തുടങ്ങിയ ട്രാക്കുകൾ ഉപയോഗിച്ച് അവർ അക്ഷരാർത്ഥത്തിൽ ആരാധകരെ ഞെട്ടിച്ചു. ‘ക്യാറ്റ് & ഡോഗ്‘ എന്നതിന്റെ ഇംഗ്ലീഷ് പതിപ്പിനും ഗംഭീര പ്രതികരണമാണ് ലഭിച്ചത്.

## ‘വിശുദ്ധൻ’ പരാജയത്തെക്കുറിച്ച് സംവിധായകൻ

2013-ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് വിശുദ്ധൻ. വിശുദ്ധന്റെ പരാജയത്തെക്കുറിച്ച് സംസാരിക്കുകയാണ് വൈശാഖ്. ‘‘ഷൂട്ടിംഗ് ആയപ്പോഴേക്കും എല്ലാവരും എന്നെ പേടിപ്പിച്ചു തുടങ്ങി. നിങ്ങളിൽ നിന്ന് ഇങ്ങനെയുള്ള സിനിമയല്ല പ്രതീക്ഷിക്കുന്നത്, നിങ്ങൾ ആക്ഷൻ ഒന്നുമില്ലാതെ ഇങ്ങനെയുള്ള സിനിമ ചെയ്താൽ ആര് കയറാനാണ് എന്നൊക്കെ. അത് കേട്ടപ്പോൾ എനിക്ക് ശരിക്കും പേടിയായി. ഞാൻ അതോടെ രണ്ടാം പകുതിയിൽ കുറച്ച് വെള്ളം ചേർത്തു. ചിത്രത്തിന്റെ വിജയത്തെ അത് ബാധിച്ചു. അതിൽ എനിക്ക് വളരെ പശ്ചാത്താപം ഉണ്ടിപ്പോൾ’,- വൈശാഖ് പറഞ്ഞു.

# കൊലക്കേസിൽ സൂപ്പർ താരം ദർശൻ അറസ്റ്റിൽ; ഞെട്ടി കന്നഡ സിനിമ



കന്നഡ സൂപ്പർ താരം ദർശൻ കൊലക്കേസിൽ അറസ്റ്റിലായതായി റിപ്പോർട്ട്. രേണുക സ്വാമി എന്ന ആളെ കൊന്ന കേസിലാണ് ദർശനെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നത്. ചിത്രദുർഗ സ്വദേശി ആണ് രേണുക സ്വാമി. ദർശന്റെ അടുത്ത സുഹൃത്തും നടിയുമായ പവിത്ര ഗൗഡയെ സോഷ്യൽ മീഡിയയിലൂടെ അപമാനിച്ചതിനെ തുടർന്നാണ് രേണുക സ്വാമിയെ കൊലപ്പെടുത്തിയതെന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ.ബംഗളൂരുവിന് അടുത്തുള്ള സോമനഹള്ളിയിൽ വച്ചാണ് കഴിഞ്ഞ ദിവസം രേണുക സ്വാമിയെ മരിച്ച നിലയിൽ കണ്ടെത്തുന്നത്. സോമനഹള്ളിയിലെ അഴുക്കുചാലിലാണ് മൃതദേഹം കണ്ടെത്തുന്നത്. തുടർന്ന് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ഒമ്പത് പേരെ ചോദ്യം ചെയ്തിരുന്നു. ഇതോടെയാണ് കേസിൽ ദർശന്റെ സാന്നിധ്യം തെളിയുന്നതും അറസ്റ്റിലേക്ക് എത്തുന്നതും.ആദ്യം ആത്മഹത്യയെന്ന് കരുതിയ കേസാണ് പിന്നീട് കൊലപാതകമാണെന്ന് കണ്ടെത്തുന്നത്.



# എന്നിട്ടും തളരാത്ത ഈ താരം

## ‘12 വയസ്സിൽ നഗ്നരംഗങ്ങൾ ചെയ്യാൻ നിർബന്ധിച്ചു, 15 വയസ്സിൽ സെക്സ് സിമ്പൽ

ഇന്നത്തെ കാലത്തു സിനിമയിൽ ബാലതാരങ്ങൾ ചട്ടങ്ങളാലും നിയമത്താലും സംരക്ഷിക്കപ്പെടുന്നത് നമുക്ക് ഏവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് തന്നെ 12 വയസ്സുള്ളപ്പോൾ ഒരു ബാലതാരം നഗ്നരംഗങ്ങൾ ചെയ്യാൻ നിർബന്ധിതയാകുന്നത് ഇന്ന് നമുക്ക് സങ്കൽപ്പിക്കാൻ തന്നെ പ്രയാസമാണ്. എന്നാൽ അത്തരം ഒരു സംഭവത്തെ കുറിച്ചാണ് ഇനി പറയാൻ ഉള്ളത്,ഈ നടി കൗമാരപ്രായത്തിൽ തന്നെ ലൈംഗികവൽക്കരണത്തിന് വിധേയയായി, കൂടാതെ നിയമ പോരാട്ടങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അവൾക്കായി ഒരു വിജയകരമായ കരിയർ പടുത്തെടുക്കുകയും ചെയ്തു. പറഞ്ഞുവരുന്നത് പ്രശസ്ത താരം ബ്രൂക്ക് ഷീൽഡ്സിനെ കുറിച്ചാണ്.1965-ൽ ന്യൂയോർക്ക് സിറ്റിയിലാണ് ബ്രൂക്ക് ഷീൽഡ്സ് ജനിച്ചത്. ഒരു കുട്ടി മോഡലായ അവൾ ഒരു വയസ്സ് തികയുന്നതിന് മുമ്പ് തന്നെ അച്ചടി പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. 1976-ൽ, 10-ാം വയസ്സിൽ സിനിമയിൽ ആണ് താരം സിനിമയിൽ അരങ്ങേറ്റം കുറിക്കുകയും വിജയകരമായ ഒരു കരിയർ ആരംഭിക്കുകയും ചെയ്തത്. എന്നാൽ 1978-ൽ പ്രെറ്റി ബേബി എന്ന വിവാദ സിനിമയിൽ നഗ്നരംഗങ്ങൾ അവതരിപ്പിച്ചതോടെയാണ് അവൾക്ക് ജീവിതത്തിൽ ആദ്യ വെല്ലുവിളികൾ നേരിടേണ്ടി വന്നത്. കുട്ടികളുടെ അശ്ലീലചിത്രങ്ങൾ എന്നും സെറ്റിൽ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ചുള്ള തർക്കങ്ങളും കാരണം ഈ ചിത്രം വലിയ വിവാദങ്ങൾക്ക് കാരണമായി. എന്നാൽ പിന്നീടുള്ള ജീവിതത്തിൽ, തന്റെ അമ്മ ആ രംഗങ്ങൾക്ക് സമ്മതം നൽകിയെന്നും അവ ചെയ്യണോ വേണ്ടയോ എന്നതിനെക്കുറിച്ച് അവളോട് ഒരിക്കലും ചോദിച്ചിട്ടില്ലെന്നും ഷീൽഡ്സ് പറഞ്ഞു. 1980-ൽ, ബ്ലൂ ലഗൂണിൽ അവൾ പ്രത്യക്ഷപ്പെട്ടു, അവളുടെ മികച്ച ചിത്രമായിരുന്നു അത് എങ്കിലും വീണ്ടും നിരവധി ടോപ്‌ലെസ് രംഗങ്ങൾ ആ ചിത്രത്തിനായി താരം നൽകേണ്ടി വന്നു. 15 വയസ്സുള്ളപ്പോൾ സിനിമ അവളെ ഒരു ലൈംഗിക ചിഹ്നമാക്കി മാറ്റി.1983-ൽ ബ്രൂക്ക് ഷീൽഡ് കോളേജിൽ പോകാൻ സിനിമ ഉപേക്ഷിച്ചു. 18 വയസ്സുകാരി പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ചേരുകയും 1987-ൽ ഫ്രഞ്ച് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടുകയും ചെയ്തു. അക്കാദമിക് മേഖലയിൽ അവൾ ഒരു കരിയർ തുടരുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നെങ്കിലും, ഷീൽഡ്സ് 1989-ൽ സിനിമയിലേക്ക് മടങ്ങിയെത്തി. തുടർന്ന് നിരവധി സിനിമകളിൽ അവർ പ്രത്യക്ഷപ്പെട്ടു. 90-കളിലും 2000-കളിലും ടിവി ഷോകളിലും അവർ എത്തി.

# വെറും ഏഴ് മാസത്തെ ദാമ്പത്യം;വിവാഹമോചനത്തിനായി ബില്ലി റേ സൈറസ്

ബില്ലി റേ സൈറസ് വിവാഹമോചനത്തിനായുള്ള അപേക്ഷ നൽകിയതായി റിപ്പോർട്ട്. വെറും ഏഴ് മാസത്തെ ദാമ്പത്യത്തിന് ശേഷം ആണ് ഭാര്യയും ഗായികയുമായ ഫയർറോസുമായുള്ള വിവാഹ മോചനത്തിന് ബില്ലി റേ സൈറസ് അപേക്ഷ നൽകിയത്.62-കാരനായ സംഗീതജ്ഞൻ 36-കാരിയെ ഏഴ് മാസങ്ങൾക്ക് മുൻപാണ് വിവാഹം ചെയ്തത്. പൊരുത്തപ്പെടാത്ത താല്പര്യങ്ങളും അനുചിതമായ ദാമ്പത്യ പെരുമാറ്റം എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടി ആണ് വിവാഹ മോചന അപേക്ഷ നൽകിയിരിക്കുന്നത്. മെയ് 22 ന് ആണ് അദ്ദേഹം കോടതിയിൽ അപേക്ഷ നൽകിയത്.ഫയർറോസിന്റെ ഭാഗത്തു നിന്നും ഉണ്ടായ വഞ്ചന കാരണം വിവാഹ ബന്ധം സൈറസ് അസാധുവാക്കാൻ ശ്രമിക്കുന്നു എന്നും ആരോപണവിധേയമായ വഞ്ചനയെക്കുറിച്ച് താൻ അറിഞ്ഞിരുന്നെങ്കിൽ ഹോഡ്ജസിനെ വിവാഹം കഴിക്കില്ലായിരുന്നുവെന്നും വിവാഹ മോചന അപേക്ഷയിൽ പറയുന്നു എന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്.എന്നാൽ വഞ്ചനയുടെയും അനുചിതമായ പെരുമാറ്റത്തെയും കുറിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ ഇരുവർക്കും അവരുടെ ഉടമസ്ഥതയിലുള്ള സ്വത്ത് വെവ്വേറെ സൂക്ഷിക്കാൻ കഴിയണമെന്ന് അപേക്ഷയിൽ ആവശ്യപ്പെടുന്നുണ്ട്. 2023 ഒക്ടോബറിൽ ആണ് ഇരുവരും വിവാഹിതരാകുന്നത്. വിവാഹിതരായ ശേഷം സംഗീതജ്ഞർ നിരവധി ഗാനങ്ങൾ ഒരുമിച്ച് പുറത്തിറക്കിയിരുന്നു. അതേസമയം ഹോഡ്ജസോ സൈറസോ തങ്ങളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി വിവാഹമോചനത്തെക്കുറിച്ച് ഇതുവരെ പ്രതികരിച്ചിട്ടില്ല.



# പരസ്പര സമ്മതത്തോടെയല്ലേ കാസ്റ്റിംഗ് കൗച്ച് നടക്കൂ? റായ് ലക്ഷ്മി പറയുന്നു



നിരവധി സൂപ്പർ ഹിറ്റ് സിനിമകളുടെ ഭാഗമായ താരമാണ് റായ് ലക്ഷ്മി. ഒരിടവേളയ്ക്ക് ശേഷം ഡിഎൻഎ എന്ന സിനിമയുമായി തിരികെ വരികയാണ് റായ് ലക്ഷ്മി. ഇതിനിടെ കാസ്റ്റിംഗ് കൗച്ചിനെക്കുറിച്ച് റായ് ലക്ഷ്മി പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാകുകയാണ്. താരത്തിന്റെ വാക്കുകൾ ഇങ്ങനെ: ''കാസ്റ്റിംഗ് കൗച്ച് എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. എന്റെ ആദ്യത്തെ സിനിമയുടെ സംവിധായകൻ അച്ഛനെ പോലെയായിരുന്നു.'' മറ്റുള്ളവരെ അപേക്ഷിച്ച് എന്റെ വെല്ലുവിളികൾ വേറെയായിരുന്നു എന്നാണ് റായ് ലക്ഷ്മി പറയുന്നത്.എന്നാൽ കാസ്റ്റിംഗ് കൗച്ചിന്റെ ഒരു സീസൺ തന്നെയുണ്ടായിരുന്നു. എല്ലാവർക്കും അവരവരുടേതായ അഭിപ്രായങ്ങളും അനുഭവങ്ങളുമുണ്ടായിരുന്നു പറയാൻ. എല്ലാവർക്കും ഒരേ അനുഭവമല്ല ഉള്ളത്. കാസ്റ്റിംഗ് കൗച്ചിനെക്കുറിച്ച് പറയുകയാണെങ്കിൽ, നിങ്ങളെയാരും നിർബന്ധിക്കുന്നില്ലല്ലോ? പരസ്പര സമ്മതത്തോടെയല്ലേ? ടിആർപിയ്ക്ക് വേണ്ടി ഇൻഡസ്ട്രിയെ മോശമാക്കുകയാണ്. ഈ ഇൻഡസ്ട്രി മനോഹരമാണ്. ചില ചീഞ്ഞ കഥകൾ ഉണ്ടെന്ന് കരുതി, പൊതുജനങ്ങൾ കാണുന്നത് എല്ലാവരും അങ്ങനെയാണെന്നാണ്. ആളുകൾ നെഗറ്റീവ് വശങ്ങളിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. ഒരുപാട് കടപ്പെട്ടിരിക്കേണ്ട കാര്യങ്ങളുണ്ടെന്നും താരം പറയുന്നു.നൂറിൽ അഞ്ച് ശതമാനം മാത്രമേയുള്ളു അങ്ങനെ. എല്ലാവരും അഭിനേതാവാകാൻ ആഗ്രഹിക്കുന്നവരായിരിക്കും. പണത്തിന് നിങ്ങളെ അഭിനേതാവാക്കാനാകില്ല. കഴിവും ആത്മാർത്ഥതയും വേണം. ഇന്ന് എല്ലാവർക്കും അഭിനേതാവാകാൻ സാധിക്കണം. അഭിനേതാവുക എന്നത് തമാശയല്ല. അത് വലിയ ഉത്തരവാദിത്തമാണെന്നും താരം പറയുന്നു.തമിഴിലൂടെയാണ് റായ് ലക്ഷ്മി കരിയർ ആരംഭിക്കുന്നത്. പിന്നീട് തെലുങ്കിലുമെത്തി. കന്നഡയിലും അഭിനയിച്ചിട്ടുണ്ട്. തുടർന്ന് റോക്ക് ആൻ റോൾ എന്ന മോഹൻലാൽ ചിത്രത്തിലൂടെയാണ് റായ് ലക്ഷ്മി മലയാളത്തിലെത്തുന്നത്. അണ്ണൻ തമ്പി, പരുന്ത്, 2 ഹരിഹർ നഗർ, ചട്ടമ്പിനാട്, ഇവിടം സ്വർഗമാണ്, ക്രിസ്റ്റ്യൻ ബ്രദേഴ്സ് തുടങ്ങി നിരവധി മലയാള സിനിമകളിൽ അഭിനയിച്ചു. ഒരു കുട്ടനാടൻ ബ്ലോഗ് ആണ് റായ് ലക്ഷ്മിയുടെ ഒടുവിൽ പുറത്തിറങ്ങിയ മലയാള സിനിമ.

## 'മകളുടെ വിവാഹം എന്നോട് പറഞ്ഞില്ല' ശത്രുഘ്നൻ സിൻഹ

ബോളിവുഡ് താരങ്ങളായ സൊനാഷി സിൻഹയും സഹീർ ഇഖ്ബാലും വിവാഹിതരാകുന്നു എന്ന വാർത്ത കഴിഞ്ഞ ദിവസമാണ് പുറത്തു വന്നത്. ആരാധകർ ഈ വാർത്ത ഏറെ സന്തോഷത്തോടെ ആണ് സ്വീകരിച്ചത്. എന്നാൽ ഇപ്പോൾ വിഷയത്തിൽ പ്രതികരണവുമായി രംഗത്ത് എത്തിയിരിക്കുകയാണ് താരത്തിന്റെ അച്ഛൻ ശത്രുഘ്നൻ സിൻഹ.ഇത് സംബന്ധിച്ച് തനിക്ക് യാതൊരു അറിവുമില്ലെന്ന് സൊനാക്ഷിയുടെ അച്ഛനും ബോളിവുഡിലെ മുൻ അഭിനേതാവുമായ ശത്രുഘ്നൻ സിൻഹ പ്രതികരിച്ചത്. മാദ്ധ്യമങ്ങൾ അറിഞ്ഞ കാര്യങ്ങൾ മാത്രമേ തനിക്കും അറിയൂ എന്നാണ് അദ്ദേഹം പറഞ്ഞത്.



## കാമില ആൽവസിനൊപ്പം 12-ാം വിവാഹ വാർഷികം ആഘോഷിച്ചു പ്രശസ്ത താരം മക്കോനാഗെ



ഭാര്യ കാമില ആൽവസിന് വിവാഹ വാർഷിക ആശംസകളുമായി മാത്യു മക്കോനാഗെ. ജൂൺ 9 ഞായറാഴ്ച ഒരു ഇൻസ്റ്റാഗ്രാം പോസ്റ്റിലൂടെ ആണ് ഭാര്യ കാമില ആൽവസുമായി തന്റെ 12-ാം വിവാഹ വാർഷികം ആഘോഷിക്കുന്നതായി മാത്യു മക്കോനാഗെ അറിയിച്ചത്. മനോഹരമായ ഒരു ചിത്രം പങ്കുവച്ചുകൊണ്ടായിരുന്നു താരത്തിന്റെ ആശംസ.2012-ൽ ആണ് താരവും കാമിലയും വിവാഹിതരായത്. റീസ് വിതേഴ്സ്പൂൺ, കെന്നി ചെസ്നി, വുഡി ഹാരെൽസൺ എന്നിവരടക്കം നിരവധി ഹോളിവുഡ് താരങ്ങൾ വിവാഹത്തിൽ പങ്കെടുത്തിരുന്നു. ലെവി, വിഡ, ലിവിംഗ്സ്റ്റൺ എന്നിങ്ങനെ 3 കുട്ടികളാണ് ദമ്പതികൾക്ക് ഉള്ളത്. മാതാപിതാക്കളായി ഞങ്ങൾ എങ്ങനെയുണ്ട്, ഞങ്ങൾ കുഞ്ഞുങ്ങളെ എങ്ങനെ സ്നേഹിക്കുന്നു, ഞങ്ങൾ പരസ്പരം എങ്ങനെ സ്നേഹിക്കുന്നു എന്നതിൽ നിന്നാണ് ഞങ്ങളുടെ യഥാർത്ഥ യോഗ്യത വരുന്നത്, എന്നാൽ പരമാവധി നന്നായി ചെയ്യാൻ ഞങ്ങൾ ശ്രമിക്കുന്നു എന്ന് വിവാഹത്തെയും കുഞ്ഞുങ്ങളെയും കുറിച്ച് മാത്യു 2020 ൽ പറഞ്ഞിരുന്നു.2014-ൽ കാലിഫോർണിയയിലെ മാലിബുവിൽ നിന്ന് മാറാനുള്ള തീരുമാനമെടുത്ത ശേഷം ദമ്പതികൾ ഇപ്പോൾ ടെക്സാസിലെ ഓസ്റ്റിനിലാണ് താമസിക്കുന്നത്. ''ഞങ്ങൾ സന്തോഷകരമായ ഒരു ജീവിതം നയിക്കുകയായിരുന്നു... ഞങ്ങൾ സ്നേഹവും കരുതലും കൂട്ടിയിണക്കി ഞങ്ങളുടെ മക്കളെ അവിടെ വളർത്തുകയായിരുന്നു. എന്നാണ് ജീവിതത്തെ കുറിച്ച് ഇരുവരും മാർച്ചിൽ മാധ്യമങ്ങളോട് പ്രതികരിച്ചത്.

# ഇനി കാണാം രാഷ്ട്രീയത്തിലെ അന്തർധാരകളുടെ നാണംകെട്ട പൊറാട്ട് നാടകങ്ങൾ

കേരളാ വിൻഡോ



ആന്റണി ചടയംമുറി



'ജനം' ടി.വി. ചാനലാണ് ചൊവാഴ്ച രാത്രി 11.40ന് സുരേഷ് ഗോപി കരിപ്പൂർ വിമാനത്താവളത്തിൽ വന്നിറങ്ങുന്നതിന്റെ തൽസമയ സംപ്രേക്ഷണത്തിനു മുതിർന്നത്. പാർട്ടി പ്രവർത്തകർ വരവേൽപ്പ് ഒരു ഉൽസവമാക്കി മാറ്റി. പാതിരരാത്രിയിൽ, ഒരു കേന്ദ്രമന്ത്രിയെ കാത്തുനിന്ന് ഇത്തരമൊരു വരവേൽപ്പ് നൽകാൻ തക്കവിധം മലബാറിന്റെ മണ്ണിൽ ബി.ജെ.പി. വളർന്നു കഴിഞ്ഞു.

നല്ല 'വടകര അരി മുറുക്ക്' കടിച്ചു പൊട്ടിക്കുന്നതുപോലെയുള്ള സുരേഷ് ഗോപിയുടെ സിനിമാ ഡയലോഗുകൾ, ആ നടനെ ജനപ്രിയനാക്കുകയായിരുന്നു. രൺജിപണിക്കർ എന്ന പത്രപ്രവർത്തകൻ ഇംഗ്ലീഷിലും മലയാളത്തിലും എഴുതിവിച്ച തീപ്പൊരി ഡയലോഗുകളിലൂടെ മലയാളികൾ രാഷ്ട്രീയത്തിലെ 'അന്തർ ധാര'കൾ തിരിച്ചറിയുകയായിരുന്നു.

അതേ അന്തർധാരകളാൽ അനുഗ്രഹിക്കപ്പെട്ടാണ് സുരേഷ് ഗോപി ഇപ്പോൾ കേന്ദ്ര മന്ത്രി പദത്തിൽ എത്തിയിട്ടുള്ളതും. എന്നാൽ സുരേഷ് ഗോപിയുടെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ബി.ജെ.പിയുടെ ഔദ്യോഗിക ഭാരവാഹികളോ സി.പി.എം. സർക്കാരോ വേണ്ടത്ര പിന്തുണ നൽകാനിടയില്ല. കാരണം പറയാം: കോട്ടയം ജില്ലയിലെ കാണക്കാരിയിൽ നിന്നുള്ള ജോർജ് കുര്യൻ ബി.ജെ.പി. സംസ്ഥാന നേതാക്കളോടൊപ്പമാണ് മന്ത്രിപദമേറ്റെടുക്കാൻ എത്തിയത്.

സുരേഷ് ഗോപിയാകട്ടെ 'ഒറ്റക്കൊമ്പൻ' എന്ന പുതിയ സിനിമാപ്പേര് അന്വർത്ഥമാക്കുന്ന വിധം അകമ്പടിയൊന്നുമില്ലാതെ ടൂറിസം, പെട്രോളിയം മന്ത്രാലയങ്ങളെത്തി ചുമതലയേൽക്കുകയായിരുന്നു. തൃശൂർ പൂരം അലങ്കോലമാക്കിയതിനെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കവേ സുരേഷ് ഗോപി പറഞ്ഞത് തൃശൂരിലെ അന്നത്തെ പൊലീസ് കമ്മീഷണറെയും കളക്ടറെയും നിലനിർത്തിക്കൊണ്ടു തന്നെ പൂരം നടത്തിപ്പിന് പുതിയ സിസ്റ്റമുണ്ടാക്കുമെന്നാണ്.

ഒറ്റ ദിവസത്തിനുള്ളിൽ ഇടതു സർക്കാർ തൃശൂരിലെ വിവാദ പൊലീസ് കമ്മീഷണറെ മാറ്റി. ഇപ്പോൾ പദവിയൊന്നുമില്ലാതെ ചുറ്റിത്തിരിയുകയാണ് ആ മുൻ കമ്മീഷണർ!

## 'ഹൗ സ്വീറ്റ്' എന്നു പറയാൻ വരട്ടെ...

നരേന്ദ്ര മോദിയെന്ന രാഷ്ട്രീയ തന്ത്രജ്ഞൻ കേരളത്തനായി എന്തെങ്കിലും ഹിഡൻ അജണ്ട തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് കേരളത്തിനു പൂർണ്ണമായും ഗുണകരമാകുമോ? അതല്ലെങ്കിൽ കേരളത്തിന്റെ ജനപഥത്തിന്റെ 'ഇഴ ചേർന്ന തുന്നലു' കൾക്ക് ദോഷകരമാകുമോ? ദേശീയതലത്തിൽ ഒരു തിരുത്തൽ ശക്തിയെന്ന നിലയിൽ കേരളീയർ ഒരുമിച്ച് നിന്ന് ചില ഹീനമായ പ്രവണതകളെ ചെറുക്കേണ്ടിവരുമോ? നമ്മുടെ രാഷ്ട്രീയ നേതാക്കൾ അധികാരത്തിനപ്പുറത്തേയ്ക്കുള്ള വിശുദ്ധ ജാലകങ്ങൾ അടച്ചിട്ട് നാളുകളേറെയായി. ജനങ്ങളെ കരുതി രാഷ്ട്രീയ, മത, സമുദായിക തലങ്ങളിൽ പടരുന്ന 'അവനവനിസ'ത്തിനായുള്ള ദുഷ് പ്രവണതകൾ ചെറുക്കാൻ പുതിയ തലമുറ തുടക്കമിട്ടിട്ടുണ്ട്.

വെറുപ്പിന്റെ രാഷ്ട്രീയത്തിന് അറുതി വരുത്തി, ജാതിയോ മതമോ വർണ്ണമോ നോക്കാതെ ഏവരെയും ചേർത്തുനിർത്താൻ തക്കവിധം ജനകീയ 'പ്രകടന പത്രികകൾ' നാം തയ്യാറാക്കേണ്ടതുണ്ട്. സുരേഷ് ഗോപിയുടെ എല്ലാ വാക്കുകളും പ്രവൃത്തികളും തികച്ചും ഒരു ഭാരതീയ പൗരന്റേതാണ്.

എന്നാൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയിൽ ഏതു സന്ദർഭത്തിലും പൊട്ടിയൊലിക്കാവുന്ന വെറുപ്പിന്റെ തടയണകളുണ്ട്. ആ തടയണകളുടെ ഷട്ടറുകൾ നിർഭാഗ്യവശാൽ സുരേഷ് ഗോപിയെന്ന 'വലിയ മനസ്സുള്ള' മനുഷ്യന്റെ കൈവശമല്ല.

## മതമില്ലാത്ത സിനിമയും മതമുള്ള രാഷ്ട്രീയവും

സുരേഷ് ഗോപിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഒരിക്കലും മതത്തിന്റെ വേർതിരിവുകളില്ല. എന്നാൽ അദ്ദേഹം ഏറ്റെടുത്തു കഴിഞ്ഞ ടൂറിസം വകുപ്പിന്റെ പ്രവർത്തന മേഖലയിൽ ഏതെങ്കിലും ഒരു മതത്തിന് കൂടുതൽ പ്രാധാന്യം കിട്ടുന്ന സാഹചര്യമാണ് നിലവിലുള്ളത്. മതങ്ങളുടെ തലപ്പത്തുള്ളവരുമായി 'ഡെൽഹി' ഉണ്ടാക്കുന്ന 'അന്തർധാര'കൾ ആരും അറിഞ്ഞെന്നുവരില്ല.

ഈ ആരോപണം വെറുതെയല്ല. ഭാരതത്തിലെ സൈനിക സ്കൂളുകൾ പലതും ആർ.എസ്.എസ്. നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ ഗ്രൂപ്പുകൾക്ക് നൽകി വരുന്നതായി നേരത്തെ ആരോപണമുണ്ട്. സ്വകാര്യ മേഖലയിൽ ആദ്യത്തെ സൈനിക സ്കൂൾ കേന്ദ്ര സർക്കാർ അനുവദിച്ചത് എൻ.എസ്.എസിനാണെന്ന് ഒരു വാർത്ത കണ്ടു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിട്ടും കരമന നിറമൺകരയിലുള്ള മന്നം സ്മാരക റസിഡൻഷ്യൽ സ്കൂൾ സൈനിക സ്കൂളാക്കി കേന്ദ്ര സർക്കാർ ഉയർത്തിക്കഴിഞ്ഞു.

ലോകസഭയിൽ രണ്ട് സീറ്റു മാത്രമുണ്ടായിരുന്ന ബി.ജെ.പി. കേരളത്തിൽ ഇനിയും വളർന്നു പന്തലിക്കുമെന്ന എൻ.എസ്.എസ്. സെക്രട്ടറി സുകുമാരൻ നായരുടെ പ്രവചനത്തിനു പിന്നിലെ 'അന്തർധാര' യാണ് ഇപ്പോൾ ചില മാധ്യമ പ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നത്.

സിനിമ എല്ലാ മതസ്ഥരുമുള്ള പ്രവർത്തന മേഖലയാണ്. സിനിമ കാണുന്നവരും അങ്ങനെ തന്നെ. സുരേഷ് ഗോപിയുടെ ജീവിതത്തിൽ ഉടനീളം കേരളത്തിന്റെയും അദ്ദേഹം ഇപ്പോഴും സജീവമായിട്ടുള്ള സിനിമാ മേഖലയുടെയും 'മതേതര ചമയമുണ്ട്' അത് മേക്കപ്പല്ല. യേശുദാസിന്റെ പാട്ട് പോലെ 'കുറി വരച്ചാലും കുരിശ് വരച്ചാലും കുമ്പിട്ട് നിസ്ക്കരിച്ചാലും ദൈവമൊന്ന്' എന്ന മനോഭാവം സുരേഷിന്റെ വാക്കിലും പ്രവൃത്തിയിലുമുണ്ട്.

എന്നാൽ, അതിന് കടകവിരുദ്ധമായ രാഷ്ട്രീയ, വികസന സമീപനങ്ങൾ സുരേഷ് ഗോപിയിലുള്ള പച്ചയായ മനുഷ്യനെ വേദനിപ്പിക്കും.

## ടൂറിസ വികസനത്തിലെ 'പ്രതിഷ്ഠ' ഏത്?

കേരളത്തെ സംബന്ധിച്ച് മോദി രണ്ട് മന്ത്രിമാരിലൂടെയും ലക്ഷ്യമിടുന്ന ചില കാര്യങ്ങളുണ്ട്. ഇവിടെ ഒരു ഫ്ളാഷ് ബാക്ക് വേണ്ടിവരും. 2017 സെപ്തംബർ 3ന് അൽഫോൻസ് കണ്ണന്താനത്തെ മോദി ടൂറിസം സഹമന്ത്രിയാക്കി. വെങ്കയ്യ നായിഡു ഉപരാഷ്ട്രപതിയായപ്പോൾ നടത്തിയ ഈ പുനഃസംഘടന അരങ്ങേറിയതും ഒരു ഞായറാഴ്ചയായിരുന്നു. എന്നാൽ പിണറായി വിജയൻ രാഷ്ട്രീയത്തിലേക്ക് എം.എൽ.എ. പദം നൽകി ആനയിച്ച കണ്ണന്താനം തന്റെ വിധേയത്വം ഫേസ് ബുക്കിലൂടെ ലോകത്തെ അറിയിച്ചു.

കണ്ണന്താനത്തിന്റെ മന്ത്രി സ്ഥാനം കിട്ടിയത് കേരളത്തിനുള്ള ഓണസമ്മാനമാണെന്ന് പിണറായി നവമാധ്യമങ്ങളിലൂടെ പ്രതികരിക്കുക മാത്രമല്ല, സെപ്തംബർ 6ന് കണ്ണന്താനം കേരള ഹൗസിലെത്തി പിണറായിയെ നേരിൽ കാണുകയും ചെയ്തു. അതോടെ, കണ്ണന്താനം വഴി കേരളത്തിന് കൈവരേണ്ട ടൂറിസം വികസന പദ്ധതികൾ പലതും പാതിയിൽ വച്ച് മുടങ്ങുകയായിരുന്നു.

## തളി, കൊട്ടിയൂർ ക്ഷേത്രദർശനങ്ങൾ തുടക്കം മാത്രം?

ഈ ആഴ്ചക്കുറിപ്പെഴുതുമ്പോൾ സുരേഷ് ഗോപി കോഴിക്കോട്ടെ തളി ക്ഷേത്ര ദർശനം കഴിഞ്ഞ് കണ്ണൂർ ജില്ലയിലെ മാരാർജി സ്മാരകം സന്ദർശിച്ചിരിക്കാം. തുടർന്ന് മുൻ മുഖ്യൻ നായനാരുടെ പത്നി ശാരദാ ടീച്ചറെ സന്ദർശിച്ച ശേഷം അദ്ദേഹം പോകുന്നത് കണ്ണൂർ ജില്ലയിലെ സുപ്രസിദ്ധ ക്ഷേത്രം സ്ഥിതി ചെയ്യുന്ന കൊട്ടിയൂരിലേക്കായിരിക്കും.

പോകുന്ന വഴി മണത്തണ എന്ന സ്ഥലത്താണ് ബി.ജെ.പി. യുടെ ആദ്യകാല നേതാവായ പി.പി. മുകുന്ദന്റെ വീട്. തലശ്ശേരിയിൽ നിന്ന് 57 കിലോമീറ്റർ അകലെ ബാവലിപ്പുഴയുടെ തീരത്തുള്ള കൊട്ടിയൂർ ശിവക്ഷേത്രവും ജൂൺ 12ലെ സുരേഷ് ഗോപിയുടെ സന്ദർശന ലിസ്റ്റിലുണ്ട്. 80 ഏക്കറിലുള്ള ഇക്കരെ കൊട്ടിയൂർ ക്ഷേത്രം വനഭൂമി വിട്ടു കിട്ടിയാലേ വികസിപ്പിക്കാനാകൂ. ശിവനും പാർവതിയും പാല് കാച്ചിയെന്നു ഹൈന്ദവർ വിശ്വസിക്കുന്ന പാല് കാച്ചി മലയും വനഭൂമിയിലാണുള്ളത്. ഇളനീരാട്ടവും നെയ്യാട്ടവുമെല്ലാം ചേർന്ന് ഒരു മാസം നീളുന്ന കൊട്ടിയൂർ ക്ഷേത്രത്തിലെ ഉൽസവം ഇന്ന് രാത്രി (ബുധൻ) സമാപിക്കും.

ഈ ക്ഷേത്രത്തിന്റെ വികസനം ബി.ജെ.പിയുടെ അജണ്ടയിൽ പെടും. ബി.ജെ.പി. കേരളമൊന്നാകെ ലക്ഷ്യമിടുന്ന 'റിലീജിയസ് ടൂറിസം സർക്യൂട്ട്' ൽ മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള കൊട്ടിയൂർ ക്ഷേത്രവും ഉൾപ്പെടും. ശബരിമല സന്നിധാനം ഉൾപ്പെടുന്ന റിലീജിയസ് ടൂറിസം സർക്യൂട്ടിനോടൊപ്പം ശിവഗിരിയും ഈ പട്ടികയിൽ പെടും. കോടികൾ ചെലവിടാൻ പോകുന്ന ടൂറിസം വികസന പദ്ധതികളിൽ എങ്ങനെ രാഷ്ട്രീയം കലർത്താമെന്ന കൗശലം ബി.ജെ.പിയെ ആരും പഠിപ്പിക്കേണ്ടതില്ല.

പത്തനംതിട്ട വാഗമൺ ഗവി എക്കോ ടൂറിസം സർക്യൂട്ടും ആദിവാസി ഗ്രാമങ്ങളെ കോർത്തിണക്കിയുള്ള ട്രൈബൽ ടൂറിസം സർക്യൂട്ടും കൂടി കേരളത്തിൽ നടപ്പാക്കാനുള്ള ത്വരിത നടപടികൾ കേന്ദ്രസർക്കാരിൽ നിന്നുണ്ടാകും.

മലയാറ്റൂർ കുരിശുമല കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതി ഇതിനകം കേന്ദ്രം തള്ളിക്കളഞ്ഞിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ് കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിയും ഇനിയും അനങ്ങിയിട്ടില്ല. ഇന്ത്യാ സഖ്യത്തിൽ ഉൾപ്പെട്ട കേരളത്തിലെ രാഷ്ട്രീയ കക്ഷികളുടെ അധികാരം ലക്ഷ്യമാക്കിയുള്ള 'പ്രാദേശിക യുദ്ധങ്ങൾ' അരങ്ങ് തകർക്കുമ്പോൾ, കലക്കവെള്ളത്തിൽ മീൻപിടിക്കുക എന്ന മിനിമം രാഷ്ട്രീയ പരിപാടിയിലേക്കുള്ള ബി.ജെ.പിയുടെ കരുനീക്കങ്ങൾക്ക് 'മതേതര സ്വഭാവം' ഉണ്ടായേ പറ്റൂ. ഇന്ത്യയിലെ 14 ശതമാനം വരുന്ന ഒരു സമുദായത്തിന്റെ പ്രാതിനിധ്യമില്ലാത്ത കേന്ദ്രമന്ത്രിസഭയുടെ പ്രവർത്തനങ്ങൾ ഏതെങ്കിലും ഒരു ജനവിഭാഗത്തിന് ഹാനികരമാകാതിരിക്കാനുള്ള പ്രതിരോധമതിൽ ഉയർത്താൻ സുരേഷ് ഗോപിയും, ജോർജ് കുര്യനും കഴിയണം.

സത്യപ്രതിജ്ഞയിലെ വാചകങ്ങൾ ദേശീയതലത്തിൽ പ്രാവർത്തികമാക്കി ഒരു സമുദായവും മതവും 'അദൃശ്യവത്കരിക്കപ്പെടാനുള്ള' കരുതലും കാവലും മലയാളികളായ നമ്മുടെ സുരേഷ് ഗോപിക്കും ജോർജ് കുര്യനുമല്ലേ ഉണ്ടാകേണ്ടത്? ദുർബലരെന്ന് കരുതിയെന്നവരെയും ചിലപ്പോൾ ജനം മഹത്തായ ദൗത്യങ്ങൾ ഏൽപ്പിച്ചുവെന്നുവരും. അതല്ലേ നാം വായിച്ചിട്ടുള്ള ചരിത്രസാക്ഷ്യമേറെയും?

◗ ആന്റണിചടയംമുറി



## ഐശ്വര്യ അർജുൻ വിവാഹിതയായി; ഇന്റർനെറ്റിൽ തരംഗമായി ചിത്രങ്ങൾ

തെന്നിന്ത്യൻ താരവും അർജുൻ സർജയുടെ മകളുമായ ഐശ്വര്യ അർജുൻ വിവാഹിതയായി. നടൻ തമ്പി രാമയ്യയുടെ മകൻ ഉമാപതി രാമയ്യയാണ് ഐശ്വര്യയുടെ വരൻ. അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും മാത്രമായിരുന്നു വിവാഹത്തിൽ പങ്കെടുത്തിരുന്നത്. ചെന്നൈയിൽ അർജുൻപണികഴിപ്പിച്ചഹനുമാൻ ക്ഷേത്രത്തിൽ വച്ചായിരുന്നു വിവാഹ ചടങ്ങുകൾ നടന്നത്. ആക്ഷൻ കിംഗ് അർജുൻ സർജയും നടൻ തമ്പി രാമയ്യയും വർഷങ്ങളായി അടുത്ത സുഹൃത്തുക്കളാണ്. ഐശ്വര്യ അർജുനും ഉമാപതിയും ഏറെ നാളായി പ്രണയത്തിലായിരുന്നു. 2013ൽ ഐശ്വര്യ അർജുനും സിനിമയിൽ അരങ്ങേറ്റം കുറിച്ചിരുന്നു.

## സയൻസ് ഫിക്ഷൻ കോമഡി ചിത്രം 'ഗഗനചാരി' ജൂൺ 21–ന്

ഗോകുൽ സുരേഷ്, അജു വർഗ്ഗീസ്, കെ ബി ഗണേഷ് കുമാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ചന്ദു സംവിധാനം ചെയ്യുന്ന കോമഡി ചിത്രമായ 'ഗഗനചാരി ' ജൂൺ ഇരുപത്തിയൊന്നിന് പ്രദർശനത്തിനെത്തുന്നു.അജിത് വിനായക ഫിലിംസിന്റെ ബാനറിൽ നിർമ്മിക്കുന്ന ചിത്രത്തിൽ അനാർക്കലി മരിയ്ക്കാർ നായികയാവുന്നു.'സാജൻ ബേക്കറി'ക്ക് ശേഷം അരുൺ ചന്ദു ഒരുക്കുന്ന ഈചിത്രത്തിന്റെ ഛായാഗ്രഹണം സുർജിത്ത് എസ് പൈ നിർവഹിക്കുന്നു.

# 'ഉണ്ടായത് വലിയ അപകടം, ജാൻവി കപൂർ രക്ഷപ്പെട്ടത് തലനാരിഴയുടെ വ്യത്യാസത്തിൽ'; വിശദീകരിച്ചു സംവിധായകൻ



ജാൻവി കപൂർ ഒരു ശസ്ത്രക്രിയയിൽ നിന്ന് രക്ഷപ്പെട്ടത് വെറും തലനാരിഴയുടെ വ്യത്യാസത്തിൽ

എന്ന് വെളിപ്പെടുത്തി മിസ്റ്റർ ആൻഡ് മിസ്സിസ് മാഹിയുടെ സംവിധായകൻ ശരൺ ഷർമ രംഗത്ത്. 2024 മെയ് 31ന് പുറത്തിറങ്ങിയ ചിത്രമാണ് മിസ്റ്റർ ആൻഡ് മിസ്സിസ് മാഹി. ചിത്രത്തിൽ രാജ്കുമാർ റാവുവും ജാൻവി കപൂർ ആണ് പ്രധാന വേഷങ്ങളിൽ അഭിനയിച്ചത്. വെറും 11 ദിവസത്തിനകം 30 കോടി കളക്ഷനോടെ ചിത്രം ബോക്സ് ഓഫീസ് ഹിറ്റായിരുന്നു.ഇപ്പോൾ ചിത്രത്തിന്റെ ഷൂട്ടിങ്ങിനിടയിൽ ജാൻവി കപൂറിന് സംഭവിച്ച ഒരു അപകടം ആണ് സോഷ്യൽ മീഡിയയിൽ ചർച്ച ആവുന്നത്. താരത്തിന്റെ രണ്ട് കൈകൾക്കും ആണ് അപകടം സംഭവിച്ചത്. സിനിമയിൽ തനിക്ക് ലഭിച്ച ക്യാരക്ടറിന്റെ ഭാഗമായി, പരിചിതമല്ലാത്ത ഒരു സ്പോർട്ട് കാഴ്ച വയ്ക്കേണ്ടതായി വന്നു എന്നുള്ളതാണ് അപകടം സംഭവിക്കാനുള്ള കാരണമായി ജാൻവി വിശദീകരിച്ചത്. തുടർന്ന് ഷൂട്ടിംഗ് നീട്ടി വയ്ക്കേണ്ടതായും വന്നു എന്ന് സംവിധായകൻ വ്യക്തമാക്കി.അതേസമയം 'അപകടം ഒരല്പം കൂടി കാഠിന്യമേറിയതായിരുന്നുവെങ്കിൽ നടിക്ക് ഒരു ശസ്ത്രക്രിയ തന്നെ അഭിമുഖീകരിക്കേണ്ടി വരുമായിരുന്നു എന്നും സിനിമയുടെ ഷൂട്ടിംഗ് തന്നെ നിർത്തി വയ്ക്കേണ്ടതായി വന്നേനെ' എന്നുമാണ് സംവിധായകൻ വ്യക്തമാക്കിയത്.സംവിധായകൻ ആയ ശരൺ ഷർമ.

# ആ ചിത്രത്തിന് തനിക്ക് ഷാരൂഖിനെക്കാൾ കൂടുതൽ പ്രതിഫലം ലഭിച്ചു; ഓർമ്മകൾ പങ്കുവച്ചു ഫറാ ഖാൻ





ഫറാ ഖാനും ഷാരൂഖ് ഖാനും ബോളിവുഡിലെ ഏറ്റവും അടുത്ത കൂട്ടുകാരാണ്. ബോളിവുഡ് മെഗാസ്റ്റാർ തന്റെ സിനിമാ ജീവിതത്തിന്റെ ആദ്യം മുതൽ തന്നെ ഫറയുമായി അടുത്ത ബന്ധം സൂക്ഷിച്ചിരുന്നു. ഇപ്പോൾ ഇതാ കുന്ദൻ ഷാ ചിത്രമായ കഭി ഹാൻ കഭി നായുമായി ബന്ധപ്പെട്ട ഓർമ്മകൽ പങ്കുവയ്ക്കുകയാണ് ഫറാ ഖാൻ.ഷാരൂഖ് ഖാൻ, സുചിത്ര കൃഷ്ണമൂർത്തി, ദീപക് തിജോരി എന്നിവർ അഭിനയിച്ച ചിത്രത്തിന് നിർമ്മാതാക്കൾക്ക് ഉയർന്ന ബജറ്റ് ഇല്ലായിരുന്നുവെന്നും അതിനാൽ അവർ ഗോവയിൽ നിന്നുള്ള സാധാരണ ആളുകളെ പോലും ചിത്രത്തിൽ താരങ്ങൾക്ക് പകരം അഭിനയിപ്പിച്ചിരുന്നു എന്നും ഫറ ഓർത്തെടുത്തു.''ബജറ്റ് വളരെ കുറവായിരുന്നു. 25,000 രൂപയാണ് ആ ചിത്രത്തിനായി ഷാരൂഖ് പ്രതിഫലം വാങ്ങിയത്. ആ സിനിമയിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്നത് ഞാനായിരുന്നു, എനിക്ക് ഒരു പാട്ടിന് 5000 രൂപ പ്രതിഫലം ലഭിച്ചു, ആറ് പാട്ടുകൾ ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ എനിക്ക് 30,000 രൂപ പ്രതിഫലം കിട്ടി എന്നും ഫറ പറഞ്ഞു.അതേസമയം ഷാരൂഖുമായുള്ള അവരുടെ സൗഹൃദത്തെക്കുറിച്ചും ഫറ വിശദീകരിച്ചു. ഒരു അഭിമുഖത്തിലാണ് ആദ്യമായി ഷാരൂഖിനെ കാണുന്നത് എന്നും തനിക്ക് അദ്ദേഹത്തെക്കുറിച്ച് മതിപ്പൊന്നും ഉണ്ടായിരുന്നില്ലെന്നും ഫറ പറഞ്ഞു.

# ജൂനിയർ എൻടിആറിന്റെ ദേവരയുടെ റിലീസ് നേരത്തെ ആക്കിയേക്കും



ജൂനിയർ എൻടിആർ ആരാധകർ ഏറെ കാത്തിരിക്കുന്ന ചിത്രമാണ് ദേവര. ഗോവയിൽ ആക്ഷൻ ഡ്രാമയായ ദേവരയുടെ ഷൂട്ടിംഗിലാണ് ജൂനിയർ എൻടിആർ ഇപ്പോൾ. കൊരട്ടാല ശിവ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ അച്ഛനും മകനുമായി ഇരട്ട വേഷത്തിലാണ് താരം എത്തുന്നത്. ദേവര രണ്ട് ഭാഗങ്ങളുള്ള ചിത്രമായാണ് നിർമ്മിക്കുന്നത്. ദേവര: ഭാഗം 1 ന്റെ റിലീസ് തീയതി നിർമ്മാതാക്കൾ ആദ്യം പ്രഖ്യാപിച്ചു എങ്കിലും ചിത്രത്തിലെ വില്ലനായ സെയ്ഫ് അലി ഖാന് പരിക്കേറ്റതിനെ തുടർന്ന് ഷൂട്ടിംഗ് മുടങ്ങിയിരുന്നു. ഇത് നിർമ്മാണം വൈകുന്നതിന് കാരണമായി. അതിനാൽ റിലീസ് ഒക്ടോബർ 10ലേക്ക് മാറ്റിയിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി, ദേവര സെപ്റ്റംബർ 27 ന് പ്രിപോൺ ചെയ്യുമെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ സെപ്റ്റംബർ 27 ന് റിലീസ് ചെയ്യാൻ നിശ്ചയിച്ചിരുന്ന പവൻ കല്യാണിന്റെ ചിത്രം ഇപ്പോൾ അടുത്ത വർഷത്തേക്ക് മാറ്റിവച്ചു. അതുകൊണ്ട് തന്നെ ഈ തീയതിയിൽ ദേവര റിലീസ് ചെയ്യുമെന്നാണ് പുറത്തു വരുന്ന വിവരം.



# 'കൽക്കി 2989 എഡി' കേരളത്തിൽ എത്തിക്കുന്നത് ദുൽഖർ



പ്രഭാസ്- നാഗ് അശ്വിൻ കൂട്ടുകെട്ടിൽ ഒരുങ്ങുന്ന 'കൽക്കി 2898 എഡി' കേരളത്തിൽ ദുൽഖർ സൽമാന്റെ പ്രൊഡക്ഷൻ കമ്പനിയായ വേഫറർ ഫിലിംസ് വിതരണത്തിനെത്തിക്കും. വൈജയന്തി മൂവീസിന്റെ ബാനറിൽ അശ്വിനി ദത്ത് നിർമിക്കുന്ന ചിത്രമാണ് കൽക്കി.ജൂൺ 27ന് ചിത്രം റിലീസിനെത്തും. ബിസി 3101- ൽ മഹാഭാരതത്തിലെ ഇതിഹാസ സംഭവങ്ങളിൽ നിന്ന് തുടങ്ങി 2898 എഡി വരെ സംഭവിക്കുന്ന സഹസ്രാബ്ദങ്ങൾ നീണ്ടുനിൽക്കുന്ന ഒരു യാത്രയാണ് കൽക്കിയുടെ ഇതിവൃത്തം. ദീപിക പദുകോൺ ചിത്രത്തിൽ പ്രഭാസിന്റെ നായികയായി എത്തുന്നു. അമിതാഭ് ബച്ചനും കമൽ ഹാസനും ചിത്രത്തിൽ മറ്റ് പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നു. പുരാണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഭാവിയെ തുറന്നു കാണിക്കുന്ന ഒരു സയൻസ് ഫിക്ഷനാണ് 'കൽക്കി 2898 എഡി' എന്നാണ് റിപ്പോർട്ട്. കൽക്കിയിലെ നായകനായ പ്രഭാസ് അവതരിപ്പിക്കുന്ന ഭൈരവയുടെ റോബോട്ടിക് വാഹനത്തിൻറെ പേരാണ് ബുജ്ജി. ബുജ്ജിയ്ക്ക് വേണ്ടി ശംബ്ദം നൽകിയിരിക്കുന്നത് കീർത്തി സുരേഷാണ്. സന്തോഷ് നാരായണനാണ് ചിത്രത്തിലെ പാട്ടുകൾ ഒരുക്കുക. സാൻ ഡിയാഗോ കോമിക്-കോണിൽ കഴിഞ്ഞ വർഷം നടന്ന തകർപ്പൻ അരങ്ങേറ്റത്തിന് ശേഷം ആഗോളതലത്തിൽ ശ്രദ്ധയാകർഷിച്ച ഈ ചിത്രം വൻ പ്രതീക്ഷയോടെയാണ് പ്രേക്ഷകർ നോക്കിക്കാണുന്നത്.600 കോടി ബജറ്റിൽ ഒരുങ്ങുന്നതെന്ന് കരുതപ്പെടുന്ന ചിത്രമാണ് ഇത്. അതിൽ വലിയൊരു ഭാ?ഗം താരങ്ങളുടെ പ്രതിഫലമാണ്. ഏറ്റവുമധികം പ്രതിഫലം വാങ്ങുന്നത് നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന പ്രഭാസ് തന്നെ. 150 കോടിയാണ് കൽക്കിയിൽ പ്രഭാസ് വാങ്ങുന്ന പ്രതിഫലമെന്നാണ് റിപ്പോർട്ടുകൾ. ദീപിക പദുകോൺ ആണ് ചിത്രത്തിലെ നായിക.

## വീണ്ടും വിറപ്പിക്കാൻ കാഞ്ചന 4; പ്രഖ്യാപനം ഉടൻ

കാഞ്ചന എന്ന ഒരൊറ്റ സിനിമ മതി രാഘവ ലോറൻസ് എന്ന നടനെ എന്നും ഓർക്കാൻ. കാഞ്ചനയുടെ നാലാം ഭാഗം വരുന്നു എന്നറിഞ്ഞത് മുതൽ പ്രേക്ഷകരും വലിയ ആവേശത്തിലാണ്.കാഞ്ചന 4ൽ മൃണാൾ താക്കൂർ നായികയാകുമെന്ന അഭ്യൂഹങ്ങളും പരന്നിരുന്നു. ഇപ്പോഴിതാ രാഘവ ലോറൻസ് അത്തരം പ്രചാരണങ്ങൾക്കെല്ലാം മറുപടിയുമായി എത്തിയിരിക്കുകയാണ്.ഞായറാഴ്ച എക്സിലൂടെയായിരുന്നു രാഘവ ലോറൻസിന്റെ പ്രതികരണം. 'സുഹൃത്തുക്കളേ, ആരാധകരേ, കാഞ്ചന 4 നെ കുറിച്ച് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന എല്ലാ വിവരങ്ങളും വെറും അഭ്യൂഹങ്ങളാണ്. രാഘവേന്ദ്ര പ്രൊഡക്ഷൻസ് ഉടൻ ഔദ്യോഗിക പ്രഖ്യാപനം നടത്തുമെന്ന് രാഘവ ലോറൻസ് സൂചിപ്പിച്ചു. ഹൊറർ-കോമഡി ചിത്രമായാണ് കാഞ്ചന പ്രേക്ഷകരിലേക്ക് എത്തുന്നത്.

# ഗൗതം മേനോൻ ചിത്രത്തിൽ മമ്മൂട്ടിയുടെ നായികയായി സാമന്ത



മമ്മൂട്ടിയെ നായകനാക്കി ഗൗതം മേനോൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ തെന്നിന്ത്യൻ സുന്ദരി സാമന്ത നായികയായി എത്തുന്നതായി റിപ്പോർട്ട്. ഇത് ആദ്യമായാണ് സാമന്ത മലയാള ചിത്രത്തിൽ അഭിനയിക്കുന്നത്. മമ്മൂട്ടിയും സാമന്തയും ആദ്യമായി ഒരുമിക്കുന്ന ചിത്രത്തിന്റെ ചിത്രീകരണം ജൂൺ 15ന് ചെന്നൈയിൽ ആരംഭിക്കും എന്നാണ് പുറത്തു വരുന്ന വിവരം.

മമ്മൂട്ടി കമ്പനിയുടെ ബാനറിൽ ആണ്ചിത്രത്തിന്റെ നിർമ്മാണം. മലയാളിയും തമിഴിലെ പ്രമുഖ സംവിധായകനും നടനുമായ ഗൗതം മേനോൻ ആദ്യമായാണ് മലയാള ചിത്രം സംവിധാനം ചെയ്യുന്നത്. മമ്മൂട്ടിയും ഗൗതം മേനോനും ആദ്യമായി ഒരുമിക്കുന്നു എന്ന പ്രത്യേകത കൂടിയുണ്ട്. ജൂൺ 20ന് മമ്മൂട്ടി ജോയിൻ ചെയ്യും എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം. അതേസമയം നവാഗതനായ ഡിനോ ഡെന്നിസ് രചനയും സംവിധാനവും നിർവഹിക്കുന്ന ബസൂക്ക എന്ന ചിത്രത്തിൽ മമ്മൂട്ടിയും ഗൗതം മേനോനും ഒരുമിച്ച് അഭിനയിച്ചിട്ടുണ്ട്. സിനിമയിൽ ഇതുവരെ ഒരുമിച്ച് അഭിനയിച്ചില്ലെങ്കിലും ഒരു പരസ്യ ചിത്രത്തിൽ മമ്മൂട്ടിയും സാമന്തയും ഒരുമിച്ചിട്ടുണ്ട്.

# 'ഒറ്റക്കൊമ്പനി'ലേക്ക് സുരേഷ് ഗോപി



കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വീണ്ടും അഭിനയ രംഗത്തേക്ക്. സിനിമയിൽ അഭിനയിക്കാൻ ഔദ്യോഗിക അനുമതി ലഭിച്ചതോടെയാണ് ഒരിടവേളയ്ക്ക് ശേഷം സുരേഷ് ഗോപി വീണ്ടും വെള്ളിത്തിരയിലേക്ക് തിരിച്ചെത്തുന്നത്.ഏറെ നാളായി പ്രഖ്യാപിച്ച ഒറ്റക്കൊമ്പൻ എന്ന ചിത്രത്തിലൂടെയാണ് സുരേഷ് ഗോപി അഭിനയ രംഗത്തേക്ക് തിരിച്ചെത്തുന്നത്. സുരേഷ് ഗോപിയെ നായകനാക്കി അരുൺ സംവിധാനം ചെയ്ത ഗരുഡനാണ് അവസാനമായി തിയേറ്ററുകളിലെത്തിയ ചിത്രം.അഭിനയിക്കാൻ അനുവാദം കിട്ടേണ്ട സ്ഥലത്തുനിന്നും അനുമതി വാങ്ങിയെന്നും സിനിമയിലേക്ക് മടങ്ങുകയാണെന്നും സുരേഷ് ഗോപി തന്നെ മാധ്യമങ്ങളോട് പറഞ്ഞു. ജൂലൈ ഒന്നിന് ഒറ്റക്കൊമ്പന്റെ ചിത്രീകരണം ആരംഭിക്കും.നേരത്തെ സുരേഷ്ഗോപിയുടെ 250-ാം ചിത്രമായിട്ടായിരുന്നു ഒറ്റക്കൊമ്പൻ പ്രഖ്യാപിച്ചിരുന്നത്. നവാഗതനായ മാത്യൂസ് തോമസ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

120

| | |
|---|---|
| Movie | Kadathanaattu Maakkam (1978) |
| Director | Appachan (Navodaya) |
| Lyrics | P Bhaskaran |
| Music | G Devarajan |
| Singer | KJ Yesudas |

ഇളവന്നൂർ മഠത്തിലെ ഇണക്കുയിലേ...

ഇളവന്നൂർ മഠത്തിലെ
ഇണക്കുയിലേ.. മാറിൽ
കളഭക്കൂട്ടണിഞ്ഞുകൊണ്ടുറക്കമായോ..
വിരഹത്തിൻ ചൂടുണ്ടോ വിയർപ്പുണ്ടോ.. നിന്നെ
വീശുവാൻ മേടക്കാറ്റിൻ വിശറിയുണ്ടോ...

കളിവള്ളം കെട്ടിയിട്ടു
പുഴക്കടവിൽ ഞാൻ
മലരണിവാകച്ചോട്ടിൽ മയങ്ങുമ്പോൾ..
കനവിന്റെ കളിത്തേരിൽ വന്നില്ലേ.. സ്നേഹ
കളിവാക്കു പറഞ്ഞെന്നെ ക്ഷണിച്ചില്ലേ..
ക്ഷണിച്ചില്ലേ...




പതിനഞ്ചാം വാവിലെ
പാലാഴിത്തിരമാല
പടകാളിമുറ്റത്തെത്തി വിളിക്കുന്നു..
പുളിയിലക്കരമുണ്ടു പുതച്ചാട്ടേ നിന്റെ
സഖിമാരെ ഉണർത്താതെ വന്നാട്ടേ..
വന്നാട്ടേ...

# അമിതാഭ് ബച്ചന്റെ ഗതിയാകുമോ സുരേഷ് ഗോപിക്കും..?

**സുരേഷ്ഗോപിയും അമിതാഭ് ബച്ചനും സിനിമയിൽ നിന്നും രാഷ്ട്രീയത്തിലിറങ്ങിയവരുമാണ്. ജീവിതത്തിൽ ഒട്ടേറെ സമാനതകളുണ്ട്. സിനിമയിൽ ക്ഷോഭിക്കുന്ന യുവത്വത്തിന്റെ പ്രതീകങ്ങളാണ് ഇരുവരും. വേണ്ടതിലേറെ ആത്മാർത്ഥതയുണ്ട്. പരോപകാരികളുമാണ്. അനീതിക്കെതിരെ ശബ്ദമുയർത്തും. അതോടൊപ്പം മേമ്പൊടിയായി തെല്ല് അഹങ്കാരവുമുണ്ട്. സിനിമയിൽ വൻ വിജയം നേടിയ ബച്ചൻ രാഷ്ട്രീയത്തിൽ വൻ പരാജയമായിരുന്നു...! എന്നാൽ സുരേഷ് ഗോപി ബച്ചന്റെ വഴിയേതന്നെ പോകാനാണ് സാധ്യത ഏറെ..!**

**ഡൽഹി ഡെർബാർ**



ബി.ജെ.പി എന്ന രാഷ്ട്രീയ പാർട്ടിക്ക് കേരളത്തിൽ നിന്നും ആദ്യമായി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു എം.പി., അതും ജനപ്രീതിയുള്ള ഒരു സിനിമാനടൻ. സുരേഷ് ഗോപി. ഇപ്പോഴിതാ കേന്ദ്രത്തിൽ സാംസ്കാരികവകുപ്പിന്റെ സഹമന്ത്രി. എന്നാൽ ആദ്ദേഹത്തിന് സിനിമ വിടാൻ കഴിയില്ലെന്നും ജൂലൈ ഒന്നു മുതൽ പുതിയ ചിത്രത്തിന്റെ ചിത്രീകരണത്തിനായി പോകുമെന്നും പറഞ്ഞുകഴിഞ്ഞു. ഇതൊക്കെ അറിഞ്ഞപ്പോൾ അമിതാഭ് ബച്ചനെ അറിയാതെ ഓർത്തുപോയി.

സുരേഷ്ഗോപിക്കും അമിതാഭ് ബച്ചനും ജീവിതത്തിൽ ഒട്ടേറെ സമാനതകളുണ്ട്. രണ്ടുപേരും സിനിമയിൽ ക്ഷോഭിക്കുന്ന യുവത്വത്തിന്റെ പ്രതീകങ്ങളാണ്. രണ്ടുപേർക്കും വേണ്ടതിലേറെ ആത്മാർത്ഥതയുണ്ട്. പരോപകാരികളുമാണ്. ദാനധർമ്മം ചെയ്യാൻ മടിയില്ല. അനീതിക്കെതിരെ ശബ്ദമുയർത്തും. അതോടൊപ്പം മേമ്പൊടിയായി തെല്ല് അഹങ്കാരവുമുണ്ട്. അതൊരു കുഴപ്പമായി കാണാൻ മാത്രം വളർന്നിട്ടുമില്ല. ഇരുവരും സിനിമയിൽ നിന്നും രാഷ്ട്രീയത്തിലിറങ്ങിയവരുമാണ്.

സിനിമയിൽ വൻ വിജയമാണ് ഇവർ നേടിയത്. എന്നാൽ അമിതാഭ് ബച്ചൻ രാഷ്ട്രീയത്തിൽ വൻ പരാജയമായിരുന്നു. അദ്ദേഹം മാത്രമല്ല, കമൽ ഹാസൻ, ശിവാജി ഗണേശൻ, മലയാളത്തിൽ നിന്നുമാണെങ്കിൽ പ്രേം നസീർ, മുരളി, രാമു കാര്യാട്ട്, രാജസേനൻ, ദേവൻ, ജഗദീഷ്, ഉണ്ണിമേരി ഇങ്ങനെ ഒരു താര നിരതന്നെ രാഷ്ട്രീയത്തിൽ പരാജയം നേരിട്ടവരാണ്.

അമിതാഭ് ബച്ചന്റെ രാഷ്ട്രീയ ജീവിതം തന്നെ നോക്കാം. രാഷ്ട്രീയം അദ്ദേഹത്തിന്റെ പാരമ്പര്യത്തെ മുറിവേൽപ്പിച്ച ഒരു വൈകാരിക തീരുമാനമായിപ്പോയി എന്ന് അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു.

രാഷ്ട്രീയത്തിലെ അമിതാഭ് ബച്ചന്റെ ജീവിതം ക്ലേശകരമായിരുന്നു, അന്തർദേശീയ അഴിമതിയാരോപണം, പ്രാദേശിക അപകീർത്തി, ഇങ്ങനെ പല, പല പ്രശ്നങ്ങളായിരുന്നു കക്ഷിയെ രാഷ്ട്രീയ നിർഭാഗ്യത്തിലേക്കെത്തിച്ചത്.

ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തിന് ദിവസങ്ങൾക്ക് ശേഷമാണ് അമിതാഭ് ബച്ചൻ രാഷ്ട്രീയ ജീവിതം. പിന്നെ ബച്ചൻ അലഹബാദിൽ ലോക്സഭാ സ്ഥാനാർത്ഥിയായി പ്രചാരണം നടത്തുന്നതായി കണ്ടു. അഭ്രപാളിയിൽ ഒരു നടന് സാധ്യമായ എല്ലാ വേഷങ്ങളും അമിതാഭ് ബച്ചൻ ചെയ്തിട്ടുണ്ട്, എന്നാൽ ആദ്യമായി ഒരു സിനിമാ സെറ്റിന്റെ സുഖസൗകര്യങ്ങൾക്ക് പുറത്ത് ഇറങ്ങിയപ്പോൾ, യാഥാർത്ഥ്യം ഒരു പരുക്കൻ ഞെട്ടലായി. ഒരു രാഷ്ട്രീയക്കാരന്റെ തൊപ്പി ധരിച്ച് ബച്ചൻ വൈവിധ്യവൽക്കരിച്ചു.

1980കളുടെ തുടക്കത്തിൽ, കൂലി എന്ന സിനിമയുടെ സെറ്റിൽ വച്ച് ബച്ചൻ മാരകമായ ഒരു അപകടത്തെ അഭിമുഖീകരിച്ചതിന് ശേഷമാണ് ഇതെല്ലാം ആരംഭിച്ചത്. കഥ എല്ലാവർക്കും അറിയാം ബോളിവുഡിലെ കോപാകുലനായ യുവാവ് സിനിമയിൽ അത്ര അപകടകരമല്ലാത്ത ഒരു ആക്ഷൻ രംഗത്തിനായി ഷൂട്ട് ചെയ്യുകയായിരുന്നു, പക്ഷേ ഗുരുതരമായി പരിക്കേറ്റു, ആശുപത്രിയിൽ ജീവൽ മരണ പോരാട്ടത്തിലേർപ്പെട്ടു.

രാഷ്ട്രം അദ്ദേഹത്തിനു വേണ്ടി മുമ്പെങ്ങുമില്ലാത്തവിധം പ്രാർത്ഥനയിൽ ഒന്നിച്ചപ്പോൾ, ഒരു സിനിമാതാരത്തിനും ഇല്ലാത്ത ശക്തി ബച്ചനുണ്ടെന്ന് തെളിഞ്ഞു. ഈ സംഭവത്തിന് ശേഷം രണ്ട് വർഷം കഴിഞ്ഞാണ് ബച്ചൻ രാഷ്ട്രീയത്തിലേക്ക് ചാടിയത്, അക്കാലത്ത്, പൊതുജനങ്ങളുടെ മേൽ വലിയ സ്വാധീനം ആസ്വദിച്ച ഒരു വ്യക്തിയുടെ വ്യക്തമായ അടുത്ത ഘട്ടമായിരുന്നു അത്.

1984ൽ ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തിനും തൊട്ടുപിന്നാലെയുണ്ടായ സിഖ് വിരുദ്ധ കലാപത്തിനും ശേഷം രാജ്യം താറുമാറായി. രാജീവ് ഗാന്ധി രാജ്യത്തിന്റെ ചുമതല ഏറ്റെടുക്കാൻ തയ്യാറായപ്പോൾ, അദ്ദേഹം തന്റെ വിശ്വസ്ത സുഹൃത്തായ ബച്ചനെ ബന്ധപ്പെടുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. രാഷ്ട്രീയത്തിൽ ചേരാനുള്ള തന്റെ തീരുമാനത്തെ 'വൈകാരികവും' 'അബദ്ധവും' എന്ന് അദ്ദേഹം പിന്നീട് വിവരിച്ചു. ഹരിവംശരായ് റായ് ബച്ചനും ജവഹർലാൽ നെഹ്റുവും തമ്മിൽ ശക്തമായ സൗഹൃദമുണ്ടായിരുന്നു. ബച്ചൻ തന്നെ അതിനെകുറിച്ചുള്ള ഒരു കഥ കോൻ ബനേഗാ ക്രോർപതി 15ൽ പങ്കുവെച്ചിരുന്നു.

നെഹ്റുമാർ അവരുടെ കുടുംബവീടായ ആനന്ദഭവനിൽ താമസിച്ചപ്പോൾ ഇരുവരെയും പരിചയപ്പെടുത്തിയത് സരോജിനി നായിഡുവാണെന്ന് അദ്ദേഹം പറഞ്ഞു. അലഹബാദ് അവിടെ വച്ചാണ് ബച്ചന്റെ അമ്മ തേജി ബച്ചനും ഇന്ദിരാഗാന്ധിയും സുഹൃത്തുക്കളായത്.

1984 ഒക്ടോബർ 31ന് ഡൽഹിയിൽ വച്ച് ഇന്ദിരാഗാന്ധി സിഖ് അംഗരക്ഷകരാൽ കൊല്ലപ്പെട്ടപ്പോൾ അതിന്റെ അനന്തരഫലങ്ങൾ ക്രൂരമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സിഖ് വിരുദ്ധ കലാപങ്ങൾ ഉണ്ടായി, അക്കാലത്തെ പല രാഷ്ട്രീയക്കാരും ആ കലാപത്തിന് പ്രേരണ നൽകിയതിന് പിന്നീട് ചോദ്യം ചെയ്യപ്പെട്ടു. തന്റെ ബാല്യകാല സുഹൃത്തായ രാജീവിന് പിന്തുണ നൽകുന്ന ബച്ചനെ, കലാപത്തിന്റെ ആസൂത്രണത്തിൽ ജഗദീഷ് ടൈറ്റ്ലറുടെ പങ്കിനെക്കുറിച്ച് 2015ൽ സി.ബി.ഐ ചോദ്യം ചെയ്തിരുന്നു. ദേശീയ ടെലിവിഷനിൽ തന്റെ സുഹൃത്ത് രാജീവിന് തന്റെ സഹായം ആവശ്യമുള്ളതുകൊണ്ടാണ് ഇത് ചെയ്തതെന്നും അദ്ദേഹത്തിന് നിരസിക്കാൻ കഴിയില്ലെന്നും ബച്ചൻ പിന്നീട് സൂചിപ്പിച്ചു.

1998ൽ സിമി അഗർവാളുമായുള്ള ഒരു അഭിമുഖത്തിൽ ബച്ചൻ പറഞ്ഞു, "മിസ്റ്റർ രാജീവ് ഗാന്ധിയും അദ്ദേഹത്തിന്റെ കുടുംബവും ഞങ്ങളുടെ കുടുംബവും പരസ്പരം അറിയുകയും വർഷങ്ങളോളം സൗഹൃദബന്ധം പങ്കിടുകയും ചെയ്തതാണ് ആ സുഹൃത്തിനൊപ്പം നിൽക്കാൻ എന്നെ പ്രേരിപ്പിച്ചത്. 'ബച്ചൻ ആദ്യമായി പാർലമെന്റിൽ പ്രവേശിച്ചപ്പോൾ, അത് ഒരു സിനിമാ താരത്തിന്റെ ജീവിതത്തിലെ മറ്റൊരു ദിവസം പോലെയാണ് തോന്നിയത്, എന്നാൽ ആ ദൃശ്യങ്ങൾ വീണ്ടും കാണുന്നത് ഇപ്പോൾ സ്കൂളിൽ തന്റെ ആദ്യ ദിവസം ആരംഭിക്കുന്ന ഒരു പരിഭ്രാന്തനായ കുട്ടിയെ പോലെയാണ്.

നിരവധി സിനിമാ താരങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, തന്റെ മണ്ഡലത്തിൽ സജീവമായി ഇടപെടുക എന്നത് ബച്ചൻ തന്റെ ദൗത്യമാക്കിയിരുന്നുവെന്ന് അക്കാലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. അലഹബാദിന്റെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ ബച്ചൻ ആഗ്രഹിച്ചിരുന്നുവെന്നും എന്നാൽ മുതിർന്ന പാർട്ടി അംഗങ്ങൾ ഒരു തുടക്കക്കാരനെപ്പോലെയാണ് പെരുമാറിയതെന്നും പത്രപ്രവർത്തകൻ വീർ സാംങ്വി തന്റെ ഓർമ്മക്കുറിപ്പായ എ റൂഡ് ലൈഫിൽ പരാമർശിച്ചിരുന്നു.

പിന്നീട് രാജ്യത്തിന്റെ പ്രധാനമന്ത്രിയായ അന്നത്തെ ധനമന്ത്രി വി.പി. സിംഗ്, 'തന്റെ സ്വന്തം തട്ടകമായി കരുതിയിരുന്ന അലഹബാദിനോട് ബച്ചൻ കാണിക്കുന്ന അഭിനിവേശം സിങ്ങിനെ വല്ലാതെ വിഷമിപ്പിച്ചു എന്ന് ഓർമ്മക്കുറിപ്പിൽ പറയുന്നു. "അലഹബാദിൽ, നഗരത്തിൽ ബച്ചൻ പിടിമുറുക്കിക്കൊണ്ടിരുന്നു. രണ്ടാഴ്ചത്തേക്ക് അദ്ദേഹം നിയോജക മണ്ഡലം സന്ദർശിക്കുന്നതിൽ വീഴ്ചവരുത്തിയാൽ ബച്ചനെ കാൺമാനില്ലെന്ന പോസ്റ്ററുകൾ ഒട്ടിക്കുമായിരുന്നു." സാംങ്വി എഴുതി.

ബച്ചൻ പതിയെപ്പതിയെ ഒരു രാഷ്ട്രീയക്കാരൻ എന്ന നിലയിൽ തന്റെ ജീവിതം ഉൾക്കൊള്ളാൻ ശ്രമിച്ചു. അതേസമയം ഇന്ത്യാടുഡേയുടെ അഭിമുഖത്തിൽ, ബച്ചൻ തന്റെ 'രണ്ട് മണ്ഡലങ്ങൾ' അലഹബാദും സിനിമാ വ്യവസായവും എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് വിവരിച്ചു. തനിക്ക് ഇതൊരു പുതിയ ലോകമായതിനാൽ, ഭക്ഷിക്കാൻ കഴിയുന്നതിലും കൂടുതൽ താൻ കടിച്ചുവെന്ന് ബച്ചൻ മനസ്സിലാക്കാൻ തുടങ്ങിയിരുന്നു.

1985 മുതലുള്ള അദ്ദേഹത്തിന്റെ പ്രസ്താവന അക്കാലത്തെ അദ്ദേഹത്തിന്റെ മാനസികാവസ്ഥയിലേക്കുള്ള നേർക്കാഴ്ച ആയിരുന്നു. "പാർലമെന്റിന്റെ താഴികക്കുടം ഉരുളുന്ന ക്യാമറയുടെ ലെൻസ് പോലെ തന്നെ വിസ്മയിപ്പിക്കുന്നതാണ്. പാർലമെന്റിൽ നിങ്ങൾക്ക് എന്തെങ്കിലും തെറ്റുപറ്റിയാൽ അവിടെ ആരും 'കട്ട്' പറയില്ല, "അദ്ദേഹം പറഞ്ഞു.

മറ്റ് കോൺഗ്രസ് നേതാക്കളിൽ ആർക്കും തന്നെ ബച്ചനെ ഉൾക്കൊള്ളാനോ, അദ്ദേഹത്തെ അനുകൂലിച്ചു സംസാരിക്കാനോ താല്പര്യപ്പെട്ടിരുന്നില്ല. പ്രധാനമന്ത്രിയുടെ പ്രിയവും ജനപിന്തുണയും മാത്രം നേടിയ, രാഷ്ട്രീയത്തിൽ പ്രവേശിച്ച ആളോട് പാർട്ടി അംഗങ്ങൾ നീരസപ്പെടാൻ തുടങ്ങിയിരുന്നു. ആ വർഷങ്ങളിൽ ബച്ചനെ അടുത്ത് പിന്തുടരുന്ന വീർ സാംങ്വി, തന്റെ മണ്ഡലത്തിൽ ബച്ചൻ ആരംഭിച്ച സംരംഭങ്ങളൊന്നും ഫലവത്തായില്ല എന്ന് ഓർമ്മക്കുറിപ്പിൽ അനുസ്മരിച്ചു, ഇത് അദ്ദേഹത്തിന്റെ രാഷ്ട്രീയ എതിരാളികൾ നടത്തിയ കൃത്രിമത്വത്തിന്റെ ഫലമാണെന്ന് സൂചിപ്പിച്ചു. ജനങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു സിനിമാ താരത്തിനെതിരെ ജനക്കൂട്ടത്തെ തിരിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ ഒന്നിനുപുറകെ ഒന്നായി അദ്ദേഹത്തിനെതിരെ ആരോപണങ്ങൾ ഉയർന്നു, 1987 ആയപ്പോഴേക്കും കാര്യങ്ങൾ തകിടം മറിഞ്ഞു.

അമിതാഭ് ബച്ചൻ രണ്ട് വർഷത്തിനുള്ളിൽ എംപി സ്ഥാനം രാജിവച്ചു. 1987ൽ, 1,437 കോടി രൂപയുടെ ഇന്ത്യ ഒപ്പുവെച്ച സ്വീഡിഷ് ആയുധ കമ്പനിയായ എബി ബൊഫോഴ്സ് കരാർ ഉറപ്പിച്ചു. ഇതിനായി നിരവധി രാഷ്ട്രീയക്കാർക്കും പ്രതിരോധ ഉദ്യോഗസ്ഥർക്കും കൈക്കൂലി നൽകിയതായി ഒരു സ്വീഡിഷ് റേഡിയോ ചാനൽ ആരോപിച്ചു.

1986ലാണ് കരാർ ഒപ്പിട്ടത്. ഈ സമയത്ത്, തന്റെ സഹോദരൻ അജിതാഭ് ബച്ചൻ തന്റെ ഫണ്ട് കൈകാര്യം ചെയ്യുന്നതായും നിഗൂഢമായ ഏതോ 'സ്വിസ് അക്കൗണ്ടിൽ' നിക്ഷേപിച്ചതായും ആരോപണമുണ്ടായി.

മാധ്യമങ്ങളിൽ പരോക്ഷമായി ഉയർന്നുവന്ന ആരോപണങ്ങളിൽ നിന്ന് വ്യതിചലിപ്പിക്കാൻ ബച്ചൻ ശ്രമിച്ചു. ബൊഫോഴ്സ് അഴിമതി പുറത്തുവന്നപ്പോൾ ബച്ചൻ കൈക്കൂലി വാങ്ങിയെന്ന ആരോപണം ഉയർന്നിരുന്നു. അജിതാബിന് ഒരു സ്വിസ് അക്കൗണ്ട് ഉണ്ടെന്നും ഈ തെറ്റായ വിവരങ്ങൾ ലോകമെമ്പാടുമുള്ള പത്രങ്ങളും ഇന്ത്യയിലും പ്രചരിപ്പിച്ചതായും ഡാഗൻസ് നൈഹെറ്റർ എന്ന സ്വീഡിഷ് പത്രം റിപ്പോർട്ട് ചെയ്തു. അജിതാഭ് ലണ്ടനിലേക്ക് മാറിയിരുന്നു, അതിനാൽ ബച്ചന്മാർ ലണ്ടനിൽ പത്രത്തിനെതിരെ കേസ് കൊടുത്തു.

എന്നാൽ ആ പത്രം ആരോപണം തെറ്റാണെന്ന് സമ്മതിക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്തു. ഇന്ത്യയിൽ 2004ൽ സി.ബി.ഐ രാജീവ് ഗാന്ധിക്ക് ക്ലീൻ ചിറ്റ് നൽകി. എന്നാൽ 2012ൽ മാത്രമാണ് ബച്ചൻ എല്ലാ കുറ്റങ്ങളിൽനിന്നും മോചിതനായത്.

ഈ അസുഖകരമായ സംഭവത്തിന് ശേഷം, 1987ൽ ബച്ചൻ തന്റെ രാജിക്കത്ത് കൈമാറി. 1998ൽ സിമി അഗർവാളുമായി സംസാരിക്കുമ്പോൾ, ബച്ചൻ ഈ ഘട്ടത്തെ 'നരകം' എന്ന് വിശേഷിപ്പിച്ചു. ഏതാണ്ട് ഇതേ പാതയിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ചയാളാണ് സുരേഷ് ഗോപി.

1958 ജൂൺ 26ന് ജ്ഞാനലക്ഷ്മിയുടേയും ഗോപിനാഥൻ പിള്ളയുടേയും മകനായി കൊല്ലം ജില്ലയിൽ ജനിച്ചു. 1965ൽ ഏഴാമത്തെ വയസിൽ കെ.എസ്.സേതുമാധവൻ സംവിധാനം ചെയ്ത ഓടയിൽ നിന്ന് എന്ന ചിത്രത്തിൽ ബാലതാരമായി അഭിനയിച്ച് കൊണ്ടാണ് അഭിനയരംഗത്തേക്ക് ഇദ്ദേഹം കടന്നുവരുന്നത്. തങ്കശ്ശേരി ഇൻഫന്റ് ജീസസ് ആംഗ്ലോ ഇന്ത്യൻ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ സുരേഷ് ഗോപി കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് നിന്നും സുവോളജിയിൽ ബിരുദവും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്.

2016 മുതൽ ബി.ജെ.പിയുടെ 2021 വരെ രാജ്യസഭാംഗമായിരുന്നു സുരേഷ് ഗോപി. തൃശൂരിൽ ഏറെ നളുകളായി ജനസേവനം നടത്തിയ പരിചയവുമാണ് ഇക്കുറി മത്സരത്തിനെത്തിയത്. വലിയ വിജയവും നേടി. പക്ഷേ, എംജിആറിനെപ്പോലെയോ, എൻടിആറിനെപ്പോലെയോ ഒരു ദൈവീക പരിവേഷമല്ല സുരേഷ് ഗോപിക്കുള്ളത്. അധികാരകേന്ദ്രങ്ങളെ വെല്ലുവിളിക്കുന്ന ക്ഷോഭം മുഖമുദ്രയാക്കിയ വ്യക്തിത്വമാണ് സിനിമയിൽ നിന്നും ലഭിച്ച മുതൽക്കൂട്ട്. അതുമായി എത്ര നാൾ മുന്നോട്ടുപോകും എന്ന് കണ്ടറിയണം. അമിതാഭ് ബച്ചന്റെ വഴിയേ തിരിയാനാണ് സാധ്യത കാണുന്നത്.

◗ *എം എൽസ എൽവിൻ*

# റയലിന്റെ ജർമൻ താരത്തെ സ്വന്തമാക്കാൻ പണം വാരിയെറിഞ്ഞ് അൽ നസർ




റയൽ മാഡ്രിഡിന്റെ ജർമൻ താരത്തെ സ്വന്തമാക്കാൻ വലവീശി അൽ നാസർ. റയൽ മാഡ്രിഡിന്റെ സെന്റർ ബാക്ക് അന്റോണിയോ റൂഡിഗറിനെയാണ് അൽ നാസർ ലക്ഷ്യമിടുന്നത്. സ്കൈ സ്പോർട്സിന്റെ റിപ്പോർട്ട് പ്രകാരം സൗദി ഭീമന്മാർ 100 മില്യൺ യൂറോയുടെ നാല് വർഷത്തെ കരാർ റൂഡിഗറിന് വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ജർമൻ പ്രതിരോധ താരം റയൽ മാഡ്രിഡ് വിടാൻ തയ്യാറല്ലെന്നും അൽ നാസറിന്റെ ഓഫർ നിരസിച്ചുവെന്നുമാണ് പുറത്തുവരുന്ന വിവരം.2022-ൽ ചെൽസിയിൽ നിന്നാണ് റൂഡിഗർ റയൽ മാഡ്രിഡിൽ ചേർന്നത്. റയലിനൊപ്പം രണ്ടു വർഷത്തെ കരാറും 400 മില്യൺ യൂറോയുടെ റിലീസ് ക്ലോസുമാണ് ഉള്ളത്. ഈ സാഹചര്യത്തിലും താരം ഇതിനെയെല്ലാം മറികടന്ന് അൽ നസറിലേക്ക് ചേക്കേറുമോ എന്ന് കണ്ടു തന്നെ അറിയണം. കഴിഞ്ഞ സീസണിൽ റയൽ മാഡ്രിഡിനായി മികച്ച പ്രകടനമാണ് റൂഡിഗർ നടത്തിയത്. രണ്ട് ഗോളുകളും മൂന്ന് അസിസ്റ്റുകളും താരം നേടിയിട്ടുണ്ട്. 2023-24 സീസണിൽ, റയൽ മാഡ്രിഡ് ലാ ലിഗ, കോപ്പ ഡെൽ റേ, യുവേഫ ചാമ്പ്യൻസ് ലീഗ് കിരീടങ്ങൾ നേടി. അതേസമയം, ഈ സീസണിൽ അൽ നാസറിന് കിരീടങ്ങളൊന്നും നേടാനായില്ല. അൽ നാസർ സൗദി ലീഗിൽ രണ്ടാം സ്ഥാനത്തെത്തി. അതുകൊണ്ട് തന്നെ വമ്പൻ താരങ്ങളെ ടീമിലെത്തിച്ച് കരുത്തരായ ടീമിനെ പുതിയ സീസണിൽ ഇറക്കാനാണ് അൽനാസർ ലക്ഷ്യമിടുന്നത്.




## 'എത്ര ഗോളടിച്ചാലും മതി വരില്ല, ഞാൻ പോർച്ചുഗലുമായി പ്രണയത്തിലാണ്'

39 -ാം വയസ്സിലും ഫുട്ബോൾ കളിക്കാൻ കഴിയുന്നത് അനുഗ്രഹമാണെന്ന് റൊണാൾഡോ. ഒപ്പം പോർച്ചുഗൽ ഫുട്ബോൾ ടീമിൽ കളിക്കുക എന്നത് തന്റെ ഏറ്റവും വലിയ സ്വപ്നമാണെന്നും സൂപ്പർ താരം റൊണാൾഡോ വെളിപ്പെടുത്തി.

സൗഹൃദ മത്സരത്തിൽ അയർലൻഡിനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ച ശേഷം മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിലാണ് താരം ഇക്കാര്യം വെളിപ്പെടുത്തിയത്.'ഞാൻ ഈ പോർച്ചുഗൽ ടീമുമായി പ്രണയത്തിലാണ്. 2004 ലാണ് ഞാൻ ആദ്യമായി ഈ ടീമിൽ എത്തുന്നത്. അവർക്ക് വേണ്ടി എത്ര ഗോളടിച്ചാലും എനിക്ക് അത് മതിയാകില്ല. എനിക്ക് അവരോട് തീരാത്ത കടമുണ്ട്. 2016 യൂറോ നേടിയത് എനിക്കു വളരെ പ്രിയപ്പെട്ട ഓർമയാണ്.അതുപോലെ തന്നെ ഈ യൂറോയും അവിസ്മരണീയം ആക്കാൻ ഞാൻ ശ്രമം നടത്തും. എൻറെ കാലിൽ അത്രക്ക് ഫൂട്ബോൾ മിച്ചം ഇല്ല എന്നത് അറിഞ്ഞതിന് ശേഷം ഓരോ കളിയും ഞാൻ ആസ്വദിക്കാൻ ശ്രമിക്കുകയാണ്. 'റൊണാൾഡോ പറഞ്ഞു.

കഴിഞ്ഞ സീസണിൽ അൽ നാസറിൽ എത്തിയിട്ടും ഒരു ട്രോഫി പോലും നേടാത്തതിൽ റൊണാൾഡോയുടെ ഫോമിനെക്കുറിച്ച് ചോദ്യങ്ങൾ ഉയർന്നിരുന്നു .എന്നാൽ അയർലൻഡിനെതിരായ തന്റെ മാച്ച് വിന്നിംഗ് പ്രകടനത്തിലൂടെ റൊണാൾഡോ വിമർശകരുടെ വായടപ്പിച്ചു. ജൂൺ 15ന് ജർമ്മനിയിൽ ആരംഭിക്കാനിരിക്കുന്ന യൂറോയ്ക്ക് മുമ്പായി അയർലൻഡിനെതിരായ വിജയം പോർച്ചുഗലിന്റെ ആത്മവിശ്വാസം വർധിപ്പിക്കുമെന്നതിൽ സംശയമില്ല. നേരത്തെ ഫിൻലൻഡിനും ക്രൊയേഷ്യക്കുമെതിരെ രണ്ട് സൗഹൃദ മത്സരങ്ങളിലും പോർച്ചുഗൽ വിജയിച്ചു. ജൂൺ 19 ന് ചെക്കിയയ്ക്കെതിരായ ഗ്രൂപ്പ്-ലീഗ് മത്സരത്തോടെ 2024 യൂറോയിൽ പോർച്ചുഗൽ കളത്തിലിറങ്ങും.

## പാരീസ് ഒളിമ്പിക്സ്: ടെന്നീസിൽ ഗർജ്ജിക്കുന്ന സിംഹങ്ങൾ ഒരു കൂട്ടിൽ

22 തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ റാഫേൽ നദാൽ ഫ്രഞ്ച് ഓപ്പൺ ചാമ്പ്യൻ കാർലോസ് അൽകാരസിനൊപ്പം പാരീസ് ഒളിമ്പിക്സിൽ പുരുഷ ഡബിൾസ് മത്സരത്തിൽ പങ്കെടുക്കും. ജൂലൈ 26 മുതൽ ഓഗസ്റ്റ് 11 വരെയാണ് മത്സരം. 15 റോളണ്ട് ഗാരോസ് കിരീടങ്ങളുള്ള കാർലോസ് അൽകാരസും റാഫേൽ നദാലും പുരുഷ ഡബിൾസ് മത്സരത്തിലെ ഏറ്റവും മികച്ച ജോഡികളിൽ ഒന്നായിരിക്കും. മെയ് മാസത്തിൽ ഫ്രഞ്ച് ഓപ്പണിന്റെ ആദ്യ റൗണ്ടിൽ തോറ്റതിന് ശേഷം ഒളിമ്പിക്സ് കളിക്കാനുള്ള തന്റെ പ്രതിബദ്ധത നദാൽ ആവർത്തിച്ചിരുന്നു.2008ൽ ബെയ്ജിംഗിൽ നടന്ന ഒളിമ്പിക്സിൽ സിംഗിൾസിൽ നദാൽ സ്വർണം നേടിയപ്പോൾ 2016ലെ റിയോ ഗെയിംസിൽ മാർക് ലോപ്പസിനൊപ്പം ഡബിൾസ് സ്വർണവും നേടിയിരുന്നു.ജർമ്മൻ അലക്സാണ്ടർ സ്വെരേവിനെ മറികടന്ന് അൽകാരാസ് തന്റെ കന്നി റോളണ്ട് ഗാരോസ് കിരീടം നേടിയതിന് മൂന്ന് ദിവസത്തിന് ശേഷമാണ് പ്രഖ്യാപനം.വിംബിൾഡൺ, യുഎസ് ഓപ്പൺ കിരീടങ്ങൾക്ക് ശേഷം അൽകരാസിന്റെ മൂന്നാമത്തെ ഗ്രാൻഡ് സ്ലാം കിരീടമാണിത്, നദാലിനെ തോൽപ്പിച്ച് ഹാർഡ് കോർട്ട്, ഗ്രാസ്, ക്ലേ എന്നിവയിൽ മേജർ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായി. തന്റെ 22 ഗ്രാൻഡ് സ്ലാം ഇനങ്ങളിൽ നിന്നുള്ള കിരീടങ്ങൾ ഉൾപ്പെടുന്ന വിശാലമായ ട്രോഫി കാബിനറ്റിനൊപ്പം സിംഗിൾസ് (2008), ഡബിൾസ് (2016ൽ മാർക് ലോപ്പസിനൊപ്പം) എന്നിവയിൽ നദാൽ ഇതിനകം ഒളിമ്പിക് സ്വർണ്ണ മെഡലുകൾ നേടിയിട്ടുണ്ട്.



## യൂറോ 2024: റൊണാൾഡോയുടെ പരിശീലനം കാണാൻ തീവില



യൂറോ കപ്പിന് പന്തുരുളാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ ആകാംക്ഷയിലാണ് ഫുട്ബോൾ ലോകം. യൂറോക്ക് മുൻപായുള്ള അവസാന സൗഹൃദ മത്സരത്തിൽ അയർലൻഡിനെ എതിരില്ലാത്ത മൂന്ന് ഗോളിന് തകർത്ത ആത്മവിശ്വാസവുമായാണ് പോർച്ചുഗൽ ജർമനിയിലേക്ക് വരുന്നത്. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ആറാം യൂറോ കപ്പ് പോരാട്ടമാണ് ഇത്തവണത്തേത്. ഏറ്റവും കൂടുതൽ പ്രാവശ്യം യൂറോ കപ്പിൽ പങ്കെടുത്തതിന്റെ റെക്കോഡും ഇതോടെ സി ആർ 7 സ്വന്തമാക്കും.ഒരു പക്ഷേ, ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ അവസാന യൂറോ കപ്പ് ആയേക്കും 2024 എഡിഷൻ എന്നാണ് കരുതപ്പെടുന്നത്. കാരണം, താരത്തിന് ഇപ്പോൾ 39 വയസ് ആയി. അതുകൊണ്ട് തന്നെ മൈതാനത്ത് റൊണാൾഡോയെ കാണാനുള്ള ഒരു അവസരവും ഫുട്ബോൾ ആരാധകർ പാഴാക്കാറില്ല. ഇത് മനസ്സിലാക്കി പരമാവധി പണം സമ്പാദിക്കാനുള്ള ശ്രമത്തിലാണ് സംഘാടകർ. കാരണം, യൂറോയ്ക്ക് മുന്നോടിയായി ക്രിസ്റ്റ്യാനോ റാണാൾഡോയും പോർച്ചുഗൽ സംഘവും ഓപ്പൺ സെഷൻ പരിശീലനം നടത്തുന്നത് കാണാനുള്ള ടിക്കറ്റുകൾ വൻതുകയ്ക്കാണ് ഇവർ വിൽക്കുന്നത്.

# അമേരിക്കയെ തോൽപ്പിച്ച് ഇന്ത്യ ലോകകപ്പ് സൂപ്പർ 8 ഉറപ്പാക്കി



ന്യൂയോർക്ക് : ട്വന്റി20 ലോകകപ്പിൽ ആതിഥേയരായ അമേരിക്കയ്ക്ക് എതിരായ മത്സരത്തിൽ ഏഴ് വിക്കറ്റിന് വിജയിച്ച ഇന്ത്യ സൂപ്പർ എട്ടിലേക്കുള്ള പ്രവേശനം ഉറപ്പാക്കി. ഇന്നലെ ന്യൂയോർക്കിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ അമേരിക്കയെ നിശ്ചിത 20 ഓവറിൽ 110/8ൽ ഒതുക്കിയ ശേഷം 10 പന്തുകളും ഏഴ് വിക്കറ്റുകളും ബാക്കിയാക്കി ഇന്ത്യ വിജയിക്കുകയായിരുന്നു.നാലോവറിൽ ഒൻപത് റൺസ് മാത്രം വഴങ്ങി നാലുവിക്കറ്റ് വീഴ്ത്തിയ അർഷ്ദീപ് സിംഗും രണ്ട് വിക്കറ്റ് വീഴ്ത്തിയ ഹാർദിക് പാണ്ഡ്യയും ഒരു വിക്കറ്റ് നേടിയ അക്ഷർ പട്ടേലും ചേർന്നാണ് അമേരിക്കയെ ഒതുക്കിയത്. നിതീഷ് കുമാർ (27), സ്റ്റീവൻ ടെയ്‌ലർ (24), ആൻഡേഴ്സൺ (15) എന്നിവരാണ് അമേരിക്കയ്ക്ക് വേണ്ടി പൊരുതിയത്. ചേസിംഗിൽ രോഹിത് (3), വിരാട് (0) എന്നിവരെ പുറത്താക്കി നേത്രവാൽക്കർ അപകടമുയർത്തിയെങ്കിലും റിഷഭ് പന്ത് (18), സൂര്യകുമാർ യാദവ് (50*), ശിവം ദുബെ (31*) എന്നിവരിലൂടെ ഇന്ത്യ ഓവറിൽ വിജയത്തിലെത്തി. ഗ്രൂപ്പ് എയിൽ മൂന്ന് കളികളിൽ നിന്ന് ആറുപോയിന്റുമായി ഇന്ത്യ ഒന്നാമതാണ്. ആദ്യ തോൽവി ഏറ്റുവാങ്ങിയ അമേരിക്ക നാലുപോയിന്റുമായി രണ്ടാമതുണ്ട്. രണ്ട് പോയിന്റുള്ള പാകിസ്ഥാനാണ് മൂന്നാമത്.മത്സരത്തിലെ ആദ്യ പന്തിൽതന്നെ വിക്കറ്റ് വീഴ്ത്തി അർഷ്ദീപ് സിംഗ് അമേരിക്കയ്ക്ക് കനത്ത പ്രഹരമാണ് ഏൽപ്പിച്ചത്. ഷാൻ ജഹാംഗീറിനെ (0) എൽ.ബിയിൽ കുരുക്കുകയായിരുന്നു അർഷ്ദീപ്.

# 'ഫിറ്റ്നസ് തീരുമാനിക്കേണ്ടത് യോ യോ ടെസ്റ്റല്ല, അത് കോച്ചാണ്;' ഗംഭീർ



ടി20 ലോകകപ്പിന് ശേഷം ഇന്ത്യയുടെ മുഖ്യപരിശീലക സ്ഥാനം രാഹുൽ ദ്രാവിഡ് ഒഴിയുകയാണ്. ഇക്കാര്യം നേരത്തെ വ്യക്തമാക്കിയതാണ്. ഇന്ത്യയുടെ പുതിയ കോച്ച് ആരായിരിക്കുമെന്നതിനെക്കുറിച്ച് നിരവധി അഭ്യൂഹങ്ങൾ നിലവിലുണ്ടെങ്കിലും ഇക്കാര്യത്തിൽ കൃത്യമായ സ്ഥിരീകരണം ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ മുൻ ഇന്ത്യൻ ഓപ്പണർ ഗൗതം ഗംഭീറിനാണ് കൂടുതൽ സാധ്യത. ബിസിസിഐ സെക്രട്ടറി ജയ് ഷായും ഇക്കാര്യത്തിൽ സൂചന നൽകിയിട്ടുണ്ട്. ടി20 ലോകകപ്പ് അവസാനിക്കുന്നതിന് മുമ്പ് തന്നെ ഗംഭീറിനെ മുഖ്യ പരിശീലകനാക്കുമെന്ന ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായേക്കും. ഗംഭീറിന്റെ വരവ് ഇന്ത്യൻ ടീമിൽ വലിയ അഴിച്ചുപണിക്ക് തുടക്കം കുറിക്കും. ഇപ്പോഴിതാ ഇന്ത്യയുടെ ഫിറ്റ്നസ് നിലവാരം നിർണ്ണയിക്കുന്ന യോ-യോ ടെസ്റ്റിനെതിരായ തന്റെ നിലപാട് വ്യക്തമാക്കിയിരിക്കുകയാണ് ഗംഭീർ. ''ഒരു താരത്തെ സംബന്ധിച്ച് ഫിറ്റ്നസ് വളരെ പ്രധാനമാണ്. എന്നാൽ ഏതെങ്കിലും ഒരു ടെസ്റ്റ് വിജയിച്ചാൽ ഫിറ്റ്നസ് എന്നല്ല അർത്ഥം. ഞാൻ അതിനോട് യോജിക്കുന്നില്ല. ചില കളിക്കാർ ശാരീരികമായി ശക്തരായിരിക്കും. ചിലർക്ക് ജിമ്മിൽ ഭാരം ഉയർത്താൻ കഴിയും. എന്നാൽ ചിലർക്ക് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് അദ്ദേഹം യോഗ്യനല്ലെന്ന് പറയാനാവില്ല. കളിക്കാർ ഫിറ്റാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ടീമിന്റെ പരിശീലകനാണ്. അല്ലാതെ യോയോ ടെസ്റ്റ് അല്ല. ഞാൻ ചിലപ്പോൾ യോയോ ടെസ്റ്റ് പാസ്സായേക്കാം. എന്നാൽ ജിമ്മിൽ ഭാരം ഉയർത്താൻ കഴിയില്ല. അതിനർത്ഥം ഞാൻ യോഗ്യനല്ല എന്നല്ല. പരിശീലകനെ ഉപയോഗിച്ച് ബുദ്ധിമുട്ടുള്ള കാര്യങ്ങൾ മെച്ചപ്പെടുത്താം. യോയോ ടെസ്റ്റ് രീതി ശരിയാണെന്ന് തോന്നുന്നില്ല. ബാറ്റിംഗിന്റെയോ ബൗളിംഗ് മികവിന്റെയോ അടിസ്ഥാനത്തിലായിരിക്കണം കളിക്കാരെ തിരഞ്ഞെടുക്കേണ്ടത്.' ഗംഭീർ പറഞ്ഞു. ഇന്ത്യൻ ടീമിൽ ഇടം നേടുന്നതിന് യോയോ ടെസ്റ്റ് വിജയിക്കുക എന്നത് വളരെ പ്രധാനമാണ്.

## യുവ ഇന്ത്യൻ ഗോൾകീപ്പർ സോം കുമാർ കേരളാ ബ്ലാസ്റ്റേഴ്സിലേക്ക്



ഇന്ത്യൻ ഗോൾകീപ്പർമാരിലെ യുവതാരം സോം കുമാർ കേരളാ ബ്ലാസ്റ്റേഴ്സുമായി കരാർ ഒപ്പിട്ടു. സ്ലോവേനിയൻ ക്ലബ്ബായ എൻ.കെ.ഒളിമ്ബിജ ലുബ്ലിയാനയ്ക്കൊപ്പമുള്ള കാലാവധിക്ക് ശേഷമാണ് 19 കാരനായ സോം ബ്ലാസ്റ്റേഴ്സിൽ എത്തുന്നത്. ആഭ്യന്തര, അന്തർദേശീയ യൂത്ത് മത്സരങ്ങളിൽ നിന്നുള്ള സോമിന്റെ അനുഭവസമ്പത്ത് കേരളാ ബ്ലാസ്റ്റേഴ്സിന്റെ ഗോൾകീപ്പിങ് വിഭാഗത്തിന് കൂടുതൽ കരുത്തേകും.2005 ഫെബ്രുവരി 27 ന് ബെംഗളൂരുവിൽ ജനിച്ച സോം കുമാർ ബെംഗളൂരുവിലെ അണ്ടർ 13 ക്ലബ്ബ് ഫുട്ബോളിലൂടെയാണ്ഫുട്ബോൾ യാത്ര ആരംഭിച്ചത്. യൂറോപ്യൻ ഫുട്ബോൾ കരിയർ 2020ൽ സ്ലോവേനിയയിലെ എൻ കെ ബ്രാവോയ്ക്കൊപ്പമാണ് ആരംഭിക്കുന്നത്. എൻ.കെ ബ്രാവോയുടെ അണ്ടർ 17 ഗോൾകീപ്പർ ആയിരുന്ന സോം സ്ഥിരതയാർന്ന പ്രകടനങ്ങളിലൂടെ എൻ.കെ ബ്രാവോയു ണ്ടർ 19 ടീമിലും ഇടംനേടി.

# വിവാദ ഗോളിൽ ഫിഫക്കും എ.എഫ്.സിക്കും കത്തെഴുതി എ.ഐ.എഫ്.എഫ്

ലോകകപ്പ് യോഗ്യതാ റൗണ്ടിലെ നിർണായക മത്സരത്തിൽ ഖത്തറിന് വിവാദ ഗോൾ അനുവദിച്ച റഫറിയുടെ തീരുമാനത്തിൽ കടുത്ത നിരാശ രേഖപ്പെടുത്തി ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ (എഐഎഫ്എഫ്).ഫിഫ, ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ , എ.എഫ്.സി ഹെഡ് ഓഫ് റഫറി എന്നിവർക്ക് കത്ത് കൈമാറിയതായുംനീതി ലഭിക്കുമെന്നാണ് വിശ്വാസമെന്നും ഫെഡറേഷൻ അധ്യക്ഷൻ കല്യാൺ ചൗബേയുടെ പ്രസ്താവനയിൽ പറഞ്ഞു. മത്സരത്തിൽ ദക്ഷിണ കൊറിയൻ റഫറി കിം വൂ സുങ് ടച്ച് ലൈനിന് പുറത്തേക്ക് പോയ പന്തെടുത്ത് ഖത്തർ നേടിയ ഗോൾ അനുവദിച്ചതിലാണ് അന്വേഷണം ആവശ്യപ്പെട്ടത്. മാച്ച് കമീഷണർക്ക് പരാതി നൽകിയതായും എല്ലാത്തിനെക്കുറിച്ചും വിശദ അന്വേഷണം വേണമെന്നും എ.ഐ.എഫ്.എഫ് ഒഫീഷ്യൽ ടൈംസ് ഓഫ് ഇന്ത്യയോട് പറഞ്ഞിരുന്നുമത്സരത്തിൽ 1-0ത്തിന് ഇന്ത്യ മുന്നിൽ നിൽക്കവേയാണ് വിവാദ സംഭവങ്ങൾ അര?ങ്ങേറിയത്. 73ാം മിനിറ്റിൽ യൂസുഫ് അയ്മനിന്റെ വിവാദ ഗോളിലൂടെ ഖത്തർല സമനില പിടിച്ചു. പുറത്തുപോയെന്ന് ഉറപ്പിച്ച് ഇന്ത്യൻ ഗോൾകീപ്പർ ഗുർപ്രീത് സിങ് സന്ധു ഒഴിവാക്കിയ പന്ത് വീണ്ടും കളത്തിലേക്ക് തട്ടിയ അയ്ദിനിൽനിന്ന് സ്വീകരിച്ച് യൂസഫ് അയ്മൻ പോസ്റ്റിലേക്കടിക്കുകയായിരുന്നു. വീഡിയോ ദൃശ്യങ്ങളിൽ പന്ത് പുറത്ത് പോയെന്ന് വ്യക്തമായെങ്കിലും റഫറി അനുവദിച്ചില്ല. 85ാം മിനിറ്റിൽ മികച്ചൊരു ഷോട്ടിലൂടെ അഹ്മദ് അൽ റവാബി ഖത്തറിനെ വിജയത്തിലെത്തിക്കുകയായിരുന്നു. ചീഫ് റഫറിയിംഗ് ഓഫീസറുമായി കൂടിയാലോചിച്ച ശേഷമാണ് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ ഫിഫ ലോക കപ്പ് യോഗ്യതാ റൗണ്ട് മേധാവിക്കും ഏഷ്യൻ ഫുട്ബോൾ ഫെഡറേഷൻ തലവൻ റഫറിമാർക്കും മാച്ച് കമ്മീഷണർക്കും കത്തയച്ചത്. ഖത്തറിനോട് തോറ്റതോടെ ഇന്ത്യ ഗ്രൂപ്പ് എയിൽ മൂന്നാമതായാണ് ഫിനിഷ് ചെയ്തത്. ഖത്തറിനു പുറമെ, രണ്ടാം സ്ഥാനക്കാരായ കുവൈത്തും മൂന്നാം റൗണ്ടിലേക്ക് കടന്നു. ഏഷ്യൻ കപ്പിന് നേരിട്ട് യോഗ്യത നേടാനുള്ള അവസരവും ഇന്ത്യക്ക് നഷ്ടമായി.

# ബ്രെയിൻ ട്യൂമർ: രോഗം എങ്ങനെ തിരിച്ചറിയാം? ലക്ഷണങ്ങൾ എന്തൊക്കെ?

നമ്മുടെ ചിന്തകളെ നിയന്ത്രിക്കുക, ഹോർമോൺ ബാലൻസ് നിയന്ത്രിക്കുക, ഹൃദയമിടിപ്പ് നിയന്ത്രിക്കുക, സംസാരിക്കാനും പ്രതികരിക്കാനുമുള്ള കഴിവ്, ഓർമ സൂക്ഷിക്കൽ, സ്പർശനവും ഗന്ധവും തുടങ്ങിയ ശരീരത്തിലെ വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് മസ്തിഷ്കം ആണ്.

അതുകൊണ്ട് തന്നെ നിങ്ങളുടെ മസ്തിഷ്കത്തെ ആരോഗ്യകരമായി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. പ്രായമാകുന്തോറും തലച്ചോറിന്റെ ആരോഗ്യത്തിൽ മാറ്റങ്ങൾ വരുന്നത് സ്വാഭാവികമാണ്. എന്നാൽ അതിൽ ശ്രദ്ധിക്കേണ്ട ചിലതാണ്. അതിലൊന്നാണ് ബ്രെയിൻ ട്യൂമർ.

തലച്ചോറിലെ കോശങ്ങളുടെ അനിയന്ത്രിതവളർച്ചയാണ് ബ്രെയിൻ ട്യൂമർ. പലപ്പോഴും ട്യൂമർ വളർച്ച കാൻസർ ആകണമെന്നുമില്ല. എന്നാൽ ട്യൂമറുകൾ എപ്പോഴും അപകടകാരികൾ തന്നെയാണ്. കഠിനമായ തലവേദനയാണ് ട്യൂമറിന്റെ പ്രധാനലക്ഷണം.

തലചുറ്റൽ, ക്ഷീണം, കാഴ്ചക്കുറവ്, ശരീരത്തിന്റെ ബാലൻസ് നഷ്ടമാകുക എന്നിവയും ലക്ഷണങ്ങളാണ്. തുടക്കത്തിൽ കണ്ടുപിടിച്ചാൽ ചികിത്സിച്ചു മാറ്റാം. ഈ രോഗമുള്ളവർ ചിലപ്പോൾ പെട്ടെന്ന് അസാധാരണമായി സംസാരിക്കുവാനും പെരുമാറാനും തുടങ്ങും. ഓർമ നഷ്ടപ്പെടുക, ചെറിയ കണക്കുകൾ പോലും കൂട്ടാൻ കഴിയാതിരിക്കുക, പെട്ടെന്ന് സ്ഥലകാലബോധം നഷ്ടപ്പെടുക എന്നതും ബ്രെയിൻ ട്യൂമറിന്റെ ലക്ഷണങ്ങൾ തന്നെയാണ്.



**ബ്രെയിൻ ട്യൂമർ ലക്ഷണങ്ങൾ**

ബ്രെയിൻ ട്യൂമറിന്റെ പ്രധാന ലക്ഷണംതലവേദനയാണ്.ട്യൂമർസ്ഥിതിചെയ്യുന്ന തലച്ചോറിന്റെ ഭാഗത്തെ ആശ്രയിച്ചിരിക്കും ലക്ഷണങ്ങൾ. ഈ ഇടയ്ക്കിടെയുള്ള തലവേദന ട്യൂമർ സൈറ്റിനെ കേന്ദ്രീകരിച്ചാണ് അനുഭവപ്പെടുന്നത്.

കാഴ്ചയിലും വ്യത്യാസങ്ങൾ ഉണ്ടാകും. അതായത്, കാര്യങ്ങളെ രണ്ടായി കാണുക, മങ്ങൽ ഉണ്ടാകുക മുതലായവ. ട്യൂമർ ഉള്ള സ്ഥലമനുസരിച്ച് ഓർമ്മക്കുറവും അപസ്മാരവും ഉണ്ടാകാൻ സാധ്യതയുണ്ട്. ഞരമ്പുകൾ ചിലപ്പോൾ ദുർബലമാവുകയും ശരീരത്തിന്റെ ഒരു ഭാഗത്ത് ബലഹീനത ഉണ്ടാക്കുകയും ചെയ്യും.

മസ്തിഷ്കത്തിൽ ട്യൂമർ എവിടെയാണെന്നതിനെ ആശ്രയിച്ച് രോഗലക്ഷണങ്ങളും വ്യത്യാസപ്പെടുന്നു. ബ്രെയിൻ ട്യൂമറിന്റെ മുന്നോടിയായും അപസ്മാരം ഉണ്ടാകാം.

1. പലപ്പോഴും എന്തെങ്കിലും മറക്കുന്നു
2. മിക്കപ്പോഴും ആശയക്കുഴപ്പം അനുഭവപ്പെടുന്നു
3. ഒരു കാരണവുമില്ലാതെ പെട്ടെന്നുള്ള മാനസികാവസ്ഥ മാറുന്നു
4. സംഭാഷണത്തിനിടെ ശരിയായ വാക്കുകളോ ശൈലികളോ കണ്ടെത്തുന്നതിൽ പ്രശ്നം
5. ഒരിക്കൽ ചെയ്യാൻ ഇഷ്ടപ്പെട്ട പ്രവർത്തനങ്ങളിൽ താൽപ്പര്യം നഷ്ടപ്പെടുന്നു
6. സ്ഥിരമായ ക്ഷീണവും അലസതയും അനുഭവപ്പെടുന്നു

**തലച്ചോറിന്റെ ആരോഗ്യം നിലനിർത്തുന്നതിനുള്ള വഴികൾ**

നിങ്ങളുടെ തലച്ചോറിന്റെ ആരോഗ്യം ശക്തിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും നിങ്ങളുടെ മെമ്മറിയെയും പ്രശ്നപരിഹാര കഴിവുകളെയും വെല്ലുവിളിക്കുന്ന ചില പ്രവർത്തനങ്ങളിൽ നിങ്ങളുടെ മസ്തിഷ്കം ഏർപ്പെടേണ്ടത് പ്രധാനമാണ്.

**1. പുതിയ ഹോബികളോ കഴിവുകളോ പഠിക്കാൻ ശ്രമിക്കുക:** പുതിയ ഹോബികളും കഴിവുകളും പഠിക്കുന്നത് തലച്ചോറിനും മൊത്തത്തിലുള്ള വ്യക്തിത്വ വികസനത്തിനും എല്ലായ്പ്പോഴും പ്രയോജനകരമാണ്. ഒരു പുതിയ ഭാഷ പഠിക്കാൻ ശ്രമിക്കുന്നത്, വയലിൻ അല്ലെങ്കിൽ ഗിറ്റാർ പോലുള്ള ഒരു തരം സംഗീതോപകരണം, അല്ലെങ്കിൽ എങ്ങനെ പെയിന്റ് ചെയ്യണമെന്ന് പഠിക്കുക എന്നിങ്ങനെ പുതിയ ഹോബികൾ എന്തും ആകാം. ഇത് നിങ്ങളുടെ മസ്തിഷ്കത്തെ സജീവമാക്കാനും അതിന്റെ പ്രവർത്തനം നിലനിർത്താനും സഹായിക്കും.

**2. പരമാവധി ഉറങ്ങാൻ ശ്രമിക്കുക:** നിങ്ങളുടെ തലച്ചോറിനും മൊത്തത്തിലുള്ള ശരീരത്തിനും വിശ്രമിക്കാൻ കുറഞ്ഞത് 7 മുതൽ 8 മണിക്കൂർ വരെ ഗുണനിലവാരമുള്ള ഉറക്കം ലഭിക്കേണ്ടത് അത്യാവശ്യമാണ്. വേണ്ടത്ര ഉറക്കം ലഭിക്കാത്തത് മറ്റ് ദിവസങ്ങളിൽ അസ്വസ്ഥത, പ്രകോപനം, ക്ഷീണം എന്നിവയിലേക്ക് നയിച്ചേക്കാം.

**3. നിങ്ങളുടെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ആഹ്ലാദിക്കുക:** നിങ്ങളുടെ സുഹൃത്തുക്കളുമായും പ്രിയപ്പെട്ടവരുമായും ഇടപഴകുന്നത് വിഷാദത്തിനും സമ്മർദ്ദത്തിനും ഉള്ള സാധ്യത കുറയ്ക്കുന്നതിലൂടെ നിങ്ങളുടെ മനസ്സിനെ എളുപ്പമാക്കും.

കാലക്രമേണ നിങ്ങളുടെ തലച്ചോറിന്റെ ആരോഗ്യത്തെ മന്ദഗതിയിലാക്കുന്ന പ്രധാന ഘടകങ്ങളാണ് വിഷാദവും സമ്മർദ്ദവും.

അതിനാൽ നിങ്ങളുടെ തലച്ചോറിന്റെ ആരോഗ്യത്തെ ശക്തിപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാൽ സാമൂഹിക ഇടപെടൽ വളരെ പ്രയോജനകരമാണ്.

# ബഹിരാകാശത്ത് 'സ്പേസ് ബഗ്'; സുനിത വില്യംസിന്റെയും സംഘത്തിന്റെയും ആരോഗ്യത്തിൽ ആശങ്ക

നാസയുടെ ബഹിരാകാശ യാത്രികരായ സുനിത വില്യംസും ബുച്ച് വിൽമോറും ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയത്.എന്നാൽ ബഹിരാകാശത്തെ രോഗാണുക്കൾ (സ്പേസ് ബഗ്) മൂലം സുനിത ഉൾപ്പെടെയുള്ള യാത്രക്കാർ ശാരീരിക പ്രശ്നങ്ങൾ അനുഭവിക്കുന്നുവെന്ന റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. ഈ രോഗാണുക്കൾ ശ്വാസകോശത്തെപ്പോലും ബാധിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണ്.

എന്ററോബാക്ടർ ബഗ് അൻഡൻസിസ് എന്ന ബാക്ടീരിയയാണ് ബഹിരാകാശ നിലയത്തിൽ കണ്ടെത്തിയതെന്നാണ് ശാസ്ത്രജ്ഞർ അറിയിക്കുന്നത്. മൾട്ടി ഡ്രഗ് റെസിസ്റ്റന്റ് എന്നറിയപ്പെടുന്ന ഈ ബാക്ടീരിയയുടെ പതിമൂന്ന് വകഭേദങ്ങളാണ് ബഹിരാകാശത്ത് നിന്നും കണ്ടെത്തിയത്. ഒരു അടഞ്ഞ പരിതസ്ഥിതിയിൽ ഈ ബാക്ടീരിയ കൂടുതൽ



പരിണമിക്കുകയും കൂടുതൽ ശക്തമാകുകയും ചെയ്യും.

എന്നാൽ ഈ ബാക്ടീരിയകൾ അന്യഗ്രഹത്തിൽ നിന്നുള്ളതല്ല, മറിച്ച് ഭൂമിയിൽ നിന്നും ബഹിരാകാശത്തെത്തുന്നതാണ്. പക്ഷേ, അടഞ്ഞ അന്തരീക്ഷത്തിൽ ഇവ കൂടുതൽ അപകടകരമായി മാറുന്നു. ബഹിരാകാശ നിലയത്തിന്റെ മൈക്രോഗ്രാവിറ്റിയും അടഞ്ഞതുമായ അന്തരീക്ഷം ബാക്ടീരിയക്ക് കൂടുതൽ പരിണമിക്കുന്നതിനും കൂടുതൽ ശക്തിയാകുന്നതിനുമുള്ള സാഹചര്യമുണ്ടാക്കുന്നു.

# വിമാനത്തിലെ മദ്യപാനം പണിതരുമെന്ന് പഠനം

ദീർഘദൂര വിമാന യാത്രകളിൽ വിരസത ഒഴിവാക്കാൻ ചില യാത്രക്കാർ ആശ്രയിക്കുന്ന ഒന്നാണ് മദ്യം. എന്നാൽ വിമാനത്തിനുള്ളിൽ മദ്യം കഴിക്കുന്നത് അത്ര നല്ലതല്ലെന്നാണ് ഇപ്പോൾ ഒരു പഠനം ചൂണ്ടിക്കാണിക്കുന്നത്. അതായത് ഉയരം കൂടുംന്തോറും മദ്യത്തിന്റെ ദൂഷ്യഫലവും കൂടും. ജർമ്മൻ എയ്റോസ്പേസ് സെന്ററിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോസ്പേസ് മെഡിസിനിലെ ഒരു കൂട്ടം ഗവേഷകർ നടത്തിയ പഠനമാണ് ഉയരവും മദ്യപാനവും തമ്മിലുള്ള ബന്ധം പുറത്തുകൊണ്ടുവന്നത്.

മദ്യപാനവും വിമാന ക്യാബിനിലെ 'ഹൈപ്പോബാറിക്' അവസ്ഥയും സംയോജിപ്പിച്ച് ഉറക്കത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ചാണ് സംഘം പഠനം നടത്തിയത്. 18നും 40നും ഇടയിൽ പ്രായമുള്ള ആരോഗ്യമുള്ള ഒരു കൂട്ടം വ്യക്തികളിൽ പകുതി പേരെ ഒരു അറയിൽ പാർപ്പിച്ച് അവിടെയുള്ള അന്തരീക്ഷമർദ്ദം വിമാനത്തിന്റെ ക്രൂയിസിങ് ഉയരത്തിന്റെ അന്തരീക്ഷത്തിലേക്ക് പാകപ്പെടുത്തിയാണ് പഠനം നടത്തിയത്. ഉയരം കൂടും തോറും ഉറക്കത്തിൽ ഹൃദയമിടിപ്പ് വർധിക്കുകയും ഓക്സിജന്റെ അളവ് കുറയുകയും ചെയ്യുന്നതായാണ് കണ്ടെത്തൽ. ഉയരം കൂടുന്തോറും വായു മർദ്ദം കുറയും. വായു മർദ്ദം കുറയുന്തോറും രക്തത്തിലെ ഓക്സിജൻ സാച്ചുറേഷൻ കുറയും. തോറാക്സ് ജേണലിൽ പ്രസിദ്ധീകരിച്ച പഠനമനുസരിച്ച് ആരോഗ്യകരമായ ഓക്സിജൻ സാച്ചുറേഷൻ ഏകദേശം 90% ആണ്. മദ്യം കഴിക്കാതെ സമാന ഉയരത്തിൽ ഉറങ്ങുന്നവരുടെ ശരാശരി ഓക്സിജൻ നില 88.97% ആയപ്പോൾ മദ്യം കഴിക്കുകയും ഉയരത്തിൽ ഉറങ്ങുകയും ചെയ്തവരുടെ ശരാശരി 85.32% ആയിരുന്നു. ഇത് ഹൃദയരോഗ്യത്തെ അപായത്തിലേക്ക് നയിക്കുമെന്ന നിഗമനത്തിലാണ് ഗവേഷകർ എത്തിയത്.

# പുരുഷന്മാർ നിർബന്ധമായും ചെയ്യേണ്ട ആരോഗ്യ പരിശോധനകൾ

ഹെൽത്ത്ഈസ്‌വെൽത്ത്എന്നാല്ലോ, പ്രായമാകുന്തോറും എല്ലിന്റെയും പേശിയുടെയുമെല്ലാം ആരോഗ്യം കുറഞ്ഞുവരാനും, അതുപോലെ തന്നെ ജീവിതരീതികളുടെ ഭാഗമായി ആരോഗ്യപ്രശ്നങ്ങളോ അസുഖങ്ങളോ എല്ലാംതലപൊക്കാനോതുടങ്ങും.ആരോഗ്യം നിലനിർത്തുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും പ്രിവന്റീവ് സ്ക്രീനിംഗുകൾ നിർണായകമാണ്. പുരുഷന്മാരെ സംബന്ധിച്ചിടത്തോളം, ഈ സ്ക്രീനിംഗുകൾ അവരുടെ ദീർഘകാല ക്ഷേമത്തെ സഹായിക്കും. ഇത്തരത്തിൽ ചെയ്യേണ്ട ചില പരിശോധനകൾ ഏതെല്ലാമാണെന്നാണ് ഇനി പങ്കുവയ്ക്കുന്നത്.



**രക്തസമ്മർദ്ദം പരിശോധിക്കൽ:** ഉയർന്ന രക്തസമ്മർദ്ദം, അല്ലെങ്കിൽ രക്താതിമർദ്ദം, പലപ്പോഴും ലക്ഷണങ്ങളില്ലാത്ത ഒരു നിശബ്ദ കൊലയാളിയാണ്. 18 വയസ്സ് മുതൽ രണ്ട് വർഷത്തിലൊരിക്കലെങ്കിലും പുരുഷന്മാർ അവരുടെ രക്തസമ്മർദ്ദം പരിശോധിക്കണം. പതിവ് പരിശോധനകൾ രക്തസമ്മർദ്ദം നേരത്തേ കണ്ടുപിടിക്കാൻ സഹായിക്കും,

**കൊളസ്ട്രോൾ പരിശോധന:** ഉയർന്ന കൊളസ്ട്രോളിന്റെ അളവ് ഹൃദ്രോഗം, സ്ട്രോക്ക് എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. 20 വയസും അതിനുമുകളിലും പ്രായമുള്ള പുരുഷന്മാർ ഓരോ അഞ്ച് വർഷത്തിലും കൊളസ്ട്രോൾ പരിശോധിക്കണം, എന്നിരുന്നാലും അമിതവണ്ണം, പ്രമേഹം, അല്ലെങ്കിൽ ഹൃദ്രോഗത്തിന്റെ കുടുംബ ചരിത്രം എന്നിവ പോലുള്ള അപകട ഘടകങ്ങളുള്ളവർക്ക് കൂടുതൽ തവണ പരിശോധന ആവശ്യമായി വന്നേക്കാം. ഈ സ്ക്രീനിംഗിൽ എൽഡിഎൽ (മോശം കൊളസ്ട്രോൾ), എച്ച്ഡിഎൽ (നല്ല കൊളസ്ട്രോൾ), ട്രൈഗ്ലിസറൈഡുകൾ എന്നിവ പരിശോധിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു.

**പ്രമേഹ പരിശോധന:** രക്തത്തിലെ ഷുഗർനില പരിശോധിക്കുന്നതിനുള്ള ബ്ലഡ് ഷുഗർ ടെസ്റ്റിംഗ് ആണ് ഇതിലൊന്ന്. പ്രമേഹത്തിന്റെ സാധ്യത തിരിച്ചറിയുന്നതിന് ഈ ടെസ്റ്റ് സഹായിക്കും. പ്രത്യേകിച്ച് വീട്ടിലാർക്കെങ്കിലും പ്രമേഹമുള്ളവരാണെങ്കിൽ, തീർച്ചയായും ഈ പരിശോധന ചെയ്യണം.

**പ്രോസ്റ്റേറ്റ് കാൻസർ സ്ക്രീനിംഗ്:** പുരുഷന്മാരിൽ ഏറ്റവും സാധാരണമായ ക്യാൻസറുകളിൽ ഒന്നാണ് പ്രോസ്റ്റേറ്റ് കാൻസർ. സ്ക്രീനിംഗിൽ സാധാരണയായി പ്രോസ്റ്റേറ്റ് നിർദ്ദിഷ്ട ആന്റിജൻ (പിഎസ്എ) രക്തപരിശോധനയും ചിലപ്പോൾ ഡിജിറ്റൽ മലാശയ പരിശോധനയും (ഡിആർഇ) ഉൾപ്പെടുന്നു. ഈ ഗ്രൂപ്പുകൾക്ക് കൂടുതൽ അപകടസാധ്യതയുള്ളതിനാൽ, പുരുഷന്മാർക്ക് 50 വയസ്സ് മുതൽ അല്ലെങ്കിൽ അവർക്ക് കുടുംബ ചരിത്രമുണ്ടെങ്കിൽ പ്രോസ്റ്റേറ്റ് കാൻസർ സ്ക്രീനിംഗ് നടത്തണം.

**വൈറ്റമിൻ പരിശോധനകൾ:** ആരോഗ്യത്തിന് അവശ്യം വേണ്ടുന്ന വൈറ്റമിനുകൾ, ധാതുക്കൾ പോലുള്ള പോഷകങ്ങളുടെ അളവ് ലഭ്യത എന്നിവയും പരിശോധനയിലൂടെ വിലയിരുത്തേണ്ടതുണ്ട്. വൈറ്റമിൻ ഡി, വൈറ്റമിൻ ബി 12, കാത്സ്യം, പൊട്ടാസ്യം, മഗ്നീഷ്യം എന്നിവയെല്ലാം ഇത്തരത്തിൽ പരിശോധനയിലൂടെ മനസിലാക്കുന്നത് നല്ലതാണ്.

**സ്കിൻ ക്യാൻസർ സ്ക്രീനിംഗ്:** ത്വക്ക് ക്യാൻസറിന്റെ വർദ്ധിച്ചുവരുന്ന സംഭവങ്ങൾ കണക്കിലെടുത്ത്, പുരുഷന്മാർ പതിവായി സ്വയം പരിശോധന നടത്തുകയും വർഷം തോറും ഒരു ഹെൽത്ത് കെയർ പ്രൊവൈഡറെക്കൊണ്ട് ചർമ്മം പരിശോധിക്കുകയും വേണം.

**അവയവ പരിശോധന:** നമ്മുടെ ശരീരത്തിലെ പ്രധാനപ്പെട്ട അവയവങ്ങളുടെയെല്ലാം പ്രവർത്തനം വിലയിരുത്താനും മുപ്പത് കടന്നവർ ശ്രമിക്കണം. തൈറോയ്ഡ്, വൃക്ക, കരൾ ന്നിവയുടെയെല്ലാം പ്രവർത്തനം പരിശോധിച്ച് അറിയണം.




## യുഎസിൽ ക്രിപ്റ്റോ പ്രണയ അഴിമതികൾ വർദ്ധിക്കുന്നു;

# എന്താണ് ക്രിപ്റ്റോ പ്രണയ തട്ടിപ്പ്?

## തട്ടിപ്പിൽ വീഴാതിരിക്കാൻ കൂടുതൽ അറിയാം

യുഎസിലെ ക്രിപ്റ്റോ കമ്മ്യൂണിറ്റിയെ ലക്ഷ്യമിട്ടുള്ള പ്രണയ തട്ടിപ്പുകളുടെ എണ്ണം വർധിക്കുന്നതായി റിപ്പോർട്ട്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫെഡറൽ ട്രേഡ് കമ്മീഷൻ (എഫ്ടിസി) ആണ് ഇക്കാര്യത്തിൽ മുന്നറിയിപ്പുമായി രംഗത്ത് എത്തിയിരിക്കുന്നത്.

നിക്ഷേപ ആശയങ്ങൾ, പ്രത്യേകിച്ച് ക്രിപ്റ്റോകറൻസികളുമായും മറ്റ് ഡിജിറ്റൽ ആസ്തികളുമായും ബന്ധപ്പെട്ട കാര്യങ്ങൾ ഓൺലൈൻ പ്രണയങ്ങളുമായി കൂട്ടി കുഴയ്ക്കരുത് എന്നും ഈ വിവരങ്ങൾ ഇത്തരം ബന്ധങ്ങളിൽ പങ്കുവയ്ക്കരുത് എന്നും അധികൃതർ നിർദ്ദേശിക്കുന്നു. അതേസമയം ഈ ആസ്തികളുടെ അസ്ഥിര സ്വഭാവം കണക്കിലെടുത്ത് ക്രിപ്റ്റോ നിക്ഷേപങ്ങളിൽ ഉറപ്പായ ലാഭം ആർക്കും ഉറപ്പുനൽകാൻ കഴിയില്ലെന്ന് റെഗുലേറ്ററി ട്രേഡ് ബോഡി ഓർമ്മിപ്പിക്കുന്നു.

ഈ ആഴ്ച, ക്രിപ്റ്റോ പ്രണയ അഴിമതികളുടെ വർദ്ധനവിനെ അഭിസംബോധന ചെയ്ത് എഫ്ടിസി ഒരു ഔദ്യോഗിക മുന്നറിയിപ്പ് പ്രസിദ്ധീകരിച്ചു. തട്ടിപ്പുകൾ നടക്കുന്നത് ഇങ്ങനെ ആണ്. ഒരു പ്രണയബന്ധം ആരംഭിക്കുന്നു എന്ന വ്യാജേന തട്ടിപ്പുകാർ ഡേറ്റിംഗ് ആപ്പുകൾ വഴി ഇരകളാകാൻ സാധ്യതയുള്ളവരുമായി ബന്ധപ്പെടുന്നു.

അവരുടെ ടാർഗെറ്റുകളുടെ വിശ്വാസം നേടിയെടുക്കുമ്പോൾ, ഈ അഴിമതിക്കാർ അവരുടെ ഇരകളെ ഉയർന്ന വരുമാനം വാഗ്ദാനം ചെയ്ത് വ്യാജ ക്രിപ്റ്റോ ആസ്തികളിൽ നിക്ഷേപങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കുന്നു. ആവശ്യമായ നിക്ഷേപങ്ങൾ ലഭിച്ച ശേഷം, ഈ തട്ടിപ്പുകാർ അപ്രത്യക്ഷരാകുന്നു. ഇത്തരത്തിൽ അവർ തങ്ങളുടെ ഇരകളെ വഞ്ചിക്കുന്നു.

തട്ടിപ്പുകാർ നിങ്ങളുമായി ഒരു വൈകാരിക ബന്ധം സ്ഥാപിക്കുന്നു, അതിനാൽ അവർ ക്രിപ്റ്റോകറൻസി നിക്ഷേപത്തിൽ വിദഗ്ദ്ധരാണെന്ന് നിങ്ങളെ വിശ്വസിക്കാൻ സാധ്യതയുണ്ട് എന്നും അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

വർദ്ധിച്ചുവരുന്ന ഈ ക്രിപ്റ്റോ തട്ടിപ്പുകളുടെ ഭാഗമായി, എഫ്ടിസി ഉപയോക്താക്കൾക്ക് റിസ്ക് ഇല്ലാത്ത നിക്ഷേപങ്ങളും ഓൺലൈനിൽ ഫണ്ട് വയർ ചെയ്യുന്നതിനുള്ള പാരമ്പര്യേതര രീതികളും വാഗ്ദാനം ചെയ്യുന്നതിനെക്കുറിച്ചും അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ക്രിപ്റ്റോ കറൻസികളിൽ നിക്ഷേപം നടത്താനുള്ള വഴികൾ പഠിപ്പിക്കുന്ന അപരിചിതരെ ആളുകൾ കർശനമായി വിശ്വസിക്കരുതെന്നും സാമ്പത്തിക നിരീക്ഷകൻ അഭിപ്രായപ്പെട്ടു.

അതേസമയം ഈ വർഷം ഫെബ്രുവരിയിൽ, നിലവിൽ യുഎസിലെ ഫിലാഡൽഫിയയിൽ താമസിക്കുന്ന 37 കാരിയായ ഒരു ഇന്ത്യൻ സ്ത്രീക്ക് ഒരു ക്രിപ്റ്റോകറൻസി പ്രണയ തട്ടിപ്പിൽ 450,000 ഡോളർ (ഏകദേശം 3.7 കോടി രൂപ) നഷ്ടപ്പെട്ടതായി റിപ്പോർട്ടുണ്ട്.

ഓസ്ട്രേലിയയിലെ നാഷണൽ ആന്റിസ്കാം സെന്റർ, 2023ൽ 40 മില്യൺ ഡോളറിലധികം (ഏകദേശം 335 കോടി രൂപ) നഷ്ടമുണ്ടാക്കിയ പ്രണയ തട്ടിപ്പുകൾക്കെതിരെ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് പൗരന്മാർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.

# ഐഒഎസ് 18, സിരി, ആപ്പിൾ ഇന്റലിജൻസ്; പുത്തൻ പ്രഖ്യാപനവുമായി ആപ്പിൾ




ആപ്പിൾ വേൾഡ് വൈഡ് ഡെവലപ്പർ കോൺഗ്രസിൽ വമ്പൻ പ്രഖ്യാപനങ്ങളുമായികമ്പനി.ജനറേറ്റീവ്എഐ അധിഷ്ഠിതമായ നിരവധി ഫീച്ചറുകളാണ് ഉപയോക്താക്കളെ കാത്തിരിക്കുന്നത്. ചാറ്റ് ജിപിടി എന്ന ജനറേറ്റീവ് എഐ വികസിപ്പിച്ച ഓപ്പൺ എഐയുമായി സഹകരണമാണ് പ്രഖ്യാപനങ്ങളിൽ പ്രധാനം. ഒപ്പം പുതിയ ഐഒഎസ് 18, ഐപാഡ് ഒഎസ് 18, മാക്ക് ഒഎസ് സെക്കോയ, വാച്ച് ഒഎസ് 11 എന്നിവയും പ്രഖ്യാപിച്ചു. ജനറേറ്റീവ് എഐ അധിഷ്ഠിത സൗകര്യങ്ങൾ ആപ്പിൾ ഉപകരണങ്ങളിൽ എത്തുന്നു എന്നതാണ് ഇത്തവണത്തെ വേൾഡ് വൈഡ് ഡെവലപ്പർ കോൺഫറൻസിലെ പ്രഖ്യാപനങ്ങളുടെ മുഖ്യ ഹൈലൈറ്റ്.

### ആപ്പിളിന്റെ പ്രധാന പ്രഖ്യാപനങ്ങൾ

**1) ആപ്പിൾ ഇന്റലിജൻസ്:** ആപ്പിൾ ഒടുവിൽ അതിന്റെ 'ആപ്പിൾ ഇന്റലിജൻസ്' ഉപയോഗിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലോകത്തേക്ക് പ്രവേശിക്കുന്നു. ഇത് ശക്തമായ പ്രകടനം നൽകുമെന്നും ഉപയോക്തൃ സ്വകാര്യത നിലനിർത്തുമെന്നും അനുമാനിക്കപ്പെടുന്നു. 'വ്യക്തിഗത ബുദ്ധി' ആവശ്യമാണെന്നും ആപ്പിളിന്റെ അടുത്ത വലിയ ചുവടുവയ്പാണെന്നും ആപ്പിൾ സിഇഒ ടിം കുക്ക് പറഞ്ഞു.

**2) സിരി റിവാമ്പ് & ചാറ്റ്ജിപിടി ഇന്റഗ്രേഷൻ:** ആപ്പിളിന്റെ പ്രശസ്തമായ സിരി കൂടുതൽ ഫീറോടെയാണ് എത്തുന്നത്. എഐയുടെ പിൻബലത്തോടെയാണ് പുതിയ സിരി എത്തുന്നത്. ഐക്കണിൽ ഉൾപ്പെടെ മാറ്റങ്ങളുണ്ടാകും. ചാറ്റ് ജിപിടി ഉപയോഗിക്കാൻ കഴിയുമെന്നതുൾപ്പെടെ എഐയുടെ സഹായത്തോടെ ഉപയോക്താവിന്റെ കൂടുതൽ കാര്യങ്ങൾ മനസിലാക്കാൻ സിരിക്ക് സാധിക്കും.

സിരിക്ക് വോയ്സ് കമാൻഡുകൾ കൂടുതൽ സ്വാഭാവികമായ ഭാഷയിൽ പ്രോസസ്സ് ചെയ്യാനും ആളുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതലറിയാനും അതിനനുസരിച്ച് പ്രവർത്തിക്കാനും കഴിയും.

**3)ഐഒഎസ് 18:** ഇനി മുതൽ ഉപയോക്താവിന് ഹോം സ്ക്രീനിലെ ആപ്പ് ഐക്കണുകൾ മാറ്റാം. നിങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ഐക്കണിന്റെ വലുപ്പവും നിറവും മാറ്റാം. ഇതാദ്യമായാണ് ഐക്കണുകളുടെ വലിപ്പം മാറ്റാനുള്ള സംവിധാനം ആപ്പിൾ കൊണ്ടുവരുന്നത്. കൺട്രോൾ സെന്ററിൽ കൊണ്ടുവന്ന മാറ്റങ്ങളാണ് മറ്റൊന്ന്. മൂന്നാം കക്ഷി ആപ്പുകൾക്ക് കൺട്രോൾ സെന്റർ ആക്സസ് ചെയ്യാനും ഉപയോക്താക്കൾക്ക് ആപ്പിൾ ഇതര ആപ്പുകൾ കൺട്രോൾ സെന്ററിലേക്ക് കൊണ്ടുവരാനും കഴിയും.

ഐഒഎസ് 18 മെസേജസ് ആപ്പിലേക്ക് ഒരു കൂട്ടം പുതിയ ഫീച്ചറുകളും കൊണ്ടുവരുന്നുണ്ട്. കൂടുതൽ ഇമോജികളും സ്റ്റിക്കറുകളും ലഭിക്കുന്നു.

അതിനുപുറമെ കോൺടാക്റ്റുകളിലേക്ക് സന്ദേശങ്ങൾ ഷെഡ്യൂൾ ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കുന്ന പുതിയ സെൻഡ് ലേറ്റർ ഫീച്ചറും ആപ്പിൾ അവതരിപ്പിച്ചിട്ടുണ്ട്.

**4) മാക്ക് ഒഎസ് സെക്കോയ:** പുതിയ ഐഫോൺ മിററിങ് ഫീച്ചർ ഉപയോഗിച്ച് ഉപയോക്താക്കൾക്ക് അവരുടെ മാക്കിൽ വയർലെസ് ആയി ഐഫോണുകൾ ആക്സസ് ചെയ്യാനും ഉപയോഗിക്കാനും കഴിയും. കൂടാതെ, ഉപയോക്താക്കൾക്ക് പുതിയ ടെക്സ്റ്റ് ഇഫക്റ്റുകളും ലഭിക്കും. ഐഒഎസ് 18, സെല്ലുലാർ വൈഫൈ കണക്ഷനുകൾ ലഭ്യമല്ലാത്ത സമയങ്ങളിൽ സാറ്റലൈറ്റ് വഴിയുള്ള സന്ദേശങ്ങൾ അയക്കാനും ഉപയോക്താവിനെ പ്രാപ്തനാക്കും.

**5) വാച്ച് ഒ.എസ് 11:** പരിഷ്കരിച്ച വാച്ച് ഒ.എസിൽ ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് ഓട്ടോമാറ്റിക്കായി വിഡ്ജെറ്റുകൾ ചേർക്കാനുള്ള സംവിധാനമാണ് പ്രധാനമാറ്റം. കൂടുതൽ ഹെൽത്ത് ഫീച്ചറുകൾ ഒ.എസിനൊപ്പം ചേർത്തുവെന്നതാണ് മറ്റൊരു പ്രത്യേകത.

**6) കോൾ റെക്കോഡിങ് ഫീച്ചർ:** ആപ്പിൾ ഉപഭോക്താക്കൾ വർഷങ്ങളായി കാത്തിരിക്കുന്ന കോൾ റെക്കോഡിങ് ഫീച്ചർ ഇക്കുറി ഐ.ഒ.എസ് 18ലുണ്ടാവുമെന്നാണ് ആപ്പിൾ അറിയിച്ചിരിക്കുന്നത്. കോളുകൾ റെക്കോഡ് ചെയ്യാനും പിന്നീട് സംഭാഷണം ടെക്സ്റ്റ് രൂപത്തിലേക്ക് മാറ്റാനും സാധിക്കുന്ന രീതിയിലായിരിക്കും ആപ്പിളിന്റെ കോൾ റെക്കോഡിങ്.

### ആപ്പിൾ വിഷൻ പ്രോ

ടെക് ഭീമനായ ആപ്പിൾ അതിന്റെ ഏറ്റവും പുതിയ ഉപകരണം ആപ്പിൾ വിഷൻ പ്രോ ഒമ്പത് പുതിയ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഒരുങ്ങുകയാണ്. ചൈന മെയിൻലാൻഡ്, ഹോങ്കോംഗ്, ജപ്പാൻ, സിംഗപ്പൂർ എന്നിവിടങ്ങളിലേക്കുള്ള സ്പേഷ്യൽ യൂസർ ഇന്റർഫേസ് ഉപകരണത്തിനായുള്ള പ്രീഓർഡറുകൾ ജൂൺ 14 വെള്ളിയാഴ്ച പ്രാദേശിക സമയം രാവിലെ 6 മണിക്ക് ആരംഭിക്കുമെന്നും ടെക് ഭീമൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

## ഐഫോൺ ഉപയോക്താക്കളുടെ പ്രാർത്ഥനകൾക്ക് വിരാമം;

# ഐഫോണിൽ കോൾ റെക്കോർഡിംഗ് ഫീച്ചർ അവതരിപ്പിച്ചു ആപ്പിൾ



ഐഫോൺ ഉപയോക്താക്കൾ ഏറെ വിഷമിക്കുന്ന കാര്യമാണ് ഫോണിൽ കോൾ റെക്കോർഡിംഗ് ഫീച്ചർ ഇല്ല എന്നത്. ദൈവം ഒടുവിൽ ഐഫോൺ ഉപയോക്താക്കളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകി എന്ന് തന്നെ വേണം കരുതാൻ. ഒഎസ്18 അപ്ഡേറ്റ് ഉപയോഗിച്ച് ആപ്പിൾ ഐഫോൺ ഉപയോക്താക്കൾക്ക് ഉടൻ കോളുകൾ റെക്കോർഡുചെയ്യാനാകും എന്നാണ് ഇപ്പോൾ പുറത്തു വരുന്ന റിപ്പോർട്ട്.

നിങ്ങളുടെ കോൾ റെക്കോർഡ് ചെയ്ത ശേഷം, ആപ്പിളിന്റെ ഇന്റലിജൻസ് ഫീച്ചർ അത് നോട്ട്സ് ആപ്പിനുള്ളിൽ പകർത്തി, പുതിയ ആപ്പിൾ ഇന്റലിജൻസ് എഐ സിസ്റ്റം വഴി സൂക്ഷിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്നു. കൂടാതെ, നോട്ട്സ് ആപ്പിൽ നേരിട്ട് ഓഡിയോ റെക്കോർഡ് ചെയ്യാനും ട്രാൻസ്ക്രൈബ് ചെയ്യാനും ഉപയോക്താക്കൾക്ക് കഴിയുമെന്നും ആപ്പിൾ പറയുന്നു.

വിഷ്വൽ സൗണ്ട് വേവും റെക്കോർഡിംഗ് ദൈർഘ്യ ഡിസ്പ്ലേയും ഫീച്ചർ ചെയ്യുന്ന ഫോൺ ആപ്പിനുള്ളിൽ ആപ്പിൾ ഒരു പുതിയ റെക്കോർഡിംഗ് ഫീച്ചർ അവതരിപ്പിക്കുന്നു. ആപ്പ് സജീവമാകുമ്പോൾ, എല്ലാ കോൾ പങ്കാളികൾക്കും അറിയിപ്പുകൾ ലഭിക്കും. സംഭാഷണങ്ങളിലെ സുതാര്യത പ്രോത്സാഹിപ്പിക്കുന്നതിന് ഈ മെച്ചപ്പെടുത്തൽ ലക്ഷ്യമിടുന്നു എന്നാണ് കമ്പനി അറിയിക്കുന്നത്.

ഐഒഎസ് ഓഡിയോ റെക്കോർഡിംഗ് ഇപ്പോൾ ഫോൺ ആപ്പുമായി സംയോജിപ്പിച്ചിരിക്കുന്നതിനാൽ, കോളുകളുടെ തൽക്ഷണ ട്രാൻസ്ക്രിപ്ഷൻ നിങ്ങളുടെ വിരൽത്തുമ്പിലാണ്, ഇത് ഒരു കോർപ്പറേറ്റ് മീറ്റിംഗായാലും വിദ്യാഭ്യാസ സംബന്ധമായ കാര്യമായാലും ഇനി എളുപ്പമാക്കും.

അതേസമയം ഈ വാർത്ത ഉപഭോഗ്താക്കൾ നിറഞ്ഞ സന്തോഷത്തോടെ ആണ് സ്വീകരിച്ചിരിക്കുന്നത്. സോഷ്യൽ മീഡിയയിൽ ഇത് സംബന്ധിച്ച ട്രോളുകളും ഇപ്പോൾ സജീവമാണ്.

# എന്താണ് നോക്കിയയുടെ ഇമ്മേഴ്സീവ് ഓഡിയോ ആൻഡ് വീഡിയോ കോൾ?

ഫോൺ വിളികൾ കൂടുതൽ റിയലിസ്റ്റിക് ആയി അനുഭവപ്പെടുന്ന പുതിയ സാങ്കേതിക വിദ്യ വരുന്നു. 'ഇമ്മേഴ്സീവ് ഓഡിയോ ആന്റ് വീഡിയോ' എന്ന പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ലോകത്താദ്യമായിഫോൺകോൾചെയ്തിരിക്കുകയാണ് നോക്കിയ സിഇഒ പെക്ക ലണ്ട്മാർക്ക്.

ത്രീഡിശബ്ദം ഉപയോഗിച്ച്ഫോൺസംഭാഷണങ്ങൾ കൂടുതൽ മികച്ചതാക്കാൻ ഈ സാങ്കേതിക വിദ്യയിലൂടെ സാധിക്കുമെന്ന് കമ്പനി പറഞ്ഞു. പുതിയ സാങ്കേതികവിദ്യ 3ഡി സൗണ്ട് ഉപയോഗിച്ച് ഫോൺ കോളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ആശയവിനിമയം കൂടുതൽ സജീവമാക്കുകയും ചെയ്യുന്നുവെന്ന് കമ്പനി പറയുന്നു.

നിലവിലുള്ള ഫോൺവിളികളെല്ലാം മോണോഫോണിക് ആണ്. മാത്രവുമല്ല ശബ്ദം കംപ്രസ് ചെയ്യുകയും ശബ്ദത്തിന്റെ വിശദാംശങ്ങൾ നഷ്ടമാവുകയും ചെയ്യും. എന്നാൽ പുതിയ സാങ്കേതികവിദ്യയിൽ 3ഡി ശബ്ദമാണ് ഫോൺ സംഭാഷണം നടത്തുന്നവർ കേൾക്കുക. ഇതുവഴി രണ്ട് പേരും അടുത്ത് നിന്ന് സംസാരിക്കുന്നതിന് സമാനമായ ശബ്ദാനുഭവമായിരിക്കും ഫോൺ വിളിയിൽ അനുഭവപ്പെടുക. വ്യക്തികൾ തമ്മിലുള്ള ഇമ്മേഴ്സീവ് കോളുകൾക്ക് പുറമേ, കോൺഫറൻസ് കോളുകളിലും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാമെന്ന് നോക്കിയ ടെക്നോളജീസിലെ ഓഡിയോ റിസർച്ച് മേധാവി ജിരി ഹൂപാനിമി പറഞ്ഞു. പങ്കെടുക്കുന്നവരുടെ പ്രത്യേക സ്ഥലത്തെ അടിസ്ഥാനമാക്കി അവരുടെ ശബ്ദം വേർതിരിച്ചറിയാനും കേൾക്കാനും ഈ സാങ്കേതികവിദ്യ സാധ്യമാക്കുന്നു. ഭൂരിഭാഗം സ്മാർട്ട്ഫോണുകളിലുംകുറഞ്ഞത്രണ്ട് മൈക്രോഫോണുകളെങ്കിലുമുണ്ട്. ഇതുപയോഗിച്ച് ഒരു കോളിന്റെ സവിശേഷതകൾ തത്സമയം കൈമാറുന്നതിലൂടെ ഈ സാങ്കേതികവിദ്യ പ്രാവർത്തികമാക്കാൻ കഴിയും.

വരാനിരിക്കുന്ന 5ജി സാങ്കേതിക വിദ്യയുടെ ഭാഗമായാണ് 'ഇമ്മേഴ്സീവ് ഓഡിയോ ആൻഡ് വീഡിയോ' അവതരിപ്പിക്കുക. സാങ്കേതികവിദ്യ ഉപയോഗിച്ച് ലൈസൻസ് നേടാനാണ് നോക്കിയ നിലവിൽ ലക്ഷ്യമിടുന്നത്. എന്നാൽ സംവിധാനം വ്യാപകമായി ലഭ്യമാകാൻ കുറച്ചു വർഷങ്ങളെടുക്കും.



# അന്താരാഷ്ട്ര സമ്മർദ്ദത്തിനിടെ ഉക്രെയ്ന് മേൽ വ്യോമാക്രമണം വർധിപ്പിച്ച് റഷ്യ

മോസ്കോ: യുദ്ധം അവസാനിപ്പിക്കാനുള്ള നയതന്ത്ര ശ്രമങ്ങൾ ശക്തമാകവെ ഉക്രെയ്ന് മേൽ ആക്രമണം വർധിപ്പിച്ച് റഷ്യ. റഷ്യൻ സൈന്യം തലസ്ഥാനമായ കീവ് മേഖലയിലും ഉക്രെയ്നിലെ മറ്റ് അഞ്ച് പ്രദേശങ്ങളിലും മിസൈലുകളും ഡ്രോണുകളും പ്രയോഗിച്ചു. നാല് ക്രൂയിസ് മിസൈലുകൾ, ഒരു കിൻസാൽ ബാലിസ്റ്റിക് മിസൈൽ, 24 ഷഹീദ് ഡ്രോണുകൾ എന്നിവയുൾപ്പെടെ 30 വ്യോമ ടാർഗറ്റുകളിൽ 29 ഉം തകർത്തതായി ഉക്രെയ്ൻ വ്യോമസേന അറിയിച്ചു. നിരവധി പേർക്ക് പരിക്കേറ്റെന്നും അധികൃതർ പറഞ്ഞു.റഷ്യൻ ആക്രമണങ്ങളെ വിജയകരമായി ചെറുക്കാനുള്ള ഉപകരണങ്ങൾ രാജ്യത്തിനുണ്ടെങ്കിൽ അത് ഒരു നേട്ടം ആയിരിക്കുമെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലൻസ്കി വ്യോമസേനയുടെ പ്രതികരണത്തെ പ്രശംസിച്ചു. കൂടുതൽ വ്യോമ പ്രതിരോധ സംവിധാനങ്ങൾ നൽകാൻ ഉക്രെയ്നിന്റെ പാശ്ചാത്യ പങ്കാളികളോട് അദ്ദേഹം ആവർത്തിച്ച് അഭ്യർത്ഥിച്ചു. മറ്റൊരു പാട്രിയറ്റ് മിസൈൽ സംവിധാനം കൂടി അയയ്ക്കാൻ അമേരിക്ക സമ്മതിച്ചതായി യുഎസ് വൃത്തങ്ങളും വ്യക്തമാക്കി.റഷ്യയുടെ അധിനിവേശം തടയാനുള്ള ഉക്രെയ്നിന്റെ ശ്രമങ്ങളെ എങ്ങനെ മികച്ച രീതിയിൽ പിന്തുണയ്ക്കാം എന്നതായിരിക്കും വരും ദിവസങ്ങളിൽ നടക്കുന്ന അന്താരാഷ്ട്ര യോഗങ്ങളിലെ പ്രധാന വിഷയം. 13 മുതൽ 15 വരെ ഇറ്റലിയിൽ നടക്കുന്ന ജി7 യോഗത്തിലെ പ്രധാന ചർച്ചാ വിഷയം റഷ്യയെ എങ്ങനെ പിന്തിരിപ്പിക്കാമെന്നതാണ്. റഷ്യയുടെ മേൽ കൂടുതൽ ഉപരോധങ്ങൾ ജി7 രാജ്യങ്ങൾ ഏർപ്പെടുത്തും. മരവിപ്പിച്ച റഷ്യൻ ആസ്തികളിൽ നിന്ന് ഉക്രെയ്നായി കൂടുതൽ പണം എങ്ങനെ കണ്ടെത്താം എന്ന് ജി7 ചർച്ച ചെയ്യും. വ്യാഴാഴ്ച, യുഎസ്, യൂറോപ്പ്, മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിരോധ മേധാവികൾ ഉക്രെയ്നിന്റെ സുരക്ഷാ ആവശ്യങ്ങളെക്കുറിച്ച് പ്രതിമാസ മീറ്റിംഗ് നടത്തുന്നുണ്ട്. അമേരിക്കൻ പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനാണ് ബ്രസൽസിൽ പരിപാടി സംഘടിപ്പിക്കുന്നത്.അടുത്ത വാരാന്ത്യത്തിൽ, 90 രാജ്യങ്ങളുടെ പ്രതിനിധികൾ സ്വിറ്റ്സർലൻഡ് ആതിഥേയത്വം വഹിക്കുന്ന ഉക്രെയ്ൻ സമാധാന ഉച്ചകോടിയിൽ പങ്കെടുക്കും.

# സുഡാനിലെ ഉപരോധം നിർത്തണമെന്ന ആവശ്യം: യുഎൻ കൗൺസിൽ വോട്ട് ചെയ്യും

യുണൈറ്റഡ് നേഷൻസ്: സുഡാനിലെ നോർത്ത് ദഫൂർ മേഖലയിലെ അൽ-ഫാഷിർ അർദ്ധസൈനിക ദ്രുത പിന്തുണാ സേന (ആർഎസ്എഫ്) നടത്തുന്ന ഉപരോധം നിർത്തലാക്കണമെന്ന് ആവശ്യപ്പെടുന്ന ബ്രിട്ടീഷ് കരട് പ്രമേയം യുഎൻ രക്ഷാസമിതി വ്യാഴാഴ്ച വോട്ട് ചെയ്തേക്കുമെന്ന് നയതന്ത്രജ്ഞർ ബുധനാഴ്ച വ്യക്തമാക്കി.റോയിട്ടേഴ്സ് കണ്ട ഡ്രാഫ്റ്റ് ടെക്സ്റ്റ്, യുദ്ധം ഉടനടി നിർത്താനും നഗരത്തിലും പരിസരത്തുമുള്ള സംഘർഷം കുറയ്ക്കണമെന്നും സാധാരണക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയായ എല്ലാ അക്രമികളെയും പിൻവലിക്കാനും ആവശ്യപ്പെടുന്നു.വ്യാഴാഴ്ച ഉച്ചയ്ക്ക് 15 അംഗ കൗൺസിൽ വോട്ടെടുപ്പ് നടത്തണമെന്ന് ബ്രിട്ടൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രമേയത്തിന് അനുകൂലമായി ഒമ്പത് വോട്ടുകളെങ്കിലും ആവശ്യമാണ്. റഷ്യ, ചൈന, യുണൈറ്റഡ് സ്റ്റേറ്റ്സ്, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ വീറ്റോ ഇല്ല. കഴിഞ്ഞ വർഷം ഏപ്രിലിൽ സുഡാനീസ് സൈന്യവും റാപ്പിഡ് സപ്പോർട്ട് ഫോഴ്സും തമ്മിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇത് ലോകത്തിലെ ഏറ്റവും വലിയ സ്ഥാനചലന പ്രതിസന്ധി സൃഷ്ടിച്ചു.ആർഎസ്എഫിന്റെ നിയന്ത്രണത്തിലല്ലാത്ത പടിഞ്ഞാറൻ ഡാർഫൂർ മേഖലയിലെ അവസാനത്തെ പ്രധാന നഗരമാണ് അൽ-ഫാഷിർ. അൽ-ഫാഷിറിലെ ഏകദേശം 800,000 ആളുകൾ



അങ്ങേയറ്റം അപകടത്തിലാണെന്ന് ഏപ്രിലിൽ യുഎൻ ഉന്നത ഉദ്യോഗസ്ഥർ സുരക്ഷാ കൗൺസിലിന് മുന്നറിയിപ്പ് നൽകി. അക്രമം വഷളാകുകയും 'ഡാർഫറിലുടനീളം രക്തരൂക്ഷിതമായ അന്തർ വർഗീയ കലഹം അഴിച്ചുവിടുമെന്ന്' ഭീഷണിപ്പെടുത്തുകയും ചെയ്തു. കരട് സുരക്ഷാ കൗൺസിൽ പ്രമേയം അൽ-ഫാഷിറിനകത്തും പുറത്തും സുരക്ഷിതമായ പ്രദേശങ്ങളിലേക്ക് മാറാൻ ആഗ്രഹിക്കുന്ന സാധാരണക്കാരെ അനുവദിക്കുന്നത് ഉൾപ്പെടെ, സംഘർഷത്തിലെ എല്ലാ കക്ഷികളും സാധാരണക്കാരുടെ സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു.സംഘർഷവും അസ്ഥിരതയും വളർത്താൻ ശ്രമിക്കുന്ന ബാഹ്യ ഇടപെടലുകളിൽ നിന്ന് വിട്ടുനിൽക്കാനും പകരം ശാശ്വത സമാധാനത്തിനായുള്ള ശ്രമങ്ങളെ പിന്തുണയ്ക്കാനും സംഘടനത്തിലെ എല്ലാ കക്ഷികളെയും അംഗരാജ്യങ്ങളെയും ഓർമ്മിപ്പിക്കാനും അത് രാജ്യങ്ങളോട് ആവശ്യപ്പെടുന്നു.

## ഹിസ്ബുള്ള കമാൻഡർ തലെബ് അബ്ദുള്ളയെ വധിച്ചതായി ഇസ്രയേൽ



ടെൽ അവീവ്: ലബനനിലെ ഹിസ്ബുള്ള ഭീകരസംഘടനയുടെ മുതിർന്ന കമാൻഡർ തലെബ് അബ്ദുള്ളയെ ഇസ്രയേൽ സേന വധിച്ചതായി റിപ്പോർട്ട് . തെക്കു കിഴക്കൻ ലബനനിൽ ചൊവ്വാഴ്ച രാത്രി നടത്തിയ ആക്രമണത്തിൽ കമാൻഡറെയും മറ്റ് മൂന്ന് ഹിസ്ബുള്ള ഭീകരരെയും വധിച്ചതായി സേന അറിയിക്കുകയായിരുന്നു. ഹിസ്ബുള്ളയും ഇക്കാര്യം സ്ഥിരീകരിച്ചു. ഇസ്രേലിസേന വധിക്കുന്ന രണ്ടാമത്തെ സീനിയർ ഹിസ്ബുള്ള കമാൻഡറാണ് അബ്ദുള്ള. വിസാം അൽ താവി എന്ന മറ്റൊരു കമാൻഡറെ ജനുവരിയിൽ വധിച്ചിരുന്നു. ഇതിനു പ്രതികാരമായി ഇന്നലെ രാവിലെ ഹിസ്ബുള്ള വടക്കൻ ഇസ്രയേലിലേക്ക് റോക്കറ്റ് വർഷം നടത്തി. തൊണ്ണൂറോളം റോക്കറ്റുകൾ തൊടുത്തുവെന്നാണ് റിപ്പോർട്ടുകൾ.

## ബഹ്റൈനിൽ തീപിടുത്തം; നിരവധി കടകൾക്ക് തീപിടിച്ചു

ബഹ്റൈൻ തലസ്ഥാനമായി മനാമയിൽ തീപിടുത്തം. മനാമ സൂക്കിൽ ഷെയ്ഖ് അബ്ദുള്ള റോഡിലാണ് തീപിടിത്തം ഉണ്ടായത്. നിരവധി കടകൾക്ക് തീപിടിച്ചു എന്നാണ് പുറത്തു വരുന്ന വിവരം. പ്രാദേശിക സമയം വൈകിട്ട് നാലരയോടെയാണ് തീപിടിത്തം ഉണ്ടായത്. സിവിൽ ഡിഫൻസ് തീയണക്കാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുയാണ് എന്നാണ് പുറത്തു വരുന്ന വിവരം. സുഖിലെ സിറ്റി മാക്സ് ഷോപ്പിന് പിറകിലുള്ള മാളിനാണ് തീപിടിച്ചത്. പല കടകളും പൂർണ്ണമായും കത്തി നശിച്ചിട്ടുണ്ട്. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

# ഇസ്രായേലും ഹമാസും ഗാസയിൽ യുദ്ധക്കുറ്റങ്ങൾ ചെയ്തെന്ന് യു.എൻ

ജനീവ: ഗാസ യുദ്ധത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഇസ്രായേലും ഹമാസും യുദ്ധക്കുറ്റങ്ങൾ ചെയ്തുവെന്ന് യുഎൻ. യു.എൻ അന്വേഷണ കമ്മീഷൻ (സി.ഒ.ഐ) പ്രസിദ്ധീകരിച്ച രണ്ട് സമാന്തര റിപ്പോർട്ടുകളിലാണ് കണ്ടെത്തലുകൾ. ഇരകളുമായും സാക്ഷികളുമായും നടത്തിയ അഭിമുഖങ്ങൾ, നൂറുകണക്കിന് റിപോർട്ടുകൾ, ഉപഗ്രഹ ചിത്രങ്ങൾ, മെഡിക്കൽ റിപ്പോർട്ടുകൾ, ഓപ്പൺ സോഴ്സ് വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് സി.ഒ.ഐയുടെ കണ്ടെത്തലുകൾ. കണ്ടെത്തലുകൾ അടുത്തയാഴ്ച ജനീവയിൽ നടക്കുന്ന യുഎൻ മനുഷ്യാവകാശ കൗൺസിൽ ചർച്ച ചെയ്യും.കമ്മീഷനുമായി ഇസ്രായേൽ സഹകരിക്കുന്നില്ല. ഇസ്രായേൽ കമ്മീഷന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ഇസ്രായേലിലേക്കും അധിനിവേശ പാലസ്തീൻ പ്രദേശങ്ങളിലേക്കും പ്രവേശിക്കുന്നതിൽ നിന്ന് അന്വേഷകരെ തടഞ്ഞുവെന്നും സി.ഒ.ഐ പറയുന്നു.അതേസമയം കുറ്റകൃത്യങ്ങൾ ചെയ്ത എല്ലാവരോടും ഒരുപോലെ കാണിക്കേണ്ടത് അനിവാര്യമാണ് എന്ന് യുഎൻ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷ നവി പിള്ള പറഞ്ഞു. ഗാസ മുനമ്പിലെ സൈനിക നടപടി അവസാനിപ്പിക്കാൻ പിള്ള ഇസ്രായേലിനോട് ആവശ്യപ്പെട്ടു.ഇസ്രായേലിന്റെ യുദ്ധക്കുറ്റങ്ങളിൽ ജനങ്ങളെ പട്ടിണിയിലാക്കൽ, സിവിലിയന്മാർക്കും സിവിലിയൻ വസ്തുക്കൾക്കും നേരെയുള്ള ബോധപൂർവമായ ആക്രമണം, ലൈംഗിക അതിക്രമം, പീഡനം, മനുഷ്യത്വരഹിതമോ ക്രൂരമോ ആയ പെരുമാറ്റം എന്നിവ ഉൾപ്പെടുന്നതായും റിപ്പോർട്ടിൽ പറയുന്നു.ഇസ്രായേലിന്റെ കണക്കനുസരിച്ച്, ഒക്ടോബർ 7 ന് അതിർത്തി കടന്നുള്ള ആക്രമണങ്ങളിൽ 1,200-ലധികം ആളുകൾ കൊല്ലപ്പെടുകയും 250 ബന്ദികളാക്കപ്പെടുകയും ചെയ്തു, ഇത് ഗാസയിൽ സൈനിക തിരിച്ചടിക്ക് കാരണമാവുകയും 37,000-ത്തിലധികം ആളുകൾ കൊല്ലപ്പെടുകയും ചെയ്തു.



# ഉദ്ഘാടനം ചെയ്ത് മണിക്കൂറുകൾക്കകം മഹാത്മാഗാന്ധിയുടെ പ്രതിമ ഇറ്റലിയിൽ ഖാലിസ്ഥാനി തീവ്രവാദികൾ തകർത്തു

പാരീസ്: ഉദ്ഘാടനം ചെയ്ത് മണിക്കൂറുകൾക്കകം മഹാത്മാഗാന്ധിയുടെ അർദ്ധകായ പ്രതിമ ഇറ്റലിയിൽ ഖാലിസ്ഥാനി തീവ്രവാദികൾ തകർത്തു. ഖാലിസ്ഥാനി ഭീകരൻ ഹർദീപ് സിംഗ് നിജ്ജാറുമായി ബന്ധപ്പെട്ട വിവാദ മുദ്രാവാക്യങ്ങളും പ്രതികൾ പ്രതിമയുടെ അടിത്തട്ടിൽ എഴുതി.പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കം ലോകനേതാക്കൾ പങ്കെടുക്കുന്ന ജി7 ഉച്ചകോടിക്ക് ദിവസങ്ങൾക്ക് മുമ്പാണ് സംഭവം. 50-ാമത് ജി7 ഉച്ചകോടി ഇറ്റലിയിലെ അപുലിയ മേഖലയിലെ ആഡംബര റിസോർട്ടായ ബോർഗോ എഗ്നാസിയയിൽ ജൂൺ 13 മുതൽ 15 വരെ നടക്കും. ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരം ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നാളെ ഇറ്റലിയിലെ അപുലിയയിലേക്ക് തിരിക്കാനിരിക്കുകയാണ്. സംഭവത്തെക്കുറിച്ച് സംസാരിച്ച വിദേശകാര്യ സെക്രട്ടറി വിനയ് മനോഹൻ ക്വാത്ര, മഹാത്മാഗാന്ധിയുടെ പ്രതിമ നശിപ്പിക്കപ്പെട്ട കാര്യം ഇറ്റാലിയൻ ഉദ്യോഗസ്ഥർക്ക് മുന്നിൽ ഇന്ത്യൻ അധികാരികൾ ഉന്നയിച്ചതായി പറഞ്ഞു.'മഹാത്മാഗാന്ധിയുടെ പ്രതിമ തകർത്ത വിഷയം ഇറ്റാലിയൻ അധികൃതരുമായി ചർച്ച ചെയ്തു. ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്,' ബുധനാഴ്ച മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷമാദ്യം സമാനമായ സംഭവത്തിൽ കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യയിലെ യൂണിവേഴ്സിറ്റി കാമ്പസിൽ മഹാത്മാഗാന്ധിയുടെ പ്രതിമ ഖാലിസ്ഥാൻ തീവ്രവാദികൾ തകർത്തിരുന്നു.



# ഫ്രാൻസിൽ തീവ്രവലതുപക്ഷത്തെ പരാജയപ്പെടുത്താൻ പതിനെട്ട് അടവുമായി മാക്രോൺ



ഫ്രാൻസ്: യൂറോപ്യൻ പാർലമെന്ററി വോട്ടെടുപ്പിൽ പാർട്ടിക്കേറ്റ കനത്ത പരാജയത്തിന് ശേഷം വരാനിരിക്കുന്ന ദേശീയ നിയമനിർമ്മാണ തെരഞ്ഞെടുപ്പിൽ തീവ്ര വലതുപക്ഷത്തെ പരാജയപ്പെടുത്താൻ ഇടത്-വലത് മിതവാദി രാഷ്ട്രീയക്കാരോട് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ അഭ്യർത്ഥിച്ചു. യൂറോപ്യൻ യൂണിയൻ പാർലമെന്റ് തിരഞ്ഞെടുപ്പിന് പിന്നാലെ ഇമ്മാനുവൽ മാക്രോൺ പാർലമെന്റ് പിരിച്ചു വിട്ടിരിക്കുകയാണ്.യൂറോപ്യൻ യൂണിയൻ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പിൽ തീവ്ര വലതുപക്ഷ ദേശീയ റാലി പാർട്ടിയായ മറൈൻ ലെ പെന്നിന്റെ വിജയത്തിന് പിന്നാലെയാണ് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ പാർലമെന്റ് പിരിച്ചുവിട്ട്, തിരഞ്ഞെടുപ്പ് നേരത്തേയാക്കിയത്. ജൂൺ-30, ജൂലായ്-ഏഴ് തീയതികളിൽ രണ്ടുഘട്ടമായാണ് വോട്ടെടുപ്പ്. പാരീസ് ഒളിമ്പിക്സിന് ഒരുമാസം മാത്രം ബാക്കിയുള്ളപ്പോഴാണ് ഫ്രാൻസിലെ സംഭവവികാസങ്ങൾ. 2027 വരെ പ്രസിഡന്റ് സ്ഥാനത്ത് തുടരാമെന്നിരിക്കെ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മക്രോണിന്റെ തീരുമാനം കൈവിട്ട കളിയാണെന്നാണ് വിലയിരുത്തൽ.'തീവ്ര വലതുപക്ഷ പാർട്ടികൾ... ഭൂഖണ്ഡത്തിൽ എല്ലായിടത്തും മുന്നേറുകയാണ്. എനിക്ക് സ്വയം രാജിവെക്കാൻ കഴിയാത്ത സാഹചര്യമാണിത്. അതിനാൽ തിരഞ്ഞെടുക്കാനുള്ള അവകാശം നിങ്ങൾക്ക് തരുന്നു. ഞാൻ ദേശീയ അസംബ്ലി പിരിച്ചുവിടും. ഈ തീരുമാനം ഗൗരവമേറിയതും ഭാരമേറിയതുമാണ്. പക്ഷേ ഇത് ആത്മവിശ്വാസത്തിന്റെ പ്രതിഫലനം കൂടിയാണ്,' എന്നായിരുന്നു മാക്രോൺ പാർലമെന്റ് പിരിച്ചുവിട്ടത്തിന് പിന്നാലെ പറഞ്ഞത്.മാക്രോണിന്റെ ഭരണകക്ഷിയായ നവോത്ഥാന പാർട്ടിക്ക് നിലവിൽ ദേശീയ പാർലമെന്റിൽ 169 എംപിമാരാണുള്ളത്. 577 സീറ്റുകളുള്ള ഫ്രഞ്ച് പാർലമെന്റിൽ 88 സീറ്റുകൾ മാത്രമാണ് പ്രതിപക്ഷ നാഷണൽ റാലി പാർട്ടിയായ ലെ പെനിനുള്ളത്.എന്നാൽ യൂറോപ്യൻ യൂണിയൻ തെരഞ്ഞെടുപ്പിൽ വലതുപക്ഷ പാർട്ടിയായ നാഷണൽ റാലിയുടെ പ്രകടനം കുടിയേറ്റ വിരുദ്ധവും പൊതുവെ അന്താരാഷ്ട്ര സംഘടനകൾക്ക് എതിരുമാണ്. യൂറോപ്യൻ തെരഞ്ഞെടുപ്പിൽ ഒന്നും സംഭവിച്ചില്ലെന്ന് നടിക്കാനാവില്ലെന്ന് പറഞ്ഞാണ് മാക്രോൺ പാർലമെന്റ് പിരിച്ചുവിടാൻ തീരുമാനിച്ചത്.

# കോംഗോയിൽ നദിയിലുണ്ടായ ബോട്ടപകടത്തിൽ 80 മരണം

കിൻഷാസ: ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ മൈ-എൻഡോംബെ പ്രവിശ്യയിൽ ക്വാ നദിയിലുണ്ടായ ബോട്ടപകടത്തിൽ 80 ൽ അധികം പേർ മരിച്ചു. അപകടത്തിന്റെ കാരണം വ്യക്തമല്ല. അന്വേഷണം നടത്തുമെന്ന് രാജ്യത്തിന്റെ പ്രസിഡന്റ് എക്സ് പോസ്റ്റിൽ പറഞ്ഞു. '

ഭാവിയിൽ ഇത്തരമൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ, ഈ നിർഭാഗ്യകരമായ സംഭവത്തിന്റെ യഥാർത്ഥ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ റിപ്പബ്ലിക് പ്രസിഡന്റ് ആവശ്യപ്പെടുന്നു,' പ്രസിഡന്റ് ഓഫീസ് എക്സിൽ പറഞ്ഞു.

രാത്രിയിലുള്ള യാത്രക്കിടെയാണ് അപകടത്തിന് ഇടയാക്കിയതെന്ന് മായ്-എൻഡോംബെ പ്രവിശ്യാ ഗവർണർ റീത്ത ബോല ദുല റോയിട്ടേഴ്സിനോട് പറഞ്ഞു. കോംഗോയിലെ ജലാശയങ്ങളിൽ മാരകമായ ബോട്ട് അപകടങ്ങൾ സാധാരണമാണ്. അവിടെ ബോട്ടുകൾ അവയുടെ ശേഷിക്കപ്പുറം ആളുകളെയും സാമഗ്രികളും കയറ്റുന്ന് പതിവാണ്.














1620 75TH STREET
DOWNERS GROVE
ILLINOIS 60516

Small or Big Gatherings & Special Occasions
Call : 630-964-7090

Authentic Indian Cuisine
Call: 630-964-1720







PICK-UP
DELIVERY
ORDER
ONLINE

**Shikara Restaurant**

*Your Destination In Downers Grove*

1620 75th Street
Downers Grove
ILLINOIS 60516
Telephone
630 964 1720